സത്യം നീതി പ്രാമാണം

# അൽഫനാർ

No 24

ഹി.1436 മുഹറം – റബീഉൽ അവ്വൽ
2014 നവംബർ – 2015 ജനുവരി

**വരിസംഖ്യ**

| | | |
|---|---|---|
| ഒറ്റ പ്രതി | : | 30 രൂപ |
| വർഷം | : | 120 രൂപ |
| ദ്വിവർഷം | : | 240 രൂപ |
| വിദേശം | : | 550 രൂപ |



8

## മദ്യനിരോധനവും വർജ്ജനയും ഒരുമിച്ച്

സ്വാദീഖിങ്ങളായ മശാഇഖന്മാരുടെ
സഹവാസം ............................................ 12
പ്രജാവാത്സല്യം ............................................ 19
ഉടമസ്ഥത ഇസ്ലാമിന്റെ ദൃഷ്ടിയിൽ .............. 21
ചന്ദ്രന്റെ ഉദയവും ലോകമുസ്ലിംകളും ........ 28
ആയത്തും പോയി! മതവിധിയും പോയി!! .. 31
വിത്‌റും തഹജ്ജുദും ..................................... 33
മരണത്തിൽ സംഭവിക്കുന്നത് ....................... 39
വെളിച്ചം പകർന്ന് ഒരു സഞ്ചാരി ................. 40
ഗസ്സ അല്ലാഹുവിന്റെ ഇടപെടൽ
അകലെയല്ല! ............................................ 41
മാസം ഭൂമിക്കാകമാനമുള്ളത് ...................... 45
'ന്യൂമൂണും മാസപ്പിറവിയും' ........................ 50
'യുക്തിയുഗ'ത്തിലെ ഇസ്‌ലാമോഫോബിയ .. 55
സ്വർഗ്ഗം ചോദിക്കാത്തവർ! .......................... 58
ജലം സൂര്യനേക്കാൾ മുമ്പിൽ ...................... 60
പച്ചജല സംരക്ഷണം .................................. 65
ഇസ്ലാമിക ഉന്നത പഠന
ഗവേഷണ കേന്ദ്രത്തിലെ പാഠം ഒന്ന് ............ 68
അന്ധവിശ്വാസങ്ങൾ
സടകുടഞ്ഞെത്തുന്നു ................................. 69
മദ്യത്തെക്കുറിച്ചവർ പറയുന്നത് ................... 70
പൊളിഞ്ഞ് പാളീസായ പ്രവചനം ................. 72
പൂർണചന്ദ്രഗ്രഹണ പ്രതിഭാസ സന്ദേശം ..... 74

## 16 പരലോക വിശ്വാസമില്ലാത്തവന്റെ സദ്കർമങ്ങൾ

## മുസ്ലിം ഐക്യവേദിയുടെ വെള്ളത്തിൽ വരച്ച പെരുമാറ്റച്ചട്ടം 37

## ദാനമെന്നാൽ സകാത്ത് മാത്രമോ? 47



## മനോരോഗങ്ങൾ പകരുമോ...? 63

**Vol: 1 Issue: 10 Reg. No. KERMAL 14999/11/1/2012-TC RNI No. 2012/45754 Price Rs. 30/-**

ചീഫ് എഡിറ്റർ
**പ്രഫ. ഡോ. ടി.വി. കോയക്കുട്ടി ഫാറൂഖി**

Mail: alfanarmagazine@gmail.com
hitechdtp@gmail.com
drkkfarooqui@gmail.com

**അൽഫനാർ**
ഫാറൂഖ് കോളേജ് പി.ഒ.
കോഴിക്കോട് 673 632
കേരള, ഇന്ത്യ.
0495– 2441429, 9446258195

*ഡി.റ്റി.പി & ലേഔട്ട്*: ഹൈടെക് ചുങ്കം: 9947 41 46 47




കത്തുകൾ

# മാസം കണക്കിലൂടെ നിശ്ചയിക്കുന്നത് നിഷിദ്ധമോ?

അമാവാസി എന്നായിരിക്കുമെന്നു നിശ്ചയിക്കാൻ മുസ്ലിംകൾക്കു താൽപ്പര്യമില്ലാതിരുന്ന കാലത്തും മറ്റുള്ളവർ അമാവാസി ദിനം കൃത്യമായി കണക്കാക്കിയിരുന്നു. ഇന്ന് അമാവാസിയായാൽ പിറ്റേന്ന് തൊട്ടടുത്ത ചന്ദ്രമാസത്തിലെ പ്രഥമദിനമായിരിക്കുമെന്നത് ഏവരും അംഗീകരിക്കുന്ന വസ്തുതയാണ്. എന്നിട്ടും കോമൺസെൻസ് ഇല്ലാത്തവരെപ്പോലെയാണ് മിക്ക മുസ്ലിംകളും പ്രതികരിക്കുന്നത്.

കഴിഞ്ഞ റമദാൻ മാസത്തിലെ അവസാന ശനിയാഴ്ച ജൂലൈ 26 അമാവാസി ആയതിനാൽ ജൂലൈ 27 ഞായർ ശവ്വാലിലെ പ്രഥമ ദിനമാവും. ഇത് അംഗീകരിക്കാത്തതുകൊണ്ടാണ് പടിഞ്ഞാറൻ ദേശക്കാരായ ഗൾഫുകാരൻ ശവ്വാൽ രണ്ടിലെത്തിയപ്പോൾ കിഴക്കുകാരായ കേരളക്കാർ ശവ്വാൽ ഒന്നിലായിപ്പോയത്. ഈ ശവ്വാലിൽ ശവ്വാൽ ഒന്നിലെ പ്രഭാത നമസ്കാരം കേരളക്കാർ അനുഷ്ഠിച്ചപ്പോൾ ശവ്വാൽ രണ്ടിലെ പ്രഭാത നമസ്കാരമാണ് ഗൾഫുകാർ അനുഷ്ഠിച്ചത്. പടിഞ്ഞാറുള്ളവർ നമ്മളേക്കാൾ ഒരു ദിവസം മുമ്പേ കടന്നുപോയി! രാവ് പകലിനെ മറികടക്കില്ലെന്ന് സംശയാതീതമായി ഖുർആനിൽ രേഖപ്പെടുത്തിയിട്ടും മുസ്ലിംകളിൽ ചിലർ അതു സമ്മതിക്കില്ല.

ഗവേഷണം (ഇജ്തിഹാദ്) പ്രോൽസാഹിപ്പിക്കുകയും അതിന് ദൈവിക പ്രതിഫലം നിശ്ചയിക്കുകയും ചെയ്ത ഒരു മതത്തിൽ ചാന്ദ്രമാസം കണക്കു കൂട്ടുന്നത് ഒരു മഹാപാതകമായി മാറിയിരിക്കുന്നു. അഞ്ചോ ആറോ മാസം കഴിഞ്ഞു വരുന്ന ഏതെങ്കിലുമൊരു ദിവസത്തെ അഞ്ചുനേരമുള്ള നമസ്കാര സമയം ഈ മാസം തന്നെ നമുക്കറിയാം. എന്നാൽ, രണ്ടു മാസം കഴിഞ്ഞു വരുന്ന ഈ വർഷത്തെ ബലിപെരുന്നാൾ എന്നാണെന്നു പറയാൻ നമുക്കു സാധിക്കുന്നില്ല. കടപ്പുറത്തുള്ള ആരെങ്കിലും കൂവിയാലേ മാസവും തിയ്യതിയും ഉറപ്പിക്കാവൂ എന്ന പിടിവാശി ഇനിയെങ്കിലും വിവരമുള്ളവർ ഉപേക്ഷിക്കണം.

കണക്കു കൂട്ടി നമസ്കാര സമയം തിട്ടപ്പെടുത്താൻ കഴിയാത്ത കാലമുണ്ടായിരുന്നു. പിന്നീടത് മാറി നമസ്കാര സമയം നിശ്ചയിക്കാൻ മുസ്ലീംകൾ കണക്കിനെ മാത്രം അവലംബിക്കുന്നു. എന്നാൽ, മാസവും തിയ്യതിയും നിർണ്ണയിക്കാൻ അവർ മാനം നോക്കി നടന്നു. പ്രവാചകൻ പഠിപ്പിച്ചതാണോ ഇത്?

*ടി. മുഹിയുദ്ദീൻ മുസ്ല്യാർ, പൂക്കയിൽ*

---

# ബഹുഭാര്യാത്വമല്ല സഹഭാര്യാത്വം

*കഴിഞ്ഞ ലക്കം (നം. 23) അൽഫനാറിൽ എം.ഖാലിദ് നിലമ്പൂർ എഴുതിയ 'പ്രോത്സാഹിപ്പിക്കപ്പെടാത്ത ബഹുഭാര്യാത്വം' എന്ന ലേഖനമാണീ കുറിപ്പിനു പ്രചോദനം.*

പുരുഷന്മാർക്ക് ഒന്നാം വിവാഹം തന്നെ അത്യാവശ്യമോ അവകാശമോ അല്ല. ഭാര്യക്കുള്ള സാമ്പത്തിക ബാധ്യത നിർവഹിക്കാൻ വകയില്ലാത്തവർ ഉണ്ടാകുന്നതു വരെ ആവശ്യമെങ്കിൽ നോമ്പെടുക്കുകയാണ് വേണ്ടത്. ഒരു പുരുഷന്റെ ഭാര്യാപദം സ്വീകരിക്കാൻ ആരും തയ്യാറല്ലെങ്കിൽ അയാൾക്കു തനിച്ചു കഴിയുകയേ ഗതിയുള്ളൂ. ഫാതിമാ സംഭവത്തിൽ നിന്ന് മനസ്സിലാകുന്നത് സഹഭാര്യയുണ്ടാവുന്നത് ഇഷ്ടമല്ലാത്തവർക്ക് ഒഴിവാക്കിത്തരണമെന്ന് ആവശ്യപ്പെടാമെന്ന് മാത്രമാണ്. ഈ ബോധം വളർന്ന് ഉമ്മാക്ക് ഭർത്താവിന്റെ മേലുള്ള കുത്തകാവകാശം കവരുന്ന പിതാവിനെ കൊന്നുകളയാമെന്നായിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വളർച്ച അത്രത്തോളം പോരേ!

പിന്നെ ഇവിടുത്തെ പൊതുനിയമത്തിൽ പതിനെട്ടു കഴിഞ്ഞവളുമായി പരസ്പര സമ്മതത്തോടെ ഒന്നിച്ചു ജീവിക്കാൻ ഒരു തടസ്സവുമില്ല! തന്നിലുണ്ടാകുന്ന മക്കളുടെ അവകാശങ്ങളെയും അത് ബാധിക്കുന്നില്ല. പിതൃത്വം നിഷേധിക്കുന്നുവെങ്കിൽ ലാബ് സൗകര്യവുമുണ്ട്. ഇതിനൊക്കെ ഖുർആനിൽ തെളിവു തേടുന്നവരും ഇനിയുണ്ടായേക്കും. എന്നാൽ ഒറ്റപ്പെട്ട് ജീവിക്കാൻ വിധിക്കപ്പെട്ട സ്ത്രീകളുടെ കാര്യമാണ് കഷ്ടം. അവർ മുസ്ലിംകളാണെങ്കിൽ മഹാകഷ്ടം. ഇക്കാര്യം കാലേക്കൂട്ടി കാണുന്ന ക്രിസ്ത്യൻ സ്ത്രീക്ക് കന്യാസ്ത്രീ മഠമുണ്ട്. അതിന്നവർക്ക് പ്രമാണത്തിന്റെ പുകമറയുണ്ട്. വേലി ചാടി വഴിയാധാരമാവുന്നവർക്ക് വഴിയുണ്ടാക്കുന്നത് വലിയ വ്യവസായമായി വളർന്നിട്ടുമുണ്ട്.

ഹിന്ദുക്കളിലെ ഭാഗ്യദോഷികൾക്ക് ജാതകദോഷത്തിന്റെ പുൽത്തുമ്പുണ്ട്. അവർക്ക് ജോലി ചെയ്ത് ജീവിക്കാനുള്ള ത്രാണിയുമുണ്ട്. അബദ്ധങ്ങൾക്ക് ഇളവുകളുണ്ട്. മേൽജാതിയിൽ അധികം വരുന്നവർക്ക് മിശ്രവിവാഹത്തിലൂടെ കീഴ്ജാതിയിലേക്ക് ഒഴുകാം. അങ്ങിനെ ഏറ്റവും അടിത്തട്ടിലെത്തുന്നവർക്ക് അവിവാഹിതകളായ ആദിവാസി അമ്മമാർ എന്ന ഒരിടവുമുണ്ട്. കേരളത്തിനു പുറത്ത് ദേവദാസികളായി ക്ഷേത്രപരിസരത്ത് കഴിയാനും പറ്റും. എന്നാൽ മുസ്ലിം സ്ത്രീക്ക് വേണ്ടി രക്ഷിതാക്കൾ പാർപ്പിടം വിറ്റും പിച്ചയെടുത്തും വരനെ ലേലത്തിൽ പിടിക്കാൻ മത്സരിക്കുന്നു. തോറ്റവർക്ക് മാതാപിതാക്കളുടെ സമയ പരിധി കഴിഞ്ഞാൽ അനിശ്ചിതത്വമാണ്. സഹോദരനോടൊത്ത് നാത്തൂൻ പാരയുമായി നില്പുണ്ടാവും. അവരിൽ ആത്മഹത്യക്ക് മടിക്കുന്നവർക്കുള്ള അവസാന അവലംബമാണ് സഹഭാര്യയാവുക എന്നത്. അവിടെ തുല്യനീതിയുടെ വടിയും പിടിച്ച് കാവലിരിക്കുന്നത് ആർക്കു വേണ്ടിയാണ്! വല്ല വിവാഹത്തട്ടിപ്പു വീരനെയും കണ്ടെത്തി കടമ കഴിക്കാമെന്ന് വെച്ചാൽ അവിടെ സദാചാര പോലീസുണ്ട്.

ഏത് പ്രശ്നത്തിനും ഇസ്ലാമിൽ പരിഹാരമുണ്ടെന്ന് പറയുന്നവർ ഇക്കാര്യത്തിൽ കള്ളക്കളി കളിക്കുന്നു. എന്നിട്ട് സ്ത്രീധനം എന്ന സാങ്കൽപിക പ്രശ്നത്തെ പ്രതിയാക്കി അടിസ്ഥാന പരിഹാരത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നു.

*ടി.ടി. മുഹമ്മദ് കുട്ടി*

# ബാറുകളിലെ നിത്യ സന്ദർശകർ

**അ**ൽഫനാർ നമ്പർ 23 യിലെ എഡിറ്റോറിയൽ ഗംഭീരമായിരിക്കുന്നു. ഇന്നു നിലവിലുള്ള മുഴുവൻ സംഘടനയെയും കുത്തി വേദനിപ്പിച്ച് എഴുന്നേൽപ്പിക്കാനുതകുന്ന വാചകങ്ങളായി. സർവ്വരും ലഹരിക്കെതിരായിട്ടും ഒറ്റക്കെട്ടായി അതിനെതിരിൽ പട പൊരുതാത്തതിന്റെ കാരണം തനി സ്വാർത്ഥതയാണെന്ന കാര്യം അൽഫനാർ വിളിച്ചു പറഞ്ഞത് സത്യം തന്നെ. മദ്യനിരോധനവും വർജ്ജനവും ഒത്തൊരുമിച്ച് പോകുമ്പോഴെ ഉദ്ദേശിച്ച ഫലമുണ്ടാകൂ. മേലെ തട്ടിൽ കുടിച്ചു കൂത്താടാൻ എല്ലാ സന്നാഹങ്ങളുമുള്ളവരാണ് ബാറുകളിലെ നിത്യകുറ്റിക്കാർ. എന്നാൽ സർക്കാർ അതിലാണ് ആദ്യം കൈവെച്ചത്. യഥാർത്ഥത്തിൽ കുടിച്ചു കുടുംബം തകർക്കുന്നവർ മധ്യസമൂഹവും ദരിദ്രവിഭാഗവുമാണ്. അവർക്ക് കിട്ടുന്ന ചാരായം, കള്ള്, മറ്റു ലഹരി സാധനങ്ങൾ ഇതൊന്നും എവിടെയും കിട്ടാത്ത വിധം ബീവറേജിന്റെ മുഴുവൻ ഷാപ്പുകളും കള്ളുഷാപ്പുകളും എല്ലാ മദ്യഉൽപ്പന്നങ്ങളും ആണ് ആദ്യമായി തടയേണ്ടതും നിർത്തേണ്ടതും. പ്രഖ്യാപിക്കപ്പെട്ടപോലെ ഘട്ടംഘട്ടമായത് പ്രതീക്ഷിക്കാം. എങ്കിലും യു.ഡി.എഫ്. സർക്കാറിനെ അഭിനന്ദിക്കട്ടെ.

*അബ്ദുൽ റഷീദ്, കൂമണ്ണ*

---

# ആയത്തുർ റജ്മും ഇരിവേറ്റിയും

**ബു**ഖാരിയിൽ ഉദ്ധരിക്കപ്പെട്ട ഹദീസിൽ (4 വരിയിൽ) ആയത്തുറജ്മ് ഉണ്ടായിരുന്നുവെന്ന് പോസിറ്റീവ് ആയാണ് പറയുന്നത്. അതിൽ നിന്ന് ഇപ്പോഴത്തെ ഖുർആനിൽ ഇല്ലെന്നുള്ള നെഗറ്റീവായ ധ്വനി വരുന്നത് ഹദീസിലെ സംഭവത്തെ നമ്മുടെ കാലത്ത് ഇപ്പോൾ നടക്കുമ്പോളുള്ള പോലെ കാണാത്തതു കൊണ്ടാണ്. മുമ്പ് ഉണ്ടായിരുന്നു ഇപ്പോഴില്ലായെന്ന് പറയുന്നത് വിദൂരകാലത്ത് നടന്ന സംഭവമായി കാണുന്നതു കൊണ്ടാണ്.

ഉദാഹരണത്തിന് വ്യഭിചാരം ചെയ്ത് എറിഞ്ഞ് കൊല്ലപ്പെടാൻ അർഹതയുള്ളവരിൽ നിന്നുള്ള ഒരാൾ, അല്ലെങ്കിൽ എറിഞ്ഞ് കൊല്ലുന്നത് ക്രൂരമാണെന്ന് മനസ്സിൽ തോന്നിയ ആൾ അത് ഖുർആനിൽ ഇല്ലാത്തതായിരിക്കും എന്നു തോന്നി ഉമർ(റ)നോട് അധികാരി എന്ന നിലയിൽ ചോദിക്കാം. പ്രസ്തുത ആയത്ത് ഖുർആനിൽ ഇറങ്ങിയിട്ടുണ്ടോ എന്ന്. അതിനു ഉത്തരത്തിൽ നബി(സ)ക്കിറങ്ങിയ ഖുർആനിൽ ഉണ്ടായിരുന്നുവെന്ന് ഉറപ്പിച്ചു പറയുകയാണ് ഉമർ(റ) ചെയ്യുന്നത്. അതിനാൽ കേൾവിക്കാരനും ആയത്ത് ഉണ്ട് എന്ന് വന്നു. മാത്രമല്ല, കൊല്ലൽ വിധി ഇപ്പോഴുമുണ്ടല്ലോ. അതുകൊണ്ട് ഇക്കാര്യത്തിൽ ആ ആയത്ത് ഖുർആനിൽ ഇല്ലായെന്ന് പറയാൻ കഴിയുമോ? അനേക ത്യാഗ പരിശ്രമങ്ങൾ വഴി സൂക്ഷ്മതയോടെ നടത്തിയ ഇമാം ബുഖാരിയുടെ ഏതാനും ഹദീസുകൾ തുച്ഛരായ നമുക്ക് മനസ്സലായില്ല. അല്ലെങ്കിൽ നാം കണ്ടുമുട്ടിയ ഏതാനും ഹതാശയക്കാർക്ക് മനസ്സിലായില്ലയെന്നു കരുതി എഴുതിത്തള്ളാൻ വരട്ടെ. നമ്മുടെ വിവരത്തേക്കാൾ 100 മടങ്ങുള്ളവർ സഹസ്രാബ്ദങ്ങളായി കഴിഞ്ഞു പോയിട്ടുണ്ടെന്നും ഓർക്കുന്നത് നന്ന്. ക്ഷിപ്രമായി അഭിപ്രായ രൂപീകരണം നടത്തിയാണ് ചേകന്നൂർ മൗലവിയും 'ലോക പൊള്ളന്മാർ' എന്ന് അവരെ ആക്ഷേപിച്ചിരുന്നത് എന്നല്ല , ജൂതനായും ചിത്രീകരിച്ചു. അറിവില്ലെങ്കിൽ 'അറിവു'ള്ളവരോട് ചോദിക്കുകയെന്നതും മറക്കരുത്.

*എം. അൽഖാഫ്, കൊപ്പം*

## പ്രത്യേക അറിയിപ്പ്

അച്ചടിച്ചിലവുകളുടെ വർദ്ധനവു കാരണം അൽഫനാർ സാമ്പത്തിക പ്രതിസന്ധിയിലാണ്. ആർക്കും സൗജന്യമായി അയക്കുന്നില്ല. നാലു ലക്കമെങ്കിലും കിട്ടിയവർ വാർഷിക വരിസംഖ്യ അടച്ച് സഹകരിക്കാനപേക്ഷിക്കുന്നു. വരിസംഖ്യ തീരെ അടക്കാതെ മാസിക കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കെല്ലാം കുടിശ്ശിക തീർക്കണമെന്നറിയിച്ച് കത്തയച്ചിട്ടുണ്ട്. ആവശ്യമില്ലാത്തവർ ആ വിവരം ഫോണിലൂടെയോ മെസ്സേജിലൂടെയോ അറിയിക്കുവാൻ സന്മനസ്സ് കാണിക്കുകയും അതുവരെയുള്ള കുടിശ്ശികാബാധ്യത തീർക്കുകയും ചെയ്യണം. സംഭാവനകളയച്ചും ഈ സംരംഭത്തെ വിജയിപ്പിക്കാൻ മുഴുവൻ അൽഫനാർ വായനക്കാരോടും അഭ്യർത്ഥിക്കുന്നു. വായിച്ചാൽ ഉപകാരപ്പെടുമെന്നു തോന്നുവർക്ക് ഉദാരമതികൾ കോപ്പി സ്പോൺസർ ചെയ്ത അഡ്രസ്സുകളയച്ച് സഹകരിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

**ചെക്ക്/ഡിഡി എടുക്കേണ്ടത്**
**KOYAKUTTY T.V**
**A/c No. 57064977570 SBT FEROKE**
**Br. 70191 IFSC: 0000191**
**മണിഓർഡറുകൾ**
**Manager, Alfanar, Nuz'ha Complex**
**Farook College P.O 673632, Kozhikode**

| പുതുക്കിയ വരിസംഖ്യ | |
|---|---|
| ഒറ്റപ്രതി | 30/- |
| വാർഷികം | 120/- |
| ദ്വിവാർഷികം | 240/- |
| 5 വർഷം | 550/- |





# സമസ്തക്കാരേ ഈ നവോത്ഥാനവും ഏറ്റെടുക്കൂ...

ഒരു നൂറ്റാണ്ടു കാലം കേരള മുസ്ലിംകളിൽ നവോത്ഥാനം കൊണ്ടു നടന്നവർ തളർന്നതിനാൽ അതുപേക്ഷിക്കാൻ തയ്യാറായ അവസ്ഥയിലെത്തിയിരിക്കുന്നു. അധികാരമോഹം തലയിൽ കയറിയതറിഞ്ഞപ്പോൾ ഐക്യസംഘത്തിന്റെ പിൻതല നേതാക്കൾ ഉടലും വാലും മുറിച്ചു മാറ്റി. ബാക്കി വന്ന തലയിലും കഴുത്തിലും ശൈത്താൻ കയറിയപ്പോൾ സർവ്വ ജിന്നുകളെയും അടിച്ചിറക്കേണ്ടി വന്നു. അവശിഷ്ട വിഭാഗത്തിനിപ്പോൾ പത്രകോളങ്ങളിലും കുറെ ചിത്രങ്ങളിലും പ്രസ്താവനകളിലുമാണ് ജീവൻ നിലനിൽക്കുന്നത്. സർവ്വരാലും പ്രശംസിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്ത നല്ലകാലം അസ്തമിച്ചു. ശാസ്ത്ര, ബുദ്ധി,വിവേക,ദീർഘ വീക്ഷണ കാഴ്ചപ്പാടുകളെല്ലാം അതോടെ പറപറന്നു. സംഘടന നിലനിർത്താൻ പെടാപാടിലാണ് ഇന്ന് ഓരോ വിഭാഗവും. അതിനിടയിലേക്കാണ് ചന്ദ്രമാസനിർണ്ണയത്തിന്റെ ശാസ്ത്രീയ കാഴ്ചപ്പാടാകുന്ന നവോത്ഥാനവുമായി ഒരു വിഭാഗം സുമനസ്സുകൾ രംഗത്തു വന്നിട്ടുള്ളത്. ഏതൊരു നവോത്ഥാന പ്രസ്ഥാനമാണോ കേരള ഹിലാൽ കമ്മറ്റി രൂപീകരിച്ച് മുസ്ലിം സമുദായത്തെ അതിലൂടെ ശാസ്ത്ര ബോധമുള്ളവരാക്കിയത്, അവർ തന്നെ ആ ആദർശം കുഴിച്ചു മൂടിയിരിക്കുന്നു.

ഇത്തരുണത്തിൽ അവസരത്തിനൊത്തുയർന്ന സമസ്ത നേതൃത്വം നവോത്ഥാനത്തിന്റെ 'റിലേസ്റ്റിക്' ഏറ്റെടുത്തിരിക്കുന്നു. 1978 ൽ കെ.എൻ.എം. 'ബിസ്മി' രൂപീകരിച്ച് സ്ത്രീധനം, സ്വർണ്ണഭ്രമം, ആർഭാട വിവാഹം, ധൂർത്ത്, വിവാഹ ദുരാചാരങ്ങൾ തുടങ്ങിയ സാമൂഹ്യ വിപത്തുകൾക്കെതിരിൽ സന്ധിയില്ലാ സമരം തുടങ്ങിയിരുന്നു. അതിലെ പലതിനെയും ന്യായീകരിച്ചിരുന്ന പൗരോഹിത്യത്തെ 94 മുതൽ പ്രത്യേക ബോധവൽക്കരണത്തിലൂടെ എം.എസ്.എസ്.ശുദ്ധികലശം നടത്തിക്കൊണ്ടിരുന്നു. ഇന്നിതാ 2014 ആയപ്പോൾ ആ മഹത്തായ ആദർശത്തെ 'സമസ്ത' നെഞ്ചിലേറ്റിയിരിക്കുന്നു. ആയിരമായിരം അഭിനന്ദനങ്ങൾ. വളരെവളരെ വൈകിപ്പെയെങ്കിലും തലയിൽ സൂര്യനുദിച്ചല്ലോ. ഇനി ആ വെളിച്ചത്തിൽ ഗമിച്ചീടാം. മുസ്ലിംലീഗു കൂടി ശക്തമായി പിന്തുണക്കുന്നതിനാൽ നിർഭയം മുന്നോട്ടു പോകാം. അല്ലാഹു ഈ സൽബുദ്ധിയെ പാഴാക്കുകയില്ല. പടച്ചവൻ അനുഗ്രഹിക്കട്ടെ.

വ്യവസ്ഥാപിതമായ ഈ പ്രപഞ്ചത്തിലെ കണിശമായ കണക്കിനനുസൃതമായി ചലിച്ചു കൊണ്ടിരിക്കുന്ന സൂര്യ, ചന്ദ്രന്മാരുടെ ചലന കൃത്യത ബോധ്യപ്പെടാത്തതു കൊണ്ടല്ല, അതിന്റെ പ്രമാണങ്ങൾ ബോധ്യപ്പെടാത്തതു കൊണ്ടുമല്ല മുജാഹിദ് പ്രസ്ഥാനം ചന്ദ്രമാസനിർണ്ണയത്തിലെ ശാസ്ത്രീയ വശം സ്വീകരിക്കാത്തത്. മറിച്ച് രാഷ്ട്രീയ, സമ്പന്ന, പൗരോഹിത്യ, മതനേതൃത്വം രൂപം നൽകിയ കോർഡിനേഷൻ കൗൺസിലിൽ ശ്വാസം മുട്ടിക്കഴിയാൻ വിധിക്കപ്പെട്ടതിനാലാണ്. അലിമണിക്ഫാനും സഹപ്രവർത്തകരും ജാഡകളില്ലാതെ, അധികാരമോഹങ്ങളൊന്നുമില്ലാതെ, വെറും കൈയ്യോടെ, ഖുർആനും കുറ്റമറ്റ സുന്നത്തും സലഫി ചിന്തയും ശാസ്ത്ര പിന്തുണയും മാത്രം കൈമുതലാക്കി നിഷ്കളങ്കമായി സമുദായത്തെ ഇസ്ലാമിക കലണ്ടറിന്റെ പ്രാധാന്യവും കാലഗണനയുടെ മത, ശാസ്ത്രീയ വശവും പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇതേറ്റെടുത്ത് വിജയിപ്പിച്ച് സമുദായത്തെ സത്യ

ത്തിലെത്തിക്കാൻ മുൻകൈ എടുത്ത് രംഗത്തു വരേണ്ടവരാണ് മുജാഹിദ് പ്രസ്ഥാനം. പക്ഷെ, അവർ രാഷ്ട്രീയ തങ്ങന്മാരെയും മുതലാളിമാരെയും സമസ്തക്കാരെയും പേടിച്ച് മുട്ടു വിറച്ചു നിൽക്കുകയാണ്. കാരണം മുൻഗാമികളുടെ ഈമാനിന്റെ പൊലിമ ഇവരിൽ നിന്ന് നഷ്ടപ്പെട്ടിരിക്കുന്നു. തമ്മിൽ തല്ലി ഇനിയും കൂടുതൽ തല്ലാൻ കോപ്പുകൂട്ടി 'കാറ്റ്' പോയിരിക്കുന്നു.

മുഹമ്മദ് നബി(സ) ഇസ്ലാമിക പ്രബോധനവും വിശുദ്ധ ഖുർആനുമായി രംഗത്തെത്തിയപ്പോൾ അതേറ്റെടുത്ത് വിജയിപ്പിക്കാൻ ശക്തമായി രംഗത്തു വരേണ്ടിയിരുന്ന ജൂത, ക്രൈസ്തവ വിഭാഗങ്ങൾ നബിയെ നഖശിഖാന്തം എതിർക്കുക മാത്രമല്ല തകർത്തു തരിപ്പണമാക്കി നശിപ്പിക്കാനാണ് ഒരുമ്പെട്ടത്. അതുവരെ അവർ ഒരു പ്രവാചകനിയോഗവും അദ്ദേഹത്തിന്റെ ശക്തമായ മതനേതൃത്വവും അവകാശപ്പെട്ട് കാത്തിരിക്കുന്നവരായിരുന്നു. എന്നിട്ടവരിലേക്ക് പ്രവാചകൻ ഗ്രന്ഥവുമായി വന്നപ്പോൾ കഠിന നിഷേധികളായി മാറി. (വി.ഖുർആൻ: 2:89) എന്നു വിശുദ്ധ ഖുർആൻ പറയുന്നതാണിപ്പോൾ ഓർമ്മിക്കേണ്ടി വന്നിരിക്കുന്നത്. ഏറ്റവും അർഹതപ്പെട്ടവർ അതേറ്റെടുത്ത് വിജയിപ്പിക്കാൻ രംഗത്തെത്താത്ത പക്ഷം അല്ലാഹു അവർക്കു പകരം അതിനേക്കാളുത്തമരും യോഗ്യരുമായവരെ പകരം കൊണ്ടു വരുമെന്നും (വി.ഖു:47:38) വിശുദ്ധ ഖുർആൻ അനേകം സ്ഥലത്ത് ആവർത്തിച്ചു പറയുന്നുണ്ട്.

ചന്ദ്രമാസനിർണ്ണയത്തിന്റെ ശാസ്ത്രീയമാനം കേരള മുസ്ലിംകളെ കിറുകൃത്യമായി പഠിപ്പിക്കാൻ ഹിലാൽ കമ്മറ്റി ആരംഭിച്ചവർ നവോത്ഥാന പ്രസ്ഥാനമാണ്. ഇന്നവർ പൂർണ്ണമായും അതിൽ നിന്ന് മുഖം തിരിച്ചിരിക്കുന്നു. അവർ അല്ലാഹുവിനെയല്ലാതെ മറ്റാരുടെയൊക്കെയോ കണ്ണുരുട്ടലുകളും ഭീഷണികളും പണച്ചാക്കുകളും അധികാരക്കസേരകളും ഭയപ്പെട്ടു കൊണ്ടിരിക്കുന്നു. അതിനാൽ, അവർക്കിത് ഏറ്റെടുക്കാനുള്ള ശക്തി ക്ഷയിച്ചിരിക്കുന്നു.

സമസ്തക്ക് ഇന്നാരെയും ഭയപ്പെടാനില്ല. സർവ്വ ഭൗതിക സന്നാഹങ്ങളും വേണ്ടുവോളമുണ്ട്. ആൾക്കൂട്ട ബലമുണ്ട്. അധികാരത്തണലുണ്ട്. പണ്ഡിത നിരയുണ്ട്. സ്ഥാപനങ്ങളും അനേകമനേകം കേന്ദ്രങ്ങളുമുണ്ട്. നിങ്ങളിത് ഏറ്റെടുക്കണം. ഖാളിമാരെയും പണ്ഡിതന്മാരെയും ഇതിന്റെ എല്ലാ വശങ്ങളും പഠിപ്പിക്കാൻ തയ്യാറാക്കണം. നാണം കെട്ട രൂപേണയുള്ള അശാസ്ത്രീയ മാസനിർണ്ണയ ഏർപ്പാട് അവസാനിപ്പിക്കണം. പടിഞ്ഞാറൻ ചക്രവാളത്തിൽ അസ്തമിച്ചു കൊണ്ടിരിക്കുന്ന ഒന്നാം തിയ്യതിയിലെ അസ്തമയ ചന്ദ്രനെ ,ചൂണ്ടി ഉദയചന്ദ്രൻ എന്നു പറയുകയും അതും നഗ്നനേത്രങ്ങളിൽ കണ്ടാൽ നാളെ ഒന്നാം തിയ്യതി ആവുകയുള്ളൂ എന്ന വങ്കത്തരവും പ്രചരിപ്പിരുത്. മേഘം മൂടുന്നതു കൊണ്ട് ഒരു ദിവസം മൈനസാവുകയില്ലെന്ന സത്യം അറിയണം. 'അഹില്ല' നോക്കി തീരുമാനിക്കുന്നതിനു പകരം ഏക 'ഹിലാലിനെ' അവലംബിക്കരുത്. നാളെ ഒന്നാം തിയ്യതിയാണെന്നു പറയാൻ പതിനെട്ടു മഹാന്മാരുടെ ആവശ്യമില്ല. മതിലിൽ തൂക്കിയിട്ട ഒരു കുറ്റമറ്റ ഹിജ്റ കലണ്ടർ നോക്കി ജനങ്ങൾക്കു ഇബാദത്തുകളുടെ കാലനിർണ്ണയം സ്വയം തീരുമാനിക്കാൻ സാധിക്കുമാറാക്കണം. ഇതിന്റെ പേരിലുള്ള 'കുഞ്ചിക' സ്ഥാനം വേണ്ടെന്നു വെയ്ക്കണം. സമസ്ത ഈ നവോത്ഥാനത്തിനു നേതൃത്വം വഹിക്കണം.

അതോടൊപ്പം നിങ്ങൾ ശിർക്കായ ഖബറാരാധനയും ജാറങ്ങളും മഖാമുകളും അവിടെ നടത്തപ്പെടുന്ന ഉറൂസുകളും ചന്ദനക്കുടങ്ങളും നേർച്ച വഴിപാടുകളും അവസാനിപ്പിക്കാൻ ഈ ഉമ്മത്തു മുസ്ലിമിനെ ആഹ്വാനം ചെയ്യണം. എല്ലാ മാല,മൗലിദ്,റാത്തീബ്, ആണ്ടുനേർച്ച, ഐക്കല്ല്കെട്ട്, പിഞ്ഞാണമെഴുത്ത്, മന്ത്രവാദം, സിഹ്ർ തുടങ്ങിയ അനേകം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരിൽ കൂടിപട നയിക്കണം. സ്ത്രീധനം, സ്വർണ്ണഭ്രമം, വിവാഹദുരാചാരങ്ങൾ, ആഡംബരം, ധൂർത്ത് മുതലായവയിൽ നിന്ന് സമുദായത്തെ പിന്തിരിപ്പിക്കാനുണ്ടാക്കിയ കൂട്ടായ്മയെ ശക്തിപ്പെടുത്തി പൂർണ്ണമായ നവോത്ഥാന നേതൃത്വം വരും നൂറ്റാണ്ടിലേക്ക് നിങ്ങൾ ഏറ്റെടുക്കണം. ഇതു ചെയ്യാത്ത പക്ഷം ചരിത്രത്തിന്റെ ചവറ്റു കൊട്ടയിലേക്ക് അല്ലാഹു നിങ്ങളെ എറിഞ്ഞു കളയുമെന്നു ഭയപ്പെടണം. അല്ലാഹു നമ്മെ രക്ഷിക്കട്ടെ.

*(എഡിറ്റർ)*

ഖുർആൻ ചിന്തകൾ

അബുൽ ബനാത്ത്, കുറ്റിച്ചിറ

# മദ്യനിരോധനവും വർജ്ജനയും ഒരുമിച്ച്

۞ يَسْـَٔلُونَكَ عَنِ ٱلْخَمْرِ وَٱلْمَيْسِرِ ۖ قُلْ فِيهِمَآ إِثْمٌ كَبِيرٌ وَمَنَٰفِعُ لِلنَّاسِ وَإِثْمُهُمَآ أَكْبَرُ مِن نَّفْعِهِمَا ﴿٢١٩﴾

***"പ്രവാചകരേ, മദ്യത്തെയും ചൂതാട്ടത്തെയും പറ്റി താങ്കളോടവർ ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്കു ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പ്രയോജനത്തെക്കാൾ പാപാംശമാണ് വലുത്". (വി.ഖുർആൻ: 2:219)***

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّمَا ٱلْخَمْرُ وَٱلْمَيْسِرُ وَٱلْأَنصَابُ وَٱلْأَزْلَٰمُ رِجْسٌ مِّنْ عَمَلِ ٱلشَّيْطَٰنِ فَٱجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ ﴿٩٠﴾ إِنَّمَا يُرِيدُ ٱلشَّيْطَٰنُ أَن يُوقِعَ بَيْنَكُمُ ٱلْعَدَٰوَةَ وَٱلْبَغْضَآءَ فِى ٱلْخَمْرِ وَٱلْمَيْسِرِ وَيَصُدَّكُمْ عَن ذِكْرِ ٱللَّهِ وَعَنِ ٱلصَّلَوٰةِ ۖ فَهَلْ أَنتُم مُّنتَهُونَ ﴿٩١﴾

***"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും ഭാഗ്യഷോടതികളും പൈശാചികമ്ലേഛ പ്രവർത്തികളാകുന്നു. അതിനാൽ നിങ്ങൾ ജീവിത വിജയം കൊതിക്കുന്നുവെങ്കിൽ അതൊക്കെ വർജ്ജിക്കുവീൻ. മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും പിശാച് ലക്ഷ്യമാക്കുന്നത് നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കാനും ദൈവസ്മരണയിൽ നിന്നും ആരാധനയിൽ നിന്നും നിങ്ങളെ അകറ്റുവാനുമാകുന്നു. അതിനാൽ നിങ്ങളതെല്ലാം അവസാനിപ്പിക്കാൻ തയ്യാറുണ്ടോ?"***

***(വി. ഖുർആൻ 5: 90,91)***

പതിനാലു നൂറ്റാണ്ടിനു മുമ്പ് മനുഷ്യ വംശത്തോട് ഒന്നടങ്കം നമ്മുടെ സ്രഷ്ടാവായ അല്ലാഹു പ്രസ്താവിച്ച വചനങ്ങളാണിത്. ഒളിമങ്ങാത്ത നിത്യ പ്രസക്തമായ ഉപദേശവും താക്കീതും കൽപ്പനയും അതിലുണ്ട്. വിഷയത്തിന്റെ മർമ്മത്തിൽ തട്ടിയ അനശ്വര വചനം. മദ്യവും, ചൂതാട്ടവും കോടാനുകോടി ചെലവഴിച്ച് നാടുനീളെ ഉണ്ടാക്കപ്പെട്ട് പൂജിച്ചാരാധിക്കുന്ന വിഗ്രഹങ്ങളും പ്രതിഷ്ഠകളും സ്തൂപങ്ങളും, വഞ്ചനയുടെയും ആർത്തിയുടെയും അന്യായ മാർഗ്ഗ ധനസമ്പാദനത്തിന്റെയും വഴിയായ ഭാഗ്യഷോടതികളും ഒരുമിച്ചാണ് ഇവിടെ എടുത്തു പറഞ്ഞിട്ടുള്ളത്. ഇതെല്ലാം മഹാപാപങ്ങളും പൈശാചിക മ്ലേഛ പ്രവർത്തികളുമാണെന്നു ഖണ്ഡിതമായി അല്ലാഹു നമ്മെ അറിയിക്കുന്നു. ഏതാനും ചില നേട്ടങ്ങൾ ഇതി

ലെല്ലാമുണ്ടെന്നതിൽ ആർക്കും സംശയമില്ല. എന്നാൽ അവയിലെ പ്രയോജനങ്ങളെക്കാൾ പാപംശങ്ങൾ ഗുരുതരവും അപരിഹാര്യമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നവയുമാണ്. അതിനാൽ അവ വർജ്ജിക്കണമെന്നാണ് ഇവിടെ ആഹ്വാനം ചെയ്യുന്നത്. ജീവിത വിജയം കൊതിക്കുന്ന ബുദ്ധിയുള്ള ഏതു മനുഷ്യന്റെയും ഹൃദയത്തിൽ തട്ടിയുള്ള നിരോധനാജ്ഞ.

14 നൂറ്റാണ്ടുകൾക്കപ്പുറം അറബി ജനത ഇപ്പറഞ്ഞതിലെല്ലാം ആമന്ദം മുങ്ങിയ ജീവിതകാലത്താണ് വിശുദ്ധ ഖുർആൻ ഇത് പ്രഖ്യാപിക്കുന്നത്. അപ്പറഞ്ഞവയിൽ ഒരണു പോലും മാറ്റം വരുത്താതെ ഇന്നത്തെ ലോകജനതയോടും - പ്രത്യേകം ദൈവത്തിന്റെ സ്വന്തം നാട് എന്നു വിശേഷിപ്പിക്കുന്ന ബൗദ്ധിക പൂർണ്ണത നേടിയ കേരളീയരോട് - ഒരായിരം തവണ ആവർത്തിച്ചാലും വിരസമാകാത്ത സദുപദേശമാണിത്. ഇത് നിരോധിക്കാനും വർജ്ജിക്കാനുമുള്ള ആജ്ഞ പുറംപൂച്ചായി പറഞ്ഞതുമല്ല. അതിൽ ചൂണ്ടിക്കാണിച്ച പാപവും മ്ലേഛതയും പൈശാചികതയും ശത്രുതയും വിദ്വേഷവും ഇവയിൽ നിന്ന് ഇന്നാട്ടിൽ സദാ ഉളവായിക്കൊണ്ടേയിരിക്കുന്നുണ്ട്. ഇവയുടെ ഉപയോഗവും അതിൽ മുഴുകിയുള്ള ജീവിതക്രമവുമാണ് ലോകജനതയുടെ സർവ്വമാന സമാധാനവും ശാന്തിയും ജീവിതവിജയവും തകർത്തു തരിപ്പണമാക്കിക്കൊണ്ടിരിക്കുന്നത്. സാമാന്യ ബുദ്ധിയുള്ള ഏതൊരാൾക്കും ഇക്കാര്യം പകൽ വെളിച്ചം പോലെ



വ്യക്തവുമാണ്.

**താരതമ്യപഠനം:**

കേരളസർക്കാർ, കോൺഗ്രസ്സ് നേതാവ് വി.എം. സുധീരന്റെയും മുഖ്യമന്ത്രിയുടെയും നിശ്ചയ ദാർഢ്യത്തിനു മുമ്പിൽ-ദേശീയ-അന്തർദേശീയ മദ്യക്കുത്തകകളെ ഞെട്ടിച്ചു കൊണ്ട് മദ്യനിരോധനമെന്ന സുധീര തീരുമാനമെടുത്തു പ്രയോഗതലത്തിലേക്ക് നീങ്ങുകയാണിപ്പോൾ. പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് മദ്യനിരോധനം അല്ലാഹു ഭൂവാസികൾക്കു പ്രഖ്യാപിച്ചപ്പോൾ പ്രയോഗതലത്തിൽ കൊണ്ടു വരാൻ ഘട്ടം ഘട്ടമായ നടപടികളാണ് സ്വീകരിച്ചത്. ലഹരി ഉപയോഗത്തെ നിയന്ത്രിച്ചും ആരാധനാവേളകളിൽ മാറ്റി നിർത്തിയും മനുഷ്യമനസ്സുകളിൽ അതിനോടുള്ള വൈമനസ്യവും വെറുപ്പും സൃഷ്ടിച്ചു കൊണ്ടുള്ള ഒന്നാം ഘട്ടം. അവയിലുള്ള ഉപകാരങ്ങൾ സൂചിപ്പിച്ചിട്ടാണെങ്കിലും ഉപദ്രവങ്ങളും പാപാംശങ്ങളും ഗുരുതരമാണെന്ന് ചൂണ്ടിക്കാട്ടി അതിനോട് വിടചൊല്ലാൻ തയ്യാറായിക്കൊള്ളുവെന്ന് ആഹ്വാനം ചെയ്തു കൊണ്ടുള്ള യുക്തവും ശക്തവുമായ ബോധവൽക്കരണത്തിന്റെ രണ്ടാംഘട്ടം. വിശ്വാസികളുടെ മനസ്സും ബിസിനസ്സും മദ്യവുമായി ബന്ധപ്പെട്ട വരുമാന നഷ്ടവും മറ്റും കണക്കുകൂട്ടാനും ബദൽ സംവിധാനങ്ങളൊരുക്കാൻ അവസരമേകിക്കൊണ്ടുമുള്ള അവസ്ഥ സമൂഹത്തിൽ സംജാതമാക്കി ആ ഘട്ടത്തോടെ. പിന്നെ 3-ാം ഘട്ടത്തിൽ എന്നെന്നേക്കുമായി നിരോധിച്ചുകൊണ്ടുള്ള ശക്തമായ കൽപ്പന വന്നു. മദ്യം വിളമ്പാൻ ഉപയോഗിച്ച വില പിടിച്ച പാത്രങ്ങൾ പോലും ഉപയോഗിക്കരുതെന്ന ഉപദേശത്തോടെ മദ്യത്തിന്റെ സ്മരണ പോലും ഇല്ലാതാക്കിക്കൊണ്ടുള്ള ദൈവവിധി. അതപ്പടി പകർത്തപ്പെടുന്ന സംവിധാനം തന്നെയാണ് ലോകത്തിന് ഇന്നും യുക്തമായിട്ടുള്ള നടപടി. കേരള സർക്കാർ സധൈര്യം എടു

ത്തു കൊണ്ടിരിക്കുന്ന നടപടികൾ 14 നൂറ്റാണ്ടിന്നപ്പുറമുള്ള അതേ രൂപഭാവത്തിലിവിടെ അരങ്ങേറുവാനൊരുങ്ങുന്നു. അതിന്റെ ഉപദ്രവവും പാപപങ്കിലവുമായ വശം വി.എം. സുധീരൻ തന്നെ പറയുന്നതു കാണുക''പ്രതിശീർഷ മദ്യ ഉപയോഗത്തിന്റെ കാര്യത്തിൽ കേരളം രാജ്യത്തിന്റെ ഒന്നാം സ്ഥാനത്താണ്. ആത്മഹത്യയുടെയും വിഷാദ രോഗങ്ങളുടെയും കാര്യത്തിലും ഒന്നാമതു തന്നെ. അനുദിനം വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ, ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന ലഹരി ജന്യ രോഗികളുടെ ആധിക്യം, കിട്ടുന്നതിലേറെയും മദ്യശാലകളിൽ കൊടുത്തു വെറും കൈയ്യുമായി വീടുകളിലേക്ക് എത്തുന്ന ഗൃഹനാഥന്മാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, അതുമൂലം കുടുംബങ്ങളിൽ ഉണ്ടാകുന്ന സാമ്പത്തികത്തകർച്ച, ദാരിദ്ര്യം, കുടുംബബന്ധങ്ങളുടെ ശൈഥില്യം, ഗാർഹിക പീഡനങ്ങൾ, അഭൂതപൂർവ്വമായിട്ടുള്ള വിവാഹ മോചനങ്ങൾ, മാനസികവും ശാരീരികവുമായിട്ടുള്ള ആരോഗ്യത്തകർച്ച, സാമൂഹ്യരംഗത്ത് വളർന്നു വരുന്ന അരാജകത്വാവസ്ഥ, പെരുകി വരുന്ന കുറ്റകൃത്യങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ തുടങ്ങിയവയിലേക്കൊക്കെ നയിക്കുന്നത് ലഹരി തന്നെയാണ്''. (സർക്കാർ നയം പാളിയിട്ടില്ല. ചന്ദ്രിക 17.09. 2014)

ഇച്ഛാശക്തിയുള്ള നിസ്വാർത്ഥരായ ഭരണാധികാരികൾക്ക് നിരോധനവും വർജ്ജനയും നടപ്പിലാക്കാൻ കഴിയും. പ്രവാചക കാലത്തും ഇന്നും ഇസ്ലാമിക ഭരണമുള്ളിടങ്ങളിലും അത് പ്രയോഗിക്കുന്നുണ്ട്. കേരളത്തിൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ 1992 ൽ ബാറുകൾക്ക് ടൂസ്റ്റാർ നിബന്ധന ഏർപ്പെടുത്തി. 96ൽ എ.കെ. ആന്റണി ചാരായം നിരോധിച്ചു. 2004 ൽ ഉമ്മൻചാണ്ടി വീണ്ടും അധികാരത്തിൽ കള്ളിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഷാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തി ഗണ്യമായി കുറച്ചു. ഇപ്പോഴത്തെ യു.ഡി.എഫ് സർക്കാർ പ്രകടന പത്രികയിൽ പ്രഖ്യാപിച്ച മദ്യനിരോധനനയം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അനേകം ബാറുകൾ പൂട്ടി. ബാക്കി പൂട്ടിക്കുമെന്നതും അഭിനന്ദനാർഹം തന്നെ. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും മദ്യനിരോധനം നടപ്പിലുണ്ട്.

ഇതിനകം തന്നെ മദ്യത്തിന്റെ ഉപഭോഗം കേരളത്തിൽ കുറഞ്ഞിട്ടുണ്ട്. ആശുപത്രികളിലും പോലീസ് സ്റ്റേഷനുകളിലും വാഹനാപകടങ്ങളിലും കുടുംബകലഹ പ്രശ്നങ്ങളിലും കുറവുകൾ അനുഭവപ്പെട്ടു വരുന്നു. ഘട്ടം ഘട്ടമായി സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാൻ ഉതകുമാറു നീക്കങ്ങൾ നടക്കുന്നു. പ്രതിവർഷം 10 ശതമാനം കണ്ട് ബീവറേജ്സ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ നിർത്തലാക്കാം. കേരള-ജനത മൊത്തം ഇതുൾക്കൊണ്ടിരിക്കുന്നു. സർക്കാറിന്റെ മദ്യനയത്തെ കോടതി അംഗീകരിച്ചിരിക്കുന്നു. പുതുതായി ഷാപ്പുകൾക്കും ബാറുകൾക്കും ലൈസൻസുകൾ നൽകുന്നതല്ല. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ബാറുകൾ പോലും അനുവദിക്കില്ല. വ്യവസായ മദ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കും. മദ്യവ്യാപാരത്തിലൂടെ സർക്കാറിനു ലഭിച്ചിരുന്ന വമ്പൻ വരുമാനം വേണ്ടെന്നു വയ്ക്കുകയും മറ്റു മാർഗ്ഗേണയുള്ള വരുമാനങ്ങൾ കണ്ടെത്തി നഷ്ടം നികത്താനും പദ്ധതികൾ വരുന്നു. നിർത്തലാക്കപ്പെടുമ്പോൾ നഷ്ടം സംഭവി

**രഹസ്യത്തിലും പരസ്യത്തിലും തന്നെ കണ്ടും കേട്ടും അറിഞ്ഞുകൊണ്ടുമിരിക്കുന്ന മഹാരക്ഷകനായ അല്ലാഹുവിനെ ഭയപ്പെട്ടും തിന്മയാണിത്, പാപപങ്കിലമായ കർമ്മമാണിത്, തന്റെ മനുഷ്യത്വത്തെയും ശരീരത്തെയും ആരോഗ്യത്തെയും സംസ്കാരത്തെയും കുടുംബത്തെയും സമ്പത്തിനെയും സ്വാഭാവത്തെയുമെല്ലാം തകർത്തെറിയുന്ന ദുരന്തമാണിത് എന്നു ബോധ്യമാക്കലാണ് ആവശ്യം. അത്തരം ആദർശം ഉൾക്കൊണ്ടവർക്ക് നിമിഷങ്ങൾ കൊണ്ട് പരിവർത്തനമുണ്ടാകും. ഇസ്ലാം മദ്യം എന്നെന്നേക്കുമായി നിരോധിച്ചപ്പോൾ അവിടെ കണ്ടത് ചരിത്രം സ്വർണ്ണലിപികളിൽ ഉല്ലേഖം ചെയ്തിട്ടുണ്ട്.**

ക്കുന്നവരുടെ ലോബിക ളെയും മാഫിയകളെയും ശക്തമായി നേരിടണം. അതിർത്തി സംസ്ഥാനങ്ങൾ കേരളത്തിലെ ഈ അവ സ്ഥയെ പരമാവധി മുതലെടു ക്കാൻ ഗൂഢ പദ്ധതികളുമായി രംഗത്തു വരുന്നതിനെ സർ ക്കാർ ഗൗരവത്തിലെടുക്കണം. മദ്യദുരന്തങ്ങളുണ്ടാകാതിരി ക്കാൻ ജാഗ്രത കൈക്കൊള്ള ണം. മദ്യക്കടത്തുകൾ, വ്യാജ മദ്യമൊഴുക്ക്, അനധികൃത മദ്യവിതരണവും വ്യാപാരവും ശക്തമായി തടയണം. ഇതെ ല്ലാം കൂടുമ്പോൾ കേരള മൊരു സമ്പൂർണ്ണ മദ്യമുക്ത സംസ്ഥാനമായി മാറിയേക്കാം.

പക്ഷെ, ഇവിടത്തെ മനു ഷ്യരുടെ മദ്യാസക്തിയും അതിനോടുളള കമ്പവും സങ്കൽപ്പങ്ങളും മാറാതെ യാതൊന്നും ഫലപ്രദമാകി ല്ല.ദൈവഭയവും ഭക്തിയും ഉയർന്ന ധാർമ്മികതയും ഹൃദ യശുദ്ധീകരണവും ഉൽബുദ്ധ



തയുമില്ലാതെ, മനം മാറാതെ, മനസ്സുകൾ നന്നാവാതെ ആരെന്തു ചെയ്തിട്ടും പൂർണ്ണ ഫലം ലഭിക്കില്ല. സ്വന്തം വീടു കളിലും തട്ടകങ്ങളിലും മദ്യ ഉൽപ്പാദനം നടത്തിയും ലഭ്യ മാകുന്നിടത്തേക്ക് സഞ്ചരിച്ചും കിട്ടുന്നിടത്തു നിന്ന് സമ്പാ ദിച്ചും രഹസ്യമായി ഇതുപ യോഗിക്കുന്നവരെ തടയുവാൻ ആർക്ക് കഴിയും?

ഇസ്ലാം അവിടെയാണ് വിജയിച്ചത്. രഹസ്യത്തിലും പരസ്യത്തിലും തന്നെ കണ്ടും കേട്ടും അറിഞ്ഞുകൊണ്ടുമിരി ക്കുന്ന മഹാരക്ഷകനായ അല്ലാഹുവിനെ ഭയപ്പെട്ടും തിന്മയാണിത്, പാപപങ്കില മായ കർമ്മമാണിത്, തന്റെ മനുഷ്യത്വത്തെയും ശരീര ത്തെയും ആരോഗ്യത്തെയും സംസ്കാരത്തെയും കുടുംബ ത്തെയും സമ്പത്തിനെയും സ്വാഭാവത്തെയുമെല്ലാം തകർത്തെറിയുന്ന ദുരന്തമാ ണിത് എന്നു ബോധ്യമാക്ക ലാണ് ആവശ്യം. അത്തരം ആദർശം ഉൾക്കൊണ്ടവർക്ക് നിമിഷങ്ങൾ കൊണ്ട് പരി വർത്തനമുണ്ടാകും. ഇസ്ലാം മദ്യം എന്നെന്നേക്കുമായി നിരോധിച്ചപ്പോൾ അവിടെ കണ്ടത് ചരിത്രം സ്വർണ്ണലിപി കളിൽ ഉല്ലേഖം ചെയ്തിട്ടുണ്ട്.

1 ഹി. 1435ലെ ബലിപെരുന്നാൾ വിശേഷം

## സമ്പൂർണ്ണ മതത്തിലെ ഞായറാഴ്ചപ്പെരുന്നാൾ

ഖത്തീബവർകൾ ദുൽഹിജ്ജ ഒമ്പത് വെള്ളിയാഴ്ച ഖുത്തുബയിൽ പറഞ്ഞു: “അൽയൗമ അക്മൽത്തുലകും ദീനകും.... നിങ്ങളുടെ മതം പൂർണമാക്കി തന്നിരിക്കുന്നു. ഇനി ഇതിലൊന്നും കൂട്ടാനോ കുറക്കാനോ ഇല്ല. അതിനാർക്കും അവകാശവുമില്ല. ഈ വർഷത്തിലെ അറഫാ ദിനം ഇന്നാണ്. ലോകമുസ്ലിം ഹാജിമാർ അറഫയിൽ നിൽക്കുന്ന മഹനീയ ദിവസം. നാമെല്ലാം അറഫാദിന നോമ്പ് ഇന്നു തന്നെയാണ് നോൽക്കേണ്ടത്. .......... എന്നാൽ പെരുന്നാൾ മറ്റെ ന്നാൾ ഞായറാഴ്ചയിലാകുന്നു. രാവിലെ 8.30 ന് എല്ലാവരും എത്തിച്ചേരുക.”

ഈ മഹാനായ ഖത്തീബിന്റെ മഹാവിജ്ഞാനവും തൊലിക്കട്ടിയും അപാരം തന്നെ! അല്ലാ ഹുവിന്റെ സമ്പൂർണമായ മതനിയമത്തിൽ ദുൽഹിജ്ജഃ എട്ടിനെ ‘യൗമുത്തർവിയഃ’ എന്നും ഒമ്പ തിനെ ‘യൗ

മുഅറഫ’യെന്നും പത്തിനെ ‘യൗമുന്നഹ്ർ’ (ഹാജിമാർക്ക്, ലോകമുസ്ലിംകൾക്ക് ‘യൗമുഈ ദുൽ അള്ഹാ’- ബലിപെരുനാൾ സുദിനം) എന്നുമാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അല്ലയോ ഖത്തീബ് അവർകളേ, അറഫാദിന നോമ്പിന്റെ പിറ്റെ ദിവസമായ ശനിയാഴ്ച (4.10.14) അല്ലേ ദുൽഹിജ്ജഃ പത്തായ ബലിപെരുന്നാൾ? ഈ നിയമം മാറ്റാൻ താങ്കൾക്കു ആരാണ് അവകാശം തന്നത് എന്നു ചോദിക്കാൻ ഒരൊറ്റ ആൺപിറന്നവനും സദസ്സിൽ ഇല്ലാത്തതിന്റെ ധൈര്യമല്ലേ ഇത്. ഈ മഹത്തായ വിദ്യാകേന്ദ്രത്തിന്റെ നടുവിലെ കാമ്പസ് പള്ളിയിൽ വരുന്നവരുടെ മാന്യത താങ്കൾക്കു തൽക്കാലം രക്ഷയായി. ബാക്കി, അല്ലാഹുവിന്റെ കോടതിയിൽ വെച്ചാകം.

വിശ്വാസ ദർശനം- 22

കോയക്കുട്ടി ഫാറൂഖി

# സ്വാദീഖിങ്ങളായ മശാഇഖന്മാരുടെ സഹവാസം

**തങ്ങന്മാരാൽ കുടിയിരുത്തപ്പെട്ട ഈ നൂരിഷാ ത്വരീഖത്തിന്റെ ആപത്തുകൾ മനസ്സിലാക്കാൻ സമസ്തക്ക് കാൽനൂറ്റാണ്ട് വേണ്ടി വന്നു. സ്ത്രീധനം അനിസ്ലാമികമെന്ന് മുജാഹിദ് പ്രസ്ഥാനം ആഹ്വാനം ചെയ്തപ്പോൾ നഖശിഖാന്തം അതിനെ എതിർത്ത അവർ ഇന്നത് ഹറാം ആണെന്നതിലേക്കെത്താൻ അരനൂറ്റാണ്ട് എടുത്തത് പോലെ. ഖബർ പൂജകളും നബിദിനാഘോഷങ്ങളും മന്ത്രമുറുക്കു പിഞ്ഞാണമെഴുത്തു മുതൽ ഐക്കല്ല്, മന്ത്രനൂൽ, മന്ത്രവാദം,ജിന്നേൽക്കൽ, മൗലിദുകൾ വരെയുള്ള അനേകമനേക ദുരാചാരങ്ങളും ബിദ്അത്തുകളും ശിർക്കൻ വിശ്വാസങ്ങളും തൗഹീദിന്റെ പൊലിമയെ തകർക്കുന്നതാണെന്ന തിരിച്ചറിവ് ലഭിക്കുകയും അവകളെല്ലാം ഉപേക്ഷിക്കണമെന്ന് സമുദായത്തെ ആഹ്വാനം ചെയ്യാനും സമസ്തക്ക് ഇനി എത്രകാലം പിടിക്കുമെന്നും അതിന്നിടയിൽ എത്രായിരം മുസ്ലിംകൾ വഴികേടിൽ പതിക്കുമെന്നും അല്ലാഹുവിനേ അറിയൂ.**

സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേരളത്തിലേക്ക് ഇറക്കുമതി ചെയ്ത വമ്പൻ മുസ്വീബത്തായിരുന്നു നൂരിഷാ ത്വരീഖത്ത് എന്ന അത്യന്തം അപകടം പിടിച്ച പ്രസ്ഥാനം. ജീവിച്ചു കൊണ്ടിരിക്കുന്ന ഏതെങ്കിലുമൊരു ശൈഖിന്റെ സഹവാസമാകുന്ന വസ്വീല(മധ്യവർത്തിത്വം)യുടെ സിൽസില(കണ്ണി)യില്ലാതെ അല്ലാഹുവിലേക്ക് എത്താൻ മനുഷ്യനാകില്ല എന്ന പച്ചയായ ശിർക്ക് ആണ് ത്വരീഖത്തിന്റെ ഏറ്റവും വലിയ അഖീദ: (വിശ്വാസം). ഇതു വെറുതെ പറയുകയല്ല. ഇർഫാൻ മാസിക തന്നെ പറയട്ടെ.

“സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പണ്ഡിതന്മാരും മുസ്ലിം കേരളത്തിന്റെ ആത്മീയ രാഷ്ട്രീയ നേതാക്കളുമായിരുന്ന മർഹൂം സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളും (ന.മ), പാണക്കാട് സയ്യിദ് പി.എം.എസ്.എ പൂക്കോയ തങ്ങളു(ന.മ)മാണ് ഹൈദരാബാദിലെ നൂറുൽ മശാഇഖ് ശൈഖ് നൂരിഷാ തങ്ങളെ കേരളത്തിലേക്ക് ക്ഷണിച്ചു വരുത്തിയത്. കുറഞ്ഞ കാലം കൊണ്ട് കേരളത്തിലെ ഉലമാക്കളുടെയും ഉമറാക്കളുടെയും സാധാരണക്കാരുടെയും ശ്രദ്ധാകേന്ദ്രമാക്കി മാറ്റിയ സയ്യിദ് നൂരിഷാ തങ്ങളുടെ പേരും പെരുമയും കേരളമാകെ അലയടിച്ചു. വിശ്വാസസമൂഹം അദ്ദേഹത്തിന്റെ സിൽസിലയിലേക്ക് (സിൽസില നൂരിയ്യ) കടന്നു വരാൻ തുടങ്ങിയപ്പോൾ സമസ്തയിലെ ചിലർക്കത് രസിച്ചില്ല. അവർ ഈ സിൽസിലയെ തളച്ചിടുന്നതിന് കുതന്ത്രങ്ങളാരാഞ്ഞു. ആ കുതന്ത്രത്തിന്റെ ഫലമായി 24 വർഷം സയ്യിദ് നൂരിഷാ തങ്ങളെ പാടിയും പുകഴ്ത്തിയും കൂടെക്കൊണ്ടു നടന്ന ‘സമസ്ത’ തള്ളിപ്പറഞ്ഞു”. (ഇർഫാൻ മാസിക. സെപ്റ്റംബർ 2014 പു:4 ല:3)

തങ്ങന്മാരാൽ കുടിയിരുത്തപ്പെട്ട ഈ നൂരിഷാ ത്വരീഖത്തിന്റെ ആപത്തുകൾ മനസ്സിലാക്കാൻ സമസ്തക്ക് കാൽനൂറ്റാണ്ട് വേണ്ടി വന്നു. സ്ത്രീധനം അനിസ്ലാമികമെന്ന് മുജാഹിദ് പ്രസ്ഥാനം ആഹ്വാനം ചെയ്തപ്പോൾ നഖശിഖാന്തം അതിനെ എതിർത്ത അവർ ഇന്നത് ഹറാം ആണെന്നതിലേക്കെത്താൻ അരനൂറ്റാണ്ട് എടുത്തത് പോലെ. ഖബർ പൂജകളും നബിദിനാഘോഷങ്ങളും മന്ത്രമുറുക്കു പിഞ്ഞാണമെഴുത്തു മുതൽ ഐക്കല്ല്, മന്ത്രനൂൽ, മന്ത്രവാദം,ജിന്നേൽക്കൽ, മൗലിദുകൾ വരെയുള്ള അനേകമനേക ദുരാചാരങ്ങളും ബിദ്അത്തുകളും ശിർക്കൻ വിശ്വാസങ്ങളും തൗഹീദിന്റെ പൊലിമയെ തകർക്കുന്നതാണെന്ന തിരിച്ചറിവ് ലഭിക്കുകയും അവകളെല്ലാം ഉപേക്ഷിക്കണമെന്ന് സമുദായത്തെ ആഹ്വാനം ചെയ്യാനും സമസ്തക്ക് ഇനി എത്രകാലം പിടിക്കുമെന്നും അതിന്നിടയിൽ എത്രായിരം മുസ്ലിംകൾ വഴികേടിൽ പതിക്കുമെന്നും അല്ലാഹുവിനേ അറിയൂ.

### സഹവാസ വ്യക്തി പൂജ

വക്രതയില്ലാതെ ഹൃദയം അല്ലാഹുവിൽ സമർപ്പിച്ച് ആരാധനകളെല്ലാം അവനു മാത്രം ചെയ്യുന്നതിനു യാതൊരു മധ്യസ്ഥനോ ഇടയാളനോ ശുപാർഷകരോ വെക്കാൻ പാടില്ല എന്ന നിഷ്കളങ്ക വിശ്വാസമാണ് തൗഹീദിന്റെ കാതൽ. അറിവു നേടാൻ ഗുരുനാഥന്മാരെ അവലംബിക്കരുതെന്നോ ആ ഗുരുനാഥന്മാരെ മനുഷ്യോചിതമായി അർഹിക്കും വിധം ബഹുമാനിക്കരുതെന്നോ ഇവിടെ ആർക്കും വാദമില്ല. പ്രവാചക ശിഷ്യന്മാരെയും മഹാന്മാരായ ഇമാമുമാരെയും വിശുദ്ധ ഖുർആനും തിരുസുന്നത്തിനുമനുസരിച്ചുള്ള പിൻപറ്റൽ ലോകത്താരും നിഷിദ്ധമാക്കിയിട്ടില്ല. എന്നാൽ അവരെ ആരെയും മഗ്ഫിറത്തിന്റെ (പാപമോചനത്തിന്റെ) സന്നിധാനങ്ങളാക്കുകയോ അവരുടെ അടിമകളാകത്തക്കവിധം അവരെ അല്ലാഹുവിലേക്കുള്ള മുതവക്കിലീങ്ങൾ (സർവ്വസ്വവും ഭാരമേൽപിക്കപ്പെട്ടവർ) ആക്കുകയോ അവർ അപ്രമാദിത്യമുള്ള (മുഅ്ജിസത്ത്) വിശുദ്ധന്മാരായി വ്യക്തിപൂജകളർപ്പിക്കപ്പെടുന്ന നാട്ടക്കുറികളാക്കാനോ ഇസ്ലാം ഒരിക്കലും ഒരു വകുപ്പും ഉണ്ടാക്കി വെച്ചിട്ടില്ല. മനുഷ്യരാകുന്ന കണ്ണിമുറിയാത്ത ചങ്ങല (സിൽസില)യിലൂടെ അല്ലാഹുവിലേക്കെത്തുകയുള്ളൂ എന്ന ഒരു വിതണ്ഡവാദം ഇസ്ലാമിലില്ല. ഖബറുകളോ മറമാടപ്പെട്ട ശവകുടീര വാസികളോ ജീവിച്ചിരിക്കുന്നവരുടെ വസ്വീലയോ(മധ്യവർത്തി) സുൽഫയോ (ഇടയാളൻ) ശൂഫആക്കളോ(ശിപാർശകർ) ആകാൻ യാതൊരു പ്രമാണവും അല്ലാഹു ഇറക്കിയിട്ടില്ല. സ്വൂഫിയാക്കളും ത്വരീഖത്തുകാരും ജൽപ്പിക്കുന്ന ഏതുതരം നിസ്ബത്തും (ബന്ധിപ്പിക്കൽ) അസ്റാറും (നിഗൂഢ രഹസ്യങ്ങൾ) മഅ്രിഫത്തും (പരിചയപ്പെടുത്തൽ) ഫൈള്വാനും (ഇഴുകി ഒഴുകിച്ചേരൽ) എന്നുമൊക്കെ പറഞ്ഞു വരുന്ന സാങ്കേതിക സംജ്ഞകൾ പാവങ്ങളെയും സാധാരണക്കാരെയും വഞ്ചിക്കാനുള്ള പദക്കസർത്തുകൾ മാത്രമാണ്. അത്തരം പ്രയോഗങ്ങളൊക്കെ തനി കൃത്രിമമായി അവരുണ്ടാക്കിയ ജൽപ്പനങ്ങളും 'പൊട്ടീസു'കളുമാണ്. അത് സ്ഥാപിച്ച് സാധാരണക്കാരായ മനുഷ്യരെ ഒരു തരം ആത്മീയ അടിമകളാക്കാനുള്ള ഗൂഢതന്ത്രങ്ങളുണ്ട്. അതിന്നായി സഹവാസ വ്യക്തിപൂജ വളർത്തുകയാണിവർ. അല്ലാഹു ഇതിനൊന്നും യാതൊരു പ്രമാണവും ഇറക്കിയിട്ടില്ല. ഇതൊക്കെ സമസ്തക്കാർക്ക് മനസ്സിലാകാൻ കാൽനൂറ്റാണ്ടു പിടിക്കുമ്പോഴേക്കും കമ്യൂണിസ്റ്റ് പച്ച പടരുന്നതു പോലെ കേരള മാപ്പിള മക്കളിൽ ത്വരീഖത്താശയം പടർന്നു പന്തലിച്ചു. സിംഹത്തെ കൂട്ടിൽ നിന്നിറക്കി വിടുമ്പോൾ അതിനെ വീണ്ടും കൂട്ടിലാക്കേണ്ടി വരുമെന്നു ചിന്തിക്കാൻ 'മഹത്തായ' സമസ്ത കേരള ജംഇയ്യത്തുൽ ഉലമക്ക് അപ്പോൾ കഴിഞ്ഞില്ല. സമസ്തയിലെ മുസ്ലിം സാമാന്യം ജനങ്ങളിൽ നല്ലൊരു വിഭാഗം ത്വരീഖത്തിൽ അണി നിരന്നു പിഴച്ചു പോയതിന്റെ പാപഭാരം ആരാണ് ഏറ്റെടുക്കുക എന്ന് സമസ്ത വിശദമാക്കേണ്ടതുണ്ട്.ഖാൻഗാഹുകളിലും ദിക്ർ ഹൽഖകളിലും മശാഇഖന്മാരുടെ തിരുഹള്റത്തുകളിലും നടക്കുന്നത് അദ്വൈതവാദികളുടെ സന്യാസിമാങ്ങളിലും ആശ്രമങ്ങളിലും നടക്കുന്നതിനു സമാനമായ പ്രക്രിയകളാണ്.

### തൗഹീദി ലേബലിൽ ശിർക്ക്

കേവലം സുന്നത്തു മാത്ര

മായ ഖബർ സിയാറത്ത് ഖബർ പൂജയാക്കിത്തീർക്കുക; ഖബറാളികൾക്കു വേണ്ടി അല്ലാഹുവിനോട് നടത്താൻ അനുവദിച്ച പ്രാർത്ഥനക്കു പകരം ഖബറാളികളോടു തന്നെ പ്രാർത്ഥിക്കുക. അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ ജീവിച്ചിരിക്കുന്നവരോട് അപേക്ഷ നടത്തുന്നതിനു പകരം അവരെത്തന്നെ വിളിച്ചു പ്രാർത്ഥിക്കുകയോ അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ട കാര്യങ്ങൾ അവരോട് ചോദിക്കുകയോ ചെയ്യുക. മരിച്ചവരെ വിളിച്ചു തേടുകയും അവരെ അല്ലാഹുവിലേക്ക് വസ്വീലയാക്കുകയും ഇസ്തിഗ്വാസ നടത്തുകയും ചെയ്യുക. ഇങ്ങനെ ഇബാദത്തുകളുമായി ബന്ധപ്പെട്ടതെല്ലാം ഔലിയാക്കളായി ഇവിടെ കൊണ്ടു നടക്കുന്നവരോടും ചെയ്തു കൊണ്ടിരിക്കുന്നതിനെ കറ കളഞ്ഞ തൗഹീദാക്കി വ്യാഖ്യാനിക്കുകയാണ് ത്വരീഖത്തുകാരുടെ തന്ത്രം. വിശുദ്ധമായ കഅ്ബയിലേക്കും മസ്ജിദുന്നബവിയിലേക്കും ബൈത്തുൽ മുഖദ്ദസിലേക്കും മാത്രമേ സന്ദർശനം(സിയാറത്ത്) ലക്ഷ്യം വെച്ച് പുണ്യയാത്ര ഇസ്ലാം അനുവദിക്കുന്നുള്ളൂ. കെട്ടിപ്പൊക്കപ്പെട്ട ജാറങ്ങളും മഖാമുകളും ദർഗ്ഗകളും മസാറുകളും സിയാറത്തു ചെയ്യുന്നതിനു ഇസ്ലാമിൽ യാതൊരു പ്രമാണത്തിന്റെയും പിന്തുണയില്ല. ഇർഫാൻ മാസിക പച്ചയായ ശിർക്കിനെ തൗഹീദാക്കി വ്യാഖ്യാനിക്കുന്ന രംഗമൊന്നു കാണുക. "അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ സുൽത്താനുൽ ഹിന്ദ് ഖാജാമുഈനുദ്ദീൻ ചിശ്തി(റ)യുടെ സിയാറത്തിലൂടെ മഗ്ഫിറത്ത്(പാപമോചനം. ലേഖകൻ) ലഭിക്കാൻ കാതങ്ങൾ പിന്നിട്ട് ഖാജാ(റ)യുടെ സന്നിധാനത്തിൽ നാം എത്തിച്ചേർന്നു. ഈ സിയാറത്തിനെക്കുറിച്ച് അറിവുള്ള പണ്ഡിതർ (ത്വരീഖത്തു ശൈഖന്മാർ മാത്രം-ലേഖകൻ) ഇതിന്റെ മഹത്വം ഉൾക്കൊള്ളുന്നവരാണ്.

**ലോകത്ത് മുഹമ്മദ് നബി(സ) അടക്കം ഇന്നുവരെയായി കോടാനുകോടി മുസ്ലിംകൾ കഴിഞ്ഞു പോയിട്ടുണ്ട്. ഇന്നും ജീവിക്കുന്നുമുണ്ട്. ഇവരുടെയെല്ലാം വിശ്വാസം ശരിയാകണമെങ്കിൽ ത്വരീഖത്തു നിർവ്വചന പ്രകാരമുള്ള സ്വാദിഖീങ്ങളായ മശാഇഖന്മാരുടെ സഹവാസം അനിവാര്യമാണെന്നു വരുന്നു. നബി(സ)യടക്കം ഇത്തരം സഹവാസം നടത്താൻ കഴിയാത്തവരൊക്കെ ഏതു ഗണത്തിലായിയെന്നത് അജ്ഞാതമായി തുടരുന്നുവെന്നു നമുക്ക് കരുതാം. മനുഷ്യരിൽ മഹാഭൂരിപക്ഷത്തിനും അസാധ്യമായൊരു നിബന്ധനയാണ് അഖീദ കറകളഞ്ഞതാകാൻ ത്വരീഖത്തു ഫിലോസഫി വിളമ്പുന്നത്.**

അതേയവസരത്തിൽ അൽപജ്ഞാനികളായ ജാഹിലീങ്ങൾ നമ്മെ ആശ്ചര്യത്തോടെയാണ് നോക്കുന്നത്. ഖാജാ(റ)വുമായി നിസ്ബത്തുള്ള ആളുകൾക്ക് അവരിൽ നിന്നും ലഭിക്കുന്ന അസ്റാറിന്റെയും മഅ്രിഫത്തിന്റെയും അറിവുകൾ ഇന്ന് ലോകത്തുള്ള ഒരു പാഠശാലയിൽ നിന്നും ജാമിഅകളിൽ നിന്നും നമുക്ക് ലഭിക്കില്ല. അവരുടെ അനന്തരികളായ മഹാത്മാക്കളുടെ സഹവാസത്തിലൂടെ മാത്രമേ ലഭിക്കൂ". (സെപ്തംബർ 2014/ പേജ്:49)

ചിശ്തിയെ സിയാറത്ത് ചെയ്താൽ കിട്ടുന്ന പാപമോചനം, അദ്ദേഹത്തിന്റെ സന്നിധാനം, ഖാജായുടെ നിസ്ബത്തും, അസ്റാറും, മഅ്രിഫത്തും, ഫൈളാനും മുഖേനയുള്ള പരലോക പ്രകാശം; ഖാജായുടെ മുതവക്കിലീങ്ങളായ അടുത്തയാളുകൾക്കു നൽകപ്പെട്ട മഹനീയ അറിവുകൾ എല്ലാം വളരെ ഗംഭീരമാണെന്നാണ് ഹൈദരാബാദിലെ ഖുത്തബുൽ മശാഇഖ് പറയുന്നത്. ഇതൊക്കെയാണ് സാക്ഷാൽ തൗഹീദെന്ന് പിന്നീട് വിശദീകരിക്കുന്നു. ഈ മഹനീയ തൗഹീദ്! കിട്ടണമെങ്കിൽ അവരുടെ അനന്തരികളായ, മഹാത്മാക്കളായ ഇന്നത്തെ നൂരിഷാ ത്വരീഖത്തു ശൈഖന്മാരുടെ അടിമ സമാന മുരീദായി സഹവസിച്ചാലേ ലഭിക്കൂ എന്നാണ്. ഇതാണത്രെ സാക്ഷാൽ തൗഹീദ്!

### നിഷ്കളങ്ക കീഴ്വണക്കം

വിശ്വാസം കറകളഞ്ഞതാകണമെന്ന് ലേഖകൻ പറയുന്നുണ്ട്. അതും ശൈഖിനോ

ടുള്ള സഹവാസത്തിലൂടെയല്ലാതെ കരഗതമാകില്ലത്രെ. "അല്ലാഹുവിലും റസൂലിലും ഔലിയാക്കളിലും ദീനിലുമുള്ള നമ്മുടെ അഖീദ പരമപ്രധാനമാണ്. അമലുകളിൽ പിഴവുകൾ സംഭവിച്ചേക്കാം. അത് പൊറുക്കപ്പെടാം. പക്ഷെ അഖീദ ഒരു നിമിഷത്തേക്കു പോലും പിഴക്കാൻ പാടില്ല. ശരിയായ അഖീദയോടെയുള്ള അമലുകൾ സ്വീകരിക്കപ്പെടും. ഈ അവസ്ഥ എത്തിക്കുന്നതിന് സ്വാദിഖീങ്ങളായ മശാഇഖന്മാരുടെ സഹവാസം അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു". (പേജ് :49)

ലോകത്ത് മുഹമ്മദ് നബി(സ) അടക്കം ഇന്നുവരെയായി കോടാനുകോടി മുസ്ലിംകൾ കഴിഞ്ഞു പോയിട്ടുണ്ട്. ഇന്നും ജീവിക്കുന്നുമുണ്ട്. ഇവരുടെയെല്ലാം വിശ്വാസം ശരിയാകണമെങ്കിൽ ത്വരീഖത്തു നിർവ്വചന പ്രകാരമുള്ള സ്വാദിഖീങ്ങളായ മശാഇഖന്മാരുടെ സഹവാസം അനിവാര്യമാണെന്നു വരുന്നു. നബി(സ)യടക്കം ഇത്തരം സഹവാസം നടത്താൻ കഴിയാത്തവരൊക്കെ ഏതു ഗണത്തിലായിയെന്നത് അജ്ഞാതമായി തുടരുന്നുവെന്നു നമുക്ക് കരുതാം. മനുഷ്യരിൽ മഹാഭൂരിപക്ഷത്തിനും അസാധ്യമായൊരു നിബന്ധനയാണ് അഖീദ കറകളഞ്ഞതാകാൻ ത്വരീഖത്തു ഫിലോസഫി വിളമ്പുന്നത്. ഹൃദയംഗമായി അല്ലാഹുവിലും പരലോകത്തിലും റസൂലിലും ഇസ്ലാമിലുമൊക്കെ വിശ്വസിക്കാൻ ഇത്തരമൊരു അസംഭവ്യ തിയറി വേണമെന്നതിനു ഖുർആനോ സുന്നത്തോ പിന്തുണ നൽകുന്നില്ല എന്നതാണ് സത്യം. വെറും വാദങ്ങളും കെട്ടുകഥകളും ജൽപ്പനങ്ങളും ശൈഖന്മാരുടെ വ്യാഖ്യാനങ്ങളും വാറോലകളിലെ അടിസ്ഥാന രഹിത റിപ്പോർട്ടുകളുമല്ലാതെ സുഭദ്രമായ പ്രമാണങ്ങളോ വ്യക്തമായ തെളിവുകളോ ഹാജരാക്കാൻ കഴിയില്ല. നിഷ്കളങ്കവും നിസ്വാർത്ഥവുമായ കീഴ്വണക്കം അല്ലാഹുവിനു മാത്രമായിരിക്കണമെന്ന് ഖണ്ഡിതമായി അല്ലാഹു പറയുന്നു: **"കീഴ്വണക്കം അല്ലാഹുവിനു നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ നീ ആരാധിക്കുക. അറിയുവീൻ. അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ പറയുന്നു. അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്കു കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാ ഹു അവർക്കിടയിൽ വിധി കൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല. തീർച്ച". (സൂറ: സുമർ: 2, 3)**

**2 ഹി. 1435ലെ ബലിപെരുന്നാൾ വിശേഷം**

## ചതിയൻ പണ്ഡിതന്മാർ

കേരളത്തിലെവിടെയും മാസം കണ്ട വിവരം വിശ്വാസയോഗ്യമായി ലഭിക്കാത്തതിനാൽ ദുൽഖഅ്ദ മുപ്പത് പൂർത്തിയാക്കി ദുൽഹിജ്ജഃ ഒന്ന് 26.9.14 വെള്ളിയാഴ്ചയായും 4.10.14 ശനിയാഴ്ച അറഫാദിനമായും 5.10.14 ഞായറാഴ്ച ബലിപെരുന്നാളായും ........ഉം, .......ഉം, .......ഉം കേരളാ ജംഇയ്യത്തുൽ ഉലമാ പ്രസിഡണ്ട് ......ഉം കേരളാ ഹിലാൽ കമ്മറ്റി ചെയർമാനും അറിയിച്ചിരിക്കുന്നു. (പത്രവാർത്ത).

ശരി. കേരളാ മുസ്ലിം പൊതുജനം വിഭാഗീയതകളൊന്നുമില്ലാതെ ശനിയാഴ്ച അവരെ അനുസരിച്ചു അറഫാദിന നോമ്പ് എന്ന നിലയിൽ നോമ്പെടുത്തു. തിന്നുകയും കുടിക്കുകയും ചെയ്യേണ്ടിയിരുന്ന നോമ്പെടുക്കൽ ഹറാമായ മക്കയിലടക്കം 64 രാഷ്ട്രങ്ങളിൽ പെരുന്നാൾ ആഘോഷിച്ച ആ ദിവസം ഈ കണ്ടു കാണപ്പെട്ട 'ഠ' വട്ടത്തിലുള്ള കേരളം ഖാസി, മുസ്ലിയാന്മാർ, മൗലാനമാർ, ഹിലാൽ കമ്മറ്റി മുതൽ 18 പേരുടെ പ്രസ്താവന പ്രകാരം നോമ്പെടുത്തു. എന്നാൽ ഈ പ്രസ്താവന പുറപ്പെടുവിച്ചതിൽ പങ്കു ചേർന്ന നവോത്ഥാന സംഘടനാ നേതാക്കൾ ഏതാണ്ടു ജനങ്ങളെ മുഴുവൻ പൊട്ടന്മാരാക്കി വെള്ളിയാഴ്ച തന്നെ -ഹാജിമാർ അറഫയിൽ നിൽക്കുന്ന അതേ ദിവസം എന്നു ന്യായം പറഞ്ഞ്- നോമ്പെടുത്തു. പണ്ഡിതന്മാരായ ഈ ചതിയന്മാർ ശനിയാഴ്ച നോമ്പുമില്ല പെരുന്നാളുമില്ലാതെ ശുദ്ധശൂന്യദിനം (പൂച്ച കണ്ണടച്ച് ആരു കാണില്ലെന്ന ധാരണയിൽ പാല് കുടിക്കുമെന്ന് പറഞ്ഞ പോലെ) ആചരിക്കുകയും ചെയ്തിട്ടുണ്ട്. 'ബഹന്തു കുശാലായി' ജനങ്ങളോടൊപ്പം ദുൽഹിജ്ജഃ പത്തായ ശനിയാഴ്ച ചെയ്യേണ്ട ഇബാദത്തുകൾ പതിനൊന്ന് ഞായറാഴ്ചയിൽ ആഘോഷിച്ചു. ദീനിന്റെ ഏതു വകുപ്പനുസരിച്ചാണിതെന്ന് ആ പണ്ഡിതന്മാർ പറയാൻ തയ്യാറാകണം. അല്ലെങ്കിൽ നമുക്കു പരലോകത്തു വെച്ചു കാണാം.

മരണാനന്തരം

എം. ഖാലിദ് നിലമ്പൂർ



# പരലോക വിശ്വാസമില്ലാത്തവന്റെ സദ്കർമങ്ങൾ

രാജാവ് മന്ത്രിയോട് നാട്ടിലെ വിഡ്ഢികളുടെ ഒരു ലിസ്റ്റുണ്ടാക്കി കൊണ്ടുവരാനാവശ്യപ്പെട്ടു. മന്ത്രി ലിസ്റ്റുണ്ടാക്കി കൊണ്ടു വന്നപ്പോൾ അതിൽ ഒരു പേര് രാജാവിന്റേതു തന്നെ! ഇതെന്താ എന്റെ പേർ ഇതിൽ? രാജാവ് ചോദിച്ചപ്പോൾ മന്ത്രി പറഞ്ഞു: 'കഴിഞ്ഞ ദിവസം ആ അപരിചിതനായ അറബിയുടെ നല്ല ഇനം കുതിരയെ കണ്ടപ്പോൾ, രാജാവ് അത്തരം 1000 കുതിരകൾ കൊണ്ടുവരാൻ അയാൾ വശം പൊൻപണം ഏല്പിച്ചില്ലേ-ആ അറബിയെ വിശ്വസിച്ചു പണം നൽകിയ അങ്ങ് വിഡ്ഢി തന്നെയല്ലേ'?

താൻ കരുതുന്ന പോലെ ഒന്നുമല്ലാ, അയാൾ കുതിരകളെ കൊണ്ടു വരും. നീ നോക്കിക്കോ. രാജാവ് ഇങ്ങനെ പറഞ്ഞപ്പോൾ മന്ത്രിയുടെ മറുപടി. 'അയാൾ അങ്ങനെ വരികയാണെങ്കിൽ, അപ്പോൾ ഞാൻ അയാളുടെ പേരും കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കോളാം.'

സംഗതി ഇത് ഒരു ഫലിതം മാത്രമാണെങ്കിലും ഇതിലുമുണ്ട് ഒരു ഭൗതിക ജീവിതത്തെ സംബന്ധിച്ചുള്ള ഒരു ദർശനം. ഇതിപ്പോൾ ഓർമ്മിക്കാൻ നിമിത്തമായത്, ഈയിടെ ഒരു ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനക്കാരൻ കാണിച്ച 'അപൂർവ്വ സത്യസന്ധതയെക്കുറിച്ച്' വന്ന വാർത്തകൾ. കടം പറഞ്ഞ് പൈസ കൊടുക്കാത്ത ടിക്കറ്റ്, ഏജന്റിനെ ഏൽപ്പിച്ചു പോയ നമ്പറിന്ന് ഒരു കോടി രൂപയുടെ സമ്മാനം ലഭിച്ചപ്പോൾ ഏജന്റിന് ഒരു പക്ഷെ വേണമെങ്കിൽ സ്വന്തമാക്കാമായിരുന്നു സമ്മാനം. അങ്ങനെ ചെയ്യാതെ കടം വാങ്ങിയ ആൾക്ക് തന്നെ നൽകി. ഈ സൽപ്ര

വർത്തിയെ പ്രകീർ ത്തിച്ചു കൊണ്ട് പലരും എഴുതി. നമ്മുടെ മന്ത്രി വരെ ഏജന്റി നെ അഭിനന്ദിച്ചു. ഇതിൽ നിന്ന് മാതൃക ഉൾക്കൊണ്ട് വേറൊരു ടിക്കറ്റ് വിൽപ്പനക്കാരനും ഇതേവഴി സ്വീകരിച്ചു വാർത്തയുണ്ടാക്കി!

ഏത് സാഹചര്യത്തി ലാണ് ആദ്യത്തെ ആൾ ഇങ്ങനെ ചെയ്തത് എന്നറിയില്ല. ഒരു പക്ഷെ പതിവായി കടമായി ടിക്കറ്റെടുക്കുകയും ഒരു സമ്മാനതുകയും ലഭിക്കാതിരുന്നാലും വില പിന്നീട് നൽകുകയും ചെയ്യുന്ന ഒരു പതിവു ബന്ധം ഇരുവർക്കുമിടയിൽ ഉണ്ടായിരുന്നിരിക്കാം. അല്ലെങ്കിൽ കടം വാങ്ങിയതിനു മറ്റു സാക്ഷികളും രേഖകളും ഉണ്ടായിരിക്കാം. അത്തരം സാഹചര്യത്തിൽ ടിക്കറ്റ് മാറ്റി സമ്മാനം സ്വന്തമാക്കിയാലുണ്ടാവുന്ന'പുകിലുകളെ' നേരിടാൻ ഒട്ടും ധൈര്യമില്ലാത്ത ഒരാളായിരിക്കാം ഏജന്റ്. ഇത്തരം യാതൊരു കാരണവുമില്ലെന്നും സമ്മാനത്തുക സ്വന്തമാക്കിയാൽ ഒന്നും സംഭവിക്കാനില്ലാത്ത സാഹചര്യമായിട്ടും കടം വാങ്ങിയ ആൾക്കു തന്നെ അതു നൽകുകയാണ് ഏജന്റ് ചെയ്തത് എന്നുമാണ് വാസ്തവമെങ്കിൽ പ്രത്യേക യാതൊരു നേട്ടവും മരണാനന്തരം ദൈവത്തിൽ നിന്നു ലഭിക്കുമെന്ന വിശ്വാസം പോലുമില്ലാതെയാണയാൾ ഇങ്ങിനെ വലിയൊരു തുക നഷ്ടപ്പെടുത്തിയതെങ്കിൽ, അയാളുടെ പേർ മന്ത്രിയുണ്ടാക്കിയ പ്രസ്തുത വിഡ്ഢികളുടെ ലിസ്റ്റിൽ തന്നെയാണുൾപ്പെടുത്തേണ്ടത് എന്ന് പലരെയും പോലെ ഈയുള്ളവനും അഭിപ്രായമുണ്ട്. കാരണം, സാമൂഹ്യ ഭൗതിക ജീവിതത്തിൽ വലിയൊരു ത്യാഗമായാലും ചെറിയതായാലും ചെയ്യുന്നതിനും അവസരമുണ്ടായിട്ടും തിന്മ ചെയ്യാതിരിക്കുന്നതിനും ഒക്കെ അതിന്റേതായ കാരണങ്ങൾ വേണം.

**ഏതെങ്കിലും തരത്തിലുള്ള ഒരു പ്രതിഫലേച്ഛ കൂടാതെ സൽക്കർമങ്ങളും സേവനങ്ങളും ത്യാഗങ്ങളും മാത്രം ചെയ്തുകൊണ്ട് ജീവിക്കുക, എന്നിട്ട് അങ്ങനെയൊന്നും ചെയ്യാതെ എല്ലാ സ്വാർത്ഥമോഹങ്ങളോടെ മാത്രം ജീവിച്ചവരോടൊപ്പം മണ്ണടിയുക. ഇങ്ങനെ ശൂന്യതയിൽ ലയിക്കാൻ മാത്രമുളളതാണ് മനുഷ്യ ജന്മമെങ്കിൽ ജീവിത ലക്ഷ്യങ്ങൾക്കെന്തർത്ഥം! എവിടെ നിന്ന് വീണു കിട്ടിയതോ മേൽ വന്ന് ഭവിച്ചതോ ആയതും, ഏതു നിമിഷവും കൈമോശം വരാനിരിക്കുന്നതുമായ ജീവിതം എന്ന ആകസ്മിക സംഭവം, ആസ്വാദ്യമാണെങ്കിൽ ആവും വിധം അനുഭവിക്കുക, ഇല്ലെന്ന് വരികിൽ എല്ലാം ഇട്ടെറിഞ്ഞ് പോവുക എന്ന് മരണാനന്തര ജീവിതതത്തിലൊന്നും വിശ്വാസമില്ലാത്തവൻ കരുതുന്നതിലെന്താണിപ്പോൾ തെറ്റ്?**

ഒന്നുകിൽ സൽപ്പേര്, അല്ലെങ്കിൽ നന്ദി, അല്ലെങ്കിൽ ശിക്ഷാഭയം, അപമാന ഭീതി. ഇതൊന്നുമില്ലെങ്കിൽ ദൈവത്തിൽ നിന്നുള്ള പാരത്രിക ശിക്ഷാ രക്ഷകളെക്കുറിച്ചുള്ള ബോധമില്ലെങ്കിലും... ഇതൊന്നുമില്ലാതെ, കേവലം 'മനസംതൃപ്തി'യുടെ പേരിൽ ഒരു നിഷ്കാമ കർമം ചെയ്യുന്നവൻ വിഡ്ഢി തന്നെയല്ലേ? വിഡ്ഢിയാണ് എന്ന് പിന്നീടൊരു ഘട്ടത്തിൽ വ്യഥാ ത്യാഗം ചെയ്തവന് തന്റെ ത്യാഗത്തെക്കുറിച്ച് തോന്നാനിടയുണ്ട്. ഏതെങ്കിലും തരത്തിലുള്ള ഒരു പ്രതിഫലേച്ഛ കൂടാതെ സൽക്കർമങ്ങളും സേവനങ്ങളും ത്യാഗങ്ങളും മാത്രം ചെയ്തുകൊണ്ട് ജീവിക്കുക, എന്നിട്ട് അങ്ങനെയൊന്നും ചെയ്യാതെ എല്ലാ സ്വാർത്ഥമോഹങ്ങളോടെ മാത്രം ജീവിച്ചവരോടൊപ്പം മണ്ണടിയുക. ഇങ്ങനെ ശൂന്യതയിൽ ലയിക്കാൻ മാത്രമുളളതാണ് മനുഷ്യ ജന്മമെങ്കിൽ ജീവിത ലക്ഷ്യങ്ങൾക്കെന്തർത്ഥം! എവിടെ നിന്ന് വീണു കിട്ടിയതോ മേൽ വന്ന് ഭവിച്ചതോ ആയതും, ഏതു നിമിഷവും കൈമോശം വരാനിരിക്കുന്നതുമായ ജീവിതം എന്ന ആകസ്മിക സംഭവം, ആസ്വാദ്യമാണെങ്കിൽ ആവും വിധം അനുഭവിക്കുക, ഇല്ലെന്ന് വരികിൽ എല്ലാം ഇട്ടെറിഞ്ഞ് പോവുക എന്ന് മരണാനന്തര ജീവിതതത്തിലൊന്നും വിശ്വാസമില്ലാത്തവൻ കരുതുന്നതിലെന്താണിപ്പോൾ തെറ്റ്? തെറ്റില്ലാ എന്ന് മാത്രമല്ല, അതു തന്നെയാണ്

ബുദ്ധിയും!(ഖുർആൻ 22:15, 18:103, 104) വചനങ്ങൾ കാണുന്നത് നന്നാവും.

വ്യക്തമായ ഉദ്ദേശ്യങ്ങളില്ലാതെ അവിശ്വാസിയായ ഒരാൾ ചെയ്ത സൽക്കർമ്മത്തിൽ ഖേദിച്ച ഒരു സംഭവം കുറച്ചു നാൾ മുമ്പ് എന്റെ നാട്ടിലുണ്ടായത് പറഞ്ഞ് ഈ കുറിപ്പ് അവസാനിപ്പിക്കാം. അയാൾക്ക് ഒരു ദിവസം വഴിയിൽ നിന്ന് ഒരു സ്വർണ്ണാഭരണം വീണു കിട്ടി. അയാൾ അത് പോലീസ് സ്റ്റേഷനിലേൽപ്പിച്ചു. സ്ഥലത്തെ സിനിമാ ഹാൾ റോഡിൽ നിന്നാണ് ആഭരണം വീണു കിട്ടിയത് എന്നതിനാൽ പോലീസ് തിയേറ്റർ സ്ക്രീനിലും വിവരം കുറച്ചു നാൾ എഴുതി കാണിച്ചുകൊണ്ടിരുന്നു. ഉടമസ്ഥരാരും വന്നില്ല. അപ്പോഴാണ് സ്വർണ്ണം വീണുകിട്ടിയയാൾക്ക് അത് സ്റ്റേഷനിൽ ഏൽപ്പിക്കണ്ടായിരുന്നു, ആളില്ലാത്ത സ്ഥിതിക്ക് തനിക്ക് തന്നെ എടുക്കാമായിരുന്നല്ലോ എന്നൊക്കെ തോന്നിത്തുടങ്ങിയത്. ആ ചിന്ത പണത്തിനേറെ ആവശ്യമുള്ള അയാളെ അലട്ടിക്കൊണ്ടിരുന്നു. 'തനിക്കെന്തിനന്യരുടെ മുതൽ, ആരും തന്നെ കണ്ടിരുന്നില്ലെങ്കിലും ദൈവം തന്നെ ശിക്ഷിക്കില്ലേ അതെടുത്താൽ' എന്ന് തോന്നാൻ തക്ക വിദ്യാഭ്യാസമോ വിവരമോ ഒന്നും അയാൾക്കില്ലായിരുന്നു. അതിനാൽ അൽപം രാഷ്ട്രീയ സ്വാധീനമൊക്കെ ഉണ്ടായിരുന്നു. തന്റെ സുഹൃത്തിനോട് അയാൾ കാര്യം പറഞ്ഞു. സുഹൃത്ത് സ്റ്റേഷനിലേക്ക് വിളിച്ച് സ്വർണ്ണാഭരണത്തിന് ഉടമസ്ഥരാരും വന്നിട്ടില്ലെങ്കിൽ, അത് ഏൽപ്പിച്ച ആൾക്കു കൊടുത്തു കൂടേ എന്നാരാഞ്ഞു. വിവരക്കേട് ഇത്തരം രാഷ്ട്രീയ സ്വാധിനക്കാർക്ക് പൊതുവിലുള്ളതാണല്ലോ.

അങ്ങനെ കൊണ്ടു വന്നവന് തിരിച്ച് നൽകാനാവില്ലെന്നും ഉടമസ്ഥർ തന്നെ വേണമെന്നും, ഉടമസ്ഥരില്ലാത്ത സാഹചര്യത്തിൽ വിവരം ആർ.ഡി.ഒ.വിന് നൽകുകയും അവിടെ നിന്ന് കാര്യം കൈകാര്യം ചെയ്യുകയുമാണ് നിയമപരമായ നീതിയെന്നും മറ്റുമുള്ള വിവരം സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞപ്പോൾ നമ്മുടെ കക്ഷിക്ക് ചെയ്തുപോയ 'അബദ്ധ സൽക്കർമ്മത്തിൽ' ഖേദം വർദ്ധിച്ചു. കുട്ടിനേതാവുമായി കൂടിയാലോചിച്ച് ഇട്ട പദ്ധതിയും തുടർന്നുണ്ടായ വഷളത്തരവുമാണ് കഥയുടെ ക്ലൈമാക്സ്.' ഇരുവരും ചേർന്ന് മദ്ധബുദ്ധിയായ ഒരുത്തനെ സ്റ്റേഷനിലേക്ക് ഉടമസ്ഥൻ ചമയിച്ച് അയക്കുന്നു. അയാളുടെ വർത്തമാനം കേട്ടപ്പോൾ തന്നെ സർക്കിളദ്ദേഹത്തിന് കാര്യം മനസ്സിലായി. 'തന്റേത് തന്നെയാണോടോ ആഭരണം' എന്ന് ഷൂസ് നിലത്തൊന്ന് ചവിട്ടി ഉറക്കെ ചോദിച്ചപ്പോഴേക്കും 'ഉടമസ്ഥൻ' ഉടുത്ത തുണിയിലൂടെ മൂത്രമൊഴിച്ചു. 'സർ, എന്റേതല്ലാ, എന്നെ ................. നേതാവ് പറഞ്ഞയച്ചതാണ് സാർ, അവൻ നിലവിളിച്ചു കൊണ്ടോടി.'

3 ഹി. 1435ലെ ബലിപെരുന്നാൾ വിശേഷം

## പൗരോഹിത്യാഹ്വാനം!

ഈ ഖത്തീബവർകൾ നിഷ്പക്ഷനാണ്. എല്ലാവരുടെയും പ്രശംസ ആഗ്രഹിക്കുന്നു. സ്ഥാനമാനങ്ങൾ കൈവിട്ടു കളിയില്ല! മതവും ശാസ്ത്രവും നന്നായി അറിയും. നല്ല വാചാലനാണ്. പാണ്ഡിത്യമുണ്ടെന്നു തെളിയിക്കാനുള്ള എല്ലാ അടവുകളും കൈവശമുണ്ട്. അത്യാവശ്യം സൂത്രവും കുതന്ത്രങ്ങളുമുണ്ട്. 3.10.14 വെള്ളിയാഴ്ച ഖുത്തുബയിൽ ശക്തമായ ഭാഷയിൽ അദ്ദേഹം പറഞ്ഞു. "നാളെ ശനിയാഴ്ച (4.10.14) നടത്താൻ പോകുന്ന ഈദുഗാഹിൽ ഒരൊറ്റക്കുട്ടിയും പങ്കെടുക്കരുത്. അത് അനിസ്ലാമികമാണ്. അതിൽ പങ്കെടുക്കുന്നവർ പിഴച്ചു പോകുന്നതാണ്." പക്ഷെ ഈ ഖുത്തുബ ശ്രോതാക്കളിലെ ബുദ്ധിയുള്ള, അറിവുള്ള ദുൽഹിജ്ജഃ പത്താണ് അന്ന് എന്നറിവുള്ള അനേകം സഹോദരങ്ങൾ അരീക്കോട് നടന്ന ഈദുൽഗാഹിൽ സധൈര്യം പങ്കെടുത്തു അല്ലാഹുവിനോടും നബിയോടും ദീനിനോടുമുള്ള കടപ്പാടുകൾ നിർവ്വഹിച്ചു. ഖത്തീബവർകളേ, എനിയും താങ്കൾ ഇമ്മാതിരി 'മഹത്' വചനങ്ങൾ ധാരാളമായി പറയണേ. അങ്ങേക്ക് അല്ലാഹു അതിനുള്ള 'സൗഭാഗ്യം' നൽകട്ടെ. പണ്ടൊക്കെ ഇത്തരം വിലക്കുകൾ പറഞ്ഞു വന്നവർ യാഥാസ്ഥിതിക വിഭാഗം പുരോഹിതന്മാരായിരുന്നു. ഇപ്പോൾ നവോത്ഥാനവകാശികൾ പറയുന്നത് അവരുടെയും നിലനിൽപ്പിന്റെ അടിസ്ഥാനത്തിലാണെന്നു മാത്രം.

*(നിസാർ മുഹമ്മദ്, നല്ലളം)*

നിദാഉർറഹ്മാൻ. വി.ടി

# പ്രജാവാത്സല്യം

**അബൂരിഫാഅ(റ) പറയുന്നു: "നബി(സ) പ്രസംഗിച്ചു കൊണ്ടിരിക്കെ, ഞാൻ അദ്ദേഹത്തെ സമീപിച്ചു പറഞ്ഞു: തിരുദൂതരേ, തന്റെ മതത്തെ ക്കുറിച്ച് അറിയാൻ ഒരു അപരിചിതൻ വന്നിരിക്കുന്നു. തന്റെ മതമെന്താ ണെന്ന് അയാൾക്കറിയില്ലത്രെ! ആ അപരിചിതൻ പറഞ്ഞു: പ്രവാച കൻ തന്റെ പ്രസംഗം നിർത്തിവെച്ച് എന്റെ അടുത്തു വന്നു. അപ്പോൾ ഇരുമ്പിൻ കാലുകളുള്ള ഒരു കസേര കൊണ്ടുവരപ്പെട്ടു. നബി(സ) അതി ലിരുന്നു. അല്ലാഹു അദ്ദേഹത്തെ പഠിപ്പിച്ചത് എനിക്കദ്ദേഹം പഠിപ്പിച്ചു തന്നു. എന്നിട്ടദ്ദേഹം തിരിച്ചു ചെന്ന് തന്റെ പ്രസംഗം പൂർത്തിയാക്കി."**
**(അഹ് മദ്; മുസ്‌ലിം; നസാഈ)**

നിരവധി ഗുണപാഠങ്ങളുള്ള ഒരു നബിവചനമാണിത്. നേതാക്കളും അനു യായികളും തമ്മിലുള്ള ഊഷ്മള ബന്ധത്തെ അരക്കിട്ടുറപ്പിക്കുന്ന സന്ദേ ശം. നാഗരികമായ നമ്മുടെ സംസ്കാരത്തെപ്പോലെ പെരുമാറ്റത്തിലോ സംസാ രത്തിലോ മാനേഴ്സ് (മാന്യത) പാലിക്കാനറിയാത്ത ഗ്രാമീണരാണ് അഅ് റാബികൾ. അവരുടെ പെരുമാറ്റങ്ങൾ പരുക്കനായിരിക്കും. പക്ഷെ പലരുടെയും മനസ്സ് ശുദ്ധവും നിഷ്കളങ്കവുമായിരിക്കും. നബി(സ) അത് ശരിക്കും മന സ്സിലാക്കി ആ അപരിചിതനായ അഅ്റാബിയോടു മാന്യമായി പെരുമാറിയി രിക്കുന്നു.

മതബോധമില്ലാത്ത ആ ശുദ്ധഗതിക്കാരനായ വ്യക്തി ജാഡകളൊന്നുമി ല്ല. തന്റെ വരവിന്റെ ഉദ്ദേശ്യം വ്യക്തമാക്കി. പ്രവാചകൻ മിമ്പറിൽ നിന്ന് പ്രസം ഗിക്കുന്നതൊന്നും അയാൾ പരിഗണിച്ചില്ല. പ്രവാചകൻ–ആ മനുഷ്യന്റെ ആഗ്ര ഹത്തിനനുസരിച്ച് വഴങ്ങുന്നു. പ്രസംഗം നിർത്തി വെച്ച് ഇറങ്ങി വന്നു. അവി ടുത്തെ ശിഷ്യഗണങ്ങളും ഉയർന്ന മാനസിക പക്വത നേടിയവരാണെന്നു ബോധ്യമാകുന്നു. നബി ആവശ്യപ്പെടാതെ തന്നെ കസേര കൊണ്ടുവരപ്പെ ട്ടുവല്ലോ. പ്രസംഗം നിർത്തി വെച്ച് വെറും ഒരു ഗ്രാമീണന്റെ ഇംഗിതത്തിനു വഴങ്ങിയതിൽ ആരും നീരസം പ്രകടിപ്പിക്കുന്നില്ല. അനേകം ആളുകൾ സദ സ്സിലുണ്ട്. വെള്ളിയാഴ്ചയിലെ 'ഖുത്തുബ'യായിരുന്നു അതെന്ന് ഹദീസ് വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. അപ്പോൾ കൂടുതൽ ഗൗരവതരമായി മാറി. സാധാരണ പ്രസംഗ സ്റ്റേജിൽ നിന്നല്ല വേദിവിട്ടു പ്രവാചകൻ വരുന്നത്. മാനു ഷിക പരിഗണനക്കു മുന്തിയ സ്ഥാനം പ്രവാചകൻ നൽകുന്നു. മാന്യതയും അന്തസ്സും പരമാവധി പാലിക്കുന്നു. അത്യുൽ കൃഷ്ട സ്വഭാവ മഹിമ കാണി ക്കുന്നു.

ഇന്നത്തെ നേതാക്കൾ ക്കും അനുയായി വൃന്ദങ്ങൾക്കുമിടയിലുള്ള കാപ ട്യങ്ങളോ ചേരിപ്പോരുകളോ അവിടെ കാണുന്നില്ല. നേതാക്കൾ അണികളെ പരമാവധി ചൂഷണം ചെയ്യുന്ന പ്രവണത എന്നും കണ്ടുവരാറുണ്ട്. എന്തെ

ങ്കിലും കാര്യഗൗരവ പ്രശ്ന ത്തിൽ നേതാക്കൾ ഇടപെട്ട് പ്രവർത്തിക്കുമ്പോൾ അവരെ ധിക്കരിക്കാനും എതിർക്കു വാനും പലപ്പോഴും ആളുകൾ ഒരുങ്ങാറുണ്ട്. അതുപോലെ അനുയായികളിൽ നിന്നുള്ള അപക്വമായ സമീപനങ്ങളനു ഭവപ്പെടുമ്പോൾ പൊട്ടിത്തെറി ക്കുന്ന നേതാക്കളും ഉണ്ടാകാ റുണ്ട്. ഒരിക്കൽ ഒരാൾ നബി(സ)യോട് ബഹുദൈവ വിശ്വാ സികൾക്കെതിരിൽ പ്രാർത്ഥിക്കാ നാവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ശപിക്കാ നല്ല ഞാൻ നിയോഗിക്കപ്പെട്ടി ട്ടുള്ളത്. കാരുണ്യമായിട്ടാണ് ഞാൻ നിയുക്തനായത്. (മുസ്‌ലിം).

ഭരണീയരെപ്പറ്റി ചോദ്യം ചെയ്യപ്പെടുമെന്ന ഭയവും ഉത്തരവാദിത്വ നിർവ്വഹണ ത്തിൽ അനീതിയുണ്ടായാൽ ശിക്ഷിക്കപ്പെടുമെന്ന് ഉറപ്പുമു ള്ള ഭരണാധികാരികൾക്കും നേതാക്കൾക്കുമേ അണിക ളോട് നീതിപുലർത്താൻ കഴി യൂ. നബി(സ)യുടെ നേതൃപാ ടവം സർവ്വ മനുഷ്യർക്കും മാതൃകയാണ്. ഓരോരുത്ത രിലും ഏൽപ്പിക്കപ്പെട്ട ചെറു തും വലുതുമായ ബാധ്യതക ളെപ്പറ്റി അല്ലാഹു കണക്കു നോക്കുന്നതാണെന്നുള്ള പ്രവാചകന്റെ താക്കീതു തന്നെയുണ്ടായിരുന്നു. അവി ടുന്ന് ഒരിക്കൽ പറഞ്ഞു: "മുസ്ലിം പ്രജകൾക്ക് ഭരണാ ധികാരിയായി വരുന്ന ഏതൊ രാളും അവരെ വഞ്ചിച്ചു കൊണ്ട് മരിച്ചു പോയാൽ അല്ലാഹു അയാൾക്ക് സ്വർഗ്ഗം നിഷിദ്ധമാക്കാതിരിക്കില്ല." (ബുഖാരി, മുസ്‌ലിം) പ്രവാച കൻ മറ്റൊരിക്കൽ വ്യക്തമാ ക്കി. "നിങ്ങളുടെ നേതാക്ക ളിലെ ഉത്തമന്മാർ നിങ്ങൾ സ്നേഹിക്കുന്നവരും നിങ്ങളെ സ്നേഹിക്കുന്നവരുമാകുന്നു. മാത്രമല്ല, നിങ്ങൾ അവർക്കും അവർ നിങ്ങൾക്കും അനുഗ്ര ഹത്തിനായി തേടുകയും ചെയ്യും. എന്നാൽ നിങ്ങളുടെ നേതാക്കളിൽ മോശമായവർ നിങ്ങൾ വെറുക്കുന്നവരും നിങ്ങളെ വെറുക്കുന്നവരും നിങ്ങൾ ശപിക്കുന്നവരും നിങ്ങളെ ശപിക്കുന്നവരുമാകു ന്നു. ആരോ ചോദിച്ചു: ഞങ്ങൾ അവരെ വാളു കൊണ്ട് നേരിടട്ടയോ? നബി പറഞ്ഞു: പാടില്ല. അവർ നിങ്ങളിൽ നമസ്കാരം നില നിർത്തുവോളം. മാത്രമല്ല നിങ്ങൾ അവരിൽ നിന്ന് അനി ഷ്ടകരമായ വല്ലതും കാണാ നിടയായാൽ ആ കാര്യത്തെ നിങ്ങൾ വെറുക്കുക. എന്നാൽ അനുസരണത്തിൽ നിന്ന് ഒഴി വാക്കരുത്." (അഹ്മദ്. മുസ്‌ലിം). ഇപ്പറഞ്ഞതെല്ലാം പ്രവാചക ജീവിതതത്തിൽ അക്ഷരം പ്രതി അവിടുന്നു പ്രയോഗവൽക്കരിച്ചിരുന്നു.

മിമ്പറിൽ നിന്നിറങ്ങി വന്ന് ആ അപരിചിതനെ മതമെ ന്തെന്ന് ശാന്തമായി പഠിപ്പിച്ചു. ശേഷം തിരിച്ചു വന്ന് ഖുത്തു ബയും പൂർത്തിയാക്കി. ഉദാ ത്തമായ മാതൃക. വിനയവും സൗമനസ്യവും പ്രജാതാൽപ്പ ര്യവും കടമനിർവ്വഹണവും എല്ലാം ഒത്തിണങ്ങിയ ഹൃദ്യ മായ സമീപനം. മാലോ കർക്കെല്ലാം അന്ത്യകാലം വരെ മാതൃകയായ മഹാ മനു ഷ്യൻ. അല്ലാഹുവിന്റെ കരു ണാകടാക്ഷങ്ങൾ അദ്ദേഹ ത്തിൽ ചൊരിയുമാറാകട്ടെ.

# തിരുത്തുകൾ

ലക്കം നമ്പർ 23.(പേജ്:8, 10) ഇസ്ലാമിലെ ധനവ്യയം എന്ന ലേഖനത്തിൽ 'ഇസ്ലാമിൽ നമസ്കാരം കഴിഞ്ഞാൽ വൈകാതെ' എന്ന വാചകത്തിലെ 'ഇസ്ലാമിൽ' എന്ന പദം ഒഴിവാക്കി വായിക്കുക.

പേജ് 9ൽ മധ്യകോളത്തിൽ ആദ്യ പാരഗ്രാഫിന്റെ അവസാന ത്തോടടുത്ത് 'ഉൽപ്പാദന വളർച്ച ഉറപ്പ് വരുത്തുന്ന ഒരു സാമ്പത്തിക നയമനുസരിച്ചാണ് ധനം ചിലവഴി ക്കേണ്ടതെന്നും ഉൽപാദന വർദ്ധനവും വിതരണ നീതിയും ഇസ്‌ലാം അവതരിപ്പിക്കുന്നുവെന്നും ഇവിടെ വ്യക്തമാവു ന്നുണ്ട്.' ഇപ്രകാരം തിരുത്തി വായിക്കുക.

ലക്കം നമ്പർ 23. തിരുമൊഴിപ്പൊരുളിലെ (പേജ്: 17) 4-ാം പേര ഗ്രാഫിൽ 3-ാം വരിയിൽ അല്ലാഹു ഏകനാണെന്നും അവനെ മാത്രമേ "ആദരിക്കാവൂ" എന്നത് "ആരാധിക്കാവൂ" എന്നു തിരുത്തി വായിക്കുക.

*തെറ്റുപറ്റിയതിൽ ഖേദിക്കുന്നു. (എഡിറ്റർ)*

പഠനം

എം. ഖാലിദ് നിലമ്പൂർ

# ഉടമസ്ഥത ഇസ്ലാമിന്റെ ദൃഷ്ടിയിൽ

**ഒരു കാലഘട്ടത്തിൽ പാട്ടം നൽകാതിരിക്കുന്നതു പോലും മഹാ തെറ്റാണെന്ന് ഇസ്ലാമിന്റെ പേരിൽ തോന്നുകയും പറയുകയും ചെയ്തിരുന്നവർക്ക് ഭൂമി ഈ വിധം കൈവശപ്പെടുത്തിയതോ, ക്രയവിക്രയം ചെയ്യുന്നതോ ഒന്നും പിന്നീട് തെറ്റായി തോന്നാത്ത തെന്തുകൊണ്ടാണ്? ഉടമസ്ഥതക്ക് സ്ഥായിയും ശാശ്വതവുമായ അർത്ഥവും വ്യാപ്തിയുമില്ലാത്തത് കൊണ്ട് തന്നെയല്ലേ. ഉടമസ്ഥത എന്നത്, കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കും സാമൂഹിക നീതിക്കും അനുസൃതമായി മാറുന്ന ഒന്നാണ് എന്ന കാര്യം ഇസ്ലാമും അംഗീകരിക്കുന്നത് കൊണ്ടല്ലേ?**

---

പ്രപഞ്ചത്തിന്റെയും അതിലെ എല്ലാ വസ്തുക്കളുടെയും യഥാർത്ഥ ഉടമ സൃഷ്ടാവായ അല്ലാഹു മാത്രമാകുന്നു. സകല ഉടമസ്ഥാധികാരവും അടിസ്ഥാനപരമായി ആ ദൈവത്തിന്ന് മാത്രമുള്ളതാകുന്നു. ഉടമസ്ഥതയെ കുറിച്ചുള്ള ഇസ്ലാമിന്റെ മൗലിക വീക്ഷണം ഇതാണെന്നതിൽ അഭിപ്രായാന്തരമില്ല. സൃഷ്ടികൾ മാത്രമായ മനുഷ്യർ ഇവിടെ പലതിനെയും പല രീതിയിൽ ഉടമപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളായി രീതിയിലും സ്വഭാവത്തിലും ഈ ഉടമസ്ഥതയിൽ മാറ്റം വരികപതിവാണ്. താൽക്കാലികമായി മാത്രം ദൈവം മനുഷ്യർക്ക് നൽകിയിട്ടുള്ള ഈ ഉടമസ്ഥാവകാശം അവൻ അനുവദനീയമാക്കിയ വിധത്തിൽ അനുഭവിക്കാൻ മാത്രമേ അവർക്കർഹതയുള്ളൂ. അന്യരുടെ അവകാശം അവിഹിതമായ രീതിയിൽ പിടിച്ച് പറ്റാനും കൈവശപ്പെടുത്താനും പാടില്ല. തങ്ങളുടേത് അനാവശ്യമായി ആർക്കും വിട്ടു കൊടുക്കേണ്ടതുമില്ല.

ചൂഷണം ഇല്ലായ്മ ചെയ്യലാണ് നീതിയുടെ നയവും ലക്ഷ്യവും. ഇസ്ലാം നീതിയാകുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളോടുമുള്ള പരമാവധി നീതി. അവരിലെ ഭൂരിഭാഗത്തോടുള്ള നീതി, ദുർബല വിഭാഗത്തോടുള്ളപ്രത്യേക നീതി........

നീതിയെ സംബന്ധിച്ച പ്രസ്തുത തത്വം പ്രയോഗവൽക്കരിക്കുമ്പോൾ വ്യക്തിയുടെ ഉടമസ്ഥത എന്ന ആവശ്യത്തിന്ന് പരിധി വന്നു ചേരുന്നു. ഒരാൾക്ക് ഇസ്ലാമിക വ്യവസ്ഥയിലും സ്വതന്ത്രമായി സ്വത്ത് സമ്പാദിക്കാൻ അവകാശമുണ്ട്. ഇത്രയേ സമ്പാദിക്കാവൂ എന്ന് പരിധി നിർണ്ണയിച്ചിട്ടില്ല. പക്ഷെ, ഈ അവകാശം ശാശ്വതമോ അപരിമേയമോ അല്ല. വ്യക്തികൾക്ക് ഈ അവകാശം നല്കുന്നതോടൊപ്പം തന്നെ, അതി

ലേറെ പ്രധാനമായി ജീവിക്കാനുള്ള അവകാശം എല്ലാവർക്കും ഒരു പോലെ നിലനിർത്തേണ്ടതുണ്ട്. കുറെ പേരുടെ ഉടമസ്ഥാവകാശം ചോദ്യം ചെയ്യാതെ നില നിർത്തുമ്പോൾ, മറ്റ് കുറെ പേരുടെ ജിവിക്കാനുള്ള അവകാശം ഹനിക്കപ്പെടുന്നുണ്ടോ എന്ന് കൂടി നോക്കേണ്ടതുണ്ട് എന്നർത്ഥം.

**പാട്ടക്കരാർ**

മുൻകാലത്ത് നമ്മുടെ നാട്ടിൽ ഏതാനും ഭുവുടമകളും അവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അവർക്ക് പാട്ടം നൽകി കൃഷി ചെയ്ത് ജീവിച്ച് പോന്നിരുന്ന കുറെ കൈവശക്കാരുമാണ് ഉണ്ടായിരുന്നത്. ഫ്യൂഡൽ വ്യവസ്ഥിതിയുടെ ഈ അവശിഷ്ടങ്ങൾ ഇന്ന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ഉണ്ടായേക്കാമെങ്കിലും, കേരളത്തിലെ ഭൂപരിഷ്കരണ നിയമം ജന്മി -കുടിയാൻ സമ്പ്രദായത്തെ പാടെ ഇല്ലാതാക്കിയിരിക്കുകയാണ്. എന്നാലും, അടുത്ത കാലം വരെ പാട്ടം വടിപ്പിച്ചിരുന്നവരും അത് കൊടുത്തിരുന്നവരും ഇവിടെ ധാരാളമുണ്ടായിരുന്നു. അക്കാലത്തൊക്കെ, പാട്ടത്തിനെടുത്തിരുന്ന ഭൂമിയുടെ യഥാർത്ഥ ഉടമ ജന്മിയാണെന്നും പാട്ടം നൽകാതിരിക്കൽ കുറ്റകരമാണെന്നും ഉള്ള സമൂഹത്തിന്റെ പൊതുവിലുള്ള ധാരണ തന്നെയായിരുന്നു ഇതു സംബന്ധിച്ച് മുസ്ലിംകൾക്കിടയിലും ഉണ്ടായിരുന്നത്. എന്നാൽ, ഇന്ന് പാട്ടം വടിക്കേണ്ടതുണ്ടെന്നോ, ഭൂമിക്ക് കൃഷി ചെയ്യുന്നുവെന്നല്ലാതെ ഉടമസ്ഥതയുണ്ടെന്നോ മുസ്ലിംകളും കരുതുന്നില്ല. ഒരു നിയമ നിർമ്മാണം മുഖേന, സംസ്ഥാനത്തെ ഭൂമിയുടെ ഉടമസ്ഥത സർക്കാരിൽ നിക്ഷിപ്തമാക്കുകയും അതുവരെ ഭൂമിയുടെ ഉടമസ്ഥരെന്ന് കരുതപ്പെട്ടിരുന്നവർക്ക് സർക്കാർ ഏകപക്ഷീയമായി നിശ്ചയിച്ച ഒരു നിസ്സാര തുക - 12 കൊല്ലത്തേക്ക് വരുന്ന 'മിതപാട്ടം'-ഗഡുക്കളായി മാത്രം നൽകുകയും ചെയ്തു കൊണ്ട് എല്ലാവർക്കും 'പട്ടയം' നൽകിയപ്പോൾ മുസ്ലിംകളായ കൈവശക്കാരും അത് സ്വീകരിച്ച് തങ്ങളുടെ കൈവശമുണ്ടായിരുന്ന സ്വത്തിന്റെ ഉടമകളായി. പിൽക്കാലത്ത് ഈ വിധത്തിൽ ലഭിച്ച പലർക്കും അവ വിൽക്കേണ്ട ആവശ്യം വന്നപ്പോൾ, അത് പണം കൊടുത്ത് വാങ്ങുന്നവരുടെ കൂട്ടത്തിൽ മുസ്ലിംകളുമുണ്ടായി. ഇതൊക്കെ ഇന്നും തുടരുകയും ചെയ്യുന്നു.

**ഖലീഫാ ഉമറിന്റെ കാലത്തു തന്നെ കൃഷിയിറക്കാൻ തയ്യാറില്ലാത്തവന്റെ തരിശുഭൂമി ബൈത്തുൽ മാലിലേക്ക് കണ്ടു കെട്ടുകയോ കൃഷിക്കാരന്ന് നൽകുകയോ ചെയ്യുമെന്ന് കൽപന പുറപ്പെടുവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. സ്വന്തം ഇഷ്ടപ്രകാരം തന്റെ ഭൂസ്വത്ത് കൈകാര്യം ചെയ്യാൻ ഒരു മുസ്ലിമിന്ന് പൂർണ്ണ അധികാരമില്ലാ എന്നല്ലേ അതിനർത്ഥം? എങ്കിൽ പിന്നെ മറ്റു സ്വത്തുകളുടെയും സ്ഥിതി ഇത് തന്നെയാവാൻ തരമുളളൂ.**

ഒരു കാലഘട്ടത്തിൽ പാട്ടം നൽകാതിരിക്കുന്നതു പോലും മഹാതെറ്റാണെന്ന് ഇസ്ലാമിന്റെ പേരിൽ തോന്നുകയും പറയുകയും ചെയ്തിരുന്നവർക്ക് ഭൂമി ഈ വിധം കൈവശപ്പെടുത്തിയതോ, ക്രയവിക്രയം ചെയ്യുന്നതോ ഒന്നും പിന്നീട് തെറ്റായി തോന്നാത്തതെന്തുകൊണ്ടാണ്? ഉടമസ്ഥതക്ക് സ്ഥായിയും ശാശ്വതവുമായ അർത്ഥവും വ്യാപ്തിയുമില്ലാത്തത് കൊണ്ട് തന്നെയല്ലേ. ഉടമസ്ഥത എന്നത്, കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കും സാമൂഹിക നീതിക്കും അനുസൃതമായി മാറുന്ന ഒന്നാണ് എന്ന കാര്യം ഇസ്ലാമും അംഗീകരിക്കുന്നത് കൊണ്ടല്ലേ? തീർച്ചയായും അത് കൊണ്ട് തന്നെയാണ്. അല്ലായെങ്കിൽ, മുൻ ഭൂവുടമയുടെ തൃപ്തിയുണ്ടോ ഇല്ലേ എന്ന് നോക്കാതെ ബലമായി പിടിച്ച് വാങ്ങിയ സ്വത്ത് അവർക്ക് തിരിച്ച് നൽകേണ്ടി വരും. അങ്ങനെ കിട്ടിയതാണെന്നറിഞ്ഞു കൊണ്ട് അത് വിറ്റവരും വാങ്ങിയവരുമെല്ലാം ഒരു പോലെ തെറ്റുകാരാവും!.

**ജന്മി കുടിയാൻ അവകാശം**

എപ്പോൾ മുതലാണ് പാട്ട വ്യവസ്ഥ തെറ്റാണെന്നും അത് മാറ്റപ്പെടേണ്ടതാണെന്നും സമൂഹം മനസ്സിലാക്കുക? ന്യായമായ രീതിയിൽ

ജന്മി ഭൂമിയുടെ കൈവശക്കാരിൽ നിന്ന് പാട്ടം സ്വീകരിക്കുകയും ജന്മിയുടെ ഉടമസ്ഥാവകാശം ഉപയോഗിച്ച് ആ കൈവശക്കാരനെ ബുദ്ധിമുട്ടിക്കാതിരിക്കുകയും ചെയ്തു വന്നിടത്തോളം കാലം ജന്മി-കുടിയാൻ ബന്ധവും നല്ല നിലയിൽ വർത്തിച്ചിരുന്നു. ആ വ്യവസ്ഥക്ക് പറയത്തക്ക ന്യൂനത ആരും കണ്ടിരുന്നില്ല. പക്ഷെ ഏതൊരു പരിതസ്ഥിതിയിലും എന്നപോലെ അധികാരങ്ങളും അവകാശങ്ങളും ദുരുപയോഗപ്പെടുത്തുകയും ഒരു ചൂഷണ വ്യവസ്ഥയായി നിലവിലുള്ള വ്യവസ്ഥ മാറുകയും ചെയ്തപ്പോൾ മാത്രമാവും ഒരു മാറ്റത്തെ പറ്റി പലരും ചിന്തിച്ചത്. തന്നിഷ്ടം പോലെ പാട്ടത്തുക നിശ്ചയിക്കുവാനും കുടിയൊഴിപ്പിക്കുവാനുമുള്ള ജന്മിയുടെ അവകാശത്തെ, സമൂഹത്തിൽ ഭൂരിപക്ഷം വരുന്ന ദുർബ്ബലരായ കൈവശക്കാരുടെ താൽപ്പര്യങ്ങൾ വകവെക്കാതെ സംരക്ഷിച്ചു പോരുക എന്ന തെറ്റാണ് തങ്ങൾ ചെയ്തു കൊണ്ടിരുന്നത് എന്ന് പലരും മനസ്സിലാക്കി. അതിന്റെയൊക്കെ ഫലമായി ജന്മി - കുടിയാൻ വ്യവസ്ഥ തകർന്ന് കൊണ്ടിരുന്നു. കേരളത്തിൽ ഭരിക്കുന്നവരുടെ ഒത്താശയോടെ തന്നെ ആ തകർച്ച പൂർത്തിയായി. ഈ തകർച്ചയുടെ തുടക്ക ഘട്ടത്തിൽ കഷ്ടപ്പെടേണ്ടി വന്ന ജാതി കുടുംബങ്ങളുണ്ട്. ഇതെല്ലാം അന്യന്റെ സ്വത്ത് അപഹരിക്കലാണെന്ന് തെറ്റിദ്ധരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത മത നേതൃത്വമുണ്ട്. പക്ഷെ ഏതൊരു നല്ല പരിഷ്കരണം നടപ്പിലാക്കുമ്പോഴും സ്വാഭാവികമായുണ്ടാകുന്ന കാര്യങ്ങളാണത് എന്നൊക്കെ പിൽക്കാലത്തെല്ലാവർക്കും മനസ്സിലായി തുടങ്ങി. സമൂഹത്തിലെ ഭൂരിപക്ഷത്തോട്, അതിലെ ദുർബ്ബലരോട് നീതി ചെയ്യേണ്ടി വരുമ്പോൾ, അനീതി ചെയ്യപ്പെടുന്ന ഒരു ന്യൂനപക്ഷത്തെ അവഗണിക്കുകയേ വഴിയുള്ളൂ ഇസ്ലാമിന്നും.

## സമ്പൂർണ്ണ നീതി

വീണ്ടും ഓർമ്മിക്കുക: ഇസ്ലാം നീതിയാകുന്നു-സമൂഹത്തിലെ എല്ലാ വിഭാഗത്തോടും പരമാവധി നീതി എന്നതത്രെ അതിന്റെ ലക്ഷ്യം. സമൂഹത്തിന്റെ മൊത്തത്തിലുള്ള നന്മയുദ്ദേശിച്ച് നീതി നടപ്പിലാക്കുമ്പോൾ ചിലപ്പോഴെങ്കിലും 'അനീതി' ചെയ്യപ്പെടുന്ന വ്യക്തികൾ അനിവാര്യമായും ഉണ്ടാവും. ഇരു വിഭാഗങ്ങളുടെയും താൽപ്പര്യം ഒരേ പോലെ സംരക്ഷിക്കാൻ പലപ്പോഴും സാധിച്ചെന്ന് വരില്ല. സമൂഹത്തിന്റെ പൊതുവിലുള്ള അവകാശത്തിന് സംരക്ഷണം കൊടുക്കേണ്ടി വരുമ്പോൾ വ്യക്തിയുടെ ഉടമസ്ഥതകൾ ഹനിക്കപ്പെടുന്ന അവസരങ്ങൾ ഇസ്ലാമിക നീതി നടപ്പാക്കുമ്പോഴും സംഭവിക്കും. തന്റെ പറമ്പിലൂടെ അന്യന്റെ വയലിലേക്ക് വെള്ളം കൊണ്ട് പോവാൻ വിസമ്മതിച്ചവനോട്, 'നിന്റെ നെഞ്ച് കീറിയിട്ടാലും ഞാനത് ചെയ്തിരിക്കും' എന്ന് ഖലീഫ ഉമർ(റ) പറഞ്ഞ സംഭവം ഓർക്കുക.

ഇന്നും, പൊതു ആവശ്യങ്ങൾക്ക് വേണ്ടി റോഡുണ്ടാക്കുമ്പോൾ, പലരും തങ്ങളുടെ സ്ഥലം വിട്ടു കൊടുക്കേണ്ടി വരുന്നു. കൂട്ടത്തിൽ ആകെയുള്ള ഒരു രണ്ടു സെന്റിന്റെ ഉടമയും ഉണ്ടായെന്ന് വരും. അതിന് മറ്റു വല്ല പരിഹാരത്തിനും സമ്മതിക്കുകയല്ലാതെ, 'എന്റെ സ്ഥലം ഒരിക്കലും വിട്ടുകൊടുക്കില്ല' എന്നൊരാൾക്ക് പറയാൻ പറ്റുമോ? പറഞ്ഞാൽ ഇസ്ലാമിക ഭരണകൂടവും അതനുവദിച്ച് കൊടുക്കില്ല. കാരണം, 'ഉടമസ്ഥത'യെ സംബന്ധിച്ച് മതത്തിന്നുള്ള ഒരു പ്രധാന തത്വവും വീക്ഷണം തന്നെ, പൊതുവിൽ സൃഷ്ടികളുടെ മൊത്തത്തിലുള്ള ഉപയോഗത്തിനാണ് എല്ലാം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിന് ഭംഗം വരാത്തിടം വരെയുള്ള അധികാരമേ തന്റെ ഉടമയിലുള്ള ഏതൊരു വസ്തുവിന്മേലും അയാൾക്കുള്ളൂ. ഇസ്ലാമിൽ വ്യക്തിയുടെ ഉടമസ്ഥത ചോദ്യം ചെയ്യപ്പെടാത്തതോ അനശ്വരവും അപരിമേയമോ അല്ല.

ഖലീഫാ ഉമറിന്റെ കാലത്തു തന്നെ കൃഷിയിറക്കാൻ തയ്യാറില്ലാത്തവന്റെ തരിശു ഭൂമി ബൈത്തുൽ മാലിലേക്ക് കണ്ടു കെട്ടുകയോ കൃഷിക്കാരന്ന് നൽകുകയോ ചെയ്യുമെന്ന് കൽപന പുറപ്പെടുവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. സ്വന്തം ഇഷ്ടപ്രകാരം തന്റെ ഭൂസ്വത്ത് കൈകാര്യം ചെയ്യാൻ ഒരു മുസ്ലിമിന്ന് പൂർണ്ണ അധികാരമില്ലാ എന്നല്ലേ അതിനർത്ഥം? എങ്കിൽ പിന്നെ മറ്റു സ്വത്തുകളുടെയും സ്ഥിതി ഇത് തന്നെയാവാൻ തരമുള്ളൂ. ഒരു നിലക്ക് പറഞ്ഞാൽ, നിങ്ങൾ കുടുംബമായി താമസിക്കുന്ന സ്വന്തം വീടിന്മേൽ പോലും പ്രസ്തുത പരിമിതികൾക്കു

ളളിൽ നിലകൊള്ളുന്ന ഉടമസ്ഥാവകാശമേ നിങ്ങൾക്കുളളൂ. വെള്ളപ്പൊക്കമോ, കൊടുങ്കാറ്റോ വന്ന് ഒരു നാട്ടിലുള്ള മിക്ക വീടുകളും തകരുകയും താമസ യോഗ്യമായ ഇടം വേറെ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ, അവശേഷിച്ച വീടുകൾ സ്വന്തമായുള്ളവർ മറ്റുള്ളവരെക്കൂടി അവിടങ്ങളിൽ താമസിപ്പിക്കേണ്ടി വരും. 'എന്റെ വീട്ടിൽ എനിക്കിഷ്ടമുണ്ടെങ്കിലേ ഞാനതിനനുവദിക്കൂ' എന്നാർക്കെങ്കിലും വെക്കാൻ പറ്റില്ല. കാരണം ആ സാഹചര്യത്തിൽ സ്വന്തം വീടിന്മേലുള്ള അവന്റെ സമ്പൂർണ്ണ ഉടമസ്ഥതയും തൽക്കാലം ഇല്ലാതാവുകയാണ്. ഒരു ഇസ്ലാമിക ഭരണകൂടമാണെങ്കിൽ, വീട്ടുടമസ്ഥരുടെ സമ്മതപ്രകാരമേ ഈ സാഹചര്യത്തിലും മറ്റുള്ളവരെ താമസിപ്പിക്കാൻ നിർബന്ധിക്കൂ. ഉടമസ്ഥർ സമ്മതിച്ചില്ലെങ്കിൽ മറ്റെല്ലാവരും കഷ്ടപ്പെട്ടാലും വേണ്ടില്ലാ എന്നാണ് വെക്കുക എന്ന് ധരിക്കുന്നവരുണ്ടെങ്കിൽ അവർ 'ഇസ്ലാമിക നീതിയുടെ' ബാലപാഠം അറിയാത്തവരാണ് എന്ന് മനസ്സിലാക്കിയാൽ മതി.

### വാടകയും ഉടമയും

ഈ സന്ദർഭത്തിൽ സ്പർശിക്കേണ്ട ഒരു നല്ല കാര്യമാണ് വാടകക്കാരും കെട്ടിടയുടമകളും തമ്മിലുള്ളത് എന്നു തോന്നുന്നു. മുൻകാലത്ത് നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നത് ഒരു കാർഷിക സമൂഹമായിരുന്നു. – ഭൂവുടമകളുടെ ഭൂമിയിൽ കൃഷി ചെയ്തിരുന്ന കൃഷിക്കാരുടെ സ്ഥാനത്ത്, ഇന്നൊരു വ്യാപാരസമൂഹമാണ് ഉളളത് എന്ന് ഏറെക്കുറെ പറയാം. ഏതാനും കെട്ടിടയുടമകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ മുറികൾ വാടകക്കെടുത്ത് കച്ചവടം ചെയ്യുന്ന ഒരു വലിയ വിഭാഗമാണ് ഇന്നുള്ളത്. കെട്ടിടയുടമയോട് വാടകക്ക് മുറി എടുക്കുമ്പോൾ നിശ്ചയിക്കുന്ന വ്യവസ്ഥകളൊന്നും പലപ്പോഴും പിന്നീട് പാലിക്കപ്പെടാറില്ല. ഇനി പാലിച്ചാലും, ചില കെട്ടിട ഉടമകൾ തന്റെ വസ്തുവിൽ നിന്നൊഴിഞ്ഞു തരണമെന്നാവശ്യപ്പെടുന്ന സന്ദർഭങ്ങളുണ്ട്. ഇവിടെയെല്ലാം കെട്ടിടയുടമക്ക് മാത്രമാണ് ഒഴിപ്പിക്കാനുള്ള സമ്പൂർണ്ണാധികാരം എന്നും, വാടകക്കാരൻ അത് അനുസരിക്കാൻ ബാധ്യസ്ഥനാണ് എന്നുമുള്ള ധാരണയാണ് പൊതുവിലുള്ളത്. ഇതിന്ന് പക്ഷെ ഇസ്ലാമികമായ ന്യായീകരണമുണ്ടോ? വാടകക്കാരനും കെട്ടിടക്കാരനും പരമാവധി നീതി ലഭ്യമാക്കലാണ് ഇസ്ലാം ചെയ്യുക. ഇത് കേവലം രജിസ്ട്രാഫീസിലെ മുദ്രക്കടലാസ്സിൽ കണ്ടെത്താൻ കഴിയുന്ന കാര്യമാവില്ല പലപ്പോഴും.

വാടക ലഭിക്കുക, അത് കാലാനുസൃതമായ രീതിയിൽ വർദ്ധനയോടെ തന്നെ ലഭ്യമാവുക-കെട്ടിടയുടമയുടെ ഈ ആവശ്യം ന്യായമാണ്. അത് സംരക്ഷിക്കേണ്ടതുമുണ്ട്. അത് നൽകാൻ തയ്യാറായാലും ഉടമയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് വാടകക്കാരനെ ഇറക്കിവിടാൻ അയാൾക്കവകാശമുണ്ടോ? അതോ, ജീവിക്കാൻ വേണ്ടി അതിൽ വ്യാപാരം ചെയ്ത് വരുന്ന ഒരുവന്റേത് മാത്രമാണോ കെട്ടിടത്തിൽ തുടർന്നും കച്ചവടം ചെയ്ത് തുടരാനുള്ള അവകാശം – ഇവിടെ ഇസ്ലാമിക നീതി കച്ചവടക്കാരന്റെ ഭാഗത്തേ നിലകൊള്ളൂ എന്നൂഹിക്കാൻ പ്രയാസമില്ല. വാടക ലഭിക്കാനുള്ള സംരക്ഷണത്തിന് പുറമെ, ഏത് നിമിഷവും കച്ചവടക്കാരനെ പെരുവഴിയിലിറക്കുവാനുള്ള ഒരധികാരം കേവലം ഉടമസ്ഥതയുടെ പേരിൽ കെട്ടിടക്കാരന് ഇസ്ലാം നൽകുമെന്ന് കരുതാൻ പറ്റില്ല. കാരണം, കെട്ടിടയുടമസ്ഥനെ മാത്രമല്ലാ അല്ലാഹു പടച്ചത്. കച്ചവടക്കാരനെയും പടച്ച അല്ലാഹുവിന്ന് അയാളുടെ അവകാശത്തെയും ജീവിക്കുവാനുള്ള അർഹതയെയും സംരക്ഷിക്കേണ്ടതുണ്ട്. ഉടമയും വാടകക്കാരും തമ്മിൽ മുൻകൂട്ടി ചെയ്തിട്ടുള്ള ഒരു കരാർ വ്യവസ്ഥക്ക് പോലും ഇവിടെ വലിയ പ്രസക്തി ഉണ്ടായെന്ന് വരില്ല. കച്ചവടം അങ്ങാടിയിലാണ്. ഒരു നാൾ ഒരു മുറി ഒഴിവായിക്കൊടുക്കണമെങ്കിൽ അങ്ങാടിയിൽ വേറെ മുറി ലഭിക്കുക തന്നെ വേണം. കച്ചവടക്കാരന്റെ വാശിക്ക് ഇവിടെ അനുവാദമില്ലെങ്കിലും അയാളുടെ ആവശ്യത്തിന് ഇവിടെ വിലയുണ്ട്. മുറി ഒഴിഞ്ഞു കൊടുത്താൽ അയാളുടെ ജീവിക്കാനുള്ള മാർഗ്ഗം നിന്ന് പോകുന്ന അവസ്ഥയാണെങ്കിലും കരാറ് പ്രകാരമാവുമ്പോൾ അത് ചെയ്തിരിക്കണമെന്ന് കരുതാൻ പറ്റില്ല.

### ചൂഷണരഹിത കരാർ

ചൂഷണമില്ലാത്ത കരാ

റിനേ ഇസ്ലാമിൽ അനുവാദമുള്ളൂ. ഒരു ന്യൂനപക്ഷം കെട്ടിടയുടമകളും കുറെയധികം വാടകക്കെടുക്കാൻ ആവശ്യക്കാരും ഉള്ള സാഹചര്യമാണ് പൊതുവിൽ ഇന്ന് നമ്മുടെ നാട്ടിൽ. ഇവിടെ തന്റെ ഭാവി സുരക്ഷിതത്വം ഉദ്ദേശിച്ച് കെട്ടിടയുടമ പല വ്യവസ്ഥകളിലും കാലി മുദ്രക്കടലാസ്സിലുമൊക്കെ വാടകക്കാരനോട് മുൻകൂട്ടി ഒപ്പുവെപ്പിച്ചെന്നിരിക്കും. മറ്റ് നിവൃത്തിയൊന്നും ഇല്ലാത്തതിനാൽ മാത്രമാണ് പലരും ഇതിനൊക്കെ സമ്മതിക്കുന്നത്. 'കരാറുകൾ പാലിക്കുക' എന്ന് ഖുർആനിൽ കൽപന ശിക്ഷിക്കുമോ? പരസ്പരം ന്യായമായ വ്യവസ്ഥകളെ ഇരുകൂട്ടരും കരാറിൽ പറഞ്ഞ് കൂടൂ എന്നും വാടകക്കാരനും കെട്ടിടയുടമയും തമ്മിലുള്ള കാര്യത്തിലും ഇത് ബാധകമാണെന്നും ഇവിടെ അറിയുക.

### ഫ്ളാറ്റുകളും ഉടമസ്ഥതയും

നമ്മുടെ സംസ്ഥാനത്ത് അത്ര തന്നെ രൂക്ഷമല്ലെങ്കിലും ബോംബെ, ബാംഗ്ലൂർ, കൽക്കത്ത പോലുള്ള നഗരങ്ങളിൽ ദീർഘകാലമായി പല കുടുംബങ്ങളും താമസിച്ച് വരുന്ന ഫ്ളാറ്റുകളുണ്ട്. അതിന്റെ ഒറിജിനൽ ഉടമ ഫലം. എന്നാലും 'ഉടമസ്ഥ' തക്ക് മാത്രമാണ് ഇസ്ലാമിൽ പ്രാധാന്യം. മറ്റുള്ളവർ എവിടെ താമസിക്കുന്നുവെന്നത് പ്രശ്നമല്ല എന്ന് കരുതുന്നവർ ഇസ്ലാമിക നീതിയെക്കുറിച്ച് മനസ്സിലാക്കാത്തവരാണ് എന്നേ ഇവിടെയും പറയുവാനുള്ളൂ.

വാടകക്കോ മറ്റെന്തെങ്കിലും വ്യവസ്ഥയിലോ മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള സ്വത്തിൽ ഒരാൾ പ്രവേശിക്കുനന്നതോട് കൂടി ഇയാൾ അതിന്റെ ഇടമസ്ഥനായിത്തീരുന്നുവെന്നല്ലേ പറഞ്ഞു വരുന്നത്. ഇത്തരം കൈവശക്കാ

**ഒരു വസ്തുവിന്റെ 'ഉടമസ്ഥത' ആരുടേതെന്ന് തീരുമാനിക്കുന്നതും അതുള്ള നാട്ടിലെ നിയമവ്യവസ്ഥ പ്രകാരമാണ്. ആ നിയമവ്യവസ്ഥ സമൂഹത്തോടുള്ള നീതിക്കനുസൃതമാവുന്നിടത്തോളം കാലം, അത് ഇസ്ലാമിന്നും സ്വീകാര്യമാണ്. മാറ്റത്തിന്റെ തുടക്കത്തിൽ പലർക്കും ദഹിക്കാതെ പോയിരുന്ന കാര്യം തന്നെയായിരുന്നു ഭൂമിയുടെ പട്ടയം സംബന്ധിച്ച നിയമം.**

യുണ്ട്. പക്ഷെ ഇസ്ലാമിക പരിധിയിൽ വരുന്ന കരാറുകളിലെ ഏർപ്പെടാൻ പാടുള്ളൂ. അവ പാലിക്കാനേ ബാധ്യതയുള്ളൂ. ബുദ്ധിമുട്ടുകാരൻ പണം കടം വാങ്ങുമ്പോൾ മടക്കി കൊടുക്കുവാനുള്ള അവധി തെറ്റിച്ചാൽ തന്റെ ചെവി മുറിച്ചു കൊടുക്കാമെന്നു വരെ സമ്മതിച്ചിരിക്കും. അവധി തെറ്റുമ്പോൾ ചെവി മുറിച്ച് തരാൻ വേണ്ടി ഇസ്ലാമിക കോടതിയിലെത്തിയാൽ, ചെവി കരാറിന്റെ പേരിൽ മുറിച്ചു കൊടുക്കുമോ? അതോ, അത്തരമൊരു കരാറെഴുതിയതിനു പണം കടം കൊടുത്തവനെ കൾക്ക് വാടക മാത്രമേ ലഭിക്കുന്നുണ്ടാവുകയുള്ളൂ. കൈമാറ്റം പലപ്പോഴും നടക്കുന്നത് താമസക്കാർക്കിടയിൽ തുക പറഞ്ഞുറപ്പിച്ചാണ്. ഫലത്തിൽ ഉടമസ്ഥരായുള്ളവർ താമസിച്ച് വരുന്നവരാണെന്നതും ഇതൊക്കെ അനിസ്ലാമികമാണെന്നും, ആദ്യം ഉടമയായിരുന്നയാൾ തന്നെയാണ് അതിന്റെ എക്കാലത്തേയും ഉടമ എന്നും, അയാൾ പറഞ്ഞാൽ താമസക്കാർ അവിടെ നിന്ന് ഇറങ്ങിക്കൊടുക്കണമെന്നും വന്നാൽ അനേകം കുടുംബങ്ങൾ ഒന്നിച്ച് പെരുവഴിയിലാകുക എന്നതാവും രുടെ എണ്ണം ഗണ്യമായി വർദ്ധിക്കുകയും അവരെ കുടിയൊഴിപ്പിക്കുകയും മൂലം ഗുരുതരമായ സാമൂഹ്യ പ്രശ്നം ഉളവാകുകയും ചെയ്യുന്ന സാഹചര്യമുണ്ടാവുമ്പോൾ സമൂഹത്തോട് ചെയ്യേണ്ട നീതിയുടെ മാനദണ്ഡവും മാറ്റത്തിന് വിധേയമാവുന്നു എന്ന് മനസ്സിലാക്കാൻ ഇത്രയും പറഞ്ഞുവെന്ന് മാത്രം. നീതിക്കാണ് ഇസ്ലാം നിലകൊള്ളുന്നതെന്നിരിക്കെ, അത് ചെയ്യുന്നത് അനിസ്ലാമിക ഭരണകൂടമാണെങ്കിലും അതംഗീകരിക്കൻ നമുക്കെങ്ങനെ കഴിയും? ഇതിവിടെ ചോദിക്കാൻ കാരണമുണ്ട്.

ഇവിടത്തെ കോടതികൾ എന്തു വിധിക്കുന്നുവെന്നത് പ്രശ്നമല്ല. വില കൊടുത്ത് വാങ്ങുകയോ തൃപ്തിപ്പെടുത്തുകയോ ചെയ്യുന്നത് വഴിയല്ലാതെ ഒരാളുടെ കൈവശമിരുന്ന സ്വത്ത് മറ്റൊരാളുടെതാകുന്ന പ്രശ്നമേ ഇസ്ലാമിലില്ലാ എന്നുള്ള ഒരു നിലപാട് സാധാരണക്കാരും ചില പണ്ഡിതന്മാരും വെച്ച് പുലർത്തുന്നതായി മനസ്സിലാവുന്നു. എന്നാൽ അതേ സമയം, ഈ ലേഖനത്തിന്റെ തുടക്കത്തിൽ ചൂണ്ടിക്കാട്ടിയ പോലെ, നിയമം മുഖേന മാത്രം തങ്ങളുടെ കൈവശം വന്ന പല വസ്തു വഹകളും അവരനുഭവിച്ചുകൊണ്ടുമിരിക്കുന്നു.

ഒരു വസ്തുവിന്റെ 'ഉടമസ്ഥത' ആരുടേതെന്ന് തീരുമാനിക്കുന്നതും അതുള്ള നാട്ടിലെ നിയമവ്യവസ്ഥ പ്രകാരമാണ്. ആ നിയമവ്യവസ്ഥ സമൂഹത്തോടുള്ള നീതിക്കനുസൃതമാവുന്നിടത്തോളം കാലം, അത് ഇസ്ലാമിന്നും സ്വീകാര്യമാണ്. മാറ്റത്തിന്റെ തുടക്കത്തിൽ പലർക്കും ദഹിക്കാതെ പോയിരുന്ന കാര്യം തന്നെയായിരുന്നു ഭൂമിയുടെ പട്ടയം സംബന്ധിച്ച നിയമം. ഇന്ന് വാടകക്കാരന് ഭാഗികമായ ഒരു തരം അവകാശം കെട്ടിടത്തിന്മേലുണ്ട്. അവനെ ഒഴിപ്പിക്കുമ്പോൾ, അയാൾക്ക് നഷ്ടപ്പെട്ടുപോകുന്ന കച്ചവടത്തിന് ബദൽ സംവിധാനം ഉണ്ടാക്കാൻ ഉതകുന്ന 'നഷ്ടപരിഹാര'മെങ്കിലും ലഭിക്കേണ്ടതുണ്ട് എന്ന് കരുതാത്തവരില്ല. അതാർ നൽകണം? ആരും നൽകിയില്ലെങ്കിലും അയാൾ കച്ചവടം ഉപേക്ഷിച്ച് മുറി ഒഴിഞ്ഞു കൊടുത്ത് പാട്ടിന്ന് പൊയ്ക്കൊള്ളണമെന്നാണോ? നീതിയുടെ മതമായ 'ഇസ്‌ലാം' അങ്ങനെ കൽപ്പിക്കുമോ?

## കാലം തേടുന്ന നീതി

കാലഘട്ടവും സാമൂഹ്യവ്യവസ്ഥയും ആവശ്യപ്പെടുന്ന നീതിക്കനുസൃതമായി ഉടമസ്ഥതയേയും അവകാശത്തെയും ഒക്കെക്കുറിച്ചുള്ള മൂല്യസങ്കല്പം മാറുക എന്നത് ഇസ്ലാമിന്നും ബാധകമാണ്– ഇതാണിവിടെ മനസ്സിലാക്കേണ്ട വസ്തുത. ഉടമസ്ഥതയെക്കുറിച്ച് പരമ്പരാഗതമായി നാം വെച്ചു പുലർത്തുന്ന ചില ധാരണകൾ മൂലം ഒരു മാറ്റത്തിന്റെ തുടക്കത്തിൽ ആ മാറ്റത്തെ അംഗീകരിക്കാൻ നമ്മിൽ പലർക്കും കഴിയാതെ വരുന്നു– ഒന്നാലോചിച്ചൽ, മുമ്പ് നാം അംഗീകരിക്കാതിരുന്ന കാര്യം ഇന്ന് നമ്മുടെ തന്നെ ജീവിതത്തിന്റെ നിയമമായിരിക്കുന്നുവെന്ന വസ്തുത പലപ്പോഴും നാം തന്നെ വിസ്മരിച്ച് പോകുകയല്ലേ.... മുൻകാലത്ത് രാജഭരണമായിരുന്നു ഇവിടെ. അന്ന് രാജ്യത്തിന്റെ മൊത്തത്തിലുള്ള ഉടമ രാജാവായിരുന്നു. രാജാവിന്റെ പുത്രനോ പുത്രിയോ ആയി ജനിക്കുന്നവന് ഈ അവകാശം ജന്മം കൊണ്ട് തന്നെ ലഭിച്ചിരുന്നു. അതെല്ലാം സമൂഹം അംഗീകരിച്ച് കൊടുത്തിരുന്നു... വിപ്ലവത്തിന്റെ പേർ പറഞ്ഞ്, ജനാധിപത്യം പ്രസംഗിച്ച് പലരും ഈ അധികാരം കൈക്കലാക്കിയപ്പോൾ, രാജകുടുംബങ്ങൾ ഇല്ലാതെയായി. പലതിന്റെയും കൂട്ടത്തിൽ അവരുടെ കോവിലകങ്ങളും അനേകായിരം ഏക്രഭൂമികളും അന്യാധീനപ്പെട്ടു. ഇന്ന് സാമൂതിരി രാജാവിന്റെയോ മറ്റേതെങ്കിലും മുൻനാട്ടു രാജാക്കന്മാരുടെയും ഒക്കെ പേരമക്കൾ കാൽക്കാശിന്ന് ഗതിയില്ലാതെ തെണ്ടുന്നുണ്ടാവും. അവർക്ക് 'ശറഈ' പ്രകാരം താവഴിയായി ലഭിക്കേണ്ട ഭൂമിയാണ് നാം കൈവശപ്പെടുത്തിയത്. അല്ലെങ്കിൽ അതിക്രമമായി ഇങ്ങനെ കൈവശപ്പെടുത്തിയ ഭൂമിയാണ് എന്നറിഞ്ഞ് കൊണ്ടാണ് നാം അത് വാങ്ങിയത്–ഇത് ശരിയല്ല; ദൈവം പൊറുക്കില്ലാ. അതിനാൽ അവ അതിന്റെ മുൻ ഉടമസ്ഥർക്ക് തിരിച്ച് നൽകണം എന്ന് ഇസ്ലാം കൽപ്പിക്കുന്നുണ്ടോ? അതോ, അന്നത്തെ ഉടമസ്ഥതയ്ക്ക് അന്നത്തെ ശരി, ഇന്നത്തേത് ഇന്ന് ശരി എന്ന നിലപാടാണോ ഇസ്ലാമിന്റേത്? ഈ രണ്ടാമത് പറഞ്ഞത് മാത്രം ശരിയായത് കൊണ്ടല്ലേ 'ഹലാലായി' നമ്മുടെ സ്വത്തുക്കൾ ഇന്ന് നാം അനുഭവിക്കുന്നത്. ഇസ്ലാമിന്ന് 'ഉടമസ്ഥത' യുടെ കാര്യത്തിൽ നീതിയുടെ ഒരു ഭാഷ്യമല്ലാതെ, ഇരുമ്പുലക്ക പോലുള്ള ഒരു നിലപാടില്ലാ എന്ന സത്യം മനസ്സിലാക്കാൻ, അടിമയുടമ വ്യവസ്ഥ നിലനിന്നിരുന്ന കാലത്തേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ മതി.

## അടിമച്ചന്ത

ഇന്ന് ചന്തയിൽ നിന്ന് കന്നുകാലികളെ ഗുണം നോക്കി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന പോലെ,

നമ്മെ പോലുള്ള മനുഷ്യരെ വാങ്ങുകയും വിൽക്കുകയും ചെയ്യുമായിരുന്നു അന്ന്. ഈ പച്ചയായ മനുഷ്യനെ കൊള്ള കൊടുക്കാനുള്ള ഒരു ഉൽപ്പന്ന മാക്കിയിരുന്നത് ഇസ്ലാം വിരോധിച്ചിരുന്നോ? ഇല്ല; മുസ്ലിംകൾക്കും അടിമകളെ കച്ചവടം ചെയ്യാൻ അനുവാദ മുണ്ടായിരുന്നു. അതൊരു സാമൂഹിക തിന്മയായിരു ന്നെന്ന് അക്കാലക്കാർക്ക് തോന്നിയിരുന്നില്ല. അതി നാൽ തന്നെ, അതൊരൊറ്റ ടിക്ക് നിരോധിച്ച് പ്രാധാനിക മല്ലാത്ത ഒരു സമീപനം സ്വീകരിക്കാൻ മതം തയ്യാറാ യുമില്ല. നേരെ മറിച്ച്, അടിമ വ്യവസ്ഥ കാലക്രമത്തിൽ ഉന്മൂലനം ചെയ്യപ്പെടുവാൻ ഉതകുന്ന വിധം പല കല്പന കളും നിയമങ്ങളും ഏർപ്പെടു ത്തി. അങ്ങിനെയൊക്കെ അടി മയുടമ വ്യവസ്ഥ ഇന്നില്ലാതാ യിട്ടുണ്ടെങ്കിലും, നാളെ ഏതെങ്കിലും കാരണം കൊ ണ്ട് ലോകത്തേതെങ്കിലും ഭാഗത്ത് അടിമ സമ്പ്രദായം വീണ്ടും ഉണ്ടായി വരികയാ ണെങ്കിൽ മുസ്ലിംകൾക്ക് അവ ലംബിക്കാനുള്ള നിയമം പണ്ടുള്ളത് തന്നെയാണ്– അടിമയെ വാങ്ങുകയും വിൽ ക്കുകയുമൊക്കെ അപ്പോഴും ആവാം!

അതിൽ നിന്നെന്താണ് മന സ്സിലാവുന്നത്? ഓരോരോ സാമൂഹ്യ വ്യവസ്ഥയിൽ ഉട മസ്ഥതയുടെ സങ്കല്പം മാറുന്നു ഇസ്ലാമിലും എന്ന യാഥാർത്ഥ്യം തന്നെ... ദീർഘ കാലമായി കൈവശം വെച്ചി രുന്ന ഭൂമിക്ക് പട്ടയം നൽകി യത്, അത് മുഖേന ജന്മി യുടെ ഉടമസ്ഥത നഷ്ടപ്പെട്ട ത്, അത് തന്നിൽ വന്ന് ചേർന്നത് ഒക്കെ നീതിയുടെ കണ്ണിലൂടെ നോക്കുമ്പോൾ ശരിയാണെങ്കിൽ അനുവദ നീയം തന്നെ. നാളെ ഇതു പൊലൊരു നിയമം കെട്ടിടങ്ങ ളുടെ കാര്യത്തിൽ – 12 കൊല്ല ത്തെ മിതവാടക ഗഡുവായി യടച്ചാൽ കെട്ടിടം വാടകക്കാ രനായി മാറുന്ന ഒരു 'കെട്ടയ' നിയമം വന്നാൽ, 'പട്ടയ നിയമം' പോലെ അതും സ്വീ കാര്യമാവുകയല്ലേ തരമുള്ളൂ!

## തൊഴിലുടമയും മുതലാളിയും

സാന്ദർഭികമായി പറ യേണ്ട ഒരു സുപ്രധാന കാര്യ മാണ് മുതലാളി–തൊഴിലാളി ബന്ധത്തിലും അത് സംബ ന്ധിച്ച കാഴ്ചപ്പാടിലും മുസ്ലിം കളടക്കമുള്ള ബഹുജനങ്ങ ളിൽ കാലാക്കാലങ്ങളിലായി വന്ന മാറ്റം. അടുത്ത കാലം വരെ മുതലാളിക്കുള്ളതായിരു ന്നതു 'തൊഴിലുടമ' എന്ന വിശേഷണം. മുതലാളിയുള ളതു കൊണ്ടാണ് തൊഴിലാ ളിയുണ്ടായതെന്ന് പലരും ധരിച്ച് വശായിരുന്നു. എന്നാൽ തൊഴിലുടമ തൊഴി ലാളി തന്നെയാണെന്നും, തൊഴിലാളികൾ ഉള്ളത് കൊണ്ടാണ് മുതലാളി നില നിന്ന് പോന്നതെന്നും ഇന്ന് പലർക്കും മനസ്സിലായി രിക്കുന്നു. പണം മുടക്കിയവ രാണോ, തൊഴിൽ ചെയ്യുന്ന വരാണോ ഒരു സ്ഥാപന ത്തിന്റെ സമ്പൂർണ്ണ ഉടമസ്ഥ ർ? ശാശ്വത ഉടമത്വം ആർക്കു മില്ലെന്നതാണ് സത്യം.

പരമ്പരാഗത ധാരണ പ്രകാരം, മുതലാളി തനിക്ക് ജോലി തന്നതു കൊണ്ടാണ് എനിക്കതു കിട്ടിയത്, അദ്ദേ ഹം പറഞ്ഞ ശമ്പളത്തിന്ന് ജോലി ചെയ്യാൻ താൻ കരാർ പ്രകാരം ബാധ്യസ്ഥനാണ് – ആ കരാറിൽ മുതലാളിക്കി ഷ്ടമുള്ളപ്പോൾ തന്നെ പിരിച്ച് വിടാനുള്ള വ്യവസ്ഥയുണ്ടെ ങ്കിൽ അതും താൻ അനുസ രിക്കാൻ ബാധ്യസ്ഥനാണ് എന്നൊക്കെയാണ് വരിക. ഇത് ഇന്ന് പക്ഷെ മുസ്ലിം കളും അംഗീകരിക്കുമെന്ന് തോന്നുന്നില്ല. വിശ്വാസികളും ഇസ്ലാമിക പ്രവർത്തകരുമായ, പണ്ഡിതന്മാരടങ്ങുന്ന ഉദ്യോഗ സ്ഥർ പോലും കൂലി കൂടുത ലിന്നും ആനുകൂല്യത്തിന്നും പിരിച്ചു വിടലിനെതിരായും സമരവും പ്രക്ഷോഭവും നട ത്തുന്നു. പള്ളി മുക്രിമാർക്ക് വരെ സംഘടനകളുണ്ട് നമ്മുടെ നാട്ടിൽ. ഇതൊക്കെ അനിസ്ലാമികമാണെങ്കിൽ ഇവരത് ചെയ്യാമോ? തൊഴിലാ ളി, മുതലാളി എന്നീ സംജ്ഞ കൾക്ക് ആപേക്ഷിക വ്യാപ് തി മാത്രമേ ഉള്ളൂവെന്നും അനീതിക്കെതിരെ മാത്രമാണ് ഇസ്ലാം നിലകൊള്ളുന്നതെ ന്നിരിക്കെ, കരാറുകൾക്കോ ഉടമസ്ഥതകൾക്കോ സ്ഥായി യായ മാനം മതം കൽപ്പിക്കു ന്നില്ലെന്നും മുസ്ലിംകളും കരു തുന്നുവെന്നല്ലേ ഇവിടെ മന സ്സിലാക്കേണ്ടത്? അതിനാൽ എല്ലാ സാമൂഹിക വ്യാപാര ങ്ങളിലെയും കാര്യങ്ങൾ വില ഇരുത്തുമ്പോൾ ഓർമ്മിക്കേ ണ്ടത് ഒരു തത്വം മാത്രം. "കേവലമായ ഒരർത്ഥത്തിൽ ഉടമസ്ഥത എന്നത് ഇസ്ലാ മിനന്യമാണ്. അത് മാറിക്കൊ ണ്ടിരിക്കുന്ന ഒരു പ്രതിഭാസം മാത്രമാണ് മതത്തിലും!"

പ്രശ്നോത്തരി

**എ. അബ്ദുസ്സലാം സുല്ലമി**

# ചന്ദ്രന്റെ ഉദയവും ലോകമുസ്‌ലിംകളും

**ചോദ്യം 1**

ഭൂമിയിൽ ആദ്യമായി ഉണ്ടാകുന്ന ചന്ദ്രന്റെ ഉദയത്തെ ആസ്പദമാക്കിയായിരിക്കണം ഭൂമിയിൽ ഉള്ളവരെല്ലാം ചന്ദ്രമാസം തീരുമാനിക്കേണ്ടത്. ആദ്യമായി ഉണ്ടാകുന്ന പിറവി എല്ലാവർക്കും അടുത്ത രാജ്യം വിദൂര രാജ്യം എന്ന പരിഗണന ഇല്ലാതെ, ചന്ദ്രനെ ഉദയവ്യത്യാസം (ഇഖ്തിലാഫുൽ മത്വാലിഅ്) പരിഗണിക്കാതെ ബാധകമാണെന്ന് മുജാഹിദ് പ്രസ്ഥാനത്തിൽ നിങ്ങൾ അല്ലാതെ മറ്റുള്ള മുജാഹിദ് പണ്ഡിതന്മാർക്കും അഭിപ്രായമുണ്ടോ? ഒറ്റപ്പെട്ട അഭിപ്രായത്തിന് ഇസ്ലാമിൽ പരിഗണനയുണ്ടോ? – ***ഫിറോസ്, കോഴിക്കോട്***

**ഉത്തരം:**

ഇസ്ലാമിൽ ഒരു അഭിപ്രായത്തിന് നാം പരിഗണന നൽകേണ്ടതു ആ അഭിപ്രായം പറയുന്നവർ ഒരാളാണോ കൂടുതൽ ആളുകളാണോ എന്ന് നോക്കിയല്ല. പ്രത്യുത ആരുടെ അഭിപ്രായമാണ് സത്യത്തോട് കൂറ് പുലർത്തുന്നത് എന്നു പരിശോധിച്ചാണ്. സത്യം ഇന്നതാണ് എന്നു തീരുമാനിക്കുവാനുള്ള മാനദണ്ഡം വിശുദ്ധ ഖുർആനും അധ്യാപനത്തിനും മനുഷ്യന്റെ പ്രഥമ ബുദ്ധിക്കും (സ്വരീഹുൽ അഖ്ൽ) അനുഭവജ്ഞാനത്തിനും ചരിത്രയാഥാർത്ഥ്യത്തിനും എതിരാവാത്ത ഹദീസുമാണ്. സത്യത്തിന്റെ ആളുകൾ ന്യൂനപക്ഷമായിരിക്കുമെന്നും ഭൂരിപക്ഷം വഴികേടിലായിരിക്കുമെന്നും വിശുദ്ധ ഖുർആനിൽ നൂറിൽപ്പരം സൂക്തങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. മുജാഹിദ് പ്രസ്ഥാനം ഉണ്ടായതും ഈ യാഥാർത്ഥ്യം മനുഷ്യരെ ബോധ്യപ്പെടുത്തിയാണ്. തൗഹീദും നബിചര്യയും സ്ഥാപിക്കുവാൻ മുജാഹിദ് സ്റ്റേജുകളിൽ വെച്ച് ധാരാളം ആയത്തുകളും ഹദീസുകളും പണ്ഡിതാഭിപ്രായങ്ങളും ഉദ്ധരിച്ച് ഈ സത്യം ഞാൻ ജനങ്ങളെ ഉണർത്തുകയും ചെയ്തിട്ടുണ്ട്.

മാസപ്പിറവിയുടെ കാര്യത്തിൽ ഈ സത്യത്തിന് എതിരാകുവാൻ എനിക്ക് സാധ്യമല്ല. എല്ലാ വിഷയത്തിലും ഭൂരിപക്ഷത്തിന്റെ അഭിപ്രായം തെറ്റായിരിക്കുമെന്ന് വിശുദ്ധ ഖുർആനും ഹദീസും പറയുന്നുമില്ല. അതിനാൽ ഇപ്രകാരം ഒരു ജൽപ്പനവും എനിക്കില്ല. ഭൂമിയിൽ ആദ്യമായി ഉണ്ടാകുന്ന ചന്ദ്രന്റെ പിറവി ഉദയവ്യത്യാസം പരിഗണിക്കാതെ അറിവ് ലഭിക്കുന്ന സർവ്വ മനുഷ്യർക്കും ബാധകമാണെന്നാണ് നാല് മദ്ഹബിന്റെ ഇമാമുകൾ ഉൾപ്പെടെ ഭൂരിപക്ഷം സലഫീ പണ്ഡിതന്മാർ പറയുന്നതും. ഒരേ ഉദയത്തിൽ ദർശിച്ചാൽ മതിയാവുകയില്ല. കേരളത്തിൽ തന്നെ മാസപ്പിറവി ദർശിക്കണമെന്ന് ഈ ഭൂമിയിൽ ജനിച്ച ഒരൊറ്റ മനുഷ്യനും പ്രസ്താവിച്ചിട്ടുമില്ല. അതായതു ചന്ദ്രമാസം തീരുമാനിക്കുന്നതു ആ സംസ്ഥാനത്തെ (സ്റ്റെയിറ്റിനെ) മാനദണ്ഡമാക്കിയാണെന്ന് ഖാളിമാരുടെയും ഹിലാൽ കമ്മറ്റികളുടെയും ജൽപ്പനവും സത്യവിരുദ്ധവാദവും മാത്രമാണ്. ഭൂരിപക്ഷത്തിന്റെയും ന്യൂനപക്ഷത്തിന്റെയും അഭിപ്രായം ഈ വിരുദ്ധവാദത്തിനു പിൻബലമായി ഉദ്ധരിക്കുവാൻ സാധ്യമല്ല. പുറമെ ഇവർ തന്നെ ഈ ജൽപ

നത്തിന് എതിരുമാണ്. പൊന്നാനിയിലും കാപ്പാടും മാറാടും വെള്ളയിലും കൂട്ടായിലും മാസപ്പിറവി കണ്ടാൽ ഇവർ കേരളം മുഴുവനും നോമ്പും പെരുന്നാളും ഉറപ്പിക്കുന്നു. ആ പ്രദേശത്തുകാരോടു മാത്രം നോമ്പും പെരുന്നാളും ആചരിക്കുവാനല്ല ഇവർ നിർദ്ദേശിക്കാറുള്ളത്. ഇതിന്റെ കാരണം ചോദിച്ചാൽ ഇവർ വാചാലന്മാരായി പറയുക "ഒരേ ഉദയത്തിൽ എവിടെയെങ്കിലും ദർശിച്ചാൽ മതി" എന്നാണ്. ഈ കഴിഞ്ഞ ചെറിയപെരുന്നാളിന് കേരളത്തിലും സൗദി അറേബ്യയിലും ഒരേ ഉദയമായിരുന്നു. 13 മിനുട്ടിലധികം ചന്ദ്രൻ രണ്ടു രാജ്യങ്ങളിലും ഉണ്ടായിരുന്നു. സൗദിയിൽ മാസപ്പിറവി ദർശിച്ചു എന്ന് പ്രഖ്യാപിച്ചു. അവർ പെരുന്നാൾ പ്രഖ്യാപിച്ചിട്ടും ഇവർ ആ പ്രഖ്യാപനത്തെ വലിച്ചെറിഞ്ഞു. ഇതിന് കാരണം ചോദിക്കുമ്പോൾ മാത്രമാണ് ഇവർ ഒരേ ഉദയത്തിൽ എവിടെയെങ്കിലും ദർശിച്ചാൽ പോര, സംസ്ഥാനത്തിൽ തന്നെ ദർശിക്കണമെന്ന് ജൽപിക്കുക. ഇവർ എന്തു പുലമ്പിയാലും അതെല്ലാം ചോദ്യം ചെയ്യാതെ അംഗീകരിക്കുന്ന ഒരു ഖൗമ് തങ്ങളുടെ പിന്നാലെ ഉണ്ടെന്ന വിശ്വാസമാണ് ഇതെല്ലാം ചെയ്യുവാൻ ഇവർക്ക് ധൈര്യം നൽകുന്നത്.

"സംസ്ഥാനത്ത് എവിടെയും മാസപ്പിറവി ദർശിച്ചില്ല. അതിനാൽ നാളെ പെരുന്നാൾ അല്ല" എന്ന് പ്രഖ്യാപിച്ചാണ് 9 മണിക്ക് തന്നെ ഇവർ ഓഫീസും പൂട്ടി താക്കോൽ കീശയിലിട്ട് കിടന്നുറങ്ങാൻ വീട്ടിൽ പോയത്. അങ്ങിനെ പെരുന്നാൾ ദിവസം മുസ്ലിംകളെ കൊണ്ട് നോമ്പനുഷ്ഠിപ്പിച്ചു. ഒരേ ഉദയത്തിൽ എവിടെയെങ്കിലും മാസപ്പിറവി ദർശിച്ചാൽ മതിയെന്ന ഇവരുടെ വാദത്തെത്തന്നെ അവഗണിച്ചും പരിഹസിച്ചും കൊണ്ടാണ് ഇതെല്ലാം ഇവർ ചെയ്തത്.



ഭൂമിയിൽ ആദ്യമായി ഉണ്ടാവുന്ന ചന്ദ്രന്റെ പിറവി ഭൂമിയിൽ ഉള്ളവർക്കെല്ലാം ബാധകമാണെന്നെന്റെ അഭിപ്രായം ചന്ദ്രനിലും ചൊവ്വയിലും പോയി താമസിക്കുന്നവർക്കും ബാധകമാണെന്നതാണ്. ഭൂമിയിൽ ആദ്യമായി ഉണ്ടാകുന്ന പിറവിയെ മാനദണ്ഡമാക്കി ഉദയവ്യത്യാസം പരിഗണിക്കാതെ സൗദി അറേബ്യ തീരുമാനമെടുക്കണം. അവർ ഭൂമിയിലെ മനുഷ്യർക്ക് ഒരു കേന്ദ്രമായി പ്രവർത്തിക്കണം. അവരെ കേന്ദ്രമാക്കി മറ്റു ഗോളങ്ങളിൽ പോയി താമസിക്കുന്ന മനുഷ്യരും ചന്ദ്രമാസം തീരുമാനിക്കണം. ഇതിൽ സൗദി വീഴ്ച വരുത്തുകയാണെങ്കിൽ അവരെ അവഗണിച്ച് ഭൂമിയിൽ ആദ്യമായി ഉണ്ടാകുന്ന പിറവിയെ അടിസ്ഥാനമാക്കി നാം ചന്ദ്രമാസം തീരുമാനിക്കണം. 12 മാസവും ഇതുപോലെ തീരുമാനിക്കണം. അല്ലാഹുവും അവന്റെ ദൂതനും ചന്ദ്രമാസം തീരുമാനിക്കുവാൻ മക്കയിലേക്ക് നോക്കുവാനല്ല കൽപ്പിക്കുന്നത്. ആകാശത്തിലേക്കും ചന്ദ്രനിലേക്കും നോക്കുവാനാണ്.

എനിക്ക് മാത്രമാണ് മുജാഹിദുകളിൽ ഈ അഭിപ്രായമുള്ളത് എന്നത് മറ്റൊരു നുണയാണ്. ശബാബിൽ തന്നെ വന്ന ഒരു വാർത്ത കാണുക:-

**"സംസ്ഥാനത്ത് എവിടെയും മാസപ്പിറവി ദർശിച്ചില്ല. അതിനാൽ നാളെ പെരുന്നാൾ അല്ല" എന്ന് പ്രഖ്യാപിച്ചാണ് 9 മണിക്ക് തന്നെ ഇവർ ഓഫീസും പൂട്ടി താക്കോൽ കീശയിലിട്ട് കിടന്നുറങ്ങാൻ വീട്ടിൽ പോയത്. അങ്ങിനെ പെരുന്നാൾ ദിവസം മുസ്ലിംകളെ കൊണ്ട് നോമ്പനുഷ്ഠിപ്പിച്ചു. ഒരേ ഉദയത്തിൽ എവിടെയെങ്കിലും മാസപ്പിറവി ദർശിച്ചാൽ മതിയെന്ന ഇവരുടെ വാദത്തെത്തന്നെ അവഗണിച്ചും പരിഹസിച്ചും കൊണ്ടാണ് ഇതെല്ലാം ഇവർ ചെയ്തത്.**

**മാസപ്പിറവി ചർച്ച ആരോഗ്യകരമാവണം:** കെ.എൻ.എം.... കാണുക എന്നത് പ്രധാനമാണ്. ഒരു പ്രദേശത്തെ കാഴ്ച മറ്റു പ്രദേശങ്ങളിൽ ബാധകമാണോ എന്ന കാര്യത്തിൽ പണ്ഡിതന്മാരിൽ ഭിന്നാഭിപ്രായമുണ്ട്. ലോകത്ത് എവിടെയെങ്കിലും ഒരു ഭാഗത്ത് കണ്ടാൽ എല്ലാവർക്കും അതുമതി എന്നഭിപ്രായമുണ്ട്. ഇതു ഏറ്റവും ശരിയായി തോന്നുന്നതായും സി.പി.ഉമർ സുല്ലമി അഭിപ്രായപ്പെട്ടു. (ശബാബ്:2008 സെപ്തംബർ 5 വെളളി, പേജ്:14)

കെ.എൻ.എം. സംഘടിപ്പിച്ച പഠന സെമിനാറിൽ ഉദ്ഘാടന പ്രസംഗം ചെയ്തുകൊണ്ട് കെ.എൻ.എം.സെക്രട്ടറി പ്രസംഗിച്ചതാണിത്. എം.എസ്സ്.എസ്സ് സംഘടിപ്പിച്ച സംവാദത്തിലും ഉമ്മർ സുല്ലമി K.J.U. പ്രസിഡന്റ് ഹമീദ് മദീനിയുടെ അനുവാദത്തോടെ ഈ അഭിപ്രായം പ്രഖ്യാപിക്കുകയുമുണ്ടായി. സംവാദത്തിന്റെ സി.ഡി ലഭിക്കുമെങ്കിൽ അതു കാണുക.

മറ്റുള്ള ഗോളങ്ങളിൽ പോയി താമസിക്കുന്ന മനുഷ്യർക്കും എന്ന അഭിപ്രായം എനിക്കു മാത്രമായിരിക്കാം. ഈ അഭിപ്രായത്തോട് വിയോജിക്കുന്നവർ അവരുടെ അഭിപ്രായം എഴുതി അൽഫനാർ മാസികയിലേക്ക് അയച്ചു കൊടുക്കുക.

**ചോദ്യം 2**

മക്കയെ അടിസ്ഥാനമാക്കി ചന്ദ്രമാസം തീരുമാനിക്കണമെന്ന അഭിപ്രായം ശരിയാണോ?

**ഉത്തരം:**

ഒരേ ഉദയത്തിൽ എവിടെയെങ്കിലും കണ്ടാൽ മതിയെന്ന ഖാളിമാരുടെയും ഹിലാൽ കമ്മറ്റിയുടെയും അഭിപ്രായ പ്രകാരം കേരളവും മക്കയും ഒരേ ഉദയത്തിൽ വരുന്ന സന്ദർഭത്തിൽ മക്കയിൽ മാസപ്പിറവി ദർശിച്ചുവെന്ന് അവർ പ്രഖ്യാപിക്കുകയാണെങ്കിൽ മക്കയെ അടിസ്ഥാനമാക്കാം. എന്നാൽ ഒരേ ഉദയത്തിൽ വരികയും ഉദയം ഉണ്ടാവുകയും ചെയ്യുന്ന സന്ദർഭത്തിൽ മാസപ്പിറവി ദർശിക്കാത്തതു കാരണം ചിലപ്പോൾ ഇവർ നോമ്പും പെരുന്നാളും ആചരിക്കാറില്ല. അതുപോലെ പ്രഭാതത്തിന്റെ മുമ്പായി ഭൂമിയിൽ ചന്ദ്ര ഉദയം ഉണ്ടായാലും ഉദയവ്യത്യാസം ഉണ്ട്. ഞങ്ങളുടെ ചക്രവാളത്തിൽ ഉദയം ഇല്ല. ഞങ്ങളുടെ ചക്രവാളത്തിൽ തന്നെ ഉദയം ഉണ്ടാവണം എന്നു പറഞ്ഞ് അവർ നോമ്പും പെരുന്നാളും തീരുമാനിക്കാറില്ല. ഇത്തരം സന്ദർഭത്തിലും മക്കയെ അടിസ്ഥാനമാക്കുവാൻ പാടില്ല. ഭൂമിയിൽ ഉണ്ടാകുന്ന ആദ്യത്തെ പിറവി ചന്ദ്രനെയാണ് അടിസ്ഥാനമാക്കുവാൻ ഖുർആനും നബിചര്യയും ഇമാമുകളും പറയുന്നത്. ഇതാണ് അടിസ്ഥാനവും മാനദണ്ഡവും. മക്കയല്ല, മക്കക്കാർക്കും ഇതു ബാധകമാണ്.

# ഗാസക്കാർ പരലോകത്തേക്കോ!

അവസാനത്തെ അതിർത്തികളും കടന്ന് എവിടേക്കാണ് നമുക്ക് പാലായനം നടത്താനാവുക? അവസാനത്തെ ആകാശവും കഴിഞ്ഞ് എവിടേക്കാണ് പറവകൾക്ക് പറക്കാനാവുക? **(മഹ്മൂദ് ദർവിഷ്. ഫലസ്തീൻ കവി)**

''കഴിവുകളും ആയുധശക്തിയും വെച്ചു നോക്കുമ്പോൾ ആനയും ഉറുമ്പും തമ്മിലുള്ള സംഘട്ടനമാണിത്. എല്ലാ ആക്രമണങ്ങളും അവസാനിക്കുന്നതോ ഫലസ്തീൻ ഭാഗത്ത് നൂറുകണക്കിന് സാധാരണ ജനങ്ങളെ കൊന്നൊടുക്കിക്കൊണ്ട്. ഗാസയിൽ യു.എൻ.നടത്തുന്ന ഒരു സ്കൂൾ വളപ്പിലേക്ക് ജൂലായ് 24-ാം തിയ്യതി ഇസ്രായിൽ നടത്തിയ ഷെല്ലാക്രമണത്തിൽ കുട്ടികളടക്കമുള്ള ഇരുപതു പേർ വധിക്കപ്പെട്ടു.''

**(എം.പി. വീരേന്ദ്രകുമാർ)**

ഈ ഹദീസ് നിങ്ങളെടുക്കുമോ? – 5

അബ്ദുറഹിമാൻ ഇരിവേറ്റി

# ആയത്തും പോയി! മതവിധിയും പോയി!!

സ്വഹീഹ് മുസ്ലിമിൽ താഴെ കാണും വിധം ഒരു ഹദീസുണ്ട്.

**"ആഇൗഷ(റ)യിൽ നിന്ന് നിവേദനം: അവർ പറഞ്ഞു. വിവാഹം നിഷിദ്ധമാകുന്നതിന് (ഒരു കുട്ടി) ഒരു സ്ത്രീയുടെ മുലപ്പാൽ പത്തു തവണ കുടിച്ചിരിക്കണമെന്ന നിയമമാണ് ഖുർആനിൽ ആദ്യം അവതരിയ്ക്കപ്പെട്ടിരുന്നത്. പിന്നീടത് അഞ്ചു തവണ (മതി) എന്നാക്കിച്ചുരുക്കി. നബി(സ) നിര്യാതനായ ശേഷവും ആ വചനം ഖുർആനിൽ വായിയ്ക്കപ്പെട്ട് പോന്നിരുന്നു! (സ്വ: മുസ്ലിം മുലകുടി ബന്ധം എന്ന അദ്ധ്യായം)**

ഒരു സ്ത്രീയുടെ മുലപ്പാൽ അവരുമായി യാതൊരു ബന്ധവും ഇല്ലാതിരുന്ന ഒരു കുട്ടി കുടിച്ചാൽ ആ കുട്ടിക്കവരുമായും അവരുടെ മക്കളുമായുമെല്ലാം മാതൃസഹോദരബന്ധം സംഭവിക്കും. അത് കാരണം അവരാരുമായും വിവാഹബവന്ധം സ്ഥാപിക്കാൻ പാടില്ല എന്ന നിയമം ഇസ്ലാമിലുള്ളത് ഏറെ സുവിദിതമാണല്ലോ. ആ മുലകുടിയുടെ എണ്ണം എത്രയായിരിക്കണം എന്നത് സംബന്ധിച്ച് ഖുർആനിൽ തന്നെ (ഒരേ ആയത്തിൽ) നിർദ്ദേശമുണ്ടായിരുന്നു എന്നാണ് ആഇൗഷ(റ)യുടെ പേരിൽ മുസ്ലിം റിപ്പോർട്ട് ചെയ്യുന്ന ഈ ഹദീസിലുള്ളത്! ആദ്യം അത് പത്തു തവണയായിരുന്നുവത്രേ! പിന്നീടത് ചുരുക്കി അഞ്ച് തവണയാക്കി! നബി(സ)യുടെ വിയോഗശേഷവും ആ ആയത്ത് ഖുർആനിൽ ഉണ്ടായിരുന്നുവത്രേ!

'കടിച്ചതിലും വിഷമുള്ളത് മാളത്തിലുണ്ട്' എന്ന പഴഞ്ചൊല്ല് പോലെയാണീ ഹദീസിന്റെ കഥ. ആയത്തുറജ്മ് (വ്യഭിചാരിയെ എറിഞ്ഞ് കൊല്ലണമെന്ന വിധിയുള്ള ആയത്ത്) ഖുർആൻ ക്രോഡീകരണത്തിന് മുമ്പെ തന്നെ നഷ്ടപ്പെട്ട് പോയെന്നാണ് ബുഖാരി റിപ്പോർട്ട് ചെയ്ത, ഉമറി(റ)ന്റെ പേരിലുള്ള ഹദീസിലുള്ളത്! അത് ആട് തിന്നു പോയതാണെന്നും വേറെ റിപ്പോർട്ടിലുണ്ട്. എന്നാൽ ആയത്ത് ആട് തിന്നോ മറ്റു വിധത്തിലോ നഷ്ടപ്പെട്ട് പോയെങ്കിലും അതിലെ മതവിധി ഇപ്പോഴും നിലനിൽക്കുന്നു എന്നാണ് പറയുന്നത്. ആയത്ത് പോയെങ്കിലും ഹുക്മ് പോയില്ല! എന്നാൽ സ്വഹീഹ് മുസ്ലിമിലെ ആഇൗഷ(റ)യുടെ പേരിലുള്ള ഈ ഹദീസിന്റെ സ്ഥിതി കുറെക്കൂടി ഗുരുതരമാണ്. ആയത്തും പോയി അതുൾക്കൊണ്ടിരുന്ന മതവിധിയും പോയി!

മുലകുടി ബന്ധം സ്ഥാപിക്കപ്പെടുവാൻ എത്ര തവണ കുട്ടി ഒരു സ്ത്രീയുടെ മുല കുടിച്ചിരിക്കണമെന്ന് പറയുന്ന ഒരു വിധിയും ഇന്ന് ഖുർആനിൽ ഇല്ലല്ലോ! മാത്രമല്ല ഈ വിധിയുള്ള ആയത്ത് നബി(സ)യുടെ വിയോഗത്തിന് ശേഷം പോലും ഉണ്ടായിരുന്നുവെന്നാണ് ആഇൗഷ(റ) പറയുന്നത്! അപ്പോൾ ഈ ആയത്തും അതോടൊപ്പം സുപ്രധാനമായ ഒരു മതവിധിയും നഷ്ടപ്പെട്ട സാഹചര്യം എന്തായിരിക്കാം? അത് ന്ഷ്ടപ്പെടുത്തിയത് ആരായിരിക്കാം? ഖുർആനിൽ ഉണ്ടായിരുന്നത് നഷ്ടപ്പെടുമോ? അപ്പോൾ അല്ലാഹുവിന്റെ ഖുർആൻ സംബന്ധിച്ച അസന്നിഗ്ദ വാഗ്ദാനം തകർക്കപ്പെട്ടെന്നോ? (നാമാണ് ആ ഉൽബോധനത്തെ ഇറക്കിയിട്ടുള്ളത്. നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും. വി.ഖുർആൻ - പലയിടങ്ങളിൽ ആവർത്തിക്കുന്നു).

മുകളിൽ പറഞ്ഞ ഹദീസിന്റെ സനദിന് എന്തെങ്കിലും കുഴപ്പമുള്ളതായി ആരും പറഞ്ഞ് കാണുന്നില്ല. സനദിന് കുഴപ്പമില്ലാത്ത സ്വ:ബുഖാരിയിലേയും


സ്വഹീഹ് മുസ്ലിമിലേയും മുഴുവൻ ഹദീസുകളും ചോദ്യമോ വിശകലനമോ കൂടാതെ സ്വീകരിയ്ക്കണമെന്നാണ് 'ഹദീസ് ഖുർആനെപ്പോലെത്തന്നെ' എന്ന് പറയുന്ന ഹദീസ് വാദികളുടെ വാദം. അപ്പോൾ അക്കൂട്ടർ ഈ ഹദീസ് സ്വീകരിക്കുന്നുണ്ടാവു മല്ലോ. അപ്പോഴവർ തള്ളുന്നത് ഏതിനെയാണ്? ഖുർആനെയോ? ഖുർആന് വള്ളിപുള്ളി വ്യത്യാസമി ല്ലെന്ന 1500 വർഷമായുള്ള മുസ്ലിം ജനസാമാന്യത്തിന്റെ ഇജ്മാഇ (ഐക്യക ണ്ഠേനയുള്ള വിശ്വാസം) നെയോ?

ബുഖാരിക്കും മുസ്ലിമിനും യാതൊരു വിധ തെറ്റും സംഭവിക്കുകയില്ലെന്ന് വാദിക്കുമ്പോൾ അവർ സഹായിക്കുന്നത് ആരെയാണ്? ഖുർആൻ അപൂർണ്ണമാണ്, അതിൽ നിന്ന് പലതും നഷ്ടപ്പെട്ടിട്ടുണ്ട്. അതിൽ ഇല്ലാത്തത് പലതും കടന്ന് കൂടിയിട്ടുണ്ട് എന്ന് വാദിക്കുന്ന ഇസ്ലാമിന്റെ, അകത്തും പുറത്തുമുള്ള ശത്രുക്കളെയോ?

ഈ ഹദീസ് പരിഭാഷപ്പെടുത്തിയ പലരും ഇത് സംബന്ധിച്ച് 'കമ' എന്നൊരക്ഷരം മിണ്ടിയിട്ടില്ല! അവർ പ്രേതത്തെ കണ്ട് പേടിച്ച പോലെ! തങ്ങളുടെ ബുദ്ധിക്ക് നിരക്കാത്ത പല ഹദീസുകളേയും നിഷേധിച്ച ചില പണ്ഡിതന്മാർ പോലും ഖുർആന്റെ ആണിവേരിന് കത്തിവെക്കുന്ന ഇത്തരം ഹദീസുകളെക്കുറിച്ച് ഒന്നും പ്രതികരിക്കാതിരിക്കുന്നത് വിസ്മയകരം തന്നെ!

ഹദീസുകളിൽ കാണുന്ന ഖുർആൻ വിരുദ്ധത, പ്രകൃതി വിരുദ്ധത, പ്രവാചകനിന്ദ, മാതൃനിന്ദ, പ്രവാചകത്വ പരിസമാപ്തിയിലുള്ള സംശയം, അർത്ഥശൂന്യത തുടങ്ങിയവ ചർച്ചക്ക് വിധേയമാക്കുമ്പോൾ അവിടവിടെ നിന്ന് പിറുപിറുത്തിട്ടും 'ഹദീസ് നിഷേധിയെന്ന് ഭത്സിച്ചിട്ടും' പ്രയോജനമില്ല. തെറ്റു നിരത്തിയിട്ടുള്ള ഖണ്ഡനങ്ങളാണ് കണ്ടത്. അതിനെ സഹർഷം സ്വാഗതം ചെയ്യുന്നു.

**പുസ്തകാഭിപ്രായം** സലീം ഗുരുകുലം



എന്റെ പ്രിയപ്പെട്ട സബിത ടീച്ചർ എഴുതി ഐ പി എച്ച് പ്രസിദ്ധീകരിച്ച 'നൈലിന്റെയും ഒലീവിന്റെയും നാടുകളിലൂടെ സബിത ടീച്ചർ' എന്ന യാത്രാവിവരണ പുസ്തകത്തെ പരിചയപ്പെടുത്താനാണ് എന്റെ എളിയ ശ്രമം. ചരിത്രവും മതവും ഇഴചേർന്നു നിൽക്കുന്ന ഭൂഖണ്ഡങ്ങളിലൂടെയുള്ള യാത്രാനുഭവങ്ങളാണ് ടീച്ചർ ഈ കൃതിയിൽ നമ്മോട് പങ്കുവെക്കുന്നത്. കാഴ്ചകൾ മാത്രം കണ്ട് കടന്നു പോകുന്ന ഒരു സാധാരണ വിനോദയാത്രയുടെ വസ്തുതാ വിവരണത്തിന്റെ ചെടിപ്പിലേക്ക് താണു പോകുന്നില്ല എന്നതാണ് ഈ യാത്രാ അനുഭവത്തെ അനുഭൂതി ദായകമാക്കുന്ന ഘടകം. കാഴ്ചകൾ കണ്ടു രസിക്കുന്ന സമയത്തും തദ്ദേശവാസികൾ, ഇതര വിനോദ സഞ്ചാരികൾ ഇവരുമായി നടത്തുന്ന ആശയവിനിമയങ്ങളും ഇടപെടലുകളും സഹയാത്രികരുമായുള്ള സല്ലാപങ്ങളും യാത്രയുടെ അനുഭവ തലത്തെ സമ്പന്നമാക്കുന്നു. യാത്രാവിവരണം വായനാ താൽപ്പര്യമാക്കുകയും ചെയ്യുന്നു.

ചരിത്രത്തിന്റെ വലിയ കലവറകളായ ഈജിപ്തിലൂടെയും ഫലസ്തീനിലൂടെയുമാണ് ടീച്ചർ സഞ്ചരിക്കുന്നത്. ഇസ്ലാം, യഹൂദ, ക്രൈസ്തവ മഹാ മതങ്ങളുടെ മടിത്തട്ടായ ഈ ഭൂഖണ്ഡങ്ങളിലൂടെയുള്ള സഞ്ചാരത്തിന്റെ ആത്മീയ മാധുര്യവും സമകാലിക രാഷ്ട്രീയ വർത്തമാനങ്ങളുടെ കയ്പ്പും പ്രതീക്ഷകളുമൊക്കെ വായനക്കാരുടെ മനസ്സിനെ അനുഭവിപ്പിക്കുന്ന ശൈലി ഈ പുസ്തകത്തെ ഹൃദ്യമാക്കുന്നു. ഇസ്ലാമിക പ്രബോധന രംഗത്തും സാമൂഹ്യ സേവന രംഗത്തും സജീവമായി പ്രവർത്തിക്കുന്ന ടീച്ചർ അത്തരം മേഖലകളിലെ തന്റെ അനുഭവസമ്പത്ത് കൂടി ഈ പുസ്തകത്തിൽ അതിസമർത്ഥമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. യാത്രയുടെ ഒരു പെൺ നിരീക്ഷണം എന്ന നിലക്കും ഈ പുസ്തകം അറിയപ്പെടുന്നതാകും.

കർമ്മഭൂമിക

എ.എ. സുല്ലമി

# വിത്റും തഹജ്ജുദും

കോഴിക്കോട് പ്രദേശത്തെ മുസ്ലിംകളിൽ അധികപേരും തഹജ്ജൂദ് നമസ്കരിക്കുന്നവരാണ്. റമളാൻ മാസത്തിൽ ഖുർആൻ ശ്രവിക്കുവാനും 11 റക്അത്തും ഒറ്റക്ക് ഖുർആൻ ഓതി നമസ്കരിക്കുവാൻ സാധിക്കാത്തതു കൊണ്ടും പ്രസംഗം ശ്രവിക്കുവാനും വേണ്ടി അവരിൽ ചിലർ റമളാൻ മാസത്തിൽ ഇശായുടെ ശേഷം നടക്കുന്ന തറാവീഹ് നമസ്കാരത്തിൽ പങ്കെടുത്തു വിത്റാകാതെ അതു തഹജ്ജൂദുമായി നമസ്കരിക്കുവാൻ വേണ്ടി ഇമാമിനെ വിട്ടുപിരിയുന്നവരാണ്. ഇമാമിനെ വിട്ടുപിരിയുവാൻ പാടില്ലെന്നും 11 റക്അത്തു നമസ്കരിക്കുന്ന ഇമാമിനെ പിൻതുടർന്നാൽ പതിനൊന്ന് റക്അത്തും പൂർത്തിയാക്കി നമസ്ക്കരിക്കണമെന്ന് മതവിധി നൽകുന്ന മൗലവിമാർ തഹജ്ജൂദ് ഉപേക്ഷിക്കുവാൻ പ്രയാസമുള്ളവരോട് പറയുന്ന ഫത്വ അന്ത്യദിനം അടുത്തിട്ടുണ്ട് എന്നതിന് ഒരു തെളിവു കൂടിയാണ്. രണ്ട് തരം ഫത്വയാണ് ഇവർ പറയുന്നത്. **“അന്ത്യദിനം അടുക്കുമ്പോൾ പണ്ഡിതന്മാർ എല്ലാവരും വേഗത്തിൽ മരിക്കും. അവസാനം വിഢ്ഢികൾ മാത്രം അവശേഷിക്കും. ജനങ്ങൾ ഇവരെ പണ്ഡിതന്മാരായി കരുതി ഇവരോട് മതവിധി ചോദിക്കും. ഇവർ മതവിധി ഉടനെ നൽകി അവർ സ്വയം വഴികേടിലാകുകയും മറ്റുള്ളവരെ വഴികേടിലാക്കുകയും ചെയ്യും എന്ന് നബി(സ) അരുളി (ബുഖാരി).** ഇവർ നൽകുന്ന രണ്ട് മതവിധിയും പ്രവാചകന്റെ ഈ പ്രവചനം പുലർന്നു കൊണ്ടിരിക്കുകയാണെന്ന് വിളിച്ചു പറയുന്നു.

**മതവിധി:1**

ഇമാമിന്റെ കൂടെ നിങ്ങൾ 11 റക്അത്തും നമസ്കരിച്ച ശേഷം വീട്ടിൽ പോയി ഉറങ്ങി എഴുന്നേറ്റ ശേഷം രണ്ട് റക്അത്തു തഹജ്ജൂദ് നമസ്കരിച്ചു കൊള്ളുക.

**മറുപടി:1**

മുജാഹിദ് പ്രസ്ഥാനം ഒന്നാം തിയ്യതി മുതൽ പറഞ്ഞു വരുന്നതു തഹജ്ജൂദ് എന്നൊരു പ്രത്യേക നമസ്കാരമില്ല. വിത്റ് ഉറങ്ങിയ ശേഷം നമസ്കരിക്കുകയാണെങ്കിൽ അതിന് പറയുന്ന പേരാണ് തഹജ്ജൂദ് എന്ന്. തഹജ്ജൂദും ഒറ്റയായി (വിത്റാക്കി) ആണ് നമസ്ക്കരിക്കേണ്ടത്. റമളാൻ മാസത്തിലാവട്ടെ നബി(സ) വിത്റ് വേറെയും തഹജ്ജൂദ് വേറെയുമായി നമസ്കരിച്ചിട്ടില്ല. നബി(സ)യുടെ വിത്റ് തന്നെയായിരുന്നു അവിടുത്തെ തഹജ്ജൂദും. അവിടുത്തെ തഹജ്ജൂദ് തന്നെയായിരുന്നു അവിടുത്തെ വിത്റും. വിത്റാക്കിയ ശേഷം നബി(സ) സുബ്ഹ് ബാങ്ക് വിളിച്ചാൽ സുബ്ഹിന്റെ രണ്ടു റക്അത്തു സുന്നത്തു മാത്രമായിരുന്നു റമളാൻ മാസത്തിലും മറ്റുള്ള മാസങ്ങളിലും നമസ്കരിക്കാറുള്ളത്. മുജാഹിദുകളുടെ അടിസ്ഥാനപരമായ ഈ വാദത്തെയാണ് ഇവർ ചോദ്യം ചെയ്യുന്നത്. ചവിട്ടി മെതിക്കുന്നത്.

**മറുപടി 2**

1. ഇബ്നു ഉമർ(റ) നിവേദനം... തിരുമേനി അരുളി: ‘രാത്രിയിലെ നമസ്കാരം അവസാനമായി വിത്റാക്കുവീൻ.’ (ബുഖാരി:998, മുസ്ലിം .750)

2. ഇബ്നു ഉമർ(റ) നിവേദനം: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: വിത്ർ എന്നതു രാത്രിയുടെ അവസാനം ഒരു റക്അത്തു നമസ്കരിക്കലാണ്.(മുസ്ലിം:752)

3. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ വല്ലവരും സുബ്ഹ് നമസ്കാരത്തെ ഭയപ്പെട്ടാൽ അവൻ ഒരു റക്അത്തു വിത്ർ നമസ്കരിക്കട്ടെ, അപ്പോൾ നമസ്കരിച്ചതിനെ മുഴുവൻ വിത്റാക്കും.

(മുസ്ലിം: 749)

4. ഇബ്നു ഉമർ(റ) നിവേദനം: ഒരു മനുഷ്യൻ നബി(സ)യോടു രാത്രി നമസ്കാരത്തെക്കുറിച്ചു ചോദിച്ചു. അപ്പോൾ നബി(സ) പറഞ്ഞു: രാത്രി നമസ്കാരം രണ്ടു റക്അത്തു വീതമാണ്. സുബ്ഹിനെ നിനക്ക് അനുഭവപ്പെട്ടാൽ ഒരു റക്ത്തു കൊണ്ടു നീ വിത്റാക്കുക (ബുഖാരി, മുസ്ലിം)

5. നബി(സ) അരുളി: സുബ്ഹിനെ വിത്ർ കൊണ്ടു നീ മുൻകടക്കുക (മുസ്ലിം: 750)

6. ഇബ്നു ഉമർ(റ) നിവേദനം: വല്ലവനും രാത്രി നമസ്കരിക്കുകയാണെങ്കിൽ അവന്റെ രാത്രിയിലെ അവസാന നമസ്കാരം വിത്റാക്കട്ടെ. ഇപ്രകാരമാണ് നബി(സ) കൽപ്പിച്ചത്. (മുസ്ലിം)

7. ആഇൗശ(റ) നിവേദനം: നബി(സ)രാത്രിയിൽ നമസ്കരിക്കും. അവിടുത്തെ രാത്രിയിലെ നമസ്കാരം അവസാനം വിത്റാക്കുന്നതുവരെ (മുസ്ലിം: 752) (മുസ്ലിം: 740)

8. ആഇൗശ(റ) നിവേദനം: നബി(സ) രാത്രിയിൽ പതിനൊന്ന് റക്അത്തും നമസ്കരിക്കും. അങ്ങനെ പ്രഭാതമായാൽ ലഘുവായ രണ്ടു റക്അതത്തും നമസ്കരിക്കും (ബുഖാരി: 6315)

9. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) രാത്രിയിൽ പതിനൊന്നു റക്അത്ത് നമസ്കരിക്കും. ശേഷം ബിലാൽ(റ) നമസ്കാരത്തിനു ബാങ്ക് വിളിക്കും. അപ്പോൾ നബി(സ) രണ്ടു റക്അത്ത് നമസ്കരിക്കും. ശേഷം പുറപ്പെട്ടു ജനങ്ങളുമായി സുബ്ഹ് നമസ്കരിക്കും. (ബുഖാരി : 7452)

10. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) രാത്രിയിൽ എട്ടു റക്അത്തു നമസ്കരിക്കും. മൂന്ന് കൊണ്ട് വിത്റാക്കും. ശേഷം സുബ്ഹിന്റെ രണ്ട് റക്അത്തു നമസ്കരിക്കും. (നസ്സാഇൗ)

**ഉറങ്ങുന്നതിന്റെ മുമ്പ് ഇശായുടെ ഉടനെ തറാവീഹ് 11 റക്അത്തും ഇമാമിന്റെ കൂടെ നമസ്കരിച്ചാൽ അവന് തഹജ്ജുദ് ലഭിക്കുമെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. (മൗലവിമാർ) ഇതു നബി(സ)യുടെ പേരിലുള്ള നുണ പ്രചരണം മാത്രമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് തഹജ്ജുദാവണമെങ്കിൽ ഉറങ്ങിയ ശേഷം എഴുന്നേറ്റ് നമസ്കരിക്കണമെന്നാണ്. ഇതാണ് നബി(സ) മുസ്ലിംകൾക്ക് കാണിച്ചു തന്ന മാതൃകയും. ഇതുകൊണ്ടാണ് രാത്രിയുടെ അവസാനം വിത്റാക്കുവാൻ നബി(സ) കൽപ്പിച്ചത്. നബി(സ) രണ്ടു ദിവസം ജനങ്ങളെയുമായി നമസ്കരിച്ച് നമുക്ക് മാതൃക കാണിച്ചു തന്നതും ഇശായുടെ ഇടനെ നമസ്കരിച്ചു കൊണ്ടല്ല.**

11. ഇബ്നു അബ്ബാസ് (റ) നിവേദനം: നബി(സ) രാത്രി എഴുന്നേറ്റ് പതിമൂന്ന് റക്അത്തു നമസ്കരിച്ചു. സുബ്ഹിന്റെ രണ്ടു റക്അത്തു അതിൽ ഉൾപ്പെടുന്നു. (അബൂദാവൂദ്)

12. ആഇൗശ(റ) നിവേദനം: നബി(സ) രാത്രിയിൽ പതിമൂന്നു റക്അത്തു നമസ്കരിക്കും. വിത്റും സുബ്ഹിന്റെ രണ്ടു റക്അത്തും അതിൽ ഉൾപ്പെടുന്നു. (ബുഖാരി, മുസ്ലിം)

13. ആഇൗശ(റ) നിവേദനം: രാത്രിയിൽ നബി(സ) യുടെ നമസ്കാരം പതിനൊന്ന് റക്അത്തായിരുന്നു. ഒരു റക്അത്തുകൊണ്ട് നബി(സ) വിത്റാക്കും. ശേഷം സുബ്ഹിന്റെ രണ്ടു റക്അത്തു നമസ്കരിക്കും. പതിമൂന്ന് റക്അത്തിന്റെ ഉദ്ദേശ്യം ഇതാണ് (മുസ്ലിം)

അപ്പോൾ നബി(സ) കൽപ്പിച്ചത് രാത്രിയിൽ അവസാനത്തെ നമസ്കാരം വിത്റാക്കുവാനാണ്. നബി(സ)യുടെ പ്രവർത്തനവും ഇതു തന്നെയായിരുന്നു. വിത്റാക്കിയാൽ അവിടുന്ന് നമസ്കരിക്കാനുള്ള സുന്നത്ത് നമസ്കാരം സുബ്ഹിന്റെ ബാങ്ക് വിളിച്ചാൽ സുബ് ഹിന്റെ രണ്ടു റക്അത്തു മാത്രം നമസ്കരിക്കലായിരുന്നു. പതിമൂന്നു റക്അത്തു രാത്രിയിൽ നബി(സ) നമസ്കരിക്കും എന്നു പറയുന്ന ആഇശ(റ)യും ഇബ്നു അബ്ബാസും (റ) തന്നെ അതിന്റെ ഉദ്ദേശ്യം സുബ്ഹിന്റെ രണ്ടു റക്അത്തും ഉൾപ്പെടെയാണെന്ന് വിശദീകരിക്കുകയും ചെയ്യുന്നു. റമളാനിലെ നബി(സ)യുടെ നമസ്കാരവും ഇപ്രകാരമായിരുന്നു.

എന്നാൽ ഈ മുഫ്തികൾ മുസ്ലിംകളോട് പറയുന്നത് വിത്റാക്കിയ ശേഷവും സുബ്ഹി

ന്റെ രണ്ടു റക്അത്തിന് പുറമെ തഹജ്ജൂദ് എന്ന പേരിൽ രണ്ടു റക്ത്തു നമസ്കരിക്കു വാനാണ്. നബി(സ) തഹജ്ജൂദ് രാത്രിയിൽ നമസ്കരിക്കാറില്ല എന്നും ഇവർ ജൽപ്പിക്കു ന്നു. നബി(സ) രാത്രിയുടെ അവസാനം വിത്റാണ് നമസ്കരിക്കാറുള്ളത്. ഇതു തഹ ജ്ജൂദല്ല എന്നും ഇവർ ജൽപ്പിക്കുന്നു. ചില നിവേദനത്തിൽ വന്ന പിഴവ് മാത്രമാണ് 13 റക് അത്തിന്റെ ഉദ്ദേശ്യം സുബ്ഹിന്റെ റക്അ ത്തിനു പുറമെ തന്നെയുള്ളതാണെന്ന നിവേ ദനം. ആഇൗശ(റ)യും ഇബ്നു അബ്ബാസും (റ) ഇതു വ്യക്തമാക്കുന്നു. പതിനൊന്ന് റക് അത്തിൽ അധികം നബി(സ) സുബ്ഹിന്റെ ബാങ്കിന് മുമ്പായി സുന്നത്തു നമസ്കരിക്കാ റില്ല. 8 റക്അത്തു നമസ്കരിച്ചാൽ സുബ്ഹി ന്റെ ബാങ്കു വിളിക്കുവാൻ സമയം കൂടുതൽ ഉണ്ടായാലും നബി(സ) റക്അത്തു വർദ്ധിപ്പി ക്കുകയില്ല. ബാങ്ക് വിളിക്കാനായാൽ എഴുന്നേറ്റ് 3 റക്അത്തു കൂടി നമസ്കരിച്ചു പള്ളിയിലേക്ക് സുബ്ഹ് നമസ്കാരത്തിന് നേതൃത്വം നൽകുവാൻ വേണ്ടി പുറപ്പെട്ടു ജനങ്ങളെ യുമായി സുബ്ഹ് ജമാഅത്തായി നമസ്കരി ക്കും. അവിടുത്തെ തഹജ്ജൂദും വിത്റും ഒന്നു തന്നെയായിരുന്നു. ഇതിന് എതിരായി പറയുന്ന ഹദീസുകൾ എല്ലാം സനദ് ദുർബ്ബലമായതോ നിവേദകന്മാർക്ക് പറ്റിയ പിഴവുകളോ ആണ്. ഹദീസിന്റെ എല്ലാ വശങ്ങളും മനസ്സിലാക്കി യവർക്ക് ഈ സത്യവും മനസ്സിലാവുന്നതാണ്. മുറി മൗലവിമാർ മാത്രമാണ് ഇതിനെതിരായി ശബ്ദിക്കുക.

**മതവിധി 2**

ഉറങ്ങുന്നതിന്റെ മുമ്പ് ഇശായുടെ ഉടനെ തറാവീഹ് 11 റക്അത്തും ഇമാമിന്റെ കൂടെ നമ സ്കരിച്ചാൽ അവന് തഹജ്ജൂദ് ലഭിക്കുമെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. (മൗലവിമാർ). ഇതു നബി(സ)യുടെ പേരിലുള്ള നുണ പ്രചരണം മാത്രമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് തഹജ്ജുദാവണമെങ്കിൽ ഉറങ്ങിയ ശേഷം എഴുന്നേറ്റ് നമസ്കരിക്കണമെന്നാണ്. ഇതാണ് നബി(സ) മുസ്ലിംകൾക്ക് കാണിച്ചു തന്ന മാതൃകയും. ഇതുകൊണ്ടാണ് രാത്രി യുടെ അവസാനം വിത്റാക്കുവാൻ നബി(സ) കൽപ്പിച്ചത്. നബി(സ) രണ്ടു ദിവസം ജനങ്ങ ളെയുമായി നമസ്കരിച്ച് നമുക്ക് മാതൃക കാണിച്ചു തന്നതും ഇശായുടെ ഇടനെ നമ സ്കരിച്ചു കൊണ്ടല്ല. പ്രത്യുത്യ രാത്രിയുടെ അവസാനം ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ് നമ സ്കരിച്ചു കൊണ്ടാണ്, തഹജ്ജൂദ് നഷ്ടപ്പെ ടുത്താതെയാണ് നബി(സ) ഈ രണ്ടു രാത്രി കളിലും തറാവീഹ് നമസ്കരിച്ചത്.

“തീർച്ചയായും ഇമാമിന്റെ കൂടെ ഒരു മനു ഷ്യൻ ഇമാമ് നമസ്കാരത്തിൽ നിന്ന് പിരി യുന്നതു വരെ നമസ്കരിച്ചാൽ അവന് രാത്രി നമസ്കാരമായി അതിനെ പരിഗണിക്കപ്പെടും” എന്ന് പറയുന്ന ഒരു ഹദീസ് അബൂദാവൂദ് ഉദ്ധ രിക്കുന്നുണ്ട്. (നമ്പർ: 1375) ഇതിൽ തന്നെ ഇശായുടെ ഉടനെ, ഉറങ്ങുന്നതിന്റെ മുമ്പ് എന്നു പറയുന്നില്ല. പുറമെ തഹജ്ജൂദ് ലഭിച്ചു എന്നും പറയുന്നില്ല. രാത്രി നമസ്കാരം ലഭിച്ചു എന്നാണ് പറയുന്നത്. ഉറങ്ങാതെ ഇശായുടെ ഉടനെ നമസ്കരിച്ചാലും രാത്രി നമസ്കാര മായി പരിഗണിക്കുന്നതാണ്. ഇതിൽ നമുക്ക് തർക്കമില്ല. തഹജ്ജൂദായി പരിഗണിക്കപ്പെടു കയില്ല. ഇതാണ് നമ്മുടെ വാദം. റമളാനിൽ നബി(സ) രണ്ടു ദിവസം ഇമാമായി നമസ്ക രിച്ച ശേഷം മൂന്നാം ദിവസം വരാതിരിക്കുവാ നുള്ള കാരണം പറഞ്ഞത് വീട്ടിൽ വെച്ച് നമ സ്കരിക്കലാണ് ഏറ്റവും ഉത്തമമായത് എന്നാ യിരുന്നു. (ബുഖാരി, മുസ്ലിം). നിങ്ങളുടെ മേൽ ഫർളാക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു എന്നു നബി(സ) പറഞ്ഞതു മൂന്നാം ദിവസം വരാതിരിക്കുവാനുള്ള കാരണം പറഞ്ഞതല്ല. സഹാബിമാരുടെ ആവേശത്തിന്റെ കാഠിന്യ ത്തെക്കുറിച്ചു പറഞ്ഞതാണ്.

കഴിഞ്ഞ ലക്കത്തിൽ നാം വിവരിച്ചതു പോലെ പുറമെ ഈ ഹദീസിന്റെ ചർച്ചയിലു ള്ള ദാവൂദ്ബ്നു അബീഹിന്ദ് എന്ന വ്യക്തി ധാരാളം വൈരുദ്ധ്യങ്ങൾ ഉദ്ധരിക്കുന്ന മനുഷ്യ നാണെന്ന് ഇമാം അഹമദ്(റ) പ്രസ്താവിക്കു ന്നുണ്ട്. (തഹ്ദീബ്). ഇതുകൊണ്ടാണ് ഹദീ സിന്റെ പൂർണ്ണരൂപം മൗലവിമാർ ഉദ്ധരിക്കാതെ ഒരു കഷ്ണം മാത്രം ഉദ്ധരിക്കുന്നത്. പൂർണ്ണ രൂപം ഉദ്ധരിച്ചാൽ ഈ ഹദീസും ബുഖാരിയും മുസ്ലിമും ഏകോപിച്ച് ഉദ്ധരിച്ച ഹദീസിന് എതി രാണെന്ന് വായനക്കാർക്കും പ്രസംഗം കേൾക്കുന്നവർക്കും തിരിയുമെന്ന് ഇവർക്കു തന്നെ അറിയുന്നതാണ്. അതിനാൽ മനഃപൂർവ്വം ഹദീസിന്റെ പൂർണ്ണരൂപം വിട്ടുക ളയുകയാണിവർ. അനസ്(റ)വിൽ നിന്ന് ഒരു ഹദീസ് പോലും ഈ മനുഷ്യൻ കേട്ടിട്ടില്ല. എങ്കിലും അനസിൽ(റ) നിന്ന് നേരിട്ട് കേട്ടതു

പോലെ ഇദ്ദേഹം ഹദീസുകൾ ഉദ്ധരിക്കാറുണ്ട്. ഇത്തരക്കാർ "അൻ" എന്ന പദം ഉപയോഗിച്ച് ഹദീസ് പറഞ്ഞാൽ ഹദീസ് സ്വഹീഹല്ല. ഈ ഹദീസ് "അൻ" ഇട്ടാണ് ഉദ്ധരിക്കുന്നതും. പുറമെ തർക്കവിഷയത്തെക്കുറിച്ച് ഈ ഹദീസിൽ പ്രസ്താവനയുമില്ല. നമ്മുടെ തർക്ക വിഷയം താഴെ വിവരിക്കുന്നവയാണ്.

1. ഇശായുടെ ഉടനെത്തന്നെ തറാവീഹ് നമസ്കരിക്കുന്ന ഇന്നത്തെ രീതിയെ നബി(സ) പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ?

2. ഉറങ്ങുന്നതിന്റെ മുമ്പ് ഇപ്രകാരം നമസ്കരിച്ചാൽ അവന് തഹജ്ജൂദ് ലഭിക്കുമോ?

3. ഇപ്രകാരം നമസ്കരിച്ചതിന് തഹജ്ജൂദ് എന്നു പറയുമോ?

4. റമളാനിൽ തഹജ്ജൂദ് നഷ്ടപ്പെടുത്തി ഒരൊറ്റ തറാവീഹ് നമസ്കാരമെങ്കിലും നബി(സ) നമസ്കരിച്ചിട്ടുണ്ടോ?

5. ഇമാമിന്റെ കൂടെ പതിനൊന്ന് റക്അത്തും നമസ്കരിച്ചവൻ തഹജ്ജൂദായി രണ്ട് റക്അത്തു വീണ്ടും നമസ്കരിക്കൽ നബി(സ) ചര്യയിൽ പെട്ടതാണോ?

6. വിത്റും തഹജ്ജൂദും രണ്ടാണോ?

7. തഹജ്ജൂദ് ഒറ്റയാക്കിയാണോ നമസ്കരിക്കേണ്ടത് അതല്ല രണ്ട് റക്അത്തു നമസ്കരിക്കുന്നതു പോലെ ഇരട്ടയാക്കിയാണോ നമസ്കരിക്കേണ്ടത്?

8. രാത്രിയിൽ സുബ്ഹിന്റെ ബാങ്കിന്റെ മുമ്പായി നമസ്കരിക്കുന്ന ഏറ്റവും അവസാനത്തെ നമസ്കാരം ഒറ്റയാണോ ഇരട്ടയാണോ? ഈ നമസ്കാരം വിത്റാക്കുവാൻ നബി(സ) നിർദ്ദേശിച്ചിട്ടുണ്ടോ?

9. നബി(സ) റമളാനിൽ തറാവീഹ് എന്ന ഒരു നമസ്കാരവും തഹജ്ജൂദ് എന്ന പേരിൽ മറ്റൊരു നമസ്കാരവും നിർവ്വഹിച്ചിട്ടുണ്ടോ?

10. തഹജ്ജൂദ് എത്ര റക്അത്താണ്?

11. ഇശായുടെ രണ്ടു റക്അത്തിനു ശേഷം സുബ്ഹിന്റെ ബാങ്കിന്റെ മുമ്പായി നബി 11 റക്അത്തു മാത്രമാണ് നമസ്കരിച്ചിരുന്നത് എന്നു പറയുന്ന ഹദീസുകൾ ദുർബ്ബലമാണോ? അല്ലെങ്കിൽ ഏറ്റവുമധികം സ്ഥിരപ്പെട്ട ഹദീസുകൾക്ക് എതിരാണോ? നമസ്കരിച്ചു എന്നു പറയുന്ന വാദമാണോ നമസ്കരിച്ചില്ല എന്നു പറയുന്ന വാദമാണോ ഏറ്റവും സ്ഥിരപ്പെട്ടതും വർദ്ധിച്ചതുമായ ഹദീസുകൾക്കും എതിര്?

12. **"ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോടു പ്രാർത്ഥിക്കുന്നവരായി കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്" (സജദ: 16).** നോമ്പ് കാലത്ത് ഇതിന് പ്രസക്തിയുണ്ടോ? ഇമാമിന്റെ കൂടെ ഇശായുടെ ഉടനെ ഉറങ്ങുന്നതിന്റെ മുമ്പ് 11 റക്അത്തും ശേഷം ഉറങ്ങി രണ്ട് റക്അത്തും നമസ്കരിച്ചാണോ ഈ നിർദ്ദേശം പ്രായോഗികമാക്കേണ്ടത്?

# യു.എൻ - നോക്കുകുത്തി!

"ഇസ്രായിലിന്റെ ഗസ്സ അതിക്രമം ഐക്യരാഷ്ട്രസഭയുടെ പ്രസക്തിയാണ് ചോദ്യം ചെയ്യുന്നത്. അമേരിക്കക്ക് ഇഷ്ടമില്ലാത്തതൊന്നും യു.എനിൽ വിജയിപ്പിച്ചെടുക്കാൻ കഴിയില്ല എന്നുറപ്പായിരിക്കെ എന്തിനാണ് ലോകം ആ സംഘടനയിലേക്ക് ഉറ്റു നോക്കുന്നത്? ബ്രിക്സിന്റെ നീളം വർദ്ധിപ്പിച്ച് അമേരിക്കൻ ചേരിയുടെ താന്തോന്നിത്തരം അവസാനിപ്പിച്ച് അവരെ ഒരു നോക്കുകുത്തിയാക്കുകയാണ് വേണ്ടത്. എന്തു കണ്ടിട്ടാണ് ഇന്ത്യ ഇസ്രായിലിനെ അനുകൂലിക്കുന്നത്.? ജൂതർക്ക് ഹിന്ദുവും മുസ്ലിമും എല്ലാം കണക്കാണ്. ഇസ്രായിലിനു പകരം അവരെ കുടിയിരുത്തിയത് മുംബെയിലോ ഡൽഹിയിലോ ആയിരുന്നെങ്കിൽ ഇന്ന് ഇന്ത്യ എന്ന രാജ്യം കോഴിക്കോടിന്റെ അത്രയും വലുപ്പത്തിൽ ചുരുങ്ങുമായിരുന്നു."

**(വിഘ്നേശ് ഗംഗൻ. ഫേസ്ബുക്ക്)**

അധഃപതനം

നാഖിദ് അഖ്ബാർ

# മുസ്ലിം ഐക്യവേദിയുടെ വെള്ളത്തിൽ വരച്ച പെരുമാറ്റച്ചട്ടം

**മുസ്ലിം സമുദായത്തിന്റെ എന്തെങ്കിലും ഗുരുതരമായ പ്രശ്നത്തിനു വേണ്ടി കൂടുകയോ നിർണ്ണായകമായ ഗൗരവ തീരുമാനങ്ങളെടുക്കുകയോ ചെയ്ത് ചരിത്രം സൃഷ്ടിച്ചിട്ടില്ല. മദ്യമുക്ത കേരളം സാധ്യമാക്കാനോ വിവാഹാഡംബര ധൂർത്തുകൾക്കെതിരിൽ അണി ചേരാനോ അധാർമ്മികതയിൽ കൂപ്പുകുത്തി മറിയുന്ന മുസ്ലിം യുവതയുടെ കടിഞ്ഞാണില്ലാത്ത പ്രയാണത്തിന്നെതിരിൽ എന്തെങ്കിലുമൊന്നു ചെയ്യാനോ ചന്ദ്രമാസ നിർണ്ണയ വിഷയത്തിൽ ഒരു പഠനവേദിയെങ്കിലുമൊരുക്കാനോ ഇക്കാലമത്രയും ഐക്യവേദി തയ്യാറായിട്ടില്ല.**

15.01.2000-ത്തിൽ എറണാകുളം ഗൾഫാർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ചേർന്ന കേരള മുസ്ലിം സൗഹൃദ വേദി യോഗം അംഗീകരിച്ച ഒരു രൂപരേഖയുണ്ട്. കേരളത്തിലെ മുസ്ലിം സംഘടനാ പ്രതിനിധികളും പ്രമുഖ വ്യക്തിത്വങ്ങളും ചേർന്ന് ഏകകണ്ഠമായി എടുത്ത ആ തീരുമാനത്തിന് 14 വർഷങ്ങൾ പൂർത്തിയായി. പത്ത് കൽപ്പനകളാണതിൽ ഉള്ളത്. ഏട്ടിലെ പശു പോലെ പുല്ലൊന്നും തിന്നാതെ ആ കൽപനകൾ ജലരേഖകളായിത്തീർന്ന അടിസ്ഥാനത്തിൽ ഒരു പുനർചിന്ത ആവശ്യമായിരിക്കുന്നു. അതിലെ ഒരൊറ്റ കൽപ്പനയും ഒരു സംഘടനയും നടപ്പിലാക്കിയിട്ടില്ല.

എല്ലാ വർഷവും റമളാനിനു തെറ്റായ ദിവസം മാസമുറപ്പിക്കൽ ചടങ്ങിന്റെ മുന്നോടിയായി സമൂസ തിന്ന് തരിക്കഞ്ഞി കുടിച്ച് ഇറച്ചിയും പത്തിരിയും കഴിച്ച് പല്ലിൽ കുത്തി പിരിയുക മാത്രമാണ് നടന്നു വരുന്നത്. പണക്കാരും രാഷ്ട്രീയക്കാരും പറയുന്ന പോലെ റാം മൂളാൻ പണ്ഡിത കേസരികൾ ഇരുന്നു കൊടുക്കും. ഏതെങ്കിലുമൊരു തങ്ങൾ ചീരാക്കഞ്ഞി കുടിച്ച ശേഷമുള്ള മഗ്‌രിബ് നമസ്കാരത്തിനു ഇമാമത്തും നിൽക്കും.

മുസ്ലിം സമുദായത്തിന്റെ എന്തെങ്കിലും ഗുരുതരമായ പ്രശ്നത്തിനു വേണ്ടി കൂടുകയോ നിർണ്ണായകമായ ഗൗരവ തീരുമാനങ്ങളെടുക്കുകയോ ചെയ്ത് ചരിത്രം സൃഷ്ടിച്ചിട്ടില്ല. മദ്യമുക്ത കേരളം സാധ്യമാക്കാനോ വിവാഹാഡംബര ധൂർത്തുകൾക്കെതിരിൽ അണി ചേരാനോ അധാർമ്മികതയിൽ കൂപ്പുകുത്തി മറിയുന്ന മുസ്ലിം യുവതയുടെ കടിഞ്ഞാണില്ലാത്ത പ്രയാണത്തിന്നെതിരിൽ എന്തെങ്കിലുമൊന്നു ചെയ്യാനോ ചന്ദ്രമാസ നിർണ്ണയ വിഷയത്തിൽ ഒരു പഠനവേദിയെങ്കിലുമൊരുക്കാനോ ഇക്കാലമത്രയും ഐക്യവേദി തയ്യാറായിട്ടില്ല.

ആ പത്തു കൽപ്പനകളിൽ 6-ാമത്തേത് വളരെ സുപ്രധാനമായിരുന്നു. അതിപ്രകാരമാണ്. **6.** ഉദയാസ്തമനത്തിന് വ്യത്യാസമില്ലാത്ത പ്രദേശങ്ങളിലെ നോമ്പും പെരുന്നാളും ഒരുമിച്ച് അനുഷ്ഠിക്കാനും ആഘോഷിക്കാനും അവസരം ഉണ്ടാക്കുക. ഇതിനു താഴെ പറയുന്ന രീതികൾ സ്വീകരിക്കേണ്ടതാണ്. **(എ)** നോമ്പു പെരുന്നാളുകളുടെ ദിവസനിർണയം നടത്തിക്കൊണ്ടുള്ള മുൻകൂട്ടിയുള്ള പ്രഖ്യാപനം ഒഴിവാക്കുക. **(ബി)** ചന്ദ്രദർശന നിർണ്ണയത്തിനു ഖുർആൻ, ഹദീസ്, കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾ

എന്നിവയെ അടിസ്ഥാനമാക്കുക. ഇത് അടിസ്ഥാനപ്പെടുത്തി തീരുമാനം കാണാൻ ശഅ്ബാൻ, റമളാൻ മാസങ്ങളിലും ദുർഹിജ്ജു മാസത്തിലും എല്ലാ വിഭാഗം പണ്ഡിതന്മാരും ഉൾക്കൊളളുന്ന ഒരു ചർച്ചയും തീരുമാനവും ഉണ്ടായിരിക്കേണ്ടതാണ്. **(സി)** ഒരു പൊതുഖാദിയെ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ തീരുമാനം സ്വീകരിക്കുകയും ചെയ്യുക. നോമ്പ്, പെരുന്നാളുകൾ ഏകോപിപ്പിക്കാൻ വേണ്ടി വന്നാൽ സൗഹൃദ വേദിയുടെ ജനറൽബോഡി വിളിച്ചു ചേർക്കേണ്ടതാണ്.

ഈ ആറാം കൽപന പൂർണ്ണമായും സംഘടന അനേകം തവണ ലംഘിച്ചിട്ടുണ്ട്. മക്കയും കേരളവും ഉദയാസ്തമന വ്യത്യാസം ഇല്ലാത്ത വിധം പലതവണ ഒത്തുവരികയും നോമ്പും പെരുന്നാളുകളും വ്യത്യസ്ത ദിവസങ്ങളിൽ ആചരിക്കുകയും ചെയ്തു. (ഒരു ഉദാഹരണം ഇക്കഴിഞ്ഞ ഹി. 1435 റമളാൻ തന്നെ). സൗദിയിലും ലോക മുസ്ലിം നാടുകളിൽ ഭൂരിപക്ഷത്തിലും ഈദുൽ ഫിത്വർ 28.07.2014 തിങ്കളാഴ്ചയായിരുന്നപ്പോൾ ഇവിടത്തെ ഖാദി, തങ്ങൾ, മുതലാളി നേതൃത്വം 29.07.2014 ചൊവ്വാഴ്ചയിലാക്കി പ്രഖ്യാപിച്ചു. നവോത്ഥാന പ്രസ്ഥാനക്കാരുടെ കലണ്ടറുകളിൽ പോലും (ഉദാ: സുല്ല മുസ്സലാം കലണ്ടർ) പെരുന്നാൾ തിങ്കളാഴ്ച അടയാളപ്പെടുത്തിയത് ലംഘിച്ചു. ആ കലണ്ടറിനു കടല പൊതിയാനുള്ള കടലാസ്സിന്റെ പോലും വിലയില്ലാതാക്കി.

6-ാം കൽപന നടപ്പിലാക്കാൻ നിർദ്ദേശിച്ച ഒന്നാം രീതി **(എ)** യേയും ലംഘിച്ചു.

**അല്ലാഹുവും റസൂലും ഇസ്ലാം ശരീഅത്തും നിർദ്ദേശിച്ച മാസനിർണ്ണയ വ്യവസ്ഥ ലംഘിക്കപ്പെടുന്നുവെന്ന് ശക്തമായി ലോകത്തോടു തന്നെ വിളിച്ചു പറഞ്ഞ് മുസ്ലിം ലോക ശ്രദ്ധ പിടിച്ചു പറ്റിയ ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യയുടെ നിസ്വാർത്ഥരും സത്യസന്ധരുമായ പണ്ഡിതന്മാരെ ഐക്യവേദിയുടെ പരിസരത്തേക്കടുപ്പിക്കുകയില്ല. അവരുടെ ആഹ്വാനങ്ങൾ പഠന വിധേയമാക്കാനോ ചർച്ച ചെയ്യാനോ ഈ ഐക്യവേദി ഇന്നോളം തയ്യാറായിട്ടില്ല.**

സൂര്യാസ്തമനശേഷം ചന്ദ്രാസ്തമനം നടക്കുന്ന കൃത്യമായ സമയം കാണിച്ച് മുൻകൂട്ടിയുള്ള ദിവസനിർണ്ണയം ഏതാണ്ട് നടത്തിക്കൊണ്ട് മടവൂർ വിഭാഗം കെ.ജെ.യു. ചെയർമാനും ഹിലാൽ കമ്മറ്റിയും മുൻകൂട്ടി പ്രഖ്യാപനം ചെയ്തു. ചന്ദ്രദർശന നിയന്ത്രണത്തിനു ഖുർആനും സുന്നത്തും കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളും അടിസ്ഥാനമാക്കണമെന്ന് **(ബി)** രീതിയും ലംഘിച്ചു. പാരമ്പര്യ സമ്പ്രദായമായ അസ്തമയ ചന്ദ്രദർശനം പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് നോക്കി തീരുമാനിച്ചു കൊണ്ട് ഇസ്ലാമിന്റെ ബുദ്ധിപരമായ അന്തസ്സിനെപ്പോലും ചോദ്യം ചെയ്തു. ഒരു പൊതു ഖാദിയെ അംഗീകരിക്കണമെന്ന **(സി)** രീതിയെയും പുച്ഛിച്ചു തളളി. പന്ത്രണ്ട് ഖാദിമാർ പന്ത്രണ്ട് സംഘടനകൾക്ക് ആഹ്വാനം ചെയ്യുന്ന ഭിന്നമായ സ്വരത്തിലൂടെ മാസമുറപ്പിച്ചാഹ്വാനം ചെയ്തു.

ചുരുക്കത്തിൽ അല്ലാഹുവും റസൂലും ഇസ്ലാം ശരീഅത്തും നിർദ്ദേശിച്ച മാസനിർണ്ണയ വ്യവസ്ഥ ലംഘിക്കപ്പെടുന്നുവെന്ന് ശക്തമായി ലോകത്തോടു തന്നെ വിളിച്ചു പറഞ്ഞ് മുസ്ലിം ലോക ശ്രദ്ധ പിടിച്ചു പറ്റിയ ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യയുടെ നിസ്വാർത്ഥരും സത്യസന്ധരുമായ പണ്ഡിതന്മാരെ ഐക്യവേദിയുടെ പരിസരത്തേക്കടുപ്പിക്കുകയില്ല. അവരുടെ ആഹ്വാനങ്ങൾ പഠന വിധേയമാക്കാനോ ചർച്ച ചെയ്യാനോ ഈ ഐക്യവേദി ഇന്നോളം തയ്യാറായിട്ടില്ല. ഇപ്പോൾ ജനങ്ങൾ കാര്യം മനസ്സിലാക്കി വരുന്നു. കനത്ത മനസ്സാക്ഷിക്കുത്തോടെ നോമ്പു പെരുന്നാളുകളും സ്വന്തം നേതൃത്വങ്ങളുടെ കൽപനകൾ ലംഘിച്ച് നവോത്ഥാന പ്രസ്ഥാനത്തിന്റെ പണ്ഡിത അണികളും അനുയായികളും അനുഷ്ഠിച്ചും ആഘോഷിച്ചും വരുന്നു. അങ്കലാപ്പിലായ നേതൃത്വം കണ്ണും തളളി നിൽക്കുന്നു. പണ്ഡിത വിഭാഗം ഇരുട്ടിൽ കരിംപൂച്ചയെ തപ്പുന്നു. സംഘടന അച്ചടക്ക ലംഘന വാളുയർത്തി വെട്ടാനോങ്ങുന്നു. അതുകൊണ്ടൊന്നും ഈ ഓട്ട അടയ്ക്കാനാകില്ല എന്ന് നവോത്ഥാന പ്രസ്ഥാനക്കാരെങ്കിലും മനസ്സിലാക്കുക. മുസ്ലിം ഐക്യവേദി പുനർചിന്ത നടത്തി വിഷയം പഠിക്കാൻ തയ്യാറായില്ലെങ്കിൽ അത് പിരിച്ച് വിട്ട് തടി സലാമത്താക്കുക. ഐക്യവേദി മുതലാളിമാർ ജാഗ്രതൈ.

വേദസമന്വയം

# മരണത്തിൽ സംഭവിക്കുന്നത്

'ശരീരം കൃശമായി, വാർദ്ധക്യം കൊണ്ടും രോഗാദികൾ കൊണ്ടും ക്ഷീണിക്കുമ്പോൾ ജീവിതത്തിൽ സാധാരണ നമുക്ക് ഒരു മയക്കം ഉണ്ടാകുന്നതുപോലെ എല്ലാ ഇന്ദ്രിയങ്ങളും ആത്മാവിലേക്ക് തിരികെ വന്നു കൂടുന്നു. ആത്മാവ് ഇന്ദ്രിയ ശക്തികളെ പൂർണ്ണമായും ഉപസംഹരിച്ചുകൊണ്ട് ഹൃദയത്തിൽ പ്രവേശിക്കുന്നു. അങ്ങനെ ആ ചൈതന്യസ്വരൂപൻ എപ്പോൾ നിവർത്തിക്കുന്നുവോ അപ്പോൾ രൂപത്തെ അറിയാത്തവനായിത്തീരുന്നു. അപ്പോൾ കണ്ണ്, മൂക്ക്, നാക്ക്, ചെവി എന്നിവ ആത്മാവുമായി ഏകീഭവിക്കുന്നു. അതിനാൽ കാണുകയും മണക്കുകയും രുചിക്കുകയും കേൾക്കുകയും ചെയ്യുന്നില്ലെന്നു പറയുന്നു. മനസ്സും ഏകീഭവിക്കുന്നു. അതിനാൽ വിചാരം കുറയുന്നു. ബുദ്ധി ഏകീഭവിക്കുന്നു. അതുകൊണ്ടു പലതും അറിയുന്നില്ലെന്നു പറയുന്നു. തുടർന്ന് ഇന്ദ്രിയങ്ങളെല്ലാം ഏകീഭവിക്കുന്ന സ്ഥലമായ ആ ഹൃദയത്തിന്റെ അഗ്രം പ്രകാശമാനമായിത്തീരുന്നു. ആത്മാവ് നവദ്വാരങ്ങൾ ഏതിലൂടെയെങ്കിലും പുറത്തു പോകുന്നു. പുറത്തു പോകുന്ന അവന്റെ പിന്നാലെ പ്രാണനും പുറത്തേക്കു പോകുന്നു. ആ സമയത്ത് ആത്മാവ് വിശേഷവിജ്ഞാനത്തോടു കൂടിയവനാണ്. ആ വിജ്ഞാനമനുസരിച്ചുള്ള ദേഹത്തിലേക്ക് അവൻ പോകുന്നു. ജ്ഞാനകർമ്മങ്ങളും പൂർവ്വ വാസനകളും അവനെ പിന്തുടരുന്നു.'

*ബൃഹദാരണ്യകോപനിഷത്ത് 4.4.1-2*

**ശുഭദിനം!**

മരണമടുക്കുമ്പോൾ ഇന്ദ്രിയങ്ങൾക്ക് ശേഷി കുറയുന്നു. ഇതിനു കാരണം ആത്മാവ് തന്റെ ശക്തികളെ പിൻവലിക്കുന്നതാണ്. തുടർന്ന് അത് ശരീരമുപേക്ഷിച്ച് പുറത്തേക്കു പോകുന്നു. ഈ പ്രക്രിയയാണ് ഈ സൂക്തത്തിൽ വിശദീകരിക്കുന്നത്.

## ആത്മാവിന്റെ കൂടുമാറ്റം

ഇസ്ലാം ആത്മാവിന്റെ കൂടുമാറ്റമാകുന്ന മരണത്തെക്കുറിച്ച് എങ്ങനെ ലോകത്തെ പഠിപ്പിച്ചുവോ അപ്രകാരമുള്ള പഠനം തന്നെയാണ് ബൃഹദാരണ്യകോപനിഷത്തും വിവരിക്കുന്നത്. മനുഷ്യന്റെ ജീവിത വൃത്തം ജനനം, കുട്ടിക്കാലം, യുവത്വം, മദ്ധ്യവയസ്കത, വാർദ്ധക്യം, അവസാനം മരണത്തിലെത്തുന്നു. തന്നിൽ നിക്ഷേപിച്ച ആത്മാവ് അതോടെ 'ബർസഖീ' ലോകത്തേക്ക് കൂടു മാറുന്നു. ജഡത്തിന് വൻപ്രാധാന്യമുണ്ടായിരുന്ന ഇഹലോകജീവിതം അവസാനിക്കുന്നതോടെ ആത്മാവിനു മാത്രം മുന്തിയ പരിഗണന ലഭിക്കുന്ന ലോകത്തെത്തുന്നു. പൂർണ്ണജഡത്തിനു നാശവും സംഭവിക്കുന്നു. ആ ബർസഖീ ലോകത്ത് (ഖബർ ജീവിതം) രക്ഷാശിക്ഷകൾ അനുഭവിച്ച് ആത്മാവ് കഴിഞ്ഞു കൂടുന്നു. ശേഷമുള്ള പുനരുത്ഥാനത്തോടെ ജഡത്തിനും ആത്മാവിനും തുല്യപ്രാധാന്യം വന്നു ചേരുന്നു. ആ ലോകമാണ് സാക്ഷാൽ ജീവിതം അനുഭവിക്കേണ്ട പരലോകം. ശാശ്വത രക്ഷയോ ശിക്ഷയോ കൃത്യമായി അനുഭവിക്കാനാകുന്ന വിധം കർമ്മങ്ങളുടെ പ്രതിഫലനാൾ എന്ന ജീവലോകം. അതിലേക്കു വേണ്ടിയാണവൻ ഇഹത്തിൽ മുന്നൊരുക്കത്തോടെ ജീവിക്കേണ്ടതും.

"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും, പിന്നീട് ബീജത്തിൽ നിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു.) നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരവധി വരെ ഗർഭാശയത്തിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടു വരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണ്ണശക്തി പ്രാപിക്കുന്നതുവരെ (അവൻ നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിനു ശേഷം യാതൊന്നും അറിയാതാകുംവിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടു നിർജ്ജീവമായി കിടക്കുന്നതായി നിനക്കു കാണാം. എന്നിട്ട് അതിന്മേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും, കൗതുകമുള്ള എല്ലാതരം ചെടികളും അത് മുളപ്പിക്കുകയും ചെയ്യുന്നു."

"അതെന്തുകൊണ്ടെന്നാൽ അല്ലാഹു തന്നെയാണ് സത്യമായുള്ളവൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനാണ്."

"അന്ത്യസമയം വരിക തന്നെ ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. ഖബ്റുകളിലുള്ളവരെ അല്ലാഹു ഉയിർത്തെഴുന്നേല്പിക്കുകയും ചെയ്യും." (വി.ഖു. 22: 5-7)

# വെളിച്ചം പകർന്ന് ഒരു സഞ്ചാരി

98 മെയ് 8 ന് തിരൂർക്കാട് എ.എം.എൽ.പി. സ്കൂളിൽ സൗഹാർദ്ദം ഉണ്ടാക്കാൻ എന്ന പേരിൽ ആലോചിക്കാൻ സമയം തരാത്ത വിധം സുന്നികൾ പെട്ടെന്ന് വിളിച്ചു ചേർത്ത യോഗത്തിലേക്ക് എന്നെ യും ക്ഷണിച്ചു. ഞാൻ പങ്കെടുത്തില്ലെന്ന് നാടുനീളെ പ്രചരിപ്പിക്കാനുള്ള ഒരു തന്ത്രമായിരുന്നു അത്. എന്റെ സുഹൃത്തുക്കളുടെ അഭിപ്രായം മറികടന്ന് കൊണ്ട് ഞാൻ പോയി. സ്ക്കൂൾ ഗ്രൗണ്ടിൽ വമ്പിച്ച ജനക്കൂട്ടമുണ്ട്. നാട്ടിക മൂസ മുസ്ലിയാർ, ആലിക്കുട്ടി മുസ്ലിയാർ, മമ്മദ് ഫൈസി തുടങ്ങിയ അനേകം സുന്നി പണ്ഡിതന്മാർ സ്റ്റേജിലുണ്ട്. ജമാഅത്ത് നേതാവ് മുഹമ്മദ് ശരീഫ് മൗലവിയേയും അവർ ക്ഷണിച്ചിരുന്നു. തിരൂർക്കാട് സ്വദേശിയായ അദ്ദേഹം വന്നില്ല. എന്നെ അവർ സ്റ്റേജിലേക്ക് വിളിച്ചിരുത്തി.

സ്വാഗതം അദ്ധ്യക്ഷ പ്രസംഗം എന്നീ ചടങ്ങുകൾക്ക് ശേഷം ആദ്യത്തെ അവസരം എനിക്കാണ് നൽകിയത്. സമയം അരമണിക്കൂർ ക്ലിപ്തപ്പെടുത്തുകയും ചെയ്തു. പക്ഷെ പിന്നീട് മുസ്ലിയാക്കൾക്ക് അവർ മണിക്കൂറുകൾ തന്നെ നൽകി. എനിക്ക് അനുവദിച്ച സമയം ഉത്തമ ബോധ്യത്താൽ ഞാൻ സ്വീകരിച്ച ആദർശത്തിന്റെ മഹത്വം ആ ജനക്കൂട്ടത്തെ കേൾപ്പിക്കാൻ വിനിയോഗിച്ചു. മൗലിക പ്രാധാന്യമുള്ള വിഷയങ്ങൾ വസ്തുനിഷ്ടമായി ഞാൻ പറഞ്ഞു. സംഘാടകർക്ക് നന്ദിയും പറഞ്ഞു. ഇങ്ങനെ സൗജന്യമായി കിട്ടിയ അവസരം ഉപയോഗപ്പെടുത്താതെ ഞാൻ മുഖം തിരിച്ചു നിന്നാൽ അല്ലാഹുവിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടി വരുമെന്ന് ഞാൻ ഭയന്നു. എതിരാളികൾ ഏതു നിലക്കായിരിക്കും എന്നെ നേരിടുകയെന്ന കാര്യത്തിൽ നല്ല ബോധം ഉണ്ടായിരുന്നു. അതൊന്നും ഞാൻ പ്രശ്നമാക്കിയില്ല. അഞ്ചു മിനിറ്റായാൽ പോലും അതുപയോഗിക്കൽ നമ്മുടെ ധർമ്മമാണ് എന്ന ചിന്തയാണ് എന്നെ നയിച്ചത്.

എന്റെ പ്രസംഗത്തിനു ശേഷം മുസ്ലിയാക്കൾ ദീർഘമായ ഖണ്ഡന പ്രസംഗങ്ങൾ നടത്തി. എന്നെ ആക്ഷേപിച്ചും പരിഹസിച്ചും അവർ വിലസി. ഞാൻ നിശ്ശബ്ദമായി സദസ്സിൽ ശ്രോതാവായിരുന്നു. ആ സഹനത്തിന് അല്ലാഹു എനിക്ക് പ്രതിഫലം നൽകുമെന്ന വിശ്വാസത്തോടെയും പ്രാർത്ഥനയോടെയും ഞാൻ സമയം തള്ളിനീക്കി. എന്നെ കഠിനമായി ആക്രമിക്കുന്ന ശബ്ദം മൈക്കിലൂടെ കേട്ടു കൊണ്ട് നീരു വന്നു വീങ്ങിയ കാൽ വേച്ചുവേച്ച് ശരീഫ് മൗലവി യോഗസ്ഥലത്തേക്ക് കയറി വന്നു. സ്റ്റേജിൽ ഇരുന്നു. നാട്ടിക മുസ്ലിയാരുടെ പ്രസംഗം കഴിഞ്ഞപ്പോൾ ശരീഫ് മൗലവി സമയം ആവശ്യപ്പെട്ടു. അദ്ദേഹത്തിനും അരമണിക്കൂർ മാത്രം. എന്നോട് കാണിച്ച അപമര്യാദയെക്കുറിച്ചും വ്യക്തിപരമായി എന്നെ അധിക്ഷേപിച്ചതിനെപ്പറ്റിയും അദ്ദേഹം വളരെ കഠിനമായി അവരെ വിമർശിച്ചു. ശരീഫ് മൗലവി യഥാർത്ഥത്തിൽ സ്റ്റേജിൽ വിറച്ചു തുള്ളുകയായിരുന്നു. സ്വന്തം നാട്ടുകാരനാണെന്നോ പ്രായാധിക്യമുള്ള ഒരു മനുഷ്യനാണെന്നോ ഉള്ള കേവലമായ പരിഗണന പോലും നൽകാതിരുന്ന നിങ്ങളുടെ സാംസ്കാരിക ജീർണ്ണത ഇവിടെ കൂടിയ നിങ്ങളുടെ മര്യാദയുള്ള അനുയായികൾക്ക് തന്നെ ബോധ്യപ്പെടാതിരിക്കുകയില്ല എന്നും മൗലവി തുറന്നടിച്ചു. അതവരെ കൂടുതൽ പ്രകോപിതരാക്കുകയാണ് ഉണ്ടായത്.

ശേഷം നാട്ടിക മുസ്ലിയാർ ശരീഫ് മൗലവിയേയും കണക്കിന് അധിക്ഷേപിച്ചു. ഞാൻ ജമാഅത്തെ ഇസ്ലാമിയുടെ ശക്തനായ ഒരു വിമർശകനായിരുന്നിട്ടു പോലും എന്നെ മുസ്ലിയാക്കളും അനുയായികളും ചേർന്ന് കഠിനമായി ദ്രോഹിക്കുന്നത് കണ്ടപ്പോൾ ശരീഫ് മൗലവി അവിടെ പ്രതിരോധിക്കാൻ വന്നെത്തിയത് അദ്ദേഹത്തിന്റെ വ്യക്തിത്വവും സാംസ്കാരിക ഔന്നത്യവും തിളങ്ങി നിൽക്കാൻ ഇടയാക്കുകയാണ് ചെയ്തത്. എനിക്ക് അദ്ദേഹത്തോട് അകൈതവമായ നന്ദിയുണ്ട്. തിന്മയെ പ്രതിരോധിക്കാൻ അദ്ദേഹം ചെലവഴിച്ച സമയവും അതിനു വേണ്ടി രോഗാവസ്ഥയിലും ഞെരുങ്ങിയെത്തിയ അദ്ദേഹത്തിന്റെ സദ്ഗുണവും തീർച്ചയായും റബ്ബിന്റെ സന്നിധിയിൽ പരിഗണിക്കപ്പെടുക തന്നെ ചെയ്യും. അല്ലാഹു നന്മ ചെയ്യട്ടെ. ഇത്തരം ഒരു സ്നേഹപ്രകടനം കൊണ്ടോ സൗഹൃദ പ്രലോഭനം കൊണ്ടോ സ്വാധീനിക്കാൻ കഴിയുന്നവനല്ല ഞാൻ എന്ന് അനേക വർഷങ്ങളിലെ അനുഭവ പരിചയത്താൽ അദ്ദേഹം ബോധവാനാണ്. എന്നിട്ടും ഇങ്ങനെ പ്രവർത്തിച്ചത് അദ്ദേഹത്തിലുള്ള മനോഗുണത്തിന്റെ പ്രത്യക്ഷമായ തെളിവായി ഞാൻ വിലയിരുത്തുന്നു.

**(ഓർമ്മകളുടെ തീരത്ത്. കെ.ഉമർ മൗലവി. പേജ്: 318,319)**



# ഗസ്സ
## അല്ലാഹുവിന്റെ ഇടപെടൽ അകലെയല്ല!

കെ.പി. ശംസുദ്ധീൻ പാലക്കോട്

**"മനുഷ്യരുടെ അക്രമപ്രവർത്തനങ്ങൾക്ക് ഉടനെത്തന്നെ അല്ലാഹു അവരെ പിടിച്ചു ശിക്ഷിക്കുകയാണെങ്കിൽ ഭൂമുഖത്ത് അക്രമത്തിലേർപ്പെടുന്ന ഒരു ജന്തുവിനെയും അവൻ വിട്ടേക്കുമായിരുന്നില്ല. എന്നാൽ ഒരു നിശ്ചിത അവധി വരെ അവൻ നീട്ടിയിടുന്നു. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർക്ക് രക്ഷപ്പെടാനാകില്ല. കാരണം തീർച്ചയായും അല്ലാഹു തന്റെ ദാസന്മാരെപ്പറ്റി കാണ്ടറിയുന്നവനാകുന്നു." (ഖുർആൻ 35:45)**

**മറ്റൊരിടത്ത് അല്ലാഹു പറയുന്നു: "ധൃതി കാണിക്കുന്ന പ്രകൃതത്തിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്റെ ദൃഷ്ടാന്തങ്ങൾ പിന്നീട് നിങ്ങൾ ക്ക് നാം കാണിച്ചു തരും. അതിനാൽ നിങ്ങൾ എന്നോട് ധൃതി കൂട്ടരുത്!" (ഖുർആൻ 21:37)**

**2014 ജൂലൈ 7 ന്** (വിശുദ്ധറമദാനിൻ) ഇസ്രാഈൽ എന്ന ഭീകരരാഷ്ട്രം അതിന്റെ അത്യാധുനികമായ മരണായുധങ്ങൾ ഉപയോഗിച്ച് നിസ്സഹായരും നിരാലംബരും അഭയാർത്ഥികളുമായ ഫലസ്തീൻ ജനതയെ–അവരിൽ

മുസ്ലിംകളും അമുസ്ലിംകളുമു ണ്ട്, പിഞ്ചുകുഞ്ഞുങ്ങളും വയോവൃദ്ധരുമുണ്ട്, സ്ത്രീ കളും രോഗികളുമുണ്ട്-ചോര യിൽ മുക്കിക്കൊല്ലാൻ തുട ങ്ങിയിട്ട് കാലം കുറേയായി. ഇതിനകം 1600 ലധികം ഫല സ്തീനികൾ കൊല്ലപ്പെട്ടു. 10,000 ത്തിലധികം പേർക്ക് ഗുരുതരമായി പരിക്കേറ്റു. രണ്ട് ലക്ഷത്തിലധികം പേർ അഭയാർത്ഥികളായി. നിര വധി വീടുകളും കലാലയ ങ്ങളും ആശുപത്രികളും പള ളികളും ബോംബിട്ട് തകർ ത്തു. എന്നിട്ടും രക്തദാഹി യായ സയണിസ്റ്റ് ഫാസിസ്റ്റു കൾക്ക് മതിയായില്ല! അവർ അക്രമവിളയാട്ടം തുടരു മത്രേ!!

ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. 1948 മെയ് 14ന് ഫലസ്തീനികളുടെ ഔദാര്യ ത്തിൽ ഇസ്രാഈൽ രാഷ്ട്രം നിലവിൽ വന്നത് മുതൽ ഈ കൊന്നൊടുക്കൽ യജ്ഞം തുടരുകയാണ്. നീണ്ട 65 വർഷമായി ദുർബലമായ ഒരു രാജ്യത്തെയും ജനതയെയും നശിപ്പിച്ചുകൊണ്ടിരുന്നിട്ടും ഫലസ്തീനികൾ മുഴുവൻ മരിച്ചു തീർന്നിട്ടില്ല എന്ന താണ് ഇതിലെ ഏറ്റവും പ്രക ടമായ അത്ഭുതവും ദൃഷ്ടാന്ത വും. ഈ പ്രപഞ്ചത്തിന് ഒരു നാഥനുണ്ടായിട്ടും എന്തുകൊ ണ്ടാണ് ആ അല്ലാഹു അക്ര മിയെ ശിക്ഷിക്കാത്തതും മർദ്ദിതരെ സഹായിക്കാ ത്തതും എന്ന സംശയം സ്വാ ഭാവികം. ഏതായാലും ഈ സംശയത്തിനുള്ള കൃത്യവും വ്യക്തവുമായ മറുപടിയുടെ സൂചനകൾ മുകളിലുദ്ധരിച്ച ദിവ്യവചനങ്ങളിലുണ്ട്. എല്ലാ റ്റിനും ഒരു സമയമുണ്ട്. ആ സമയമാകുമ്പോൾ പ്രപഞ്ച നാഥനായ അല്ലാഹു എത്ര



വലിയ അക്രമിയെയും പിടി കൂടുക തന്നെ ചെയ്യും. ഈ സന്ദേശമാണ് ദിവ്യവചന ത്തിലെ സുവിശേഷം.

എല്ലാ അക്രമികൾക്കും സമീപഭാവിയിലോ വിദൂരഭാ വിയിലോ അതിശക്തമായ തിരിച്ചടികൾ ഉണ്ടാകും എന്ന തിന് ഇതഃപര്യന്തമുള്ള ലോകചരിത്രം സാക്ഷിയാണ്. ഇസ്രാഈൽ ഭീകരന്റെ കാര്യ ത്തിലും അത് തന്നെ വന്നു ഭവിക്കും എന്ന കാര്യം തീർ ച്ച. അക്രമത്തെ ഫുട്ബോൾ മത്സരം കാണുന്ന ലാഘവ ത്തോടെ കണ്ടു രസിക്കുന്ന ലോകരാഷ്ട്രങ്ങളെയും (അ തിൽ അറബി-മുസ്‌ലിം രാഷ്ട്രങ്ങളുമുണ്ട്!) അല്ലാഹു പാഠം പഠിപ്പിക്കും. ഈ രണ്ട് വസ്തുതകളുടെയും അടയാ ളങ്ങളും സൂചനകളും കണ്ടു തുടങ്ങിയിട്ടുമുണ്ട്. ഗതകാ ലത്തും സമകാലത്തുമുള്ള ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

**1. ചത്തുമലച്ച ഫിർഔൻ:**

നിരവധി പിഞ്ചുപൈത ങ്ങളെ മാതാക്കളുടെ കൈയ്യി ൽ നിന്ന് പിടിച്ചു പറിച്ച് അരും കൊല നടത്തിയ, സ്വയം ദൈവം ചമഞ്ഞ ഏറ്റവും വലിയ ഭീകര ഭരണാധികാരി യായിരുന്നു ഈജിപ്ത് ഭരിച്ച ഫിർഔൻ ചക്രവർത്തി അഥവാ റംസീസ് രണ്ടാമൻ. പതിറ്റാണ്ടുകൾ നീണ്ട ഏക പക്ഷീയമായ അക്രമവിളയാ ട്ടത്തിനൊടുവിൽ അതിദയനീ യമായ പതനവും അന്ത്യവു മാണയാൾക്കുണ്ടായത്. മർദ്ദിത ജനതക്ക് കൺകു ളിർക്കെ കാണാവുന്ന വിധ ത്തിൽ അവൻ നിന്ദ്യനും നിസ്സാരനുമായി സമുദ്രത്തിൽ

ചത്ത് മലച്ച് പൊങ്ങിക്കിടന്നു. ചത്ത മത്തി പോല! തീർച്ച യായും ഈ അനുഭവത്തിൽ ഗുണപാഠമുണ്ട് എന്നാണ് അല്ലാഹു ലോകത്തിന് നൽകു ന്ന താക്കീത്. (ഖുർആൻ 79:17 –26 സൂക്തങ്ങൾ കാണുക).

**2. സോവിയറ്റുറഷ്യയുടെ പതനം:**

1917 മുതൽ നീണ്ടകാലം നിരീശ്വര – നിർമിത – ഭൗതിക പ്രത്യയശാസ്ത്രം ആദർശ മാക്കി ദൈവത്തെ ചോദ്യം ചെയ്തും വെല്ലുവിളിച്ചും മത ത്തെയും മതചിഹ്നങ്ങളെയും തച്ചു നിരത്തിയ പ്രബല ഭരണ കൂടമായിരുന്നു സോവിയറ്റു റഷ്യ. അതൊരു സാമ്രാജ്യം തന്നെയായിരുന്നു. മതത്തെയും ദൈവത്തെയും പുറംപോക്കിൽ നിർത്തി മതവിശ്വാസികളെ പീഢിപ്പിച്ചു എന്നതായിരുന്നു അവർ ചെയ്ത ഏറ്റവും വലിയ കുറ്റം. എന്നിട്ടും ദൈവം അവരെ ഉടനെ ശിക്ഷിച്ചില്ല. ഗോർബച്ചേവിന്റെ കാലം വരെ അല്ലാഹു കാലം നീട്ടിക്കൊടു ത്തു. ഗോർബച്ചേവ് തകർച്ചയെ നേരിട്ടു കൊണ്ടിരുന്ന തന്റെ രാജ്യത്തെ രക്ഷിക്കാൻ 'ഗ്ലാസ് നോസ്തും', 'പെരിസ്ട്രോയി ക്ക'യും പരീക്ഷിച്ചു. അതൊ ന്നും 'ക്ലച്ച്' പിടിച്ചില്ല. എന്ത് ദൈവം ഏത് ദൈവം എന്ന് പരിഹസിച്ചിരുന്ന ആ രാജ്യ ത്തിന്റെ സാരഥി നിസ്സഹായ നായി 'ഇനി എന്റെ രാജ്യത്തെ ദൈവം രക്ഷിക്കട്ടെ!' എന്ന് നിലവിളിക്കേണ്ടി വന്നു. പക്ഷെ ആ നിലവിളിക്ക് അല്ലാഹു 'പുല്ലുവില' കൽപ്പിച്ചില്ല. കാരണം അല്ലാഹു നിശ്ചയിച്ച അവധി എത്തിയിട്ടുണ്ടായിരു ന്നു. അങ്ങിനെ 1980കളിൽ സോവിയറ്റുറഷ്യ എന്ന മഹാ സാമ്രാജ്യം ചീട്ടുകൊട്ടാരം പോലെ തകർന്നു! ലോകഭൂ പടം തന്നെ മാറ്റിവരക്കേണ്ടി വന്നു. ഇന്നു സോവിയറ്റു റഷ്യ ഭൂമുഖത്തില്ല. ചരിത്ര പുസ്തകത്തിലും അമ്മൂമ്മ കഥകളിലും മാത്രമേയുള്ളൂ!.

**3. ഏരിയൽ ഷാരോ ണിന്റെ ഗതി:**

ഇപ്പോഴുള്ള ഇസ്രായീ ലിന്റെ ഭീകരഭരണാധികാരി നെതന്യാഹുവിന് മുമ്പ് ആ രാഷ്ട്രം ഭരിച്ച മറ്റൊരു ഭീക രനായിരുന്നു ഏരിയൽ ഷാരോൺ. ഇയാൾ പതിനാ യിരക്കണക്കിന് പലസ്തീനി കളെ കൊന്നൊടുക്കു കയോ സ്വദേശത്ത് നിന്ന് ആട്ടിയോടിക്കുകയോ ചെയ്ത കൊടും ഭീകരനായിരുന്നു. എന്നാൽ ഇയാളുടെ അവസാ നകാലം പരമദയനീയമായിരു ന്നു. വായിലും മൂക്കിലും മൂത്ര നാളിയിലും കുഴലിട്ട്, പ്രാഥ മിക കാര്യങ്ങൾ പോലും ചെയ്യാൻ കഴിയാതെ 6 വർഷ ക്കാലം നരകയാതന അനുഭ വിച്ച ശേഷമാണ് അവൻ ചത്തൊടുങ്ങിയത്. ഇയാളുടെ മരണം പത്രങ്ങളിൽ പോലും കാര്യമായ വാർത്തയായില്ല. ഇയാളെപ്പറ്റി നല്ലതു പറയാൻ മരണശേഷം ഒരാൾ പോലും ഉണ്ടായിരുന്നില്ല. 'എന്റെ ദൃഷ്ടാന്തങ്ങൾ ഞാൻ കാണി ച്ചു തരും. നിങ്ങൾ ധൃതി കൂട്ട രുത്' എന്ന് ഖുർആൻ പറ ഞ്ഞതെത്ര ശരി!.

**ഇപ്പോഴുള്ള ഇസ്രായീ ലിന്റെ ഭീകരഭരണാധി കാരി നെതന്യാഹു വിന് മുമ്പ് ആ രാഷ്ട്രം ഭരിച്ച മറ്റൊരു ഭീകരനായി രുന്നു ഏരിയൽ ഷാരോൺ. ഇയാൾ പതിനായിരക്കണക്കിന് പലസ്തീനികളെ കൊന്നൊടുക്കുകയോ സ്വദേശത്ത് നിന്ന് ആട്ടിയോടിക്കുകയോ ചെയ്ത കൊടും ഭീക രനായിരുന്നു. എന്നാൽ ഇയാളുടെ അവസാനകാലം പരമ ദയനീയമായിരുന്നു. വായിലും മൂക്കിലും മൂത്രനാളിയിലും കുഴ ലിട്ട്, പ്രാഥമിക കാര്യ ങ്ങൾ പോലും ചെയ്യാൻ കഴിയാതെ 6 വർഷക്കാലം നരകയാ തന അനുഭവിച്ച ശേഷമാണ് അവൻ ചത്തൊടുങ്ങിയത്.**

**4. 65ന് 65,000ത്തിന്റെ മൂല്യം**

2014 ജൂലൈ 7ന് തുടങ്ങി 1600ലധികം ഫലസ്തീനി കളെ കൊന്നൊടുക്കിയ ആനയും പുലിയുമായ ഇസ്രാഈൽ ഭീകരരാഷ്ട്ര ത്തിന് ഉറുമ്പിനോളമോ എലി യോളമോ ചെറുതായ 'ഗസ്സ' യെ ആക്രമിച്ചിട്ട് ഒരു നഷ്ട വും സംഭവിച്ചിട്ടില്ലെങ്കിൽ അതിലത്ഭുതമില്ല. എന്നാൽ അത്ഭുതം സംഭവിച്ചിട്ടുണ്ട് എന്നതാണു സത്യം. 65 ഇസ്രായിൽ സൈനികരെ നിരായുധരും നിസ്സഹായരു മായ പലസ്തീനികൾ വകവ രുത്തി!ഇതിന് 65,000 ഇസ്രയീ ല്യരെ വകവരുത്തിയ വില യും വീര്യവുമുണ്ട്. മാത്രമല്ല ടെൽഅവീവ് അന്താരാഷ്ട്രവി മാനത്താവളത്തിലേക്ക് ഫല സ്തീൻ പോരാളികൾ അയ ച്ച ഒരു 'പാട്ടമിസൈൽ' പതി ച്ചതിനാൽ സുരക്ഷിതത്വമില്ല എന്ന കാരണം പറഞ്ഞ് പ്രമു ഖരാഷ്ട്രങ്ങൾ ഇസ്രാഈലി ലേക്ക് വിമാനസർവ്വീസ്

ഏതാനും ദിവസത്തേക്ക് നിർത്തിവെച്ചു. കോടിക്കണക്കിന് ഡോളറിന്റെ നഷ്ടമാണ് ഇത് മുഖേന ഇസ്രാഈലിനുണ്ടായത്. ഉറുമ്പിന്റെ മുന്നിൽ ആന ചമഞ്ഞ ഇസ്രാഈൽ ഭീകരന് ഇതിലും വലിയ നാണക്കേട് ഇനിയും വരാനിരിക്കുന്നതേയുള്ളൂ. 'ഇനിയുള്ള നാളുകളിൽ ഇസ്രാഈലിന് കാര്യങ്ങൾ അത്ര എളുപ്പമാകാനിടയില്ല' എന്ന് മാതൃഭൂമി ദിനപത്രം എഡിറ്റോറിയൽ എഴുതിയത് (20.07.2014) എത്ര ശരി!.

### 5. കണ്ണു തുറപ്പിക്കേണ്ട വിമാന ദുരന്തങ്ങൾ:

ഇസ്രാഈൽ ഭീകരാക്രമണത്തിൽ ഫലസ്തീനിലെ നൂറുകണക്കിന് മനുഷ്യരുടെ പച്ചമാംസം ചിന്നിച്ചിതറുന്നത് 'ഗ്യാലറി'യിലിരുന്നെന്ന പോലെ നിസ്സംഗരായി നോക്കിനിൽക്കുന്ന അറബികളുൾപ്പെടെയുള്ള ലോകരാഷ്ട്രങ്ങൾക്ക് ദൈവം നൽകിയ താക്കീതാണ് 2014 മാർച്ച് 8-നും ജൂലൈ 17-നും ഉണ്ടായ രണ്ട് വിമാനദുരന്തങ്ങൾ. രണ്ടു വിമാനങ്ങളിലുമായി 532 മനുഷ്യജീവനുകളാണുണ്ടായിരുന്നത്. അതിൽ 10 രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർ പോലുമുണ്ടായിരുന്നു. മാർച്ച് 8ന് വിമാനവും അതിലെ 235 യാത്രക്കാരെയും കുറിച്ച് ഇതുവരെ ഒരു വിവരവുമില്ല! ഇസ്രാഈൽ ഭീകരാക്രമണം തുടങ്ങി കൃത്യം 10 ദിവസം കഴിഞ്ഞപ്പോൾ ജൂലൈ 17ന് ആംസ്റ്റർഡാമിൽ നിന്ന് പറന്നുയർന്ന വിമാനം ചൊട്ടിച്ചിതറി. വിമാനത്തിലുണ്ടായിരുന്ന 297 പേരിൽ ഒരാൾ പോലും രക്ഷപ്പെട്ടില്ല! ഒരാളുടെ മയ്യിത്ത് പോലും വാരിയെടുക്കാനോ കോരിയെടുക്കാനോ കഴിഞ്ഞതുമില്ല!!. ഫലസ്തീനിൽ മരിച്ചു വീഴുന്ന മനുഷ്യജീവന് വില കൽപ്പിക്കാത്ത ലോകരാഷ്ട്രങ്ങൾക്ക് , ഫലസ്തീൻ കത്തുമ്പോൾ ഉറക്കം നടിക്കുന്ന സുഖലോലുപർക്ക് അല്ലാഹു നൽകിയ ശക്തമായ ഒരു സന്ദേശവും താക്കീതുമല്ലാതെ മറ്റെന്താണ് സമീപകാല വിമാനദുരന്തങ്ങൾ?

അധികാരം കൊണ്ട് കൊലപാതക പരമ്പര നടത്തിയ ഫാസിസ്റ്റ് ഭീകരൻ ഹിറ്റ്ലറുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് ചരിത്രപുസ്തകം മറിച്ചു നോക്കുക. മുപ്പത് വർഷക്കാലം ഏകാധിപത്യഭരണം നടത്തിയ ലിബിയയിലെ ഗദ്ദാഫിക്കും ഈജിപ്തിലെ ഹുസ്നിമുബാറക്കിനും അവസാനം എന്തു സംഭവിച്ചു എന്നറിയാൻ സമീപകാല ലോക സംഭവങ്ങളിലേക്ക് കണ്ണുതുറന്ന് നോക്കുക! അക്രമികളെ അല്ലാഹു കണ്ടു കൊണ്ടിരിക്കുന്നുണ്ട് എന്നതിനും അവധി നിശ്ചയിച്ച് കാത്തിരിക്കുന്നുണ്ട് എന്നതിനും ഇനിയും വേണോ ഉദാഹരണങ്ങൾ..! ഒറ്റ ശരീരം പോലെയോ ഭദ്രമായ കെട്ടിടം പോലെയോ കഴിയേണ്ട മുസ്ലിം സമൂഹത്തിന്റെ ശരീര ഭാഗങ്ങൾ ഫലസ്തീനിൽ ചിന്നിച്ചിതറുമ്പോൾ സ്വന്തം സുഖാഢംബരങ്ങളുടെ രാജസിംഹാസനത്തിൽ സുഖശയനം കൊള്ളുന്ന അറബി-മുസ്ലിം രാജാക്കന്മാരെയും കാത്തിരിക്കുന്നത് ഭാവിയിൽ നല്ല വാർത്തകളായിരിക്കില്ല. ഇറാഖും സിറിയയും ഈജിപ്തും കൺമുൻപിലുള്ള ഉദാഹരണങ്ങൾ.

### ഒരു മഹാസത്യം:

ലോകാവസാനം വരെ നിലനിൽക്കുന്ന മതമാണിസ്ലാം. ലോകാവസാനം വരെയുള്ള മനുഷ്യർ വായിക്കുമെന്നുറപ്പുള്ള വേദഗ്രന്ഥമാണ് ഖുർആൻ. ലോകാവസാനം വരെയുള്ള നല്ല മനുഷ്യരാൽ പ്രശംസിക്കപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്യുന്ന പ്രവാചകനാണ് മുഹമ്മദ്(സ). അത്കൊണ്ടാണ് ഇസ്ലാമിക ആദർശം മുറുകെപ്പിടിച്ച് ജീവിക്കുന്നവരോടായി അല്ലാഹു ഇങ്ങിനെ പ്രചോദിപ്പിക്കുന്നത്. **''നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതന്മാർ'' (ഖുർആൻ 3:139).** അതെ, സത്യവിശ്വാസി രക്തസാക്ഷിയായാലും സൗഭാഗ്യം. ജീവിച്ചാലും സൗഭാഗ്യം. ഈ ഇരട്ട സൗഭാഗ്യം ലോക ജനതയിൽ മറ്റാർക്കാണുള്ളത്? അല്ലാഹു അക്ബർ.

## ചോദിക്കേണ്ട ചോദ്യം

ഗസ്സയുടെ നിലവിളി ലോകമാകെ നിറയുമ്പോഴും നിങ്ങൾക്കെങ്ങനെയാണ് നിഷ്പക്ഷത യെക്കുറിച്ചുള്ള ഒതളങ്ങ വർത്തമാനങ്ങൾക്കിടയിൽ ഇവ്വിധം നിർവികാരമായി ചീഞ്ഞഴുകാൻ കഴിയുന്നത്?

**-കെ.ഇ.എൻ /വാരാദ്യമാധ്യമം 3.8.2014**

പഠനം

എം.അലിമണിക്ഫാൻ



# മാസം ഭൂമിക്കാകമാനമുള്ളത്

1435 ഹിജ്റാ കലണ്ടർ പ്രകാരം മുഹറം 1–ാം തിയ്യതി 4.11.2013ന് ആയിരുന്നു. എന്നാൽ ശബാബ് കലണ്ടറിൽ മുഹറം 1–ാംതിയ്യതി ആരഭിക്കുന്നത് 5.11.2013 ന് ആയിരുന്നു. (കാരണം ശബാബ് കലണ്ടറിൽ 3.11.2013 ന് കോഴിക്കോട് സൂര്യൻ അസ്തമിക്കുന്നതിന്റെ 4 മിനിറ്റ് മുമ്പ് ചന്ദ്രൻ അസ്തമിക്കുന്നു എന്നും 4.11.2013 ന് സൂര്യൻ അസ്തമിച്ച് 5 മിനിറ്റ് കഴിഞ്ഞ് ചന്ദ്രൻ അസ്തമിക്കുന്നു.)

'സൂര്യനും ചന്ദ്രനും ഒരു കണക്ക് അനുസരിച്ചാണ് സഞ്ചരിക്കുക' എന്ന് സുറത്ത് റഹ്മാൻ ആയത്ത് നമ്പർ 5. സൂര്യനും ചന്ദ്രനും കിഴക്കും പടിഞ്ഞാറും ഉദിക്കുന്നതും അസ്തമിക്കുന്നതും രണ്ടു പോയിന്റിലാണ് എന്ന സുറത്ത് റഹ്മാൻ ആയത്ത് നമ്പർ 17. സൂര്യനെ ഒരു പ്രകാശവും, ചന്ദ്രനെ ഒരു ശോഭയും ചന്ദ്രന് ഓരോ ദിവസവും ഓരോ ഘട്ടങ്ങൾ നിർണ്ണയിച്ചു എന്നും മനുഷ്യർക്ക് കൊല്ലവും കണക്കും അറിയുന്നതിനു വേണ്ടി എന്നും യഥാർത്ഥ മുറ പ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല എന്നും മനസ്സിലാക്കുന്ന ആളുകൾക്ക് അല്ലാഹു തെളിവുകൾ വിശദീകരിക്കുന്നു എന്ന് സുറത്ത് യൂനസിൽ ആയത്ത് നമ്പർ 5. ചന്ദ്രൻ ഉദയം ആരംഭിച്ച് ഓരോ ദിവസവും അത് വളരുകയും ഒടുവിൽ പൂർണ്ണചന്ദ്രൻ ആയതിനു ശേഷം പിറ്റെ ദിവസം മുതൽ ചെറുതായി ചെറുതായി മാസത്തിന്റെ 28–ാം തിയ്യതിയോ? 29–ാം തിയ്യതിയോ? അത് ഒരു ഈന്തപ്പനയുടെ കുലയുടെ ചില്ല പോലെ ആകുകയും അതിനെ 29 ദിവസമുള്ള മാസത്തിൽ 28–ാം തിയ്യതിയും 30 ദിവസമുള്ള മാസത്തിൽ 29–ാം തിയ്യതിയും സൂര്യൻ ഉദിക്കുന്നതിനു മുമ്പ് കിഴക്കേ ചക്രവാളത്തിൽ കാണാം. അതിനെക്കുറിച്ചാണ് സൂറത്ത് യാസീൻ ആയത്ത് നമ്പർ 39. പിറ്റെ ദിവസം എവിടെയും ചന്ദ്രനെ കാണുകയില്ല. 29 ദിവസമുള്ള മാസത്തിൽ 29നും, 30 ദിവസമുള്ള മാസത്തിൽ 30നും അമാവാസി (കറുത്തവാവ്) ആയിരിക്കും. ആ ദിവസം ഉച്ചക്ക് 12 മണിക്ക് സൂര്യനും ചന്ദ്രനും ഭൂമിയും ഒരേ രേഖയിൽ വരും. അതിനാൽ എവിടെയും മാസം കാണുകയില്ല. അതാണ് നബി(സ) പറഞ്ഞത് മാസം മൂടിയാൽ നിങ്ങൾ 30 പൂർത്തിയാക്കുക.

നബി(സ) ഈ ലോകർക്കാകെയുളള പ്രവാചകനാണ്. കാരണം നബി(സ)യെക്കുറിച്ച് സൂറത്ത് അൻആം നമ്പർ 92ൽ പറയുന്നത്. "മാതൃനഗരി (മക്ക) അതിന്റെ ചുറ്റുപാടുമുളളവർക്ക് നീ താക്കീത് നൽകുവാൻ വേണ്ടി ഉളളതുമാണ് അത്." (ഖുർആൻ). അപ്പോൾ ഖുർആൻ ലോകർക്ക് ആകമാനമുള്ള ഗ്രന്ഥമാണ്. ഭൂമി ഉരുണ്ട ഗോളമാണ്. നാം അതിനെ പരത്തി വെച്ച നിലയിൽ മാപ്പ് ഉണ്ടാക്കിയിട്ടുണ്ട്. ഈ മാപ്പ് ഉണ്ടാക്കുവാൻ ഗോളാകൃതിയിലുള്ള ഭൂമിയെ എവിടെയെങ്കിലും പകുതി മുറിച്ച് പരത്തി വെക്കണം. അങ്ങിനെ പകുതി മുറിച്ച് പരത്തി വെച്ചതാണ് നാം ഉപയോഗിക്കുന്ന വേൾഡ്മാപ്പ്. ആ മുറിച്ച ഭാഗം ഇന്റർനാഷണൽ ഡെയിറ്റ് ലൈൻ പ്രകാരമാണ്. ഇന്റർനാഷണൽ ഡെയിറ്റ് ലൈൻ പ്രകാരം മുറിച്ചു പരത്തി വെച്ച മാപ്പിന്റെ ഏതാണ്ട് നടുഭാഗത്താണ് മക്ക വരുന്നത്. മക്ക അടയാളപ്പെടുത്തിയ ഭാഗത്ത് ഒരു ആണി സ്ഥാപിച്ച് അതിൽ ഒരു നൂൽ കെട്ടി ഒരു വൃത്തം വരച്ചാൽ ഈ കാര്യം നമുക്ക് മനസ്സിലാക്കാം. അപ്പോൾ ലോകർക്ക് മുഴുവൻ മാസം കൃത്യമായി മൂടുന്ന ദിവസം അമാവാസി ദിവസം (കറുത്തവാവ്) മാസം മൂടിയാൽ നിങ്ങൾ (ലോകത്തുള്ള ജനങ്ങൾ) മാസം 30 പൂർത്തിയാക്കണം എന്ന് നബി(സ) പറഞ്ഞാൽ അതിന്റെ അർത്ഥം മാസം മുഴുവൻ മൂടുന്ന ദിവസം അതായത് അമാവാസി ദിവസം 29 ദിവസമുള്ള മാസത്തിന്റെ 29-ാം തിയ്യതി, 30 ദിവസത്തിന്റെ മാസമുള്ള 30-ാം തിയ്യതി ലോകത്ത് എവിടെയും മാസം കാണുകയില്ല എന്നും ആ ദിവസത്തെ ആ മാസത്തിന്റെ അവസാന ദിവസമായി കണക്കാക്കണമെന്നും ഇതിൽ നിന്നും നാം മനസ്സിലാക്കണം. സൂറത്ത് യാസീൻ 39 ൽ പറഞ്ഞ ''ഉർജ്ജൂനുൽഖദീം'' സൂര്യന്റെ മുന്നിൽ കിഴക്ക് പ്രത്യക്ഷപ്പെടുന്നു. എന്നാൽ അമാവാസി ദിവസത്തിന്റെ പിറ്റെദിവസം ചന്ദ്രൻ സൂര്യന്റെ പിറകിലാണ് വരിക. സൂറത്ത് ശംസിൽ 2-ാം ആയത്തിൽ പറയുന്നത് "ചന്ദ്രൻ തന്നെയാണ് സത്യം, അത് അതിനെ (സൂര്യനെ) തുടർന്ന് വരുമ്പോൾ" എന്നു പറഞ്ഞാൽ സൂര്യൻ ഉദിച്ച് അതിനു ശേഷം ചന്ദ്രനും ഉദിക്കുന്നു. ഇത് എല്ലാ മാസത്തിന്റെയും ഒന്നാം തിയ്യതിയെ കുറിക്കുന്നു.

അപ്പോൾ മാസം ആരംഭിക്കുന്നത് മാസപ്പിറവിയോടെയാണ്. ചന്ദ്രനും സൂര്യനും കിഴക്കാണ് ഉദിക്കുക. കാരണം ഭൂമി പടിഞ്ഞാറു ഭാഗത്തു നിന്നും ആന്റിക്ലോക്ക്വൈസിൽ തിരിയുമ്പോൾ കിഴക്ക് ഭാഗത്ത് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും പ്രത്യക്ഷപ്പെടുന്നു. ഇതിനെ നാം ഉദയം എന്നു പറയുന്നു. സൂര്യന്റെ പിന്നിൽ വരുന്ന ചന്ദ്രൻ അസ്തമിക്കുക സൂര്യൻ അസ്തമിച്ചതിനു ശേഷമാണ്.

4.11.2013ന് കോഴിക്കോട് 51 മിനിറ്റ് ചന്ദ്രപ്പിറവി ഉണ്ട് എന്ന് ശബാബ് കലണ്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ 5.11.2013 മുഹറം 2-ാം തിയ്യതിയാണ്. എന്നാൽ ചന്ദ്രൻ സൂര്യനെ പിൻതുടർന്നു വരുന്ന ദിവസം കൃത്യമായി അറിയുന്ന കാലമായിട്ടും ചന്ദ്രമാസത്തിന്റെ ഒന്നാം തിയ്യതി എന്നാണെന്ന് ജനങ്ങൾക്ക് പറഞ്ഞു കൊടുത്തുകൂടെ. അതായത് അമാവാസിയുടെ പിറ്റെദിവസം. മിക്ക എല്ലാ കലണ്ടറുകളിലും അമാവാസി കാണിച്ചിരിക്കും. തിയ്യതി കോളത്തിൽ വലിയ ഒരു കറുത്ത പുള്ളി അടയാളപ്പെടുത്തിയിരിക്കും. പക്ഷെ നമുക്കിവിടെ ഭൂരിപക്ഷമാണ് പ്രശ്നം. **"ഭൂരിപക്ഷത്തെ നീ അനുസരിക്കുന്ന പക്ഷം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് നിന്നെ അവർ തെറ്റിച്ചു കളയുന്നതാണ്. ഊഹത്തെ മാത്രമാണ് അവർ പിൻതുടരുന്നത്. (ഊഹം മഗ്രി ബിന് ദിവസം തുടങ്ങുന്നു എന്നതു തന്നെ). അവർ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്. (മഗ്രിബിന് മാസം കണ്ടിട്ട് പിറ്റെ ദിവസം മാസം ഒന്നാം തിയ്യതി എന്ന നിലയിൽ നോമ്പെടുക്കുന്നു, പെരുന്നാൾ ആഘോഷിക്കുന്നു).'' (അൻആം 116).** അല്ലാഹു പറയുന്നു. "ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്താതെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല. തീർച്ച." (സൂറത്ത് റഅ്ദ് 11). അപ്പോൾ നാം ഖുർആനിൽ പറഞ്ഞിരിക്കുന്ന ഈ കാര്യങ്ങൾ മനസ്സിലാക്കി അതനുസരിച്ച് മാസം കണക്കാക്കി ലോകത്തുള്ള മുഴുവൻ മുസ്ലിം സമൂഹവും ഒരേ ദിവസം, നോമ്പും മറ്റു മതപരമായ ആഘോഷങ്ങളും ഹജ്ജും ഒക്കെ കൃത്യമായ ദിവസങ്ങളിൽ അനുഷ്ഠിക്കുന്ന രീതിയിലേക്ക് മാറ്റുവാൻ അല്ലാഹു തൗഫീഖ് ചെയ്യുമാറാക്കട്ടെഎന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

ഡോ. എ.ഐ. റഹ്മത്തുല്ല

# ദാനമെന്നാൽ സകാത്ത് മാത്രമോ?

ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥിതിയുടെ സവിശേഷമായ പ്രത്യേകത അത് സാമ്പത്തിക വളർച്ചയും സാമൂഹ്യ നീതിയും ഒരേസമയം ലക്ഷ്യം വെക്കുന്നുവെന്നുള്ളതാണ്. സാമ്പത്തിക സമത്വവും സാമൂഹ്യ നീതിയും ലക്ഷ്യം വെച്ച കമ്മ്യൂണിസത്തിന് സാമ്പത്തിക വളർച്ചയുണ്ടാക്കാനാവില്ലായെന്ന് അത് സ്ഥിരീകരിച്ചു കഴിഞ്ഞു. സാമ്പത്തിക വളർച്ചയുണ്ടാക്കുന്നതോടൊപ്പം സാമൂഹ്യ നീതി സ്ഥാപിക്കാനാവില്ലായെന്ന് മുതലാളിത്തവും ഇതിനകം തെളിയിച്ചു കഴിഞ്ഞു.

ഈ രണ്ട് ലക്ഷ്യങ്ങളും ഒരേ സമയം യാഥാർത്ഥ്യമാക്കാൻ സാധിച്ച ഒരോയൊരു വ്യവസ്ഥിതി മനുഷ്യ ചരിത്രത്തിൽ ഇസ്‌ലാം മാത്രമാണ്. ഈ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് വേണ്ടി അല്ലാഹു നിശ്ചയിച്ചു തന്നത് രണ്ട് രീതി ശാസ്ത്രങ്ങളാണ്. ഒന്ന് ഒരു വിലക്കും അഥവാ നിരോധവും രണ്ടാമത്തത് ഒരു കല്പനയും. പലിശ കർക്കശമായി നിരോധിച്ചു; ദാനം വ്യവസ്ഥാപിതമായി നടപ്പാക്കി. സാമ്പത്തിക വളർച്ചയും സാമൂഹ്യ നീതിയും സ്ഥാപിതമായി. വി.ഖുർആൻ നിർദ്ദേശിച്ചത് ശ്രദ്ധിക്കൂ. 'നിങ്ങൾ അന്യോന്യം കൊടുക്കുകയും (വാങ്ങുകയും) ചെയ്യുന്ന പലിശ ജനങ്ങളുടെ സാമ്പത്തിക വളർച്ചയുദ്ദേശിച്ചാണെങ്കിലും അത് അല്ലാഹുവിന്റെയടുത്ത് യാതൊരു വളർച്ചയുമുണ്ടാക്കുന്ന ഒന്നല്ല; എന്നാൽ ദൈവപ്രീതി മാത്രം ലക്ഷ്യമാക്കി നിങ്ങൾ പരസ്പരം കൊടുക്കുന്ന സക്കാത്ത് (സമ്പത്തിന്റെ വളർച്ചാ വിഹിതം) വ്യവസ്ഥിതി നടപ്പാക്കുന്നവർ സമ്പത്ത് ഇരട്ടിപ്പിക്കുന്നവരാകുന്നു.' (വി.ഖു. 30: 39)

ഇവിടെ പലിശാധിഷ്ടിത സാമ്പത്തിക ക്രമം നിരോധിക്കുകയും ദാനം സാമ്പത്തിക വ്യവസ്ഥയുടെ അടിസ്ഥാനമാക്കുകയുമാണ് വി.ഖുർആൻ ചെയ്തിട്ടുള്ളത്. കേവലമായ ദാനമല്ല, മറിച്ച് അല്ലാഹുവിന്റെ സംതൃപ്തി ലക്ഷ്യമാക്കിയുള്ള ദാനമാണ് ഉദ്ദേശിക്കപ്പെടുന്നത്. അതായത് സ്വന്തമെന്ന ബോധത്തിൽ നിന്നും ആർത്തിയിൽ നിന്നും അന്യവർക്കരിച്ചതിന് ശേഷം സമൂഹവൽക്കരണത്തിനായി വ്യവസ്ഥാപിതമായ രീതിയിൽ വിട്ടുകൊടുക്കാൻ സമ്പത്ത് വർദ്ധിപ്പിച്ച വളർത്തുവാൻ വേണ്ടി അദ്ധ്വാനിക്കുന്ന വ്യക്തികൾ തന്നെ സന്നദ്ധമാവുകയെന്നതാണ് ദാനംകൊണ്ട് ഉദ്ദേശിക്കുന്നത്. സമ്പത്തിന്റെ ഉടമ അല്ലാഹുവാണെന്ന് മനസ്സിൽ ദൃഢമാക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ ഹിതമനുസരിച്ചാണ് അത് വ്യയം ചെയ്യേണ്ടതെന്നും വ്യക്തിയുടെ അദ്ധ്വാനമാണ് എക്കാലത്തും ഏത് നാഗരികതയിലും സാമ്പത്തിക വർദ്ധനവിന്റെ നിദാനം. സൃഷ്ടി കർത്താവ് പ്രപഞ്ചത്തെ സംവിധാനിച്ചിട്ടുള്ളത് അപ്രകാരമാണ്. മനുഷ്യന് ജീവിതത്തിന് ആവശ്യമായ എല്ലാം സൗജന്യമായിട്ടാണ് ദൈവം ഇവിടെ തന്നിട്ടുള്ളതെങ്കിലും മനുഷ്യൻ തന്റെ അദ്ധ്വാനം വഴി ജീവിതത്തിനാവശ്യമായ വിഭവങ്ങളാക്കി മാറ്റിയെടുക്കേണ്ടതുണ്ട്. ഈ അദ്ധ്വാനമാണ് വിഭവങ്ങൾക്ക് മൂല്യവും വിലയുമുണ്ടാക്കുന്നത്. ദൈവം സൗജന്യമായി നല്കിയ അസംസ്കൃത സമ്പത്തിനെ മൂല്യമുള്ള സമ്പത്താക്കി മാറ്റുന്നത് മനുഷ്യാദ്ധ്വാനമാണ്. ബലാൽകാരം സമ്പത്ത് വ്യക്തികളിൽ നിന്ന് പിടിച്ചെടുത്ത് സാമൂഹ്യവൽക്കരിക്കുകയോ സാമൂഹ്യനീതി നടപ്പാക്കാനോ ശ്രമിക്കുന്നത് സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കാനിടയാക്കുകയാണ് ചെയ്യുക. കാരണം അദ്ധ്വാനം വ്യക്തിയെ മാത്രം ആശ്രയിച്ചുള്ളതാണ്. ഇവിടെ പ്രേരണയും പ്രോത്സാഹനവും പ്രതീക്ഷ വളർത്തലും സ്വന്തമാക്കാനുള്ള മോഹം ജനിപ്പിക്കലുമെല്ലാമാണ് ഫലപ്രദമാവുന്നത്. ഇസ്‌ലാം ചെയ്യുന്നതും ഇതാണ്. സ്വർഗ്ഗ

മോഹം വളർത്തി പ്രലോഭിപ്പിച്ചുകൊണ്ടാണ് വ്യക്തിയെക്കൊണ്ട് അദ്ധ്വാനിപ്പിക്കുന്നതും അവൻ അദ്ധ്വാനിച്ച് വളർത്തിയ സമ്പത്തിൽ നിന്ന് ഒരു വിഹിതം തളർന്ന് പോവുന്ന സഹജീവികളുടെയും സമൂഹത്തിന്റെയും ക്ഷേമത്തിന് വേണ്ടി വാങ്ങി കൊടുക്കുന്നതും. ഇത്തരത്തിലുള്ള നികുതി ചുമത്തൽ (Taxation) ഒരു സമൂഹത്തിന്റെ നിലനില്പിന് അനിവാര്യമാണ്. ഇതിന് വി. ഖുർആൻ നല്കിയ പേര് 'സ്വദഖ' അഥവാ ദാനം എന്നാണ്.

### സ്വദഖയും സകാത്തും

ഇസ്‌ലാം ദാനത്തിന് വ്യത്യസ്തമാനങ്ങൾ നല്കിയിട്ടുണ്ട്. മുഖ്യമായി രണ്ട് ഇനങ്ങളായിട്ടാണ് ഇസ്‌ലാം ഇതിനെ വേർതിരിച്ചിട്ടുള്ളത്. നിർബന്ധവും ഐച്ഛികവും.

നിർബന്ധമായതിനെ സാങ്കേതികമായി സക്കാത്ത് എന്ന് പേർ നല്കിക്കൊണ്ട് ഇസ്‌ലാം വ്യതിരിക്തമാക്കിയിരിക്കുന്നു. വ്യക്തിയുടെ ഉൽപാദന വർദ്ധനവിന്നായുള്ള അദ്ധ്വാന പരിശ്രമങ്ങളെ നിരുത്സാഹപ്പെടുത്താത്ത വിധം (Non Progressive) വർദ്ധനവിനനുസരിച്ച് അധികരിക്കാത്ത സ്ഥിരം നിരക്കുകൾ സക്കാത്തിന് നിജപ്പെടുത്തിയിട്ടുണ്ട്. എല്ലാ സമ്പത്തിന്മേലും വരുമാനത്തിന്മേലും ഒരു കുറഞ്ഞ പരിധിക്ക് മുകളിലുള്ള അവസ്ഥകളിലെല്ലാം സക്കാത്ത് നല്കാനുള്ള നിയമപരമായ ബാധ്യതയിൽ നിന്ന് വല്ലവരും ഒഴിഞ്ഞു മാറുന്നുവെങ്കിൽ അവരിൽ നിന്നും ബലാൽക്കാരം പിടിച്ചെടുക്കുവാനുള്ള അധികാരം സമൂഹ നേതൃത്വത്തിന് നല്കുന്നുണ്ട്. ഇത് സമൂഹത്തിലെ തളർന്ന് പോവുന്ന അഗതികൾക്കും ദരിദ്രരായി പോവുന്നവർക്കുമുള്ളതാണ്.

ഇതിന് പുറമെ നിർബന്ധമായ മറ്റൊരു ഇനമുണ്ട്. ഭരണകൂടം ജനങ്ങൾക്ക് ചെയ്യുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും നികുതികളുമാണത്. രാജ്യരക്ഷക്ക് വേണ്ടിയുള്ള വിഹിതം സക്കാത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ മറ്റുസേവനങ്ങൾക്കുള്ള നികുതികളും ഫീസുകളും ആവശ്യാനുസൃതമായി ക്രമീകരിക്കണമെന്നാണ് ഇസ്ലാമിന്റെ താൽപര്യം.

### ദാനത്തിന്റെ തത്വശാസ്ത്രം

ഈ രണ്ട് നിർബന്ധ ബാധ്യതകൾക്ക് പുറമെ ധാരാളം സമ്പത്ത് ചില വ്യക്തികളിൽ മാത്രമായി കുന്നുകൂടുന്ന അവസ്ഥ ഉണ്ടാവുകയാണെങ്കിൽ അത് സമൂഹത്തിന് മൊത്തത്തിൽ പ്രയോജനമുണ്ടാവുന്ന വിധത്തിൽ പുനർ നിക്ഷേപം ചെയ്യപ്പെടേണ്ടതുണ്ട്. ഇതിനുള്ള വഴികളിൽ പ്രധാനമായത് സ്വർണ്ണവും വെള്ളിയും അഥവാ പണം നിക്ഷേപമാക്കി വെയ്ക്കാതിരിക്കാൻ ഇസ്‌ലാം ശക്തമായി പ്രേരിപ്പിക്കുന്നു. അത് ജനങ്ങൾക്കിടയിൽ കറങ്ങിക്കൊണ്ടിരിക്കണം. സമ്പന്നരിൽ മാത്രം കറങ്ങുന്നതാവാതിരിക്കണം (വി. ഖു. 59: 7). ജനങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകുന്ന വാണിജ്യ വ്യവസായിക കാർഷിക മേഖലകളിൽ മുതലിറക്കണം. രണ്ടാമത്തെ വഴി ജനങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും നിറഞ്ഞ സാമൂഹ്യ ബന്ധങ്ങൾ വളർത്തുന്ന വിധം ധാരാളമായി സ്വമേധയാ കൊടുക്കുകയെന്നതാണ്. ഈ രീതി വിജയിക്കുന്നതിന് വലിയ പ്രേരണയും പ്രലോഭനവും പ്രോത്സാഹനവുമെല്ലാം ആവശ്യമാണ്. നിയമം വഴി നിർബന്ധമാക്കുകയും അധികാരം വഴി പിടിച്ചെടുക്കുകയും ചെയ്യുന്ന സക്കാത്ത് മൊത്തം അവശ്യത്തിന്റെ ഒരു ഭാഗമേ ആവുന്നുള്ളു. അതിനേക്കാൾ എത്രയോ വലിയ ഭാഗം ഈ ഐച്ഛിക ദാനത്തിലൂടെ പ്രേരണയും പ്രോത്സാഹനവും വഴി ഉണ്ടാവുന്നുവെന്നതാണ് യാഥാർത്ഥ്യം. ധാരാളമായി അദ്ധ്വാനിച്ച് സമ്പത്ത് വർദ്ധിപ്പിക്കുകയും അത് വഴി പരലോകത്തേക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുവാൻ അല്ലാഹുവിന്റെ തൃപ്തിയാർജിക്കുകയെന്ന ഏകലക്ഷ്യത്തിൽ പരപീഢനമില്ലാതെ ധാരാളമായി കൊടുത്തുകൊണ്ടിരിക്കുകയെന്നത് സമൂഹത്തിന്റെ ഒരു സ്വഭാവമോ സംസ്കാരമോ ആയിത്തിരുന്നുവെന്നതാണ് ഇസ്‌ലാമിക ചരിത്ര യാഥാർത്ഥ്യം. മുഴുവൻ സമ്പത്തും ദാനം കൊടുത്തു തീർത്തു പിൻതുടർച്ചക്കാരെ ദരിദ്രരാക്കി വിട്ടേച്ച് പോവരുത് എന്ന് ദൈവദൂതൻ നിർദ്ദേശിക്കേണ്ടതായി പോലും വന്നുവെന്നതാണ് ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രം. ഇതിന്റെ അർത്ഥം ഈ പ്രലോഭന രീതി വളരെ ഫലപ്രദമാണ് എന്നതത്രെ. ഇക്കാലത്ത് നികുതി പിരിക്കുന്നതിന് ജപ്തി-ശിക്ഷാ രീതിയേ

ക്കാൾ ഫലപ്രദമായേക്കും ഈ രീതിയെന്ന് മനസ്സിലാക്കാം. പക്ഷെ ഇസ്ലാമിനോളം ശക്തമായ പരലോക വിശ്വാസവും പ്രചോദനത്തിന് വി. ഖുർആനിന്നും നബിയുടെ വാക്കുകൾക്കുമുണ്ടാകാനാകുന്ന മനസ്സിലേക്ക് തുളച്ചുകയറുന്ന മൂർച്ചയുമുണ്ടാവേണ്ടതുണ്ട്. അത്രയും ശക്തമാണ് വി.ഖുർആനും നബി വചനങ്ങളുമുണ്ടാക്കുന്ന ദാനപ്രേരണയെന്ന് അതുമായി സ്വൽപ്പം ബന്ധമുള്ള ആർക്കും മനസ്സിലാക്കാനാവും.

ഒരു ഈത്തപ്പഴത്തിന്റെ ചീന്തുകൊണ്ടെങ്കിലും നിങ്ങൾ സ്വന്തത്തെ നരകത്തിൽ നിന്ന് കാത്തുകൊള്ളുകയെന്ന (സ്വഹീഹുൽ ബുഖാരി) നബി വചനം ഏതു കഠിന മനസ്കനെയും ഒന്ന് മാറ്റിച്ചിന്തിപ്പിച്ചേക്കും. ഇത് പോലെയുള്ള നൂറു കണക്കിന് വചനങ്ങൾ നബിയിൽ നിന്നുദ്ധരിക്കപ്പെട്ടിട്ടുണ്ട്.

വി.ഖുർആനാണെങ്കിൽ ആദ്യാവസാനം അഗതികൾക്ക് ഭക്ഷണം കൊടുക്കുന്നതിന്റെ പ്രധാന്യമാണ് പറയുന്നത്. നരകത്തിലെറിയപ്പെടുന്നതിന്റെ മുഖ്യകാരണമായി ഖുർആൻ പറയുന്നത് നമസ്കരിക്കാതിരിക്കുകയും അഗതികൾക്ക് ഭക്ഷണം കൊടുക്കാതിരിക്കുകയും ചെയ്യുകയെന്നതാണ് (വി.ഖു. 74: 42-44) ഇതിന് പ്രേരിപ്പിക്കാതിരിക്കുന്നവരുടെ നമസ്കാരം പോലും നിഷ്ഫലമാണ് (വി.ഖു. 107: 2-4) എന്നും പണം നിധിയാക്കി നിക്ഷേപിക്കുന്നവർക്ക് കടുത്ത വേദനയുള്ള നരകശിക്ഷയുണ്ടെന്നുമാണ് (വി.ഖു. 9: 34). സ്വാഭാവികമായും ഇത്തരം ഖുർആനിക വചനങ്ങളുടെ വ്യാഖ്യാനത്തിൽ കടുത്തഭിന്നത പഴയകാലത്തു തന്നെ ഉടലെടുത്തിരുന്നു. (ബുഖാരി ഉദ്ധരിച്ച 1406-ാം നമ്പർ ഹദീസ് ശ്രദ്ധിക്കുക. സൈദുബ്നു വഹബ് പറഞ്ഞു. ഞാൻ റബാദ എന്ന പ്രദേശത്തു കൂടെ നടക്കുകയായിരുന്നു. അപ്പോൾ യാദൃഛികമായി അബൂദർറ് അൽ ഗഫ്ഫാരിയെന്ന സ്വഹാബിയെ കണ്ടുമുട്ടുകയുണ്ടായി. അദ്ദേഹത്തോട് ഞാൻ ചോദിച്ചു: നിങ്ങളെ ഇവിടെ ഈ അവസ്ഥയിൽ താമസിക്കാനിടയാക്കിയതെന്താ? അദ്ദേഹം പറഞ്ഞു: ഞാൻ ശാമിലായിരുന്നു. ഞാനും മുആവിയ (ഗവർണ്ണർ)യും തമ്മിൽ അഭിപ്രായ വ്യത്യാസത്തിലായി. ഖുർആൻ അദ്ധ്യായം തൗബയിലെ 34-ാം വചനത്തിൽ "സ്വർണ്ണവും വെള്ളിയും (അഥവാ അക്കാലത്തെ നാണയങ്ങൾ) നിധിയാക്കവെക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വ്യയം ചെയ്യാതിരിക്കുകയും ചെയ്യുന്നവരെ വേദനാജനകമായ ശിക്ഷയെക്കുറിച്ചറിയിക്കുക'' എന്ന ഭാഗത്തിന്റെ കാര്യത്തിൽ മുആവിയ പറഞ്ഞു: അത് അഹ്ലുൽ കിതാബി (യഹൂദികളും ക്രിസ്ത്യാനികളും) ന്റെ കാര്യത്തിൽ ഇറങ്ങിയതാണ്. ഞാൻ പറഞ്ഞു: നമ്മുടെയും അവരുടെയും കാര്യത്തിലിറങ്ങിയതാണ്. ഞങ്ങൾക്കിടയിൽ ഈ അഭിപ്രായ വ്യത്യാസം രൂക്ഷമായപ്പോൾ അദ്ദേഹം എനിക്കെതിരെ ഖലീഫാ ഉസ്മാനുബ്നു അഫ്ഫാന് എഴുത്തയച്ചു. ഖലീഫ എന്നോട് മദീനയിലേക്ക് മടങ്ങാനാവശ്യപ്പെട്ടു കൊണ്ട് കത്തയച്ചു. അങ്ങിനെ ഞാൻ അവിടെയെത്തി. അപ്പോൾ ധാരാളം ജനങ്ങൾ അവർ എന്നെ മുമ്പ് കണ്ടിട്ടില്ലാത്ത പോലെ പൊതിഞ്ഞു കൂടി. ഇഥഎള അളആം ഞാൻ ഉസ്മാനോട് പറഞ്ഞു. "നിങ്ങൾ അടുത്തെവിടെയെങ്കിലുമാവുന്ന വിധം മാറി താമസിച്ചോളൂ; നിങ്ങൾക്ക് പറ്റുമെങ്കിൽ." ഇതാണ് എന്നെ ഇവിടെ ഈ അവസ്ഥയിലെത്തിച്ചത്. ഒരു എത്യോപ്യൻ എന്റെ അമീറായി നിയോഗിക്കപ്പെട്ടാലും ഞാൻ കേൾക്കുകയും അനുസരിക്കുകയും ചെയ്യും.

എത്ര വ്യാഖാന വ്യത്യാസങ്ങളുണ്ടായാലും അവഗണിക്കാനാവാത്തവിധം ദാനം ഇസ്ലാമിക സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനമാവുന്നവിധമാണ് ഖുർആൻ ഇതവതരിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തം.

## ചന്ദ്രക്കലയുടെ തിയ്യതി

"മാസപ്പിറവി ചന്ദ്രക്കലയുമായി ബന്ധപ്പെട്ടതാണെങ്കിൽ മാസത്തിലെ തിയ്യതികൾ ചന്ദ്രന്റെ കലകളുമായി ഒത്തു പോവേണ്ടതാണ്. 48 മിനുട്ടിന്റെ അസ്തമയ വ്യത്യാസമുണ്ടെങ്കിലേ ഹിലാൽ കാണുകയുള്ളൂ. ഇന്ന് കാണുന്ന ചന്ദ്രക്കല ഇന്നത്തെ തിയ്യതിയുടെ അടയാളമാണ്. നാളത്തേതല്ല. ഖുർആനും ഗോളശാസ്ത്രവും സാമാന്യ ബുദ്ധിയും മുന്നിൽ വെച്ചാൽ ഇതാണ് ബോധ്യപ്പെടുന്നത്."

**(എം. അലി മണിക്ഫാൻ)**

# 'ന്യൂമൂണും മാസപ്പിറവിയും'

**എ. അബ്ദുൽ ഹമീദ് മദീനി**

പ്രസിദ്ധീകരണം: യുവത ബുക്സ്

**1. ഇജ്തിഹാദ്**

ഖുർആനിന്റെയും സുന്നത്തിന്റെയും വ്യക്തമായ നിർദ്ദേശങ്ങൾ കൊണ്ട് സ്ഥിരപ്പെട്ട വിഷയത്തിൽ ഇജ്തിഹാദ് അനുവദനീയമല്ല എന്ന് അബ്ദുൽ ഹമീദ് മദീനിയും (കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി) കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രസിഡന്റ് ഡോ. ഇ.കെ. അഹമ്മദ്കുട്ടിയും എഴുതുന്നുണ്ട്.

ഇത് ശരിയല്ല. പുതിയ സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ഖുർആൻ കൊണ്ടും സുന്നത്തു കൊണ്ടും സ്ഥിരപ്പെട്ട വിഷയത്തിലും മുൻപണ്ഡിതന്മാരിൽ ഇജ്മാഅ് ഉള്ള വിഷയത്തിലും ഇജ്തിഹാദ് വേണ്ടി വരും. ഉദാഹരണം: ധ്രുവപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ നോമ്പും നമസ്കാരവും. അഞ്ചു നേരത്തെ നമസ്കാരം ആ പ്രദേശത്തെ സൂര്യന്റെ അടിസ്ഥാനത്തിലോ അതല്ല മക്കയിലെ സമയത്തിന്റെ അടിസ്ഥാനത്തിലോ എന്നും, നോമ്പ് - പെരുന്നാളുകൾ അനുഷ്ഠിക്കേണ്ടത് ഏതടിസ്ഥാനത്തിൽ എന്നും പുതിയ ഇജ്തിഹാദിന് ഇന്നും വിധേയമായിക്കൊണ്ടിരിക്കുകയാണ്. തീർപ്പാക്കിയിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ ഖുർആനും സുന്നത്തും ഇജ്മാഉം ഖണ്ഡിതമാണ് താനും. ധ്രുവപ്രദേശങ്ങളിൽ മനുഷ്യപ്പാർപ്പില്ലാത്ത കാലത്ത് ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടില്ല. പക്ഷെ ഇന്ന് സാഹചര്യം മാറി. ജനങ്ങൾ അവിടെ താമസമാക്കി. യാത്രകൾ ആരംഭിച്ചു. പുതിയ സാഹചര്യത്തെ നേരിടേണ്ടി വന്നപ്പോൾ ഏത് ഖണ്ഡിത നിയമത്തിലും പുതിയ നിരീക്ഷണങ്ങൾ ആവാമെന്ന് മാത്രമല്ല നിർബന്ധം കൂടിയാണ് എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

**ഖലീഫാ ഉമറിന്റെ ഇജ്തിഹാദ്**

1. മുഅല്ലഫത്തുൽ ഖുലൂബിന്ന് മേലാൽ സക്കാത്തിന്റെ വിഹിതം നൽകില്ല എന്ന് ഉമർ ഉത്തരവിടുന്നു.

2. പട്ടാളക്കാർക്ക് ഗനീമത്ത് സ്വത്തിന്റെ അവകാശവും അദ്ദേഹം നിഷേധിക്കുന്നു. അവകാശികൾ അതിനെ ചോദ്യം ചെയ്തു. ഖുർആൻ കൽപ്പിച്ച, പ്രവാചകൻ നടപ്പാക്കിയ നിയമം റദ്ദ് ചെയ്യാൻ ഉമറിനെന്തവകാശം? ഉമറിന്റെ മറുപടി ശ്രദ്ധിക്കുക: "ഖുർആൻ അനുശാസിക്കുന്നു എന്നതും നബി തിരുമേനി ചെയ്തിട്ടുണ്ട് എന്നതും ഇന്നലെ വരെ ലഭിച്ചു കൊണ്ടിരുന്നു എന്നതും ശരി തന്നെ. പക്ഷെ അത് ഇന്ന് അതേപടി പ്രയോഗവൽക്കരിക്കുമ്പോൾ രാഷ്ട്രത്തിനും സമുദായത്തിനും കോട്ടമുണ്ടാകുമെങ്കിൽ സുരക്ഷ പരിഗണിച്ച് തൽക്കാലം വേണ്ടെന്ന് വെക്കാവുന്നതാണ്. മുഅല്ല

ഫത്തുൽ ഖുലൂബിന്ന് ഇപ്പോൾ സകാത്തിന്റെ ആവശ്യമില്ല. അവരേക്കാൾ അർഹരായവർ വേറെ കിടക്കുന്നു.

പട്ടാളക്കാർ മുൻകാല യുദ്ധ വിജയങ്ങളിലൂടെ സ്വത്ത് വാരിക്കൂട്ടിയിരിക്കുന്നു. തന്മൂലം അവർക്ക് യുദ്ധത്തിന് സമയവും താൽപ്പര്യവുമില്ലാതായി. ഇനിയും അവരെ യുദ്ധങ്ങൾ കൊണ്ട് സമ്പന്നരാക്കിയാൽ രാഷ്ട്ര സുരക്ഷക്ക് അത് ഭീഷണിയാകും. മേലിൽ അവർക്ക് ശമ്പളമാവാം".

മുഅല്ലഫത്തുൽ ഖുലൂബ് സക്കാത്തിന്റെ അവകാശികളാണെന്ന് ഖുർആൻ കൊണ്ട് സ്ഥിരപ്പെട്ടതാണ്. പട്ടാളക്കാർക്ക് ഗനീമത്ത് സ്വത്തിന്റെ വിഹിതവും അതെ. ഖുർആൻ കൊണ്ടും സുന്നത്തു കൊണ്ടും സ്ഥിരപ്പെട്ട ഈ രണ്ട് വിഷയത്തിലും ഉമർ(റ) ഇജ്തിഹാദ് നടത്തിയിരിക്കുന്നു.

**2. ന്യൂമൂണും മാസമാറ്റവും**

മദീനി തന്റെ പുസ്തകത്തിൽ മണിക്ഫാനെ രൂക്ഷമായി വിമർശിക്കുന്നു. ന്യൂമൂൺ (കറുത്തവാവ്) മാസമാറ്റത്തിന് നിദാനമാക്കുന്നു എന്നതിന്റെ പേരിലാണ് വിമർശം. ലോകത്തിന്നേവരെ ഒരു പണ്ഡിതനും പറയാത്ത വാദമാണിത് എന്നും തള്ളപ്പെടേണ്ടതാണെന്നും അദ്ദേഹം എഴുതുന്നു. ഇസ്ലാമിൽ ന്യൂമൂണിന്റെയല്ല മാസപ്പിറവിയുടെ അടിസ്ഥാനത്തിലാണ് ഒന്നാം തിയ്യതി പിറക്കുന്നത് എന്നും അദ്ദേഹം പറയുന്നു.

ഗ്രന്ഥകർത്താവിനോടുള്ള എല്ലാ ബഹുമാനാദരവുകളും നിലനിർത്തിക്കൊണ്ട് പറയട്ടെ, വിഷയം ഒന്നുകിൽ അദ്ദേഹം പഠിച്ചിട്ടില്ല. അല്ലെങ്കിൽ സോദ്ദേശ്യ പ്രേരിതമല്ല വിമർശം.

ന്യൂമൂൺ അല്ല ന്യൂമൂണിന്റെ പിറ്റെ ദിവസത്തെ ബാലചന്ദ്രനാണ് ചന്ദ്രമാസത്തിന്റെ ഒന്നാം തിയ്യതി കുറിക്കുന്നത് എന്നാണ്, എന്ന് മാത്രമാണ് അലി മണിക്ഫാനും ഹിജ്റ കമ്മറ്റിക്കാരും പറയുന്നത്. പക്ഷെ ഈ ഒന്നാം തിയ്യതി കണ്ടെത്താൻ വേണ്ടി ന്യൂമൂണിനെ പരിഗണിക്കേണ്ടി വരുന്നു എന്നു മാത്രം. അല്ലാതെ സാധ്യമല്ല.

നമുക്ക് വിഷയം അപഗ്രഥിച്ചു നോക്കാം. ചന്ദ്രൻ വളർന്ന് വലുതായ ശേഷം പിന്നീട് ചെറുതായി വരും. അവസാനം ഒരു ദിവസം കാണാതാകും. ആ ദിവസമാണ് അമാവാസി (ന്യൂമൂൺ). സൂര്യചന്ദ്രന്മാരുടെ ഒരു സംഗമമാണിത്. ഇത് സംഭവിക്കുന്നത് ഭൂമിയിലെ ഏത് പ്രദേശത്തിന്റെ നേർമുകളിൽ വെച്ചാണോ ആ പ്രദേശത്ത് അന്നേരം നട്ടുച്ചയായിരിക്കും. പിന്നീട് അല്പാൽപ്പമായി ചന്ദ്രൻ സൂര്യനെ മറികടക്കാൻ തുടങ്ങും. പക്ഷെ 24 മണിക്കൂറെങ്കിലും കഴിയാതെ ഭൂമിയിലൊരിടത്തും ചന്ദ്രനെ കാണാനാവില്ല. അത്രത്തോളം നാമമാത്രമായിരിക്കും അമാവാസി ദിവസം ചന്ദ്രന്റെ പ്രകാശിതഭാഗം. പിറ്റേദിവസം പ്രഭാതത്തോടെ അൽപ്പം കൂടി വലുതായ ബാലചന്ദ്രൻ കിഴക്കൻ ചക്രവാളത്തിൽ പ്രത്യക്ഷപ്പെടും. പക്ഷെ അതിനെയും നമ്മുടെ കണ്ണുകൾക്ക് കാണാനാവില്ല. കാരണം സൂര്യപ്രകാശ പ്രളയത്തോടൊപ്പമാണ് ടിയാന്റെ വരവ്. എങ്കിലും സന്ധ്യക്ക് സൂര്യാസ്തമയ ശേഷം ഇരുട്ട് വ്യാപിക്കുമ്പോൾ ചിലപ്പോൾ കാണാനാകും. ഈ ബാലചന്ദ്രൻ പ്രഭാതത്തിൽ കിഴക്കുദിച്ചതാണ്. ഇപ്പോൾ അസ്തമിക്കുകയാണ്. ഈ കല ഈ ദിവസത്തിന്റെ ഒന്നാം തിയ്യതിയെ കുറിക്കുന്നു. നാളെ രണ്ടാം തിയ്യതിയാണ്. ഓരോ കലയും ഓരോ തിയ്യതിയെ കുറിച്ചിട്ടു കൊണ്ടാണ് കടന്നു പോകുന്നത്. ഒരു ആകാശക്കലണ്ടർ! പ്രകൃതി തയ്യാർ ചെയ്തുവെച്ച ചന്ദ്രമാസക്കലണ്ടറാണിത്.

ഇതാണ് ഇസ്ലാമിക കലണ്ടർ. ഇത് ദൈവീകമാണ്. ഇതിനെ അംഗീകരിക്കാത്തവൻ ദൈവത്തെ അംഗീകരിക്കുന്നില്ല.

അമാവാസി സംഭവിച്ച ദിവസം ഒന്നാം തിയ്യതിയല്ല, ശാസ്ത്രത്തിലും ഇസ്ലാമിലും. അത് നടപ്പുമാസത്തിന്റെ അവസാന ദിവസമാണ്. അമാവാസി സംഭവിച്ചതിന്റെ പിറ്റേ ദിവസമാണ് ഒന്നാം തിയ്യതി. അന്ന് മാത്രമേ ചന്ദ്രപ്പിറ ഭൂമിക്ക് ബാധകമാകുന്നുള്ളൂ എന്നതാണ് കാരണം. ഒന്നാം തിയ്യതി ദിവസാരംഭമായ രാവിലെയാണ് തുടങ്ങുന്നത്. സൂര്യനോടൊപ്പം ചന്ദ്രൻ ഉദിക്കുന്ന സമയത്ത്. ചന്ദ്രൻ അസ്തമിക്കുന്ന സമയത്തല്ല.

അലി മണിക്ഫാൻ പറയുന്നത് ഇതു തന്നെയാണ്. പക്ഷെ ഗോളശാസ്ത്ര വീക്ഷണത്തിൽ പറയുമ്പോൾ സാങ്കേതികമായി പിറവി

അമാവാസിയോടൊപ്പം തന്നെ മിനിറ്റുകൾക്കകം സംഭവിക്കുന്നുണ്ടല്ലോ. അതുകൊണ്ടാണ് കറുത്തവാവിനെ New Moon പുതു ചന്ദ്രൻ എന്ന് പറയുന്നത്. യഥാർത്ഥത്തിൽ ഒരു പിറവി അവിടെ നടന്നിട്ടുണ്ട്. ഗ്രന്ഥകാരൻ വിചാരിച്ച പോലെ No Moon ലോപിച്ച് New Moon ആയതല്ല. എന്നാൽ ഒന്നാം തിയ്യതിയായി എണ്ണപ്പെടുന്നത് അമാവാസിയുടെ പിറ്റേന്നാണ് താനും. അതുകൊണ്ടാണ് ചന്ദ്രമാസം ന്യൂമൂൺ മുതൽ ന്യൂമൂൺ വരെയാണ് എന്ന് ശാസ്ത്രഭാഷയിൽ പറയപ്പെടുന്നത്. യഥാർത്ഥത്തിൽ ഇതൊരു പുത്തൻ വാദമല്ല. കറുത്തവാവിന്റെ പിറ്റേദിവസം ഒന്നാം തിയ്യതി എന്ന കാര്യം ശാസ്ത്രമാണ്, ഇസ്ലാമാണ്. പക്ഷെ, ഒന്നുണ്ട്. പിറ്റേദിവസം വൈകുന്നേരം ഒന്നാം തിയ്യതിയുടെ ദിവസം ആരംഭിക്കുന്നു എന്ന വാദം അശാസ്ത്രീയമാണ്, അനിസ്ലാമികമാണ്.

സൂര്യന്ന് മുമ്പെ ഉദിച്ചിരുന്ന ചന്ദ്രൻ സൂര്യനെ മറികടക്കുന്ന ദിവസമാണ് മാസത്തിലെ അവസാന ദിവസം അഥവാ അമാവാസി. സൂര്യന്റെ ഉദയത്തോടൊപ്പം ചന്ദ്രനും ഉദിക്കുന്ന ദിവസമാണ് മാസത്തിലെ ആദ്യ ദിവസം അഥവാ ഒന്നാം തിയ്യതി. രണ്ടിന്റെയും ഉദയം പ്രഭാതത്തിൽ ഒരേ സമയം സംഭവിക്കുന്നു.

### 3. എഴുതുകയില്ല, വായിക്കുകയില്ല

എന്നതിന് 'നമുക്ക് എഴുത്തും കണക്കും അറിഞ്ഞുകൂട' എന്ന് അർത്ഥം പറയരുതെന്നും മറിച്ച് 'നാം എഴുതുകയില്ല, വായിക്കുകയില്ല' എന്നേ പറയാവൂ എന്നുമദ്ദേഹം തന്റെ പുസ്തകത്തിൽ കുറിക്കുന്നു. അറബിഭാഷാ വ്യാകരണപ്രകാരം അങ്ങനെ പറയാൻ പാടില്ല എന്നാണദ്ദേഹത്തിന്റെ വാദം.

ഇങ്ങനെ വാദിക്കുന്ന യാതൊരു പണ്ഡിതനും ഇല്ല എന്നതാണു സത്യം. ഈ വാദമുന്നയിക്കുന്നതിലൂടെ ഗ്രന്ഥകാരൻ എന്താണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമല്ല.

ഇനി അങ്ങനെയാണെങ്കിൽ 'കാനല്ലാഹു ഗഫൂറൻ റഹീമൻ' എന്നതിന് അല്ലാഹു ഗഫൂറും റഹീമും ആയിരുന്നു. (ഇപ്പോൾ അല്ല) എന്ന് അർത്ഥം പറയണം!

ഭാഷ എന്നത് സന്ദർഭത്തിനനുസരിച്ച് ആശയം മനസ്സിലാക്കാനുള്ളതാണ്. അവിടെ വ്യാകരണത്തിന് പ്രസക്തിയില്ല. ഭാഷയാണ് ആദ്യം ഉണ്ടായത്. വ്യാകരണം പിന്നീട് ഉണ്ടാക്കിയെടുത്തതാണ്. ഖുർആനിലും ഹദിസിലും ഇതര ഭാഷാ സാഹിത്യങ്ങളിൽ എന്നപോലെ വ്യാകരണത്തിന് വഴങ്ങാത്ത ധാരാളം പ്രയോഗങ്ങളുണ്ട്. ചന്ദ്രമാസവുമായി ബന്ധപ്പെട്ട പ്രവാചക പരാമർശത്തിൽ ഇവിടെ നാം **നിരക്ഷരരായതുകൊണ്ട്** എന്ന് തന്നെയാണ് സർവ്വരും അർത്ഥം കൊടുത്തത്, കൊടുക്കേണ്ടതും.

"എഴുതി കണക്കു കൂട്ടി മാസനിർണ്ണയം നടത്തുന്നത് യഹൂദികളുടെ സമ്പ്രദായമാണെന്നും മാസപ്പിറവി അടിസ്ഥാനത്തിലാണ് ഇസ്ലാമിൽ മാസാരംഭം കുറിക്കേണ്ടതെന്നും ഈ ഹദീസിൽ നിന്ന് മനസ്സിലാക്കാം." (പേജ്: 47)

മാസപ്പിറ എപ്പോഴെന്നറിയാൻ കണക്ക് കൂട്ടിക്കൂടാ എന്നുണ്ടോ? അതിന് ഏറ്റവും കുറ്റമറ്റ രീതിയേതാണോ അത് അവലംബിക്കുകയല്ലേ വേണ്ടത്. അതാണ് ഗോളശാസ്ത്ര കണക്ക്. ആ കണക്ക് പ്രകാരം ന്യൂമൂൺ സംഭവിക്കുന്നത് എന്നാണെന്ന് കണ്ടുപിടിക്കാം. അതിന്റെ പിറ്റെദിവസം മാസപ്പിറവി അഥവാ ചന്ദ്രമാസം ഒന്നാം തിയ്യതി.

യഹൂദികൾ തെറ്റായ മറ്റൊരു രീതി സ്വീകരിച്ചതുകൊണ്ടാണ് ശരിയേതെന്ന് പറയേണ്ടി വന്നത്. അവർ ഒരു മാസം 29 എങ്കിൽ അടുത്ത മാസം 30 എന്ന ക്രമത്തിൽ കണക്ക് കൂട്ടി. **'അത് പാടില്ല, മറിച്ച് 29 ഉം 30 ഉം പല രീതികളിൽ മാറി വരും. അതിനാൽ ചന്ദ്രപ്പിറ എപ്പോഴാണെന്ന് എല്ലാ മാസവും കൃത്യമായി അറിഞ്ഞിട്ടു വേണം തിയ്യതി നിശ്ചയിക്കാൻ' എന്നാണ് പ്രവാചകൻ പറയുന്നത്.** വിമർശിക്കുമ്പോഴും നീതിബോധം കൈവിടരുത്.

### 4. മാസം കണ്ടപ്പോൾ പ്രാർത്ഥിച്ചു

ഹിലാൽ കണ്ടാൽ നബി പ്രാർത്ഥിക്കാറുണ്ടായിരുന്നു. അപ്പോൾ ഹിലാൽ കാണണം എന്നു വന്നില്ലേ? ഇതാണ് മദീനിയുടെ ചോദ്യം.

ആദ്യത്തെ രണ്ട് മൂന്ന് ദിവസത്തെ കലയാണ് ഹിലാൽ എന്ന് അദ്ദേഹം തന്നെ എഴുതിയിട്ടുണ്ടല്ലോ. ശരിയാണ്.

ഹിലാൽ കണ്ടാൽ നബി പ്രാർത്ഥിക്കാറുണ്ടായിരുന്നു. അത് അസ്തമയ സമയത്ത് പടിഞ്ഞാറൻ ചക്രവാളത്തിൽ സൂര്യാസ്തമയശേഷം തെളിഞ്ഞു കാണുന്ന ഹിലാലായിരുന്നു എന്ന കാര്യത്തിൽ ഗ്രന്ഥകാരനെപ്പോലെ നമുക്കും സംശയമില്ല. ചന്ദ്രക്കല കണ്ണുകൾക്ക് ഗോചരമാവുമ്പോൾ പ്രാർത്ഥിക്കുന്നുവെന്നേയുള്ളൂ. ഒന്നാം തിയ്യതിയുടെ തുടക്കത്തിലാണ് (പ്രഭാതം) പ്രാർത്ഥിച്ചത് എന്ന് ഹദീസിലില്ല. കാരണം അന്നേരത്ത് അതിനെ കാണാനാവില്ല. കണ്ടപ്പോൾ പ്രാർത്ഥിച്ചു. അത്രതന്നെ. ഹിലാൽ കാണുന്ന ആരംഭ നാളുകളിൽ നമുക്കും വേണമെങ്കിൽ പ്രാർത്ഥിക്കാം. രണ്ട് ഹദീസുകൾ മദീനി ഇവ്വിഷയകമായി ഉദ്ധരിച്ചിട്ടുണ്ട് (പേജ് :51 കാണുക) അവയിൽ 'റആ' എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നത്. അതിന് കണ്ടു എന്നു തന്നെയാണ് അർത്ഥം പറയേണ്ടത്.

### 5. ഹിലാൽ, അഹില്ല

ഹിലാൽ എന്നാൽ ചന്ദ്രക്കല. അഹില്ല അതിന്റെ ബഹുവചനമാണ്. തർക്കമില്ല. ഒരു മാസത്തിന് 28/29 ചന്ദ്രക്കലകളാണ് (അഹില്ല) ഉണ്ടാവുക. ചന്ദ്രൻ ആദ്യപാതിയിൽ ദിനേന വലുതായിക്കൊണ്ട് വരികയും രണ്ടാം പാതിൽ ദിനേന ചെറുതായി വരികയും ചെയ്യുന്നു. ഈ വലുപ്പ വ്യത്യാസം എന്തുകൊണ്ടാണെന്ന് ജനങ്ങൾ പ്രവാചകനോട് സംശയവും വിശദീകരണവും ചോദിച്ചപ്പോൾ അല്ലാഹു പറഞ്ഞു കൊടുത്ത മറുപടിയാണ്, അത് ഓരോ ദിവസത്തിന്റെയും തിയ്യതിയെ കുറിക്കുവാൻ വേണ്ടിയുള്ളതാണ് എന്ന്.

**ചന്ദ്രക്കല കൊണ്ടുള്ള തിയ്യതി നിർണ്ണയം കണക്കറിയാവുന്ന പണ്ഡിതനും അറിയാത്തവനും ഗ്രാമീണർക്കും പട്ടണക്കാർക്കും എളുപ്പമുണ്ടാക്കുന്ന കാര്യമാണ്. (തഫ്സീറുൽ മറാഗി -ശൈഖ് മുസ്തഫർ മറാഗി 2/84)**

ശരിയാണ്. തർക്കമില്ല. അതുകൊണ്ടാണ് മണിക്ഫാനും ശാസ്ത്രജ്ഞരും പറയുന്നത്, ഓരോ ചന്ദ്രക്കലയും അതതു ദിവസത്തിന്റെ തിയ്യതിയെക്കുറിക്കുന്നു എന്ന്. വൈകുന്നേരം തൊട്ട് ദിവസം കണക്കാക്കിയായാൽ എന്നും ഒരു ദിവസം പിറകിലായിരിക്കും മാസം. കണക്കറിയാത്തവനും ചന്ദ്രക്കല നോക്കി തിയ്യതി നിർണ്ണയിക്കാമെന്ന് ഈ പുസ്തകത്തിന്റെ ആദ്യഭാഗത്ത് നാം വിശദീകരിച്ചിട്ടുണ്ട്.

### 6. മാസപ്പിറവി തന്നെ അടിസ്ഥാനം

"അപ്പോൾ സമയ നിർണ്ണയത്തിന് പൊതുവായതും വ്യക്തമായതുമായ അതിർവരമ്പ് **മാസപ്പിറവി** മാത്രമാണെന്ന കാര്യം വളരെ വ്യക്തമായി"

"തീർച്ചയായും **മാസപ്പിറവിയുടെ** അടിസ്ഥാനത്തിലാണ് മാസവും കൊല്ലവും നിർണ്ണയിക്കേണ്ടത്. തീർച്ചയായും മാസപ്പിറവിയുടെ സ്ഥാനത്ത് നിൽക്കാൻ പറ്റുന്ന ഒരു സാധനവുമില്ല, കാരണം മാസപ്പിറവി അത്രയും വ്യക്തമാണ്. (ശൈഖുൽ ഇസ്ലാം ഫത്വാ 13/78,79) പേജ് : 102.

ലേഖകന്ന് പ്രതികൂലമാണ് ശൈഖുൽ ഇസ്ലാമിന്റെ ഫത്വ. മണിക്ഫാനും കൂട്ടർക്കും അനുകൂലവും. കാരണം മാസപ്പിറവിയുടെ അടിസ്ഥാനത്തിലല്ല, മറിച്ച് മാസ അസ്തമയത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് മുസ്ലിംകൾ തിയ്യതി നിർണ്ണയിക്കുന്നത്. പിറവി കഴിഞ്ഞ് പകൽ സമയം അവസാനിക്കാൻ നേരത്ത് മാസപ്പിറവിയല്ല, അസ്തമയമാണ്. അതിനെ നോക്കി മാസാരംഭം കുറിക്കരുത് എന്നാണ് ശൈഖുൽ ഇസ്ലാം പറയുന്നത്.

### 7. തുടർന്ന് നമസ്കരിക്കരുത്, കണക്കിനെ അവലംബിക്കരുത്.

കണക്കിന്റെ അടിസ്ഥാനത്തിൽ നോമ്പും പെരുന്നാളും നിർവ്വഹിക്കുന്ന ആളെ തുടർന്ന് നമസ്കരിക്കരുതെന്നും പിൻപറ്റരുതെന്നും ശരീഅത്തിൽ വഴിപിഴച്ചവനും ദീനിൽ പുതുതായി നിർമ്മിക്കുന്നവനും ബുദ്ധിയിലും ഗണിതശാസ്ത്രത്തിലും തെറ്റ് പറ്റിയവനുമാണ് എന്നും സ്ഥാപിക്കാൻ വേണ്ടി ചില ഫിഖ്ഹി ഗ്രന്ഥങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. ഒപ്പം തന്നെ കണക്കിനെ അവലംബിക്കാമെന്നും പലയിടങ്ങളിലും പണ്ഡിതന്മാരെ ഉദ്ധരിച്ച് അംഗീകരിക്കുന്നുമുണ്ട്!

ലേഖകന് വേണ്ടി ഒരു വിശദീകരണം പറയാം: കണക്കിനെ അവലംബിക്കുന്നവനെ ഏതോ പണ്ഡിതൻ

വിമർശിച്ചത് പർവ്വതീകരി ക്കേണ്ട കാര്യമില്ല. അസം ഖ്യം പണ്ഡിതർ കണക്കിനെ അംഗീകരിച്ചത് കാണുന്നില്ലേ. ഇനി ആ വിമർശം പോലും ഗോള ശാസ്ത്ര കണക്ക് അവ ലംബിക്കുന്നവനെയല്ല, മറിച്ച് നേരത്തെ നാം വിവരിച്ച പോലെ ഓരോ മാസത്തി ന്റെയും ദിവസങ്ങൾ മുൻകൂട്ടി കണക്കാക്കി വെച്ചതിനെ ആശ്രയിക്കുന്നവനെയാണ്.

രണ്ടാമതായി അത്തര ക്കാരെ തുടർന്ന് നമസ്കരിക്ക രുത് എന്നും ഉദ്ധരിക്കുന്നുണ്ട്. ഇപ്പറഞ്ഞത് ശരിയാണെങ്കിൽ അത് ആരെപ്പറ്റിയായിരിക്കു മെന്ന് മുൻ വാകൃത്തിൽ നിന്ന് മനസ്സിലായിട്ടുണ്ടാകുമ ല്ലോ. എന്നാൽ ഗോള ശാസ് ത്ര കണക്ക് അടിസ്ഥാനപ്പെ ടുത്തി നോമ്പും പെരുന്നാളും ഇതര ആരാധനകളും നട ത്തുന്ന ഹിജ്റ കമ്മറ്റിക്കാരെ തുടർന്ന് നമസ്കരിക്കരുത് എന്ന ദുസ്സൂചനയാണ് മദീനി നടത്തുന്നത് എങ്കിൽ അതിനു ള്ള മറുപടി പ്രവാചകൻ തന്നെ നൽകട്ടെ:

'നമ്മുടെ നമസ്കാരം നിർവ്വഹിക്കുകയും നമ്മുടെ ഖിബ്‌ലയെ അഭിമുഖീകരിക്കു കയും നാം അറുത്തത് ഭക്ഷി ക്കുകയും ചെയ്യുന്നവൻ മുസ്ലി മാണ്. അല്ലാഹുവിന്റെയും പ്രവാചകന്റെയും ബാധ്യതയി ലുള്ള മുസ്ലിം. അല്ലാഹു അവനെ കൈവിടില്ല.'

(ബുഖാരി)

'സൽകർമ്മിയാവട്ടെ ദുഷ്കർമ്മിയാവട്ടെ ആരുടെ പിന്നിലും നമസ്കരിക്കാം' (ദാറഖുത്ത്നീ)

'സൽകർമ്മിയാവട്ടെ ദുഷ്കർമ്മിയാവട്ടെ വൻപാപം ചെയ്യുന്നവനാവട്ടെ മുസ്ലിം ആണെങ്കിൽ അവന്റെ പിന്നി ൽ നമസ്കരിച്ചോളൂ'. (ദാറഖു ത്ത്നീ).

'ലാഇലാഹ ഇല്ലല്ലാഹ് ഉച്ച രിച്ചവന്റെ പിന്നിൽ നമസ്കരി ക്കാം. അവന് വേണ്ടിയും നമ സ്കരിക്കാം'. (ദാറഖുത്ത്നീ).

പ്രിയ പണ്ഡിതരെ, പ്രവാ ചകനേക്കാൾ മുന്തിയ പരിഗ ണന ഏതോ ഒരു ഫഖീഹിന് കൊടുക്കാൻ നിങ്ങളെ പ്രേരി പ്പിക്കുന്നതെന്താണ്?:

തന്റെ കാഴ്ചപ്പാടുകളോട് വിയോജിക്കുന്ന ആളുകളെ കാഫിർ, ജൂതൻ, തുടർന്ന് നമ സ്കരിക്കാൻ കൊള്ളാത്ത വൻ എന്നൊക്കെ ആക്ഷേ പിക്കുന്നത് ഇസ്ലാമിക സംസ്കാരമാണോ, പണ്ഡി തോചിതമാണോ എന്ന് ബഹുമാനപ്പെട്ട നേതാക്കൾ സ്വന്തത്തോട് ഫത്‌വ ചോദി ക്കുന്നത് നന്നായിരിക്കും.

**ചുരുക്കം**

1. സന്ധ്യക്ക് കണ്ടത് ഉദ യചന്ദ്രനെയല്ല. അത് അസ്ത മയ ചന്ദ്രനെയാണ്.

2. ഓരോ കലയും അതത് ദിവസത്തെ കുറിക്കുന്നു. ഇത് ഈ ദിവസത്തിന്റെ കലയാ ണ്. നാളെയുടെതല്ല.

3. സൂര്യനാണ് പ്രഭാ തത്തെ കൊണ്ടു വരുന്നത്, ദിവസത്തെയും. സൂര്യനില്ലെ ങ്കിൽ ഭൂമിയില്ല, ദിവസവുമില്ല. അല്ലാഹു ആദ്യമുണ്ടാക്കിയത് ഭൂമിയാണ്. അപ്പോൾ ഭൂമി യിൽ തീർത്തും ഇരുട്ടായിരു ന്നു. പിന്നീടാണ് അവൻ ഭൂമിക്കു വേണ്ടി ആകാ ശത്തെ, സൂര്യനെ സംവിധാ നിച്ചത്. അപ്പോഴാണ് ഭൂമി യിൽ പ്രകാശം വീണതും പകൽ ആരംഭിച്ചതും രാപ്പക ലിന്റെ വ്യത്യാസങ്ങൾ അനു ഭവപ്പെട്ട് തുടങ്ങിയതും. അതു കൊണ്ടാണ് ദിവസം പ്രഭാ തോദയത്തോടെയാണ് തുടങ്ങുന്നത് എന്ന് പറയാൻ കാരണം.

4. പ്രകൃതി നിയമങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന മതനി യമങ്ങളുണ്ടാകാവതല്ല. പ്രകൃതി നിയമങ്ങളെ നിഷേ ധിക്കുന്നത് ദൈവനിഷേധം തന്നെയാണ്.

**അപേക്ഷ**

മുസ്‌ലിം ഉമ്മത്തിനെ ഭിന്നിക്കാനനുവദിക്കാതെ ഒരേ ചരടിൽ കോർത്തിണക്കാനു ള്ള പരിശ്രമങ്ങളിൽ പങ്കാളി കളാവുകയാണ് പണ്ഡിത ന്മാർ ചെയ്യേണ്ടത്. വിയോജി പ്പുണ്ടെങ്കിലും പ്രതിപക്ഷബ ഹുമാനം കാത്തു സൂക്ഷിക്കു ക. **'ആരോടെങ്കിലുമുള്ള വിയോജിപ്പ് അവരോട് അനീതി കാട്ടാൻ പ്രേരകമാ യിക്കൂടാ'** എന്ന ദൈവ കൽപന മറക്കാതിരിക്കുക.

ഏതു വീക്ഷണകോണി ലൂടെ നോക്കിയാലും മനുഷ്യ രാശിയുടെ വിമോചനത്തിന് ഏക പരിഹാരം ഇസ്‌ലാമാണ് എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. അതിന്റെ വിഭവ സാധ്യതകൾ ഇനിയും അവ സാനിച്ചിട്ടില്ല. നമ്മുടെ ചരി ത്രത്തിലൊരിക്കലും ഉണ്ടായി ട്ടില്ലാത്ത പരീക്ഷണമാണ് ഇസ്‌ലാം ഇന്ന് നേരിടുന്നത്.

പ്രതിരോധം

സുൽഫിക്കർ അലി, ബംഗ്ളൂരു

# 'യുക്തിയുഗ'ത്തിലെ ഇസ്‌ലാമോഫോബിയ

മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന യുക്തിവാദികളുടെ 'യുക്തിയുഗം' മാസിക പതിവുപോലെ മതങ്ങളെയും വേദ, ദൈവ, പ്രവാചക വാക്യങ്ങളെയുമൊക്കെ കടുത്ത ശൈലിയിൽ വിമർശിച്ചു കൊണ്ടു തന്നെയാണ് പുറത്തു വരുന്നത്. പൊതുവെ എല്ലാ മതത്തെയും മതാദർശങ്ങളെയും യുക്തിവാദികൾ ശരവ്യമാക്കാറുണ്ടെങ്കിലും ഇസ്ലാമിനെയും വിശുദ്ധ ഖുർആനിനെയും ശരീഅത്തിനെയും തന്നെയാണ് കൂടുതൽ ശക്തിയിൽ കടന്നാക്രമിക്കുന്നത്. കാരണം ഏറ്റവും വലിയ വെളിച്ചത്തെയാണ് ഏറ്റവും വലിയ അന്ധകാരത്തിനു ഭയം. യാഥാർത്ഥ്യത്തിനു മുമ്പിൽ 'യുക്തിയുഗം' പതറുന്ന വാചകം കാണുക. "ജ്ഞാനോദയത്തിന്റെ പാരമ്പര്യത്തെ നിരസിക്കുന്നവർക്കാണ് കേരളത്തിന്റെ സാംസ്കാരിക ലോകത്ത് ഇന്ന് ആധിപത്യമുള്ളത്. സമൂഹത്തിന്റെ ധാർമ്മികതക്ക് ആധാരമാകേണ്ടത് 'വേദ/ദൈവ/പ്രവാചക വാക്യങ്ങളോ തങ്ങളുടെ അധികാരത്തിന്റെ/അധികാരമില്ലായ്മയുടെ പേരിൽ സവിശേഷ ജ്ഞാനാധികാരം (epistemological privilage) സ്വയം അവകാശപ്പെടുന്ന ഏതെങ്കിലും വിഭാഗത്തിന്റെ അവകാശവാദങ്ങളോ ആകരുത് എന്ന വീക്ഷണത്തിന്, സമകാലിക കേരളത്തിൽ ഇടം കിട്ടുക എളുപ്പമല്ലാതായിരിക്കുന്നു." (യുക്തിയുഗം. ജനുവരി ലക്കം 2013).

ജ്ഞാനവും ബുദ്ധിയും തങ്ങളുടെ കുത്തകയാണെന്ന അഹങ്കാരത്തിന്റെ സ്വയം ജൽപ്പനമാണിത്. കേരളത്തിൽ ഉൽബുദ്ധ മതചിന്തയ്ക്കുപരിയിൽ യുക്തിവാദികൾക്ക് അശേഷം സ്ഥാനമില്ലെന്നിവർ മനസ്സിലാക്കുന്നില്ല. വേദവും ദൈവവും പ്രവാചക വാക്യങ്ങളും കേരള സമൂഹമനസ്സുകളിൽ സന്നിവേശിപ്പിക്കപ്പെട്ടത് കറകളഞ്ഞ വിശ്വാസ ദൃഢതയാൽ തന്നെയായിരുന്നുവെന്നവർ വിസ്മരിക്കുന്നു. സവിശേഷ ജ്ഞാനാധികാരം ആർക്കാണിവിടെയുള്ളത്? ശാസ്ത്രം എല്ലാറ്റിന്റെയും അവസാന വാക്കായിട്ടുണ്ടോ? ബുദ്ധി അപ്രമാദിത്വമുള്ള അതിസുശക്ത അത്താണിയാണോ? മനുഷ്യ ചിന്തകളും ഭാവനകളും കണ്ടെത്തലും ആത്യന്തിക സത്യമാണോ? ഇവയ്ക്കു മറുപടി കണ്ട ശേഷമേ ആർക്കും സവിശേഷ ജ്ഞാനാധികാരം അവകാശപ്പെടാനാവൂ. അൽപ ജ്ഞാനം കൊണ്ട് അഹന്ത തലയ്ക്കു പിടിച്ചാൽ ദൈവവും മതവും പ്രവാചത്വവുമെല്ലാം യുക്തിയിൽ ഒതുങ്ങുകയില്ല. യുക്തിവാദികളുടെ കുയുക്തിക്ക് സമകാലിക കേരളത്തിൽ ഇടം കിട്ടാതെ പോകുന്നത് കേരള ജനതയുടെ വിനയവും മതബോധവും ദൈവികചിന്തയും വേദപ്രമാണങ്ങൾ നൽകുന്ന സന്മാർഗ്ഗദർശനവും ഇതു തന്നെയാണ്. ശാസ്ത്ര യാഥാർത്ഥ്യങ്ങൾ അവർ മനുഷ്യ നന്മക്കായി ഉപയോഗിക്കുമെന്നല്ലാതെ അതിന്നടിമവേല ചെയ്യുന്ന പഥത്തിലേക്ക് വിശ്വാസ സമൂഹത്തിന്റെ വിവേകം കൂപ്പു കുത്തുകയില്ല.

### അനിവാര്യത

ജ്ഞാനോദയ ചിന്തയുടെ സന്തതിയായി പിറന്നിട്ടും യുക്തിവാദി പ്രസ്ഥാനം കേരളത്തിൽ ക്ലച്ച് പിടിക്കാതെ പോയതിനെ സഹോദരൻ അയ്യപ്പന്റെ ജ്ഞാന മാർഗ്ഗ ദർശനം സ്വന്തമായുള്ള 'യുക്തിയുഗ'ത്തിന് ഒട്ടും പിടിച്ചിട്ടില്ല. യുക്തിവാദമുന്നയിക്കുന്നവർ തന്നെ യുക്തിവാദി പ്രസ്ഥാനത്തെ ചോദ്യം ചെയ്യേണ്ട ഗതികേടിലാണുള്ളത്. തെളിവുകളില്ലാതെ (അന്ധമായി) വിശ്വസിക്കുക എന്നതു ചിരപുരാതനമായ ഒരു മനുഷ്യ പ്രവണതയാണെന്നു സ്വയം സമാധാനിക്കുന്നുണ്ട് യുക്തിയുഗം മാസിക. അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള യുക്ത്യാധിഷ്ഠിതമായ ചിന്തനവും, ഏറ്റവും സാധുവായ അറിവിനുള്ള ഏകവഴി സയൻസിന്റെ രീതി മാത്രവുമാണെന്നുമുള്ള യുക്തിയില്ലാത്ത ചിന്ത യെ യുക്തിവാദമായി കൊ ണ്ടു നടക്കുകയാണിന്നത്തെ യുക്തിവാദികള ഖിലവും ചെയ്തു വരുന്നത്. അതിനാൽ മതത്തെയും ദൈവത്തെയും മതമാർഗ്ഗ ദർശനങ്ങളെയും തള്ളിപ്പറയേണ്ടത്, യുക്തിവാദികൾക്ക് അനിവാര്യമായിത്തീരുകയാണ് ചെയ്യുന്നത്. വിശ്വാസത്തെ രോഗമായും വിശ്വാസിയെ രോഗിയായും കാണുന്ന യുക്തിയുഗം ആൾദൈവങ്ങളോടൊപ്പം സാക്ഷാൽ പ്രപഞ്ചനാഥനും സ്രഷ്ടാവുമായ ഏകനായ ദൈവത്തെയും കൂട്ടിക്കെട്ടി പിന്തിരിപ്പൻ വിശ്വാസം എന്ന് ആക്ഷേപിക്കുകയാണ്. വകതിരിവില്ലാത്ത ഈ ചിന്തയ്ക്ക് യുക്തിയെന്നു പറയുമോ? അന്ധവി

**ചിന്താരീതിയുടെ നവീകരണമാണ് 'യുക്തിയുഗ'ത്തി ന്റെ ലക്ഷ്യമെന്നു പറയുകയും ഒരുതരം വൈകൃത മനസ്സിൽ നിന്നുടലെടുത്ത ആക്ഷേപ സ്വരങ്ങൾ ഉയർ ത്തി വിടുകയും ചെയ്യുന്നതിലെ ചിന്താരീതിയാണ് മനസ്സിലാകാത്തത്. ഇസ്‌ലാമിനെയും മുസ്ലിംകളെയും സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുന്നു. ഇസ്‌ലാം ലോകത്തിനു സമർപ്പിച്ച മഹത്തരമായ ആദർശസംഹിതയും മുസ്ലിംകൾ തുടർന്നു വരുന്ന അനിതര സാധാരണമായ സാംസ് കാരിക പാരമ്പര്യവും ചോദ്യം ചെയ്യുകയാണ് പലപ്പോഴും. ഇതൊരിക്കലും നീതീകരിക്കാവുന്നതല്ല.**

ശ്വാസനാചാരത്തിലധിഷ്ഠിതമായ മത വീക്ഷണങ്ങളെ സാക്ഷാൽ ദൈവ മതവുമായി വേർതിരിക്കാതെ അവിവേകം വിളമ്പുകയാണീ മാസിക.

ചിന്താരീതിയുടെ നവീകരണമാണ് 'യുക്തിയുഗ'ത്തിന്റെ ലക്ഷ്യമെന്നു പറയുകയും ഒരുതരം വൈകൃത മനസ്സിൽ നിന്നുടലെടുത്ത ആക്ഷേപ സ്വരങ്ങൾ ഉയർത്തി വിടുകയും ചെയ്യുന്നതിലെ ചിന്താരീതിയാണ് മനസ്സിലാകാത്തത്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുന്നു. ഇസ്‌ലാം ലോകത്തിനു സമർപ്പിച്ച മഹത്തരമായ ആദർശസംഹിതയും മുസ്ലിംകൾ തുടർന്നു വരുന്ന അനിതര സാധാരണമായ സാംസ് കാരിക പാരമ്പര്യവും ചോദ്യം ചെയ്യുകയാണ് പലപ്പോഴും. ഇതൊരിക്കലും നീതീകരിക്കാവുന്നതല്ല.

### ഇസ്ലാമോഫോബിയ:

'സ്വയം കരിങ്കൊടി തുന്നുന്നവർ' എന്ന രവിചന്ദ്രൻ. സിയുടെ ലേഖനത്തിൽ (ജനുവരി 2013) ആത്മഹത്യ ഒരു ദുരന്തമായി വിവരിക്കുന്നുണ്ട്. മതവിശ്വാസം ആത്മഹത്യയെ തടയുന്നുണ്ടോ എന്നു ചോദിക്കുന്നു. ചില മതങ്ങൾ സ്വയംഹത്യയെ പാപമായി കാണുന്നുവെന്നതിനാൽ അത്തരം മതങ്ങളിലെ വിശ്വാസികളിൽ ആത്മഹത്യാ പ്രവണത കുറയുമെന്നും സെമിറ്റിക് മതങ്ങൾ ആത്മഹത്യയെ മതവിരുദ്ധമായി പരിഗണിക്കുന്നുണ്ടെന്നും അദ്ദേഹം പറയുന്നു. രക്തസാക്ഷിത്വത്തെ ആത്മഹത്യയായാണദ്ദേഹം വിലയിരുത്തുന്നത്. ജൂത, ക്രൈസ്തവ മതാനുയായികളിലെ ആത്മഹത്യാ സംഭവങ്ങൾ ഉദാഹരിക്കുന്നുമുണ്ട്. ഹിന്ദുമതത്തിലെ അഹിംസയെ ആധാരമാക്കിയുള്ള സ്വയംഹത്യയെ തള്ളിക്കളയുന്നതും ഉദ്ധരിച്ചു. പരലോകത്തിലും സ്വർഗ്ഗ നരകങ്ങളിലും വിശ്വസിക്കാത്ത നാസ്തികരിലെ 'ജീവിതം തന്നെ അമൂല്യം' എന്ന ചിന്ത കാരണം ആത്മഹത്യ കുറവാണെന്നും സമർത്ഥിക്കുന്നു.

എന്നാൽ, 'എന്റെ മതം അനുശാസിക്കുന്നതു കൊണ്ടു മാത്രം ഞാൻ ആത്മഹത്യ ചെയ്യുന്നില്ല' എന്ന തീരുമാന വുമായി പിൻമാറുന്നവർ കുറ വാണെന്ന് പറഞ്ഞത് സത്യമ ല്ല. പാക്കിസ്ഥാനിൽ ലക്ഷ ത്തിൽ ഒരാൾ പോലും ആത്മ ഹത്യ ചെയ്യുന്നില്ല എന്ന കണ ക്കിനെ വിചിത്രവും അവിശ്വസ നീയവുമായി തള്ളിക്കളയുന്നു. അഫ്ഗാനിസ്ഥാൻ, കുവൈറ്റ് എന്നിവിടങ്ങളിലെ ആത്മ ഹത്യാ നിരക്കിലെ കുറവും അവിശ്വസനീയമാണത്രേ! ഇസ്ലാമോഫോബിയ പിടികൂ ടിയ മനസ്സിന്റെ ഉടമകൾക്ക് യാഥാർത്ഥ്യങ്ങളെ തലകീ ഴായി പിടിക്കേണ്ടി വരുമല്ലോ. അതിന്റെ ഭാഗമായി ലേഖകൻ ഇങ്ങനെ പറയുന്നു. "മൂന്നാം ലോകത്തെ മിക്ക ഇസ്ലാമിക രാജ്യങ്ങളും അത്മഹത്യകൾ കൃത്യമായി റിപ്പോർട്ട് ചെയ്യു ന്നില്ലെന്നാണ് ഇവിടെ വ്യക്ത മാകുന്നത്. ആത്മഹത്യകൾ അപകട മരണമോ സ്വാഭാ വിക മരണമോ ആയി ഭേദ ഗതി ചെയ്ത് റിപ്പോർട്ട് ചെയ്യാ നുള്ള പ്രവണത ഈ രാജ്യ ങ്ങളിൽ പ്രബലമാണ്. പ്രാദേ ശിക ഏജൻസികൾ നൽകു ന്ന ആത്മഹത്യാനിരക്ക് രാജ്യ സർക്കാരുകൾ വെട്ടിച്ചുരുക്കി അന്തർദേശീയ ഏജൻസി കൾക്ക് കൈമാറുന്നു. ഇവിട ങ്ങളിൽ ആത്മഹത്യ അപമാ നകരവും (stigmatic) പാപവു മായതിനാലാണിത്. കുടുംബ ത്തിന്റെ അന്തസ്സ് നിലനിർ ത്താനായി നടത്തുന്ന കൊല കളും (honour killing) ഈ രാജ്യങ്ങളിൽ വളരെ കൂടുതലാ ണ്. മതബോധത്തിനെക്കാൾ ഉപരിയായി ഗോത്ര-കുല വിശുദ്ധി സംബന്ധിച്ച ധാരണ കളാണ് ഇവിടെ കൂടുതൽ നിർണ്ണായകമാകുന്നത്.'' (പേജ്: 11)

പിന്നീട് ലേഖകൻ തീവ്ര, ഭീകരവാദികളുടെ സ്വയം പൊട്ടിത്തെറി മതത്തിനോട് കൂട്ടിക്കെട്ടി രക്തസാക്ഷി ത്വത്തെ അപമാനിക്കുന്നു. 'ജയിച്ചാൽ രാജ്യം-കൊല്ലപ്പെ ട്ടാൽ സ്വർഗ്ഗം എന്ന മത വാഗ്ദാനം' മുന്നോട്ടു വെക്കുന്ന ഗീതയെയും ഖുർ ആനിനെയും ആക്ഷേപിക്കു കയും ചെയ്യുന്നു. ''ഇസ്ലാം ശരിക്കും ആത്മഹത്യയെ വില ക്കുന്നുവെങ്കിൽ സ്വർഗ്ഗം തേടി സ്വയം പൊട്ടിത്തെറിക്കുന്ന ജിഹാദികൾക്ക് ആ മതത്തിൽ സ്ഥാനമുണ്ടാകുമായിരുന്നില്ല." (പേജ്:11) എന്നു പറഞ്ഞ് നിഷ്കരുണം സത്യം കുഴിച്ചു മൂടുന്നു ലേഖകൻ. ഇസ്ലാമു മായി തീവ്രവാദത്തിനു യാതൊരു ബന്ധവുമില്ല എന്ന പച്ചയായ യാഥാർത്ഥ്യത്തെ ലേഖകൻ ഇവിടെ തമസ്കരി ക്കുകയാണ്.

പാക്കിസ്ഥാനിലെ ഫിദ യാൻ ആക്രമണകാരികൾ "ദൈവമേ അങ്ങയുടെ സവി ധത്തിലേക്ക് ഞാനിതാ വരു ന്നു......" എന്ന് വിശ്വസിച്ച് ഭീക രരായതിനെ മതത്തിന് വേണ്ടി രക്തസാക്ഷിത്വം വരി ക്കുന്ന ഓരോരുത്തരും മുറു കെ പിടിക്കുന്നുണ്ട്'' എന്നു പറഞ്ഞ് ഇസ്ലാമിന്റെ സംരക്ഷ ണാർത്ഥം പ്രതിരോധ യുദ്ധ ത്തിലെ വിശുദ്ധ രക്തസാക്ഷി ത്വവുമായി കൂട്ടിക്കെട്ടുക യാണ് ലേഖകൻ. ഇനി അഥവാ ജിഹാദി ഓപ്പറേഷൻ പരാജയപ്പെട്ടാൽ പോലും ചവേർ സ്വർഗ്ഗത്ത് പ്രവാചക നൊപ്പം ചേരും എന്നു പറഞ്ഞ് പുച്ഛിക്കുന്നു. മതല ഹരി മൂത്ത് ആത്മഹത്യ ചെയ്യുന്നതിന്റെ നേർ സാക്ഷ്യ മാണത്രെ ഇത്.

രാഷ്ട്രീയ, വ്യക്തി, വർ ഗ്ഗീയ വൈരാഗ്യങ്ങൾ വെച്ചു പുലർത്തി തലങ്ങും വിലങ്ങും വെട്ടിവീഴ്ത്തിയ ശേഷം ആ കൊല്ലപ്പെട്ടവർക്ക് രക്ത സാക്ഷി പരിവേഷം ചാർത്തി അനുസ്മരണ സ്തൂപങ്ങളും രക്തസാക്ഷി മണ്ഡപങ്ങളും നാൽക്കവലകളിലെല്ലാം സ്ഥാപിച്ച് പുഷ്പാർച്ചനയും സെല്യൂട്ടും അഭിവാദനങ്ങളും മൗന പ്രാർത്ഥനയുമൊക്കെ നടത്തുന്നതിലെ യുക്തിയുഗ ചിന്ത ഇവിടെ നമുക്കു മറ ക്കാം. ചുരുക്കത്തിൽ ആത്മ ഹത്യാ നിരക്ക് മറ്റെല്ലാ സമു ദായത്തെക്കാളും വളരെ കുറച്ചു മാത്രം കാണിക്കുന്ന മുസ്ലിം സമുദായത്തിന്റെ മതാ ടിത്തറയെ പച്ചയിൽ നിഷേധി ക്കുന്ന തിരിച്ചറിവും വിവേക ബുദ്ധിയും സത്യാസത്യവിവേ ചനവും കുഴിച്ചുമൂടുന്ന ഈ പ്രവണത ഇസ്ലാമോഫോ ബിയ ഒന്നു മാത്രമാണ്. അല്ലാഹു ഇത്തരക്കാരെക്കു റിച്ചു പറഞ്ഞു:

**''സത്യനിഷേധികളെ സംബന്ധിച്ചിടത്തോളം നീ അവർക്കു താക്കീത് നൽകി യാലും ഇല്ലെങ്കിലും സമമാ കുന്നു. അവർ വിശ്വസിക്കു ന്നതല്ല. അവരുടെ മനസ്സു കൾക്കും കേൾവിക്കും അല്ലാഹു മുദ്ര വെച്ചിരിക്കു ന്നു. അവരുടെ ദൃഷ്ടികളി ന്മേലും ഒരു മൂടിയുണ്ട്. അവർക്കാകുന്നു കനത്ത ശിക്ഷയുള്ളത്.'' (വി.ഖുർ ആൻ: 2:7,8)**

പ്രസ്ഥാനം

**അബുൽ ബുഷ്റാ, പൊന്നാനി**

## സൂക്ഷിക്കാം. ത്വരീഖത്തിലെ ചതിക്കുഴികൾ-1

# സ്വർഗ്ഗം ചോദിക്കാത്തവർ!

സ്വന്തം പരിശ്രമങ്ങളാൽ ആരുടെയും ഔദാര്യം പ്രതീക്ഷിക്കാതെ അല്ലാഹുവിൽ മാത്രം അഭയപ്പെട്ട് ജീവിതത്തിൽ പരിത്യാഗിയും അഭിമാനിയുമായി ജീവിക്കുന്നത് പ്രശംസാർഹമായ കാര്യം തന്നെ. എന്നാൽ, സ്വന്തം വിശുദ്ധി ചമഞ്ഞ് വളർന്നു വളർന്ന് പല പല പദവികൾ താണ്ടി അല്ലാഹുവിൽ ലയിച്ചു ചേർന്ന് നിർവാണപ്പെടുകയോ അല്ലെങ്കിൽ അല്ലാഹു ഇങ്ങോട്ട് അവതാരമെടുത്ത് മനുഷ്യനിൽ സന്നിവേശിച്ചോ സങ്കൽപ്പിക്കുന്ന ഒരു വിശ്വാസ പ്രമാണം ഇസ്ലാമിലില്ല. ക്രൈസ്തവതയിലതുണ്ട്. ഹൈന്ദവമിത്തുകളിലും ബുദ്ധ, ജൈന മതങ്ങളിലുമൊക്കെ അത്തരം സങ്കൽപ്പങ്ങൾ കാണാം. നമ്മിലെ ത്വരീഖത്തുകാർ ഇതാരിൽ നിന്നാണീ ആദർശം കടമെടുത്തതെന്നറിഞ്ഞു കൂടാ. മനുഷ്യരിലെ ചിലർക്ക് വിശുദ്ധ പദവി നൽകി മഹാവിശുദ്ധന്മാരായി പ്രഖ്യാപിക്കാൻ മാർപ്പാപ്പമാർക്ക് അധികാരമുണ്ടെന്നാണ് ക്രൈസ്തവരുടെ വിശ്വാസം. അങ്ങനെയാണ് മദർ തെരേസയും ചാവറച്ചനും ഏവുപ്രാസ്യമ്മയും വിശുദ്ധരായത്. ഈ ദൈവ പദവി ചമയൽ ഇസ്ലാം ശിർക്കായി - ബഹുദൈവാരാധനയായിട്ടാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇങ്ങനെ വിശുദ്ധ പദവിയിലെത്തിയവർക്ക് ദൈവ മധ്യസ്ഥരാകാൻ കഴിയും. അത്ഭുതങ്ങൾ കാണിക്കാൻ കഴിയും. രോഗശാന്തി വരുത്തിക്കൊടുക്കും. ദൈവത്തിങ്കൽ നിന്ന് എന്തും നേടിക്കൊടുക്കും. ഈ വിശ്വാസം തന്നെയല്ലേ ത്വരീഖത്തും പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്. അല്ലാഹു പറയുന്നു.

**"നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയപ്പോഴും നിങ്ങൾ മാതാക്കളുടെ ഗർഭാശയത്തിലെ ശിശുവായിരുന്നപ്പോഴും നിങ്ങളെപ്പറ്റി കൂടുതൽ അറിഞ്ഞവനാണ് അല്ലാഹു. അതിനാൽ നിങ്ങൾ നിങ്ങളെത്തന്നെ സ്വയം വിശുദ്ധരാക്കരുത്. നിങ്ങളിലെ സൂക്ഷ്മശാലികൾ ആരെന്ന് അല്ലാഹുവാണ് അറിയുന്നവൻ." (സൂറ: നജ്മ്: 32)** ഗൗരവതരമായിട്ടാണ് അല്ലാഹു ഇക്കാര്യം കാണുന്നത്. മനുഷ്യരെല്ലാം എത്ര ഉന്നതരായാലും അല്ലാഹുവിന്റെ ദാസന്മാരാണ്. മനുഷ്യരുടെ ഔന്നിത്യം കൊണ്ട് അല്ലാഹു മനുഷ്യന്റെ മുമ്പിൽ നിസ്സഹായനോ താഴ്ന്നവനോ വിധേയനോ ആയിത്തീരുകയില്ല. ത്വരീഖത്തുകാരുടെ ഭാവനയിൽ ഇവരിലെ മഹാശൈഖന്മാരുടെ മുമ്പിൽ അല്ലാഹു ഓച്ഛാനിച്ചു നിൽക്കുന്ന ഒരു പാവത്താൻ കണക്കെയാണ്. പരലോകത്ത് പോയാൽ സ്വർഗ്ഗം പിടിച്ചു വാങ്ങാൻ മാത്രം കെൽപ്പുറ്റ അല്ലാഹുവിന്റെ ഉറ്റബന്ധുവെന്നോണമാണ്. അവർ ചോദിക്കുന്നതെന്തും അല്ലാഹു കൊടുക്കാതിരിക്കില്ല. അവരെപ്പിടിച്ച് ശുപാർശ ചെയ്താൽ അവർ കണക്കു പറഞ്ഞ് വാങ്ങിക്കൊടുക്കുമെന്ന നിലയിലാണ്. മാല മൗലിദുകളിലും കീർത്തനങ്ങളിലും നിറഞ്ഞു നിൽക്കുന്ന ആശയങ്ങളാണിത്. ഏതെങ്കിലുമൊരു ശൈഖിനെ പിടിച്ചാൽ ശൈഖ് അതെല്ലാം പിടിച്ചെടുത്ത് നൽകും.


ഈ അടുത്ത കാലത്ത് ത്വരീഖത്തു കേമ്പുകളിൽ നിന്ന് ഉയർന്നു വന്ന ശബ്ദമാണ് 'സ്വർഗ്ഗം ചോദിക്കരുത്. അല്ലാതെത്തന്നെ അത് കിട്ടുമാറാക്കണം' എന്നത്. അതിനെന്തു വേണം? അല്ലാഹുവിന്റെ ഔലിയാക്കളായ മുറബ്ബിയായ മശാഇഖന്മാരെ അവലംബമാക്കണം. അവരുടെ അർപ്പണ മുരീദന്മാരായാൽ-ബൈഅത്തു ചെയ്താൽ -പിന്നെ ഭയപ്പെടേണ്ടതില്ല. സർവ്വസ്വവും അവരിൽ അർപ്പിച്ച് അവരെ സ്നേഹിച്ച് , അവരെ സേവിച്ച് ജീവിക്കുക. നിങ്ങൾ സ്വർഗ്ഗം ചോദിക്കേണ്ടതില്ല. അക്കാര്യം അവരേറ്റെടുത്തിരിക്കും എന്ന വിധത്തിലാണ് വിശദീകരണങ്ങൾ.

സ്വർഗ്ഗം ചോദിക്കാൻ മാത്രം ഞങ്ങൾ അല്ലാഹു വിന്റെ മുമ്പിലെ യാചകന്മാ രല്ല എന്ന അഹങ്കാരമാണോ, അതല്ല, ഞങ്ങൾ മഹാവിശു ദ്ധരായതിനാൽ അത് പിടിച്ചു വാങ്ങാൻ മാത്രം കഴിവുറ്റവ രാണ് എന്നാണോ ജൽപന മെങ്കിൽ അതൽപം കടന്ന കൈ തന്നെയാണ്. മഹാനായ മുഹമ്മദ് നബി(സ)പോലും അത്യധികം വിനയത്തോടെ, അനേകം പ്രാർത്ഥനകളി ലൂടെ സ്വർഗ്ഗം അല്ലാഹുവി നോട് ചോദിച്ചു കൊണ്ടേയി രുന്നിരുന്നു. അല്ലാഹുവിനോട് എപ്പോഴും നിങ്ങൾ ചോദിക്കു മ്പോൾ 'ഫിർ ദൗസ്' തന്നെ ചോദിക്കുക (ബുഖാരി, മുസ്ലിം). എന്നു പോലും അദ്ദേഹം നമ്മെ ഉപദേശിച്ചി ട്ടുണ്ട്. അല്ലാഹു തന്നെ സ്വർഗ്ഗം ചോദിക്കാൻ മനു ഷ്യരെ ആഹ്വാനം ചെയ്ത അനേകം വചനങ്ങൾ ഖുർആ നിൽ കാണാം. **"ഞങ്ങളുടെ നാഥാ, ഞങ്ങളോട് നിന്റെ പ്രവാചകന്മാർ മുഖേന വാഗ്ദാനം ചെയ്തിട്ടുള്ളത് (സ്വർഗ്ഗം) ഞങ്ങൾക്കു നൽകേണമേ, പരലോകത്ത് ഞങ്ങളെ വഷളാക്കി നിന്ദി ക്കരുതേ. നീ വാഗ്ദാനം ലംഘിക്കാത്തവനല്ലോ.'' (വി.ഖുർആൻ: 3:194). "മനു ഷ്യരിൽ ചിലർ പറയുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഇഹത്തിൽ ഞങ്ങ ൾക്കു നല്ലതു (അനുഗ്രഹം) തരേ ണമേ. പരലോകത്തും ഞങ്ങൾക്കു നല്ലത് (സ്വർ ഗ്ഗം) തരേണമേ. നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാക്കേണമേ.''(വി.ഖുർ ആൻ: 2:201)** സ്വർഗ്ഗം പൂകിയ സത്യവിശ്വാസികൾ, നരക ത്തിൽ നിന്ന് രക്ഷപ്പെടുത്ത പ്പെട്ടതിലെ സമാധാനവും സ്വർഗ്ഗാസ്വാദനങ്ങളുടെ അനു ഗ്രഹങ്ങളിൽ മുങ്ങിമറിയു മ്പോൾ പറയുന്ന കാര്യം അല്ലാഹു അത്വൂർ അദ്ധ്യായ ത്തിൽ പറയുന്നതു കാണുക. **"അവൻ പറയും: നാം മുമ്പ് നമ്മുടെ കുടുംബത്തിലായി രുന്നപ്പോൾ ഭയഭക്തിയുള്ള വരായിരുന്നു. അതിനാൽ അല്ലാഹു അവർക്ക് അനുഗ്ര ഹം നൽകി. രോമകൂപങ്ങളി ലേക്ക് പോലും തുളച്ചു കയ റുന്ന നരകാഗ്നിയുടെ ശിക്ഷ യിൽ നിന്നവൻ നമ്മെ കാത്തു രക്ഷിച്ചു. തീർച്ച യായും നാം മുമ്പേ അവ നോട് ഇക്കാര്യം പ്രാർത്ഥി ക്കുന്നവരായിരുന്നു. അല്ലാഹു ഔദാര്യവാനും കരുണാവാരിധിയുമത്രെ." (വി.ഖുർആൻ:52:26, 27,28)** ഇത്തരം അനേകം വചനങ്ങ ളിലൂടെ സ്വർഗ്ഗം ചോദിച്ചു കൊണ്ടിരിക്കാനും നരക ത്തിൽ നിന്ന് രക്ഷക്കായി അപേക്ഷിക്കാനും പറയുന്നു. നബി(സ) പ്രാർത്ഥിക്കാൻ പഠിപ്പിച്ച ഒരു പ്രാർത്ഥന കൂടി കാണുക: "ആരാധ്യൻ അല്ലാ ഹുവല്ലാതെ മറ്റാരുമില്ലെന്ന തിനു ഞാൻ സാക്ഷിയാണ്. എന്റെ പാപങ്ങൾ പൊറുക്കേ ണമേ. നിന്നോട് സ്വർഗ്ഗം ഞാൻ ചോദിക്കുന്നു. നരക ത്തിൽ നിന്നെന്നെ രക്ഷിക്ക ണമെന്നപേക്ഷിക്കുന്നു." (മു സ്ലിം, തിർമുദി) എന്നും അല്ലാ ഹുവിനോട് ചോദിക്കാതെയി രിക്കുന്നത് അല്ലാഹുവിനെ കോപിപ്പിക്കുന്നതാണ്. അത് അല്ലാഹുവിനോടുള്ള അവഗ ണനയായതിനാൽ അവനോട് ചോദിക്കാഞ്ഞാൽ ആ മനു ഷ്യനെത്തന്നെ അവൻ അവ ഗണിക്കുന്നതും യാതൊരു പരിഗണനയും നൽകുന്നതു മല്ല എന്നും അല്ലാഹു വ്യക്ത മാക്കിയിട്ടുണ്ട്. **''നബിയേ പറയൂ: നിങ്ങളുടെ പ്രാർത്ഥ നയില്ലെങ്കിൽ എന്റെ രക്ഷി താവ് നിങ്ങൾക്ക് എന്തു പരിഗണന കൽപ്പിക്കാ നാണ്? എന്നാൽ നിങ്ങൾ നിഷേധിച്ച് തള്ളിയിരിക്കു കയാണ്. അതിനാൽ അതി നുള്ള ശിക്ഷ അനിവാര്യമാ യിരിക്കും."**

**(അൽ ഫുർഖാൻ: 77)**

ജനങ്ങൾ ത്വരീഖത്തിന്റെ അടിമകളായിക്കിട്ടാൻ മുറബ്ബി കളായ മശാഇഖന്മാർ പരമപ്പ രിശുദ്ധരാണെന്നു വരണം. അവർ സ്വർഗ്ഗം ഉറപ്പു വരുത്തി യതാണെന്ന് കുഞ്ഞാടുകളെ ബോധ്യപ്പെടുത്തണം. ആ തന്ത്രത്തിന്റെ ഭാഗമാണ് സ്വർഗ്ഗം ചോദിക്കേണ്ടതില്ല എന്ന പഠനം കൊണ്ടു ദ്ദേശി ക്കുന്നത് എന്ന് വ്യക്തം. വേണ്ട. സ്വർഗ്ഗം നിങ്ങൾ ചോദിക്കേണ്ടതില്ല. അത്തര ക്കാർക്ക് പകരം എന്തു കൊടു ക്കണമെന്ന് അല്ലാഹുവിന്നറി യുമല്ലോ. മനുഷ്യർ അല്ലാഹു വിനു വിനയപ്പെട്ട സ്വർഗ്ഗം ചോദിച്ചു വാങ്ങുകയും നരക മോചനം നേടുകയും ചെയ്യു ന്ന മഹത്തായ ഉപകാരം മനു ഷ്യർക്കു തടയുന്നത് ഗുരുത രമായ ഭവിഷ്യത്തുണ്ടാക്കുന്ന താണ്. **"അല്ലാഹു മലക്കുക ളോട് കൽപ്പിക്കും. സത്യനി ഷേധിയും ധിക്കാരികളുമാ യിട്ടുള്ള ഏതൊരുത്തനേയും നിങ്ങൾ നരകത്തിലിട്ടേ യ്ക്കുക. അതായത് നന്മയെ മുടക്കുന്നവനും അതിക്രമ കാരിയും സംശയാലുവു മായ ഏതൊരുത്തനെയും. അതെ, അല്ലാഹുവോടൊപ്പം വേറെ ആരാധ്യനെ സ്ഥാപിച്ച ഏതൊരുവ നേയും. അതിനാൽ കഠിന മായ ശിക്ഷയിൽ അവനെ നിങ്ങൾ ഇട്ടേക്കുക. (സൂറ: ഖാഫ്: 24: 26).**

*(തുടരും)*



# ജലം സൂര്യനേക്കാൾ മുമ്പിൽ

ഡോ.ബിലാൽ അഹ്മദ്, സേലം

നമ്മുടെ സൗരയൂഥത്തിനപ്പുറത്തും ജലസാന്നിദ്ധ്യമുള്ള ഗ്രഹമുണ്ടെന്ന പുതിയ കണ്ടെത്തൽ മുസ്ലിംകൾക്കു പുതുമ നൽകുന്ന വിശേഷമല്ല. സൗരയൂഥത്തിനു പുറത്ത് ഭൂമിയിൽ നിന്ന് 124 പ്രകാശവർഷം അകലെ സ്ഥിതി ചെയ്യുന്ന ഭൂമിയേക്കാൾ നാലിരട്ടി വലിപ്പമുള്ള ഒരു ഗ്രഹത്തിൽ ജലസാന്നിദ്ധ്യമുള്ളതായി ബഹിരാകാശ ശാസ്ത്രജ്ഞന്മാർ ഈ അടുത്ത് വ്യക്തമാക്കിയിരിക്കുന്നു. H.A.T.P-11B എന്നു നാമകരണം ചെയ്യപ്പെട്ടിട്ടുള്ള നെപ്ട്യൂൺ ഗ്രഹത്തിനോളം വലിപ്പമുള്ള ഇതിന്റെ അന്തരീക്ഷം മേഘാവൃതമല്ല. ഇത് മാതൃ നക്ഷത്രത്തെ ഭ്രമണം ചെയ്യുമ്പോൾ പ്രകാശത്തിനുണ്ടാകുന്ന വർണ്ണ വ്യതിയാനം പരിശോധിച്ചാണ് ജലസാന്നിദ്ധ്യ നിഗമനത്തിലെത്തിയിട്ടുള്ളത്. അമേരിക്കൻ ബഹിരാകാശ ഏജൻസി(നാസ)യുടെ ഹബ്ൾ, സ്പിറ്റ്സർ, കെപ്ലർ ടെലസ്ക്കോപ്പുകളിലൂടെയാണ് പഠനം നടത്തപ്പെട്ടത്. ഈ ഗ്രഹത്തിന്റെ അന്തരീക്ഷത്തിൽ 90 ശതമാനം ഹൈഡ്രജനാണ്. അവിടെ ജലമുണ്ടെങ്കിലും ജീവനുണ്ടാകാൻ സാധ്യതയില്ലത്രെ.

എന്നാൽ ഭൂജല സാന്നിദ്ധ്യത്തിന് സൂര്യനേക്കാളും പ്രായമുണ്ടെന്ന മറ്റൊരു കണ്ടെത്തലും ഈയിടെ പുറത്തു വന്നിട്ടുണ്ട്. നക്ഷത്രങ്ങളുടെ ഇടയിലുള്ള ശൂന്യതയിൽ രൂപം കൊണ്ട മഞ്ഞുപാളികളാണ് സൗരയൂഥത്തിലെ ജലത്തിന്റെ ഉറവിടമെന്നാണ് പുതിയ പഠനങ്ങൾ തെളിയിക്കുന്നത്. സൗരയൂഥത്തിൽ മഞ്ഞു നിറഞ്ഞ വാൽ നക്ഷത്രങ്ങളിലും ഉപഗ്രഹങ്ങളിലും ബുധനിലും ജലസാന്നിദ്ധ്യമുണ്ട്. ഉൽക്കയുടെ അവശിഷ്ടങ്ങളിലും ചന്ദ്രൻ, ചൊവ്വ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച പാറക്കഷ്ണങ്ങളിലും ജലത്തിന്റെ ധാതുഘടകങ്ങൾ കണ്ടെത്തിയിരുന്നു.

നമ്മുടെ സൂര്യനു 450 കോടി വർഷങ്ങളുടെ പഴക്കമാണ് ശാസ്ത്രലോകം കണക്കാക്കുന്നത്. എന്നാൽ ഇതിനു മുമ്പു തന്നെ ജലസാന്നിദ്ധ്യം പരൽ രൂപത്തിലുള്ള ഐസായി ഒഴുകി നടക്കുകയായിരുന്നുവെന്നും പുതിയ പഠനത്തിൽ വെളിവാക്കപ്പെടുന്നു. വിവിധ ഐസോട്രോപ്പുകളുടെ ഭാരവ്യത്യാസം മൂലം രാസപ്രവർത്തനങ്ങളിലുണ്ടാകുന്ന ജലസാന്നിദ്ധ്യ പ്രതികരണത്തിൽ നിന്ന് ഇതെപ്പോൾ രൂപപ്പെട്ടതാണെന്നു കണക്കാക്കാൻ സാധിക്കുമെന്നും ശാസ്ത്രലോകം പറയുന്നു. ചുരുക്കത്തിൽ ഭൂമിയിലെ ജലത്തിനു സൂര്യനേക്കാളും പ്രായമുണ്ടാകുമെന്ന നിഗമനം സ്ഥിരീകരിക്കപ്പെടുന്നു. അപ്പോൾ സൂര്യനേക്കാൾ മുമ്പ് ഭൂമിയുണ്ടായിരുന്നുവോ? എന്ന ചോദ്യം പ്രസക്തമാകുന്നു. പുതിയ പുതിയ നിഗമനങ്ങളും പഠനങ്ങളും ഗവേഷണങ്ങളും അനുസ്യൂതം തുടരുക തന്നെ.

ഈ പ്രപഞ്ചം മുഴുവൻ ഒരു ആദി ജലത്തിൽ നിന്ന് രൂപം പ്രാപിച്ചതാണെന്നും സർവ്വ സജീവ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടത് വെള്ളത്തിൽ നിന്നാണെന്നുമുള്ള വിശുദ്ധ ഖുർആനിന്റെ പ്രവചനം ശരിവെക്കുന്നില്ലേ ഈ പഠനങ്ങൾ എന്നു നമുക്ക് ഊഹിക്കാം. അല്ലാഹുവിന്റെ മഹാ സിംഹാസനം ഈ പ്രപഞ്ചം ഇക്കാണും വിധം സൃഷ്ടിക്കും മുമ്പ് ജലത്തിന്മേലായിരുന്നുവെന്നും വി. ഖുർആൻ (സൂറ:ഹൂദ്: 7-ാം വചനം) പറയുന്നു. **“ആറു ഘട്ടങ്ങളായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് അല്ലാഹുവാണ്. അവന്റെ ദിവ്യ സിംഹാസനം (അർശ്) വെള്ളത്തിന്മേലായിരുന്നു.” (വി.ഖുർആൻ :11:7). “ആകാശങ്ങളും ഭൂമിയും ഒരൊറ്റ പിണ്ഡമായിരുന്നു. നാമതിനെ വേർപ്പെടുത്തുകയാണുണ്ടായത്. സത്യനിഷേധികൾക്കിത് കണ്ടുകൂടെ. ജീവനുള്ള സർവ്വത്തെയും വെള്ളത്തിൽ നിന്നാണ് നാം ഉൽഭൂതമാക്കിയത്. എന്നിട്ടും അവർക്കു വിശ്വസിക്കാനാകുന്നില്ലേ?'' (വി.ഖുർആൻ:21:30) മനുഷ്യനെ സൃഷ്ടിച്ചതും വെള്ളത്തിൽ നിന്നാണ്. (വി.ഖുർആൻ:25:54) എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽ നിന്നും സൃഷ്ടിച്ചു. (വി.ഖുർആൻ:24:45).** പ്രപഞ്ചത്തിൽ എവിടെയും ജലസാന്നിദ്ധ്യമുണ്ടെന്ന ശാസ്ത്രീയ കണ്ടുപിടിത്തം പുതുമയാർന്ന വിശേഷമായി അവതരിപ്പിക്കപ്പെടുമ്പോൾ നമുക്കൽഭുതപ്പെടാനില്ല. അല്ലാഹു പറഞ്ഞ വചനങ്ങൾ നമ്മുടെ മുമ്പിലുണ്ടാകുമ്പോൾ.

**ചൊവ്വ അനാവൃതമാകുമ്പോൾ**

ചൊവ്വയെന്ന ചുവന്ന അത്ഭുത ഗ്രഹം അനാവൃതമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സ്വന്തം ബഹിരാകാശവാഹനം-മംഗൾയാൻ-ചൊവ്വയെ സമീപിച്ചിരിക്കുകയാണ്. മാർസ് ഓർബിറ്റർ മിഷൻ (MARS ORBITER MISSION) ചൊവ്വയെ ചുറ്റിക്കൊണ്ടിരിക്കുന്നു. ഭൂമിയിൽ നിന്ന് ഏതാണ്ട് 21 കോടി കിലോമീറ്റർ അകലത്തിലുള്ള ചൊവ്വയുടെ രഹസ്യങ്ങൾ ചോർത്തിയെടുത്ത് ഭൂമിയിലെത്തിക്കുന്ന MOM ഈ യുഗത്തിലെ ഒരത്ഭുതം തന്നെ. മാനവർക്ക് എന്നും കൗതുകമുണർത്തുന്ന വാനഗോളമാണ് ചൊവ്വ. 'മിർറീഖ്' എന്നാണതിന്റെ അറബി നാമം. പ്രാചീന ഊജിപ്തുകാർക്കത് യുദ്ധദേവനായിരു



ന്നു. ജ്യോതിഷികൾക്കത് പാപഗ്രഹമാണ്. വാനകുതുകികൾക്കത് നിഗൂഢതകളുടെ സ്വപ്ന തീരമായിരുന്നു. ഈ ഗ്രഹത്തെ മുൻനിർത്തി കഥകളും കവിതകളും ചലച്ചിത്രങ്ങളും ലോകത്തെമ്പാടും നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

ചൊവ്വയിൽ ഒരു തരം കുറിയ മനുഷ്യരുണ്ടെന്നു പണ്ട് ചിലയാളുകൾ പറഞ്ഞിരുന്നുവത്രെ. ചൊവ്വാപഠനം വ്യാപകമായപ്പോൾ അതേക്കുറിച്ചുള്ള മായിക സങ്കൽപ്പങ്ങൾക്ക് തിരശ്ശീല വീണു. 1976 ൽ അമേരിക്കയുടെ വൈകിംഗ് എന്ന ബഹിരാകാശ പേടകം ചൊവ്വയിലിറങ്ങി. ജീവൻ തുടിപ്പുകളൊന്നുമില്ലാത്ത ഊഷരഗ്രഹം എന്നു വ്യക്തമാക്കി. പിന്നെ കാര്യമായി ആരും അങ്ങോട്ടു വല്ലാതെയൊന്നും തിരിഞ്ഞു നോക്കിയിരുന്നില്ല. പക്ഷെ, ഇന്ത്യ ചന്ദ്രനിൽ ജലസാന്നിദ്ധ്യം കണ്ടെത്തിയത് കൂടുതൽ ആവേശം ജനിപ്പിച്ചു. ചൊവ്വയിലേക്കുള്ള പ്രയാണവും പുതിയ ആവേശത്തിന്റെ ഭാഗമാണ്. അമേരിക്കയുടെ EMAVAN എന്ന ബഹിരാകാശ പേടകം ചൊവ്വയുടെ സമീപത്ത് ഇപ്പോൾ ഉണ്ട്. കൂടാതെ 'ക്യൂരിയോസിറ്റി, മാഴ്സ് റിക്കൊണൈസൻസ് ഓർബിറ്റർ' എന്നീ ബഹിരാകാശ വാഹനങ്ങളും ചൊവ്വയെപ്പറ്റി പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

എന്താണിതു കൊണ്ടൊക്കെ മനുഷ്യവംശത്തിനു നേട്ടമെന്നു ചോദിക്കുന്നവരുണ്ട്. ദൈവം മനുഷ്യ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്ന അന്തർചോദന അവനെ പ്രപഞ്ചത്തിലാകമാനം പരന്നു നടക്കാൻ പ്രേരിപ്പിക്കുന്നു. ഈ മഹാപ്രപഞ്ചത്തിന്റെ അരമന രഹസ്യങ്ങൾ ഈ കൊച്ചു മനുഷ്യൻ അറിയുമ്പോൾ അത്ഭുത പരതന്ത്രനായി ചോദിക്കണം. “സുബ്ഹാനക്. റബ്ബനാ മാ ഖലഖ്ത്ത ഹാദാ ബാത്വിലാ”. (മഹോന്നതനായ പ്രപഞ്ചനാഥാ. നീ. മഹത്വപൂർണ്ണൻ. ഇതൊന്നും നീ വെറുതെയങ്ങു സൃഷ്ടിച്ചതല്ലല്ലോ.)

## ഗുണപാഠം

ഗോള ഗോളാന്തര യാത്രകൾക്കിടയിൽ ആകാശത്തേക്കു കയറിപ്പോയ ഈ സാനബി(അ) അവിടെ എവിടെയെങ്കിലുമൊരു ഗ്രഹത്തിലുണ്ടോ എന്ന് വിശ്വാസികൾക്കന്വേഷിക്കാമല്ലോ. കണ്ടുകിട്ടി പിടിച്ചു കൊണ്ടുവന്നാൽ പിന്നെ ഒരാൾക്കും അദ്ദേഹത്തിൽ വിശ്വസിക്കാതിരിക്കാനാകില്ലല്ലോ. ക്രിസ്ത്യാനിക ൾക്കും, യഹൂദർക്കും. മുസ്‌ലിംകൾക്കും.

## പ്രാർത്ഥനാഗീതം


പ്രൊഫ: എം.പി. മന്മഥൻ

സത്യധർമ്മങ്ങളാം തൂണുകളിൽ താങ്ങിയിദ്ധ
രകാക്കുന്ന തമ്പുരാനേ!
തൃക്കാലിൽ വീണു വണങ്ങുന്നു നിന്നുടെ
വത്സല കേരളമക്കളിതാ.
മദ്യവിപത്തിന്റെ നീർച്ചുഴിയിൽപെട്ടു
നട്ടം തിരിയുന്നു ഞങ്ങളെല്ലാം
തൃക്കൺമുനയൊന്നയച്ചാലും ദൈവമേ!
രക്ഷിച്ചു കൊണ്ടാലും ദീനബന്ധോ!
പശ്ചിമസാഗരം പോലെ പരന്നുമാ-
സഹ്യനെപ്പോലെയുയർന്നുമിപ്പോൾ
മദ്യമാം രാക്ഷസൻ ഭീകര രൂപിയായ്
മത്തടിച്ചാർക്കുന്നു കേരളത്തിൽ
വിദ്യാലയത്തേക്കാൾ ദേവാലയത്തേക്കാൾ
മദ്യാലയത്തിനു സ്ഥാനമേകി
നാടുമുടിപ്പോർക്കു ബോധമുദിക്കുവാൻ
കാരുണ്യവാരിധേ കൈതൊഴുന്നേൻ.
മദ്യം വിഷമാണെന്നോതിയ നമ്മുടെ
സദ്ഗുരുദേവൻ പിറന്ന നാട്ടിൽ
മദ്യവിഷം കൊണ്ടു മർത്യരെ കൊല്ലുന്ന
ദുഷ്ടത വാഴുന്ന കാലം വന്നു.
സത്യപ്രകാശമേ!വന്നാലും ഞങ്ങളെ
രക്ഷിക്കുവാനീയിരുട്ടിൽ നിന്നും
മദ്യപ്പിശാചിനെ ഹോമിക്കും ഞങ്ങൾക്കീ
യജ്ഞത്തിൻ ശക്തിയായ് തീർന്നാലും നീ.

*(കേരള മദ്യനിരോധന സമിതിയുടെ പ്രോഹിബിഷൻ മാസിക, ജൂലൈ 2014)*

മനഃശാസ്ത്രം

ഡോ. അനീസ് അലി



# മനോരോഗങ്ങൾ പകരുമോ...?

ഭീതിയോടെയും അവജ്ഞയോടെയും മനോരോഗങ്ങളെ കാണുന്ന വരുണ്ട്. അവർക്കു തന്നെയാണ് ഇങ്ങനെയൊരു സംശയവും. കുടുംബത്തിൽ ആർക്കെങ്കിലും മനോരോഗമുണ്ടെങ്കിൽ മറ്റൊരാൾക്ക് അതേക്കുറിച്ച് സംശയം, തന്നിലേക്ക് അത് പകരുമോയെന്ന്. ഭയവും മനസ്സിന്റെ ദുർബലതയുമാണ് ഇതിന് കാരണം. ഈ ഉൾഭയവും ആകാംക്ഷയും അയാളുടെ മനസ്സിൽ സദാനേരവും തത്തിക്കളിക്കുന്നു. തനിക്കു കൂടി മനോരോഗമുണ്ടായാൽ സംഭവിക്കാൻ പോകുന്ന പ്രയാസങ്ങളെക്കുറിച്ച് ഇയാൾ വ്യാകുലനാകുന്നു.

മനോരോഗങ്ങൾ സാംക്രമിക രോഗങ്ങളല്ല. എന്നാൽ മാസ് ഹിസ്റ്റീരിയ പോലുള്ള പ്രതിഭാസങ്ങളുണ്ട്. ഒരേതരം വൈകല്യങ്ങൾ ഒരുപാട് പേരിൽ ഒരേ സമയം പ്രത്യക്ഷപ്പെടുന്ന ഒന്നാണത്. കുറച്ച മുമ്പ് ഒരു അജ്ഞാത ജീവി പലരെയും ആക്രമിച്ചുവെന്ന ഒരു വിവാദം ഡൽഹിയിലുണ്ടായി. ഇരുട്ടിന്റെ മറവിൽ അജ്ഞാത ജീവിയുടെ ആക്രമണത്തിന് പലരും വിധേയരാവുകയായിരുന്നു. ആക്രമണത്തിൽ നിന്ന് രക്ഷപ്പെട്ടവരുടെ അനുഭവങ്ങൾ പത്രത്തിൽ ഫീച്ചറുകളായി എഴുതി. അജ്ഞാത ജീവിയെ പിടികൂടാൻ സൈന്യവും പട്ടാളവും ഇറങ്ങി. ഇതൊരു 'മാസ്ഹിസ്റ്റീരിക്' പ്രതിഭാസമായിരുന്നു. താൻ ആക്രമിക്കപ്പെടുമോ എന്ന അമിത ഭയവുമായി നടക്കുന്നവരിൽ ഇങ്ങനെയൊരു അനുഭവമുണ്ടാകുകയായിരുന്നു. പൊടിപ്പും തൊങ്ങലും വെച്ച് അനുഭവങ്ങൾ നാടുനീളെ പ്രചരിപ്പിച്ചു.

ഇങ്ങനെയുള്ള 'മാസ്ഹിസ്റ്റീരിക്' കഥകൾ നമ്മുടെ നാടുകളിലും പഴയകാലത്ത് ധാരാളമുണ്ടായിട്ടുണ്ട്. ഭൂതപ്രേത കഥകളുമായി ബന്ധപ്പെട്ടുള്ള ഇത്തരം അഭ്യൂഹങ്ങൾക്ക് വൻ പ്രചാരം ലഭിക്കുന്നതാണു പ്രത്യേകത.

**സാംക്രമിക വിശ്വാസ ങ്ങൾ**

എന്നാൽ ഇതിന് അനുബന്ധമായി ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് ഇത്തരം മിഥ്യാവിശ്വാസങ്ങൾ സാംക്രമിക്കുന്നതിലൂടെ ചില മനോവൈകല്യങ്ങൾ ഉണ്ടാകാമെന്ന് ശാസ്ത്രം വിലയിരുത്തുന്നു. ഒരാൾക്ക് സ്കിസോഫ്രീനിയ, ഡെല്യൂഷണൽ രോഗങ്ങൾ പോലുള്ളവ ഉണ്ടായെന്നിരിക്കട്ടെ. ദീർഘകാലം ഈ രോഗവുമായി ഇടപെടുന്ന വ്യക്തിയിൽ രോഗിയുടെ വിശ്വാസങ്ങൾ നന്നായി സ്വാധീനിക്കപ്പെടും. മിഥ്യാധാരണകൾ ഇവർ പങ്കുവെക്കുന്നതു മൂലം ഒരേ മാനസിക നിലയാണ് ഇവരിലുണ്ടാവുക.

'ഇൻഡ്യൂസ്ഡ് ഡെല്യൂഷണൽ ഡിസോർഡർ' എന്നും 'ഷെയേർഡ് സൈക്കോസിസ്' എന്നീ പേരുകളിലറിയപ്പെടുന്ന ഒരു പ്രത്യേക രോഗാവസ്ഥയാണിത്. മാനസികാരോഗ്യം കുറഞ്ഞ സ്ത്രീകളിലാണിത് കൂടുതലും കാണപ്പെടുന്നത്. ഉൽക്കണ്ഠ, വിഷാദം, സംശയരോഗങ്ങൾ പോലുള്ളവയാണ് ഇങ്ങനെ സാംക്രമിക്കപ്പെടുന്നത്. ആദ്യമേ രോഗബാധയുള്ള വ്യക്തിയെ പ്രാഥമിക രോഗിയെന്നും പകർന്നു കിട്ടിയയാളെ രണ്ടാമനെന്നും വിവക്ഷിക്കാം. ദീർഘകാലത്തെ ഒരുമിച്ചുള്ള ജീവിതവും, പുറംലോകവും പുറത്തുള്ള പരിസരവുമായി ബന്ധമില്ലാത്തതുമൊക്കെയാണ് ഇതിന് കാരണം. ചിലരെല്ലാം ഇതിനെ പാരമ്പര്യമെന്നും വിളിക്കാറുണ്ട്.

തനിക്ക് മാറാരോഗം പിടിപെട്ടിരിക്കുന്നുവെന്നും, തന്നെ മറ്റുള്ളവർ ദ്രോഹിക്കാൻ വരുന്നവെന്നുമൊക്കെയുള്ള വിശ്വാസങ്ങളും അതിനനുസരിച്ചുള്ള പെരുമാറ്റങ്ങളുമൊക്കെയായിരിക്കും ലക്ഷണം. ആദ്യരോഗിയുടെ ലക്ഷണങ്ങൾ പരിചരിക്കുന്നയാളിലും പ്രകടമാകുന്നുവെന്നു തോന്നുന്നുണ്ടെങ്കിൽ രണ്ടാമനെ മാറ്റിപ്പാർപ്പിക്കുകയാണ് ചികിത്സയുടെ പ്രധാന ഭാഗം. ഒന്നാമന് ശരിയായ ചികിത്സ നൽകണം. രണ്ടാമനിൽ ചികിത്സ ആവശ്യമില്ലാതെ തന്നെ ഒരു പരിധി വരെ അസുഖം ഭേദമാകുന്നതായിരിക്കും.

**ശ്രദ്ധിക്കേണ്ടത്:**

* പാരമ്പര്യമായി വരുന്ന രോഗവാഹിയായ ജീൻ പലരുടെയും തലച്ചോറിലുണ്ടാവാം.

* ജീവിത സാഹചര്യങ്ങളെ പൊരുതി മെരുക്കാനും വിപരീത സാഹചര്യങ്ങളെ അതിജീവിക്കാനും ശേഷിയുള്ള സവിശേഷ വ്യക്തിത്വങ്ങളിൽ രോഗവാഹിയായ ജീൻ അടിച്ചമർത്തപ്പെടുന്നു.

* മറ്റു ചിലരിൽ അനുകൂല സാഹചര്യങ്ങളിൽ ജീനിന് ഉത്തേജനം ലഭിക്കുമ്പോൾ രോഗം ഉയിർത്തെഴുന്നേൽക്കും.

---

കുട്ടിക്കഥ

# എല്ലാം പോകും

**എസ്.എസ്.ആർ**



ഒരു ഗ്രാമീണൻ തന്റെ സുഹൃത്തിനോട് തനിക്കു തലവേദനയുണ്ടെന്നു പരാതിപ്പെട്ടു.സുഹൃത്ത് ചികിത്സ പറഞ്ഞു കൊടുത്തു. 'കുറച്ചു മദ്യം കഴിക്കുക'. ഗ്രാമീണൻ: മദ്യം കഴിച്ചാൽ തലവേദന മാറുമോ? സുഹൃത്ത്: നിശ്ചയം. എന്തുകൊണ്ടു പോവില്ല. എന്റെ നിലവും ജോലിയും ഭാമയുടെ ആഭരണങ്ങളും അഭിമാനവും ആരോഗ്യവും എല്ലാം പോയി. എന്റെ സ്ഥിരമായ മദ്യപാനമാണതിനു കാരണം. അതിനോളം വലുതൊന്നുമല്ല തലവേദന. മദ്യം കഴിക്കൂ. എല്ലാം പോയിക്കിട്ടും.

പരിസ്ഥിതി

പി.പി.മുനീർ, അഴിയൂർ

# പച്ചജല സംരക്ഷണം



നമ്മുടെ മുന്നിലൂടെ പറന്നുപോകുന്ന വർണശലഭങ്ങളില്ലെങ്കിൽ പ്രകൃതിയിൽ പരാഗണങ്ങളില്ല, നമുക്ക് അന്നവും. ഈ ബന്ധം തിരിച്ചറിഞ്ഞ് പെരുമാറുന്നവർ കുറവാണ്. അണുത്തൂക്കം ആഹാരം സ്വന്തമായി നിർമ്മിക്കാൻ മനുഷ്യനുൾപ്പെടെ ജന്തുജാലങ്ങൾക്കാവില്ല. ജന്തുലോകത്തിന്റെ നിലനിൽപ്പിന് ആവശ്യമായ ആഹാരം നിർമ്മിക്കുന്നതാവട്ടെ പച്ചപ്പാർന്ന സസ്യലോകവും. പൂവും കായും തളിരുമുള്ള പ്രകൃതിയുടെയും അതിന്റെ സൗന്ദര്യത്തിന്റെയും പ്രധാനചേരുവ ജലമാണ്. നൈട്രജന്റെ, കാർബണിന്റെ, ജലത്തിന്റെ ചാക്രികതയിലാണ് ജീവലോകത്തിന്റെ നിലനിൽപ്പ്. മഴനാരുകൾ മണ്ണിലൂടെ, വേരിലൂടെ, സസ്യരന്ധ്രങ്ങളിലൂടെ, സർവചരാചരങ്ങളിലൂടെ കറങ്ങുന്നതാണ് ജീവലോകം ഉയിരോടിരിക്കാൻ കാരണമായ ജലപരിവൃത്തി.

ജലം ഏറെ സവിശേഷതകളുള്ളതാണ്. പ്രാണവായു പോലെ പ്രധാനം. ജീവനുള്ളവയ്ക്കും ഇല്ലാത്തവയ്ക്കും അവശ്യം. ജലത്തിന്റെ പ്രാധാന്യവും പ്രത്യേകതയും ഒറ്റ പ്രസ്താവനയിലൊതുങ്ങില്ല. മണ്ണിനടിയിലും വെളിയിലും ജലമായും വായുവിൽ ബാഷ്പമായും മഞ്ഞാ യും മഴയായും തിരികെയെത്തുന്നതുമായ ചക്രഗതി ജലത്തിന് പ്രകൃതിയിലുള്ളത് മഹത്തരമാണ്. ആദമും ഹവ്വയും ബുദ്ധനും ജനസഞ്ചയങ്ങളും പാനം ചെയ്യുന്നത് ഒരേ ജലമായത് ഈ ചക്രഗതി കാരണമാണ്. ഇതര ദ്രവങ്ങളെല്ലാം തണുക്കുമ്പോൾ വ്യാപ്തം ചുരുങ്ങുന്നവയാണ്. ജലമാവട്ടെ തണുത്ത് ഖരമാവുമ്പോൾ അതിന്റെ വ്യാപ്തം കൂടുന്നു. അമ്ലതയോ ക്ഷാരതയോ

ഇല്ലാതെ നിർവീര്യമായ, കൂടിയ തിളനില (100 ഡിഗ്രി സെൽഷ്യസ്) യുള്ള ഈ ദ്രാവകത്തിന്റെ ഓരോ ഗുണവും ഭൂമിയിൽ ജീവന്റെ അവശ്യചേരുവയാക്കി ത്തീർക്കുന്നു. താപം വലിച്ചും തള്ളിയതുമാണ് ജലാവസ്ഥ കൾ. അതുകൊണ്ട് അന്തരീക്ഷ താപനില ക്രമീകരിക്കാൻ കൂടിയാണ് പ്രകൃതിയിൽ ജലപരിവൃത്തി. താപധാരിത, ലേയത്വഗുണങ്ങൾ ജലത്തിന് കൂടുതലാണ്. മിക്കവസ്തുക്കളെയും അലിയിച്ചു ചേർക്കുന്ന ജലത്തിന്റെ അസാധാരണ ഗുണമാണ് അതിനെ എളുപ്പം മലിനമാക്കിത്തീർക്കുന്നതും.

ഭൂമിയിലെ ആകെ ജലത്തിന്റെ കേവലം 3% ആണ് ശുദ്ധജലം. ധ്രുവങ്ങളിലെ തണുത്തുറഞ്ഞ ഐസ്മലകളായും അതിനടിയിലായും ഒക്കെ കിടക്കുകയാണ് ഈ 3% ത്തിലെ വലിയഭാഗം. ബാക്കി 97%ഉപ്പു കലർന്നതാണ്. ജീവന്റെ അവശ്യഘടകമായ ശുദ്ധജലത്തിന്റെ അളവ് കുറഞ്ഞു വരികയാണ്. അതിന് കാരണം നാം മനുഷ്യരുടെ തന്നെ പ്രവർത്തനങ്ങളാണ്. പാടങ്ങൾ മേടുകളായി, ഇടവഴികൾ റോഡുകളായി, മുറ്റം പോലും സിമന്റിട്ട് ഭൂമിയുടെ നാസാരന്ധ്രങ്ങളടച്ചു. തോടുകൾ ഓടകളായി, പുഴകൾ തോടുകളായി, കടലുകൾ കടലല്ലാതെയും. ജലപരിവൃത്തിയുടെ കണ്ണികൾ ഭദ്രമല്ലാതായത് ഏറെ ഗൗരവപ്പെട്ടതാണ്. പലരൂപങ്ങളിലായി കറങ്ങിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവ് എക്കാലത്തുമൊന്ന്. ജനമോ? 250 കോടിയിൽ നിന്ന് 700 കോടിയിലേക്കാണ് കഴിഞ്ഞ 100 വർഷത്തിനകം ജനസംഖ്യ കൂടിയത്. ജലാവശ്യമാകട്ടെ ബഹുമുഖവും. മുമ്പ് കുടിക്കാനും കുളിക്കാനും കൃഷിക്കുമൊക്കെയായി അടിസ്ഥാനആവശ്യങ്ങൾക്കായിരുന്നു ജലോപയോഗം. ഇന്നാവട്ടെ കാറും ബൈക്കും ഉറപ്പിച്ച മുറ്റവും കഴുകാനും ഒക്കെയായി എണ്ണമറ്റ ആവശ്യങ്ങൾക്കായാണ് വീടുകളിൽ പോലും ജലം ഉപയോഗിക്കുന്നത്. ഇവയ്ക്കായി ജലം ഉപയോഗിക്കുന്നതാവട്ടെ കയ്യും കണക്കും ഇല്ലാതെയാണ്. ഈ ധൂർത്താവട്ടെ ആർക്കും ചൂണ്ടിക്കാണിക്കാനോ ചോദ്യംചെയ്യാനോ അനുവദിക്കാത്ത മാനസികാവസ്ഥയിലുമാണ്. കൂട്ടുകുടുംബങ്ങൾ പൊളിഞ്ഞത് കിണർ പെരുക്കി, ജലോപഭോഗം കൂട്ടി. ജലം അത്യന്താപേക്ഷിതമായ കൃഷിവിസ്തൃതി കുറഞ്ഞു. വ്യാവസായികാവശ്യങ്ങൾക്കും മറ്റുമായുള്ള ജലോപഭോഗം അനുനിമിഷം കുതിക്കുകയാണ്. ഒരു കപ്പ് കാപ്പിയിൽ 140 മില്ലി ലിറ്റർ, അല്ല മറിച്ച് 140 ലിറ്റർ ജലം അതിനു പുറകിലുണ്ട്. വ്യത്യസ്ത ഉൽപ്പന്ന നിർമ്മിതിക്കോ? കാറ് 148000 ലിറ്റർ, ഒരു കിലോഗ്രാം അരി: 1900 ലിറ്റർ, ഒരു പ്ലാസ്റ്റിക് കുപ്പി: 95 ലിറ്റർ, ഒരു ടൺ ഉരുക്ക്: 237000 ലിറ്റർ, ഒരു റൊട്ടിക്കഷ്ണം: 675 ലിറ്റർ, ഒരു ഗ്ലാസ് മദ്യം: 120 ലിറ്റർ, ഒരു ജോഡി പരുത്തിവസ്ത്രം: 6800 ലിറ്റർ, ഒരു ഷീറ്റ് കടലാസ്: 10 ലിറ്റർ.

ജലം വിനിയോഗിക്കുന്ന കാര്യത്തിൽ കുറ്റകരവും ക്രൂരവുമായ നടപടിയാണ് അധികമാളുകളും പിന്തുടരുന്നത്. ശുഷ്ക്കമായ ജലശേഖരത്തെ ധൂർത്തടിക്കുക, അതിനെ എളുപ്പം ശുദ്ധിചെയ്യാനാവാത്ത വിധം മലിനമാക്കുക, ജലസ്രോതസ്സുകളെ തന്നെ തകർത്തു കളയുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. മഴയെ തുടർന്ന് കുന്നിലും മലയിലുമുറവയെടുക്കുന്ന നൂലരുവികൾ കൂട്ടം ചേർന്ന് കാട്ടാറും നദിയും തീർത്ത് കടലിലെത്തുന്നതിനിടയിലും ശേഷവും തന്റെ ഉള്ളിലും ഇരുകരകളിലുമുള്ള അസംഖ്യം സസ്യജന്തുജാലങ്ങൾക്ക് ജലവിഭവം നൽകി ജീവചക്രം നിലനിർത്തുകയാണ് ഓരോ പുഴയും ചെയ്യുന്നത്. അവ ഉപ്പുകടലിലവസാനിക്കുന്ന പാഴ്ച്ചാലല്ല എന്നതിന്റെ മഹത്വം ഏറെയാണ്. ചാകരയുണ്ടാക്കാനും പുഴ വേണം

ചെറുതും വലുതുമായ കുന്നും മലയുമെല്ലാം പാടെ മുറിച്ചെടുക്കുക, ഉയർന്ന പറമ്പുകൾ കുഴിച്ചുമാറ്റി നിരപ്പാക്കുക തുടങ്ങിയ വേലകളെല്ലാം നിർബാധം നടക്കുകയാണ്. അവശ്യവും അനാവശ്യവുമൊക്കെയുണ്ടിതിൽ. ഒരു ടൺ മണ്ണിന് ഒരു ടൺ ജലം ശേഖരിക്കാനാവും. ഒരു ലോറി മണ്ണ് നീക്കുന്നതോടെ 15 ടൺ ജലശേഖരമാണ് എന്നെന്നേയ്ക്കുമായി അവസാനിക്കുന്നത്. കുന്നും മലയും അറുത്തെടുക്കുന്ന തോടെയും ഖനനത്തിലൂടെയുമൊക്കെ എന്തുമാത്രം ജലസ്രോതസ്സുകളാണ് ശീഘ്രം നശിക്കുന്നത്. കേരളത്തിലെ ചെറുകുന്നുകൾ ഏതാണ്ട് അവസാനിക്കാറായി. ഇനി

നോട്ടം വൻമലനിരകളിലേക്കാണ്. ആസന്നഭാവിയിൽ വലിയപ്രശ്നം കുടിവെള്ളത്തിന്റെയും ഏറ്റവും സബ്സിഡി അനുവദിക്കേണ്ടി വരിക ജലത്തിനായിരിക്കും. കേരളജനതയിൽ 70%വും ശുദ്ധജലത്തിന് ആശ്രയിക്കുന്നത് 65ലക്ഷം കിണറുകളെയാണ്. സ്വന്തം കിണറെന്നതിനാൽ കയ്യും കണക്കുമില്ലാതെയുമാണ് ജലോപഭോഗം. ഭൂമിക്കടിയിലെ ജലമണ്ഡലമെന്നത് ഏകജലശേഖരമാണ്. അഥവാ ഭൂമിക്ക് പുറത്തെന്നപോലെ അകത്തും ഗോളസമുദ്രങ്ങളാണ്. അതുകൊണ്ടു തന്നെ അമിതമായി ജലം കോരിയെടുക്കുന്നതും വീട്ടിനകം നിരവധി കക്കൂസ് ടാങ്കുകൾ പണിയുന്നതും അയൽ ക്കാരന്റെ കുടിവെള്ളം മുട്ടിക്കുന്നതാണ്. കൂടുതൽ നീതിപൂർവ്വകമായ ഉപയോഗവും വിതരണവും ആവശ്യപ്പെടുന്നു.

### ജലസംരക്ഷണത്തിന് ജലധൂർത്ത് ഒഴിവാക്കേണ്ടതുണ്ട്

വീട്/ ഓഫീസ് പൊതു സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിലെ ജലധൂർത്ത് ഒഴിവാക്കുക.

തുടരെ തുടരെ കുളിക്കുക, ജലമുപയോഗിച്ച് വൃത്തിയാക്കുക, ഒരു ദിവസം തന്നെ ഒന്നിലധികം വസ്ത്രങ്ങളുപയോഗിക്കുക തുടങ്ങിയ ശീലം ഒഴിവാക്കുക.

കേടായ ടാപ്പുകൾ, പൈപ്പുകൾ, വാൽവുകൾ മുതലായവ ഉടൻ ശരിയാക്കുക. നഷ്ടപ്പെടുന്ന ഓരോ തുള്ളി ജലവും പ്രതിദിനം വലിയ അളവ് ജലവും വൈദ്യുതിയും നഷ്ടപ്പെടുത്തുന്നതാണ്. ഭക്ഷണവേളയിലും പാകം ചെയ്യുന്നതിനുമൊക്കെയായി ധാരാളം പാത്രങ്ങൾ ഉപയോഗിക്കുന്ന ശീലം ജലനഷ്ടവും സമയനഷ്ടവുമുണ്ടാക്കുന്നു.

കാറും ഇതരവാഹനങ്ങളും കഴുകുന്നതിന് പകരം നനഞ്ഞ തുണികൊണ്ട് തുടച്ചു വൃത്തിയാക്കുക.

വെള്ളത്തിന്റെ ഉപയോഗക്ഷമത കൂട്ടുക. കുളിക്കാനും കഴുകാനും ഉപയോഗിച്ച ജലം ശേഖരിച്ച് ചെടികൾക്ക് നനയ്ക്കാം.

ഫ്ളഷുകളിൽ ജലനഷ്ടം പരമാവധി കുറയ്ക്കാൻ വായുസഞ്ചി നിറച്ച് ക്രമീകരിക്കുക.

മസ്ജീദുകളിൽ ഹൗദുകൾ നിലനിർത്തി ടാപ്പുകൾ ഒഴിവാക്കുക. ഓരോ തവണയും ടാപ്പ് തുറന്ന് ഉപയോഗിക്കുന്നതിന് പകരം വെള്ളം പാത്രത്തിൽ പിടിച്ചുവെച്ചുപയോഗിക്കുക. കിണ്ടി ഉപയോഗിക്കുക.

നാം അമിതമായുപയോഗിക്കുന്നത് മറ്റാരുടെയൊക്കെയോ അവകാശം കവർന്നെടുക്കലാണെന്ന് ബോധ്യപ്പെടുക.

### ജലവും ജലസ്രോതസ്സുകളും മലിനമാകുന്നത് നിർത്തലാക്കുക

ഏതു മാലിന്യവും നീർച്ചാലുകളിലേക്ക് തള്ളുന്നത് കൊടും ക്രൂരതയാണ്. സെപ്റ്റിക്ക് ടാങ്കുകൾ, മാലിന്യക്കുഴികൾ, ചാണകക്കുഴികൾ, അഴുക്കുചാലുകൾ തുടങ്ങിയവ കിണറുകൾക്കും ശുദ്ധജലസ്രോതസ്സുകൾക്കും അകലെയായിരിക്കണം. കേരളത്തിന്റെ കുടിവെള്ളം മലിനമാകുന്നത് ഈ അകലം പാലിക്കാത്തതിനാലാണ്. കുടിവെള്ളം ശുദ്ധമായിരിക്കാൻ കമ്മ്യൂണിറ്റി ടോയ്ലറ്റുകൾ (കുറേ വീടുകൾക്ക് പൊതുവായ ഒരു സെപ്റ്റിക്ക് ടാങ്ക്) നിർമ്മിക്കാനും സഹിക്കാനും സമയമായി.

### ജലസ്രോതസ്സുകളെ സംരക്ഷിക്കുക

കുന്നും മലയും ഉയർന്ന പറമ്പും ഇടിച്ചു നിരപ്പാക്കുന്നതും വയലുകൾ നികത്തുന്നതും മുറ്റവും മറ്റും സിമന്റിട്ടുറപ്പിക്കുന്നതും ജലത്തിന്റെ ഉറവിടങ്ങളെയാണ് നശിപ്പിക്കുന്നത് എന്നതിനാൽ അവ ഒഴിവാക്കുക. ആരാധനാലയങ്ങളിലെയും വയലുകളിലെയുമൊക്കെ കുളങ്ങൾ നികത്താതിരിക്കുക. തോടും പുഴയും കൈവഴികളുമെല്ലാം സംരക്ഷിക്കുക. പറമ്പ് മുഴുവൻ വീട് നിർമ്മിക്കുന്നതിന് പകരം തുറന്ന ഭൂമിയുടെ അളവ് നിലനിർത്തുന്ന രീതി സ്വീകരിക്കുക.

മതപണ്ഡിതരുടെ പരിസ്ഥിതി വിജ്ഞാനത്തിലുള്ള കുറവ് പരിഹരിക്കുകയാണെങ്കിൽ സ്ഥിതി അൽപം മെച്ചപ്പെട്ടേക്കും. അറിവിനൊപ്പം സന്നദ്ധതയും പ്രവർത്തന നൈരന്തര്യവും കൂടിയുണ്ടെങ്കിലേ പരിസ്ഥിതിയെയും രക്ഷിക്കാനാവൂ. മനസ്ഥിതി മാറാതെ പരിസ്ഥിതി വിജ്ഞാനമുള്ളതിനാൽ മാത്രം പരിസ്ഥിതി രക്ഷപ്പെടില്ലെന്ന കേരളാനുഭവം വിസ്മരിക്കാൻ പാടില്ലാത്തതാണ്. പരിസ്ഥിതി ബോധമുണ്ടാക്കിയവരുടെ പരിസ്ഥിതി വിരുദ്ധ സമീപനം പശ്ചിമഘട്ടസംരക്ഷണ വിഷയത്തിൽ നാം കണ്ടുവല്ലോ.

# ഇസ്ലാമിക ഉന്നത പഠന ഗവേഷണ കേന്ദ്രത്തിലെ പാഠം ഒന്ന്

"**മർകസുദ്ദഅ്‌വ** കേന്ദ്രമായി പ്രവർത്തിക്കുന്ന കെ.എൻ.എം ന്റെ കീഴിലുള്ള കേരള എജുക്കേഷൻ ഫൗണ്ടേഷന്റെ പ്രഥമ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എജുക്കേഷൻ ഇൻ ഇസ്ലാമിക് സ്റ്റഡീസ് ആന്റ് റിസർച്ച്, കോഴിക്കോട് ബൈപ്പാസ് റോഡിലെ അഴിഞ്ഞിലത്ത് പ്രവർത്തനമാരംഭിച്ചു.

ആധുനികകാലത്തിന്റെ ചോദ്യങ്ങളെ അഭിമുഖീകരിക്കാൻ കഴിവുള്ള പണ്ഡിതന്മാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പഠനഗവേഷണകേന്ദ്രം ഇസ്ലാമിക പഠനവിജ്ഞാനങ്ങൾക്കൊപ്പം ശാസ്ത്ര സാങ്കേതികരംഗത്തും ഭാഷാ മാനവിക മേഖലകളിലുമുള്ള സമകാലിക വിജ്ഞാനങ്ങളെയും സമന്വയിപ്പിച്ചു കൊണ്ടുള്ള പാഠ്യപദ്ധതിയാണ് സ്വീകരിച്ചിട്ടുള്ളത്."

*(റിപ്പോർട്ട്: ചന്ദ്രിക. 11-9-14)*

മർക്കസുദ്ദഅ്‌വക്ക് അഭിനന്ദനങ്ങൾ. ഈ റിസർച്ച് സെന്ററിൽ മുസ്ലിം സമുദായത്തിന്റെയും നവോത്ഥാന പ്രസ്ഥാന യുവതയുടെയും താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി കണ്ടെത്താൻ ഗവേഷണമാരംഭിക്കണമെന്നഭ്യർത്ഥിക്കുന്നു. പണ്ഡിതസഭയിൽ (KJU) അംഗങ്ങളായിട്ടുള്ള നൂറുകണക്കായ പ്രബോധകരും പണ്ഡിതരുമായിട്ടുള്ളവർക്ക് ഗവേഷണം ചെയ്യാൻ സമുദായത്തിന്റെ ഇന്നത്തെ ഒരു ജീവൽ പ്രശ്നമായ ചന്ദ്രമാസ നിർണ്ണയത്തിന്റെ ഇസ്ലാമികവിധി എന്ന വിഷയം തിരഞ്ഞെടുക്കണമെന്നാവശ്യപ്പെടുന്നു. ശാസ്ത്ര-സാങ്കേതിക രംഗത്തും ഗോള-ഗണിതശാസ്ത്ര രംഗത്തും സമകാലിക തലമുറ വളർന്നു വന്നിട്ടുണ്ടല്ലോ. അവരിലെ പിഞ്ചുകുഞ്ഞുങ്ങളുടെ കയ്യിലുള്ള മൊബൈലിൽ പോലും 'ഫെയ്സസ് ഓഫ് ദ മൂൺ' കൃത്യമായി അടയാളപ്പെടുത്തിയ സൈറ്റ് കാണാം. അതിൽ ചന്ദ്രന്റെ വെയിനിംഗ്, വാക്സിംഗ് ക്രസന്റുകൾ, ഗിബ്ബസുകൾ, ഫസ്റ്റ് കോർട്ടർ, ഫുൾമൂൺ, ലാസ്റ്റ് കോർട്ടർ, ഉർജ്ജൂനുൽഖദീം, ന്യൂമൂൺ തുടങ്ങിയ ചന്ദ്രന്റെ അഹില്ലകളും അവയിൽ സൂര്യപ്രകാശം പതിയുന്ന ഓരോ ദിവസത്തിലെയും മണിക്കൂറിലെയും മിനുട്ടുകളിലെയും (illuminated %) പ്രകാശിത ഏരിയാ ശതമാനവും ചന്ദ്രന്റെ ഭൂമിയിൽ നിന്നുള്ള ഓരോ സെക്കന്റിലെയും ദൂരവും ചലനവും ദിവസത്തിന്റെ തിയ്യതിയും ഏതേതെല്ലാം നക്ഷത്രക്കൂട്ടങ്ങൾക്കിടയിലെത്തുന്നതും ട്രാൻസിറ്റ്, സെറ്റ്, റൈസ്, അസിമുത്ത്, ആൾറ്റിറ്റ്യൂഡ് ലോഞ്ചിറ്റ്യൂഡ് തുടങ്ങിയ അതിസൂക്ഷ്മ ശാസ്ത്ര സത്യങ്ങളും രേഖപ്പെട്ടുകൊണ്ടേയിരിക്കുന്നു. കൈവിരൽ തുമ്പത്ത് തത്തിക്കളിക്കുന്ന ഈ വിജ്ഞാനം നമ്മുടെ മതപണ്ഡിതന്മാർക്കും നേതൃമാന്യന്മാർക്കും പഠിപ്പിച്ചു കൊടുക്കലാകട്ടെ ഈ ഗവേഷണകേന്ദ്രത്തിലെ ഒന്നാം പാഠം. ഇത്തരം വിജ്ഞാന മഹാ മേഖല നബിയുടെ കാലത്തെ വിശ്വാസികൾക്കില്ലായിരുന്നുവല്ലോ.

കഴിഞ്ഞലക്കം അൽഫനാർ (നം.23) 69-ാം പേജിൽ "മാസം കണ്ടവരെ കേട്ടുറപ്പിച്ചവരോട്" എന്ന ലേഖനത്തിൽ ചോദിച്ച ആറ് ചോദ്യങ്ങൾക്ക് ഗവേഷണകേന്ദ്രം ഉടനെ മറുപടി നൽകേണ്ടതാകുന്നു. ആ ചോദ്യങ്ങളോടൊപ്പം ഏതാനും ചോദ്യങ്ങൾ കൂടി ഗവേഷണത്തിന്നായി സമർപ്പിക്കുന്നു.

**7.** ഒരു പ്രദേശത്ത് വിവിധ തടസ്സങ്ങളാൽ (ഉദാ: കാർമേഘം, കാഴ്ചശക്തിക്കുറവ്, മഞ്ഞ് വീഴ്ച, അന്തരീക്ഷമലിനീകരണം) ചന്ദ്രക്കല കാണാൻ കഴിയാഞ്ഞാൽ വിശുദ്ധമായ ഒരു തിയ്യതിയും ദിവസവും മൈനസ്സായിത്തീരുമോ?

**8.** ഒരു വർഷത്തെ വിശുദ്ധ റമളാൻ നോമ്പുകൾ മുസ്ലിം ലോകത്തിനു ചിലർക്കു 30 ഉം മറ്റു ചില പ്രദേശക്കാർക്ക് 29 ഉം ആകുന്നതിന്റെ ഇസ്ലാമിക പരിപ്രേഷ്യമെന്ത്? ഖുർആനും സുന്നത്തുമനുസരിച്ച് വിശദമാക്കുക. കുറഞ്ഞവർ ഖള്വാ വീട്ടേണമോ? കൂട്ടിച്ചെയ്തവർ തൗബ ചെയ്യണോ? അതല്ല രണ്ടും ശരിയോ? തെറ്റോ?

**9.** മഗ്‌രിബ് നേരത്ത് ഒന്നാം തിയ്യതിയിൽ അസ്തമിക്കുന്ന ചന്ദ്രക്കലയെ പടിഞ്ഞാറൻ ചക്രവാളത്തിൽ കാണാൻ പോകുന്നവർക്ക് മഗ്‌രിബ് നമസ്കാര ജമാഅത്ത് ഒഴിവാക്കാനോ പിന്തിച്ചു നമസ്കരിക്കാനോ നിർദ്ദേശിച്ച വല്ല പ്രമാണങ്ങളുമുണ്ടോ?

**10.** പ്രാദേശികാടിസ്ഥാനത്തിൽ 'ന്യൂമൂൺ' എന്ന പ്രതിഭാസം കണക്കു കൂട്ടി സൂര്യസ്തമന ശേഷമുള്ള അസ്തമയ ചന്ദ്രക്കല കാണാൻ ആഹ്വാനം ചെയ്യുന്നതിന്റെ മതവിധിയെന്താണ്? അതിന്റെ ശാസ്ത്രീയവശം എന്നും പറഞ്ഞ് രണ്ടു മുജാഹിദ് വിഭാഗങ്ങളും ജനങ്ങളെ പഠിപ്പിക്കുന്നത് ശാസ്ത്രലോകം അംഗീകരിച്ച യാഥാർത്ഥ്യമാണോ?

ഇവയ്ക്ക് ഉത്തരം കിട്ടിയ ശേഷം അടുത്ത ചോദ്യങ്ങൾ ഇൻശാ അല്ലാഹ്.

***(എഡിറ്റർ, അൽഫനാർ)***

# അന്ധവിശ്വാസങ്ങൾ സടകുടഞ്ഞെത്തുന്നു

സമ്പാദകൻ: **ജാഫർ സിദ്ധീഖ്**

കേരളം അന്ധവിശ്വാസങ്ങളുടെ വിഹാരഭൂമിയായി മാറിയിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിന് അടിവര ചാർത്തുന്നതാണ് അടിക്കടി റിപ്പോർട്ട ചെയ്യപ്പെടുന്ന സംഭവങ്ങൾ. സാമൂഹിക നവോത്ഥാനത്തിന്റെ ദീർഘകാല പൈതൃകമുള്ള കേരളം പ്രാകൃത വിശ്വാസ ആചാരങ്ങളിലേക്ക് പുനരായിക്കപ്പെടുന്നതിന്റെ മനഃശാസ്ത്രപരവും സാമൂഹികവുമായ കാരണങ്ങൾ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടേണ്ട അവസരമാണിത്.

/ **(മുജീബുർ റഹ്മാൻ, കിനാലൂർ)**

"അന്ധവിശ്വാസ നിർമാർജനത്തിന് നിയമ നിർമാണം കൊണ്ടു വന്നാൽ അത് മഹാരാഷ്ട്രയിൽ ഇത്തരമൊരു നിയമം കൊണ്ടു വരുന്നതിൽ ആദ്യന്തം പോരാടുകയും ആ വഴിയിൽ കൊല്ലപ്പെടുകയും ചെയ്ത ദബോൽക്കറുടെ രക്തസാക്ഷിത്തത്തിന് ലഭിക്കുന്ന ഏറ്റവും വലിയ സ്മാരകമായിരിക്കും. മാത്രമല്ല, ഇന്ത്യയിലെ നവോത്ഥാന മുന്നേറ്റങ്ങൾക്കുള്ള അംഗീകാരം കൂടിയായിരിക്കുമത്." / **(കെ.ഇ.എൻ)**

"മുടക്കു മുതലില്ലാതെ ലാഭം കൊയ്യാവുന്ന ഭക്തി വ്യവസായമാണ് അന്ധവിശ്വാസം. ഇത് സമൂഹത്തിലുണ്ടാക്കുന്ന അരക്ഷിതാവസ്ഥ ചെറുതല്ല. ദുർബല മനസ്കരിൽ 'വസ്വാസുകൾ' സൃഷ്ടിച്ച് അവരെ ചൂഷണം ചെയ്യുകയാണ് പൗരോഹിത്യം. കേരള മുസ്ലിംകളെ അന്ധവിശ്വാസങ്ങളിൽ നിന്ന് മോചിപ്പിക്കാൻ നവോത്ഥാന പ്രസ്ഥാനമായ മുജാഹിദ് പ്രസ്ഥാനം ഏറെ അധ്വാനിച്ചിട്ടുണ്ട്. ഇതിന്റെ ഫലം നാം അനുഭവിക്കുന്നുമുണ്ട്." / **(ഇ.ടി. മുഹമ്മദ് ബഷീർ. എം.പി)**

"ബാഹ്യരക്ഷാ കേന്ദ്രങ്ങളെ അന്വേഷിക്കുന്ന മനസ്സുകളെ തെറ്റിദ്ധരിപ്പിച്ച് തങ്ങളിലേക്ക് ആകർഷിക്കാൻ ശ്രമിക്കുന്നവരുണ്ട്. അവരുടെ പ്രവർത്തനങ്ങൾ വഞ്ചനാപരമാണ്. അത്തരക്കാരെ കൈകാര്യം ചെയ്യാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെങ്കിൽ അതിനായി നിയമ നിർമാണം നടക്കണം. അതേ സമയം ബോധവൽക്കരണത്തിലൂടെയും നല്ല വിദ്യാഭ്യാസത്തിലൂടെയും ജനങ്ങളുടെ ആത്മവിശ്വാസം വളർത്തുകയാണ് ഈ പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം." / **(ബി.ആർ.പി.ഭാസ്കർ)**

"കളകളായി നിറയുന്ന അന്ധവിശ്വാസങ്ങളെ മതങ്ങളുടെ വേദപ്രമാണങ്ങൾ കൊണ്ടു തന്നെ തടയിടാൻ സാധിക്കും. പുരോഹിതന്മാർ കാട്ടിക്കൂട്ടുന്നത് മതമല്ല എന്ന് തുറന്നു പ്രഖ്യാപിക്കണം. തങ്ങളുടെ കള്ളത്തരങ്ങൾക്ക് മറയിടാൻ ചിലർ മതത്തെ ആയുധമാക്കുകയാണ്. പ്രതികരിക്കുന്നവരെ ഒറ്റപ്പെടുത്തി അക്രമിക്കുകയാണ്."

/ **(സ്വാമി സന്ദീപാനന്ദഗിരി)**

# മദ്യത്തെക്കുറിച്ചവർ പറയുന്നത്

സമ്പാദകൻ: **മുനീബ്. എം**

## മദ്യവരുമാനം പാപക്കൂലി

"മദ്യം അവനവനെത്തന്നെ മറക്കാൻ നിർബന്ധിതനാക്കുന്നു. അത് ഉപയോഗിക്കുന്നവൻ കുറച്ചു നേരത്തേക്കെങ്കിലും മനുഷ്യനല്ലാതാവുന്നു. മദ്യപിച്ചിരിക്കുമ്പോൾ അവൻ പിശാചിനേക്കാൾ താണവനാകുന്നു. ഭാര്യയെയും സഹോദരിയെയും പോലും തിരിച്ചറിയാത്തവൻ., അവന്റെ നാവിന്മേലും ശരീരത്തിന്മേലുമുള്ള നിയന്ത്രണം നഷ്ടമാകുന്നു. മദ്യം അവന് ഒരിക്കലും ഗുണം ചെയ്യില്ല. അതുകൊണ്ട് ഈ വിപത്തിനെതിരെ എല്ലാ ശക്തിയും ഉപയോഗിച്ച് പോരാടുക"

"ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായി ഒരുമണിക്കൂർ നേരം നിയമിക്കപ്പെട്ടാൽ, ഞാൻ ചെയ്യുന്ന ആദ്യത്തെ കാര്യം പ്രതിഫലം കൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും അടപ്പിക്കുകയും അവിടങ്ങളിൽ ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങളും ഭക്ഷണങ്ങളും ലഭിക്കുന്ന ഭക്ഷണശാലകളും വിനോദശാലകളും ആരംഭിക്കാൻ നിർദ്ദേശിക്കുകയുമായിരിക്കും." / **മഹാത്മാഗാന്ധി**

"മദ്യ ലഭ്യത ഇല്ലാതായാൽ ടൂറിസവും ടൂറിസവികസനവും ഇല്ലാതാവുമെന്ന വാദം സ്ഥാപിത താൽപ്പര്യക്കാരിൽ നിന്ന് ഉയർന്നു വരുന്നുണ്ട്. നമ്മുടെ നാടും കായലും പുഴകളും പ്രകൃതി സൗന്ദര്യവും ആസ്വദിക്കാനാണ് സഞ്ചാരികൾ വരുന്നത്. അല്ലാതെ ഇവിടത്തെ മദ്യം കഴിക്കുക എന്ന ലക്ഷ്യത്തോടെയല്ല". / **വി.എം. സുധീരൻ**

"മദ്യനയത്തിൽ വെള്ളം ചേർക്കാൻ ഇനിയും ജനങ്ങൾ അനുവദിക്കില്ല. ബിയർ, വൈൻ പാർലറുകൾക്ക് ലൈസൻസ് നൽകരുത്. പഞ്ചനക്ഷത്ര ഹോട്ടലിലും ബാർ അനുവദിക്കരുത്. ബീവറേജ് കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിക്കണം. ശക്തമായ നടപടികളിലൂടെ സർക്കാറിന്റെ മദ്യനയം പ്രാവർത്തികമാക്കണം. അതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജനകീയ കൂട്ടായ്മകൾ രൂപീകരിക്കണം". / **അഡ്വ. കെ.എൻ.എ.ഖാദർ**

"സമ്പൂർണ്ണ മദ്യനിരോധനം കുറ്റകൃത്യം കുറയുന്നതിനും ഭാവിതലമുറ നല്ല ജീവിതം നയിക്കുന്നതിനും കാരണമാകുമെന്ന് പ്രതീക്ഷിക്കാം. ഈ തീരുമാനം എത്രത്തോളം പ്രായോഗികമാകും എന്നതാണ് പ്രശ്നം. ഇതിനു മുമ്പ് മദ്യനിരോധനം നടപ്പിലാക്കിയ ഗുജറാത്തു പോലുള്ള സംസ്ഥാനങ്ങളിലും മഹാത്മാഗാന്ധിജിയുടെ സേവാഗ്രാമം ഉൾക്കൊള്ളുന്ന മഹാരാഷ്ട്രയിലെ ഒരു ജില്ലയിലും ജനങ്ങൾ ഇപ്പോഴും മദ്യം ആവോളം നുകരുന്നുണ്ട്. മദ്യനിരോധനം കൊണ്ടു മാത്രം കാര്യമില്ലെന്നും മദ്യത്തോടുള്ള മനോഭാവമാണ് മാറേണ്ടതെന്നും വ്യക്തം". / **ശബീർ. കെ.പി. മുണ്ടക്കുളം**

"മനുഷ്യശരീരം പവിത്രമാണ്. പവിത്രതയെ ദുഷിപ്പിക്കുന്ന ശക്തിയാണ് മദ്യാസക്തി. മദ്യാസക്തി ഇല്ലാതാക്കാൻ മാന്ത്രികബുള്ളറ്റുകളോ വാക്സിനുകളോ മരുന്നുകളോ ഇല്ലെങ്കിലും വ്യക്തമായ നിയന്ത്രണങ്ങളിലൂടെ മദ്യ ഉപഭോഗം കുറച്ചു കൊണ്ട് സമ്പൂർണ്ണ മദ്യനിരോധനത്തിലേക്ക് സംസ്ഥാനത്തിന് ക്രമേണ എത്തിച്ചേരാനാകും. ഇതിനൊരു നല്ല തുടക്കമാണ് സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച മദ്യനയവും അബ്കാരി നിയമ ഭേദഗതികളും. / **ഡോ. പോളിമാത്യു മുരിക്കൻ**

“ബാർ തൊഴിലാളികൾക്കു വേണ്ടി കണ്ണീരൊഴിക്കുന്നതിൽ അർത്ഥമില്ല. അവരൊക്കെ മറ്റു തൊഴിൽ മേഖലകൾ അന്വേഷിച്ചു പോകട്ടെ. ലക്ഷക്കണക്കിന് അന്യസംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ പണിയെടുക്കുന്നത്. സാധാരണ തൊഴിൽ മേഖലകളിൽ അത്രക്ക് സാധ്യതയുണ്ട് കേരളത്തിൽ. പിന്നെയെങ്ങനെയാണ് ബാറുകൾ പൂട്ടിയാൽ തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലാവുന്നത്.” / **പി. സുരേന്ദ്രൻ**

## മദ്യമുക്ത കേരളം സുസാദ്ധ്യം

മദ്യം തിന്മകളുടെയെല്ലാം മാതാവാകുന്നു. മദ്യപാനി അത് പാനം ചെയ്യുമ്പോൾ വിശ്വാസിയല്ലാതാകുന്നു. / **മുഹമ്മദ് നബി**

---

ലഹരിവസ്തുക്കൾ മ്ലേഛമാണ്. അതെത്ര കുറഞ്ഞാലും കൂടിയാലും.
/**ഇമാം ശാഫിഈ**

---

കുടിച്ചു ലക്കു കെട്ട ഒരു മനുഷ്യനെ ഞാൻ കണ്ടു. അയാൾ സ്വന്തം വിസർജ്ജനം മുഖത്തു വാരിത്തേച്ചു. ഒരു പട്ടി വന്ന് അത് നക്കിയെടുത്തു. / **ഇമാം ഖുർത്തുബി**

മദ്യം ഉണ്ടാക്കുവാനോ കഴിക്കുവാനോ വിൽക്കുവാനോ പാടില്ല.
/**ശ്രീനാരായണഗുരു**

മരിജ്ജുവാനയും അഫീനും (കറുപ്പ്) ഉപയോഗിക്കുന്നവരെ ഞാൻ കാണാറുണ്ട്. അവരുടെ മുഖം നോക്കൂ. അവിടെ സന്തോഷമില്ല. ഉർജ്ജസ്വലതയില്ല. പ്രകാശമില്ല. അവർക്ക് പ്രഭാവലയവുമില്ല. /**ശ്രീ ശ്രീ രവിശങ്കർ**

കേരളം മദ്യത്തിൽ മുങ്ങിത്താഴണമെന്നും അതുവഴി സാമ്പത്തിക സാമ്രാജ്യം കെട്ടിപ്പടുക്കണമെന്നും ആഗ്രഹിക്കുന്നത് മദ്യമാഫിയകളാണ്. പിന്നെ അവരുടെ ഗുണഭോക്താക്കളായ ഒരു വിഭാഗം രാഷ്ട്രീയക്കാരും-ജനപ്രതിനിധികളും. അതുകൊണ്ടാണ് സംസ്ഥാനത്ത് മദ്യനിരോധനം പ്രായോഗികമല്ലെന്നും വ്യാജ മദ്യദുരന്തമുണ്ടാകുമെന്നുമുള്ള ബാലിശമായ വികടവാദവുമായി ഇക്കൂട്ടർ രംഗത്തു വരുന്നത്. നാടിന്റെ പൊതുനന്മയാകണം ജനപ്രതിനിധികൾ ഉയർത്തിപ്പിടിക്കേണ്ടത്. / **ടി.കെ.പ്രഭാകരൻ**

## തീരാസംശയം?



മദ്യം കൊണ്ട് സമൂഹത്തിൽ ആരും കണ്ണീരു കുടിക്കാൻ പാടില്ല എന്ന് ഉറപ്പ് വരുത്തേണ്ടത് ഉത്തരവാദിത്വമുള്ള ഭരണകൂടത്തിന്റെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും ചുമതലയാണ്. ഭരണത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഇടനാഴികളിൽ മദ്യരാജാക്കന്മാരും മാഫിയയും വിലസുന്ന ഒരു കാലത്ത് അത്തരമൊരു നിലപാട് സർക്കാറിൽ നിന്ന് പ്രതീക്ഷിക്കാൻ കഴിയുമോ എന്ന ചോദ്യമാണ് അവശേഷിക്കുന്നത്.

**/മാധ്യമം.എഡിറ്റോറിയൽ. 12.09.2014**

ആരാണീ മീർസാഗുലാം - 4

# പൊളിഞ്ഞ് പാളീസായ പ്രവചനം

അബ്ദുൽ മാലിക്, തിരുവില്വാമല

താൻ പ്രവാചകനാണെന്നതിന്റെ ദൃഷ്ടാന്തങ്ങളായി ഖാദിയാനി സാഹിബ് അനേകം പ്രവചനങ്ങൾ നടത്തിയിരുന്നു. അതിൽ ഒന്നു പോലും യഥാർത്ഥത്തിൽ പുലർന്നിട്ടില്ല. എന്നാൽ ഖാദിയാനി ഗ്രന്ഥങ്ങൾ ദുർവ്യാഖ്യാന കസർത്തുകൾ നടത്തി പ്രവചനങ്ങളെ വീണതു വിദ്യയായി അവതരിപ്പിക്കാറാണ് പതിവ്. പുലരാത്തവയെക്കുറിച്ച് ഒരക്ഷരം ചിലപ്പോൾ മിണ്ടുകയില്ല. അദ്ദേഹം നടത്തിയ ഏതാനും പ്രവചനങ്ങളുടെ അന്ത്യമെന്തായിരുന്നുവെന്നു പരിശോധിക്കാം.

**മീർസാ പ്രവചനം:**

താൻ മസീഹാണെന്ന വാദം തുടങ്ങി രണ്ടര വർഷം കഴിഞ്ഞപ്പോൾ പ്രഖ്യാപിച്ച ഒരു പ്രവചനമായിരുന്നു, ക്രൈസ്തവ പുരോഹിതൻ പാതിരി അബ്ദുല്ലാ ആദമുമായുണ്ടായത്. അമൃതസറിൽ 15 ദിവസം നീണ്ടു നിന്ന വാദ പ്രതിവാദാനന്തരമാണ് ആ പ്രവചനമുണ്ടായത്. അതിപ്രകാരമായിരുന്നു. "ഈ സംവാദത്തിൽ മനഃപൂർവ്വം കളവു പറയുകയും ദുർബലനായ മനുഷ്യനെ ദൈവമാക്കുകയും ചെയ്തവർ ഇന്നു മുതൽ പതിനഞ്ചു മാസത്തിനകം സത്യത്തിലേക്ക് മടങ്ങിയില്ലെങ്കിൽ അവൻ 'ഹാവിയ' യിൽ പതിക്കും. അതിനികൃഷ്ടമായ നിന്ദ്യത അവനെ പിടികൂടും. എന്നാൽ സത്യത്തിൽ നിലകൊണ്ട് യഥാർത്ഥ ദൈവത്തിൽ വിശ്വസിച്ചവന് അന്ത സ്സ് കൈവരും. ഈ പ്രവചനം പുലരുന്ന ദിവസം ചില അന്ധന്മാർ കാഴ്ചയുളളവരാകും. മുടന്തർ നടക്കും. ബധിരർ കേൾവിയുളളവരാകും." (ജൻഗെ മുഖദ്ദസ് - റൂറാദെ മുനാള്വറേ ആഥം വ മീർസാ: പേജ്: 188). ഈ പ്രവചനത്തിലേക്ക് പടച്ചവനാണ് എന്നെ നയിച്ചതെന്ന് അദ്ദേഹം പിന്നീട് പറഞ്ഞു കാത്തിരുന്നു. ഈ പ്രവചനം തെറ്റിയാൽ സംഭവിക്കുന്നതും അദ്ദേഹം ദീർഘവീക്ഷണം ചെയ്ത് ഇപ്രകാരം പറഞ്ഞു: "ഞാനിതാ ഉറപ്പു തരുന്നു. എന്റെ ഈ പ്രവചനം കളവാകുകയാണെങ്കിൽ ഇന്നത്തെ തിയ്യതി മുതൽ 15 മാസത്തിനുള്ളിൽ ശിക്ഷയായി മരണം എന്ന 'ഹാവിയ'യിൽ വീണില്ലെങ്കിൽ ഈയുള്ളവൻ ഏതു ശിക്ഷ ഏറ്റുവാങ്ങാനും തയ്യാറാണ്." (അതേ പുസ്തകം: പേജ്: 189)

വ്യക്തമായ ഈ പ്രവചനമനുസരിച്ച് ഡപ്യൂട്ടി അബ്ദുല്ലാ ആദം ഇസ്ലാമിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ 15 മാസത്തിനകം മരിക്കണമല്ലോ. എന്നാൽ പ്രവചനത്തിയ്യതിയും കഴിഞ്ഞ് രണ്ടു വർഷത്തിനു ശേഷമാണ് ഇസ്ലാമാകാതെ ത്തന്നെ അദ്ദേഹം മരിച്ചുപോയത്. (ഇൽഹാമെ മീർസാ VI Edition P: 6)

ഈ പ്രവചനം പുലരേണ്ട അവസാന തിയ്യതി 1894 സെപ്റ്റംബർ 5 നായിരുന്നു. പക്ഷെ ഒന്നും സംഭവിച്ചില്ല. അബ്ദുല്ലാ ആദം മരിച്ചില്ല. ഒരന്ധനും കാഴ്ച കിട്ടുകയോ മുടന്തൻ നടക്കുകയോ ബധിരൻ കേൾക്കുകയോ ചെയ്തില്ല. മറിച്ച് സംഭവിച്ചത് ഭയാനകമായിരുന്നു. സെപ്റ്റംബർ 6 നു സകല പട്ടണങ്ങളിലും മീർസാക്കെതിരിൽ പടുകൂറ്റൻ ആഹ്ലാദപ്രകടനങ്ങളും കൂക്കുവിളിയും കോലാഹലങ്ങളും തെറിവിളിയുമാണ് ഉണ്ടായത്. വ്യാപകമായി നോട്ടീസുകൾ, പരസ്യങ്ങൾ, ലഘുലേഖകൾ പ്രസിദ്ധീകരിക്കപ്പെട്ടു. അതിലെല്ലാം മീർസയെക്കുറിച്ചും അഹ്മദികളുടെ അനേകം തോന്നിവാസങ്ങളും കഠിനമായ ആക്ഷേപങ്ങളും ഭൽസനങ്ങളും തെറികളുമായിരുന്നു. അതിലെ മ്ലേഛമായ വാക്കുകൾ എഴുതാൻ അറക്കുന്നു - അതേക്കുറിച്ച് മീർസ തന്നെ 'സിറാജ് മുനീർ. പേജ്:47 ൽ എഴുതിയതു കാണുക. ''അവർ പേഷവാർ മുതൽ അലഹാബാദ് വരെയും ബോംബെ, കൽക്കത്ത തുടങ്ങിയ വിദൂര പട്ടണങ്ങളിലുമെല്ലാം ആഹ്ളാദനൃത്തം ചവിട്ടി. ഇസ്ലാമതത്തെ അവർ പരിഹസിച്ചു. ഇതെല്ലാം മൗലവീ,യ

ഹൂദി സ്വഭാവം കൊണ്ടും പത്രക്കാർ അവരോടൊത്തു ചേർന്ന് സസന്തോഷം ആഘോഷിച്ചതായിരുന്നു."

അഹ്മദ് സാഹിബ് പറയുന്ന പോലെ ഇസ്‌ലാമിനു ഒരു പോറലും ഏറ്റിട്ടില്ല. ഏറ്റത് അദ്ദേഹത്തിന്റെ പിഴച്ച പ്രസ്ഥാനത്തിനു തന്നെയായിരുന്നു. ശിആക്കളുടെ മുഹറാഘോഷത്തേക്കാൾ ഗംഭീരമായിരുന്നു പ്രകടനങ്ങൾ. ഒരു ഭാഗത്ത് മീർസാ സാഹിബ് പ്രാർത്ഥനയിൽ, ശിക്ഷ്യഗണങ്ങൾ ഒന്നാം ഖലീഫ ഹക്കീം നൂറുദ്ധീന്റെ കടയിലും പള്ളികളിലും ഒളിച്ച് കൂടി. സ്ത്രീകൾ നിലവിളിച്ചു കൊണ്ടിരുന്നു. എല്ലാവരും പ്രാർത്ഥിച്ചിരുന്നത് ആദമിനെ അല്ലാഹുവേ നീ മരിപ്പിക്കണേ എന്നു പറഞ്ഞായിരുന്നു. (ഇഅ്തിസാം, ലാഹോർ 1967 ജൂൺ 9, അൽഫസ്ലുൽ ഖാദിയാൻ 1940 ജൂലൈ 20).


പ്രവചന ദിവസത്തിന്റെ തലേന്ന് മീർസാ സാഹിബ് ചെയ്ത ഒരു കാര്യം അദ്ദേഹത്തിന്റെ ശിഷ്യൻ അബ്ദുല്ലാ സന്നൂരി- (സീറത്തുൽ മഹ്ദീ വാള്യം 1 പേജ്:178) ൽ പറയുന്നു. ''മീർസാ സാഹിബ് എന്നെ വിളിച്ചു പറഞ്ഞു: അബ്ദുല്ലാ, കുറെ കടലമണികൾ കൊണ്ടു വരൂ. അതിൽ ഓരോന്നിലും സൂറത്തുൽ ഫീൽ എന്ന ഖുർആനിലെ അദ്ധ്യായം പാരായണം ചെയ്ത് ഊതുക. ഞാൻ അതെല്ലാം ചെയ്തു കൊടുത്തു. അദ്ദേഹം വിജനമായൊരു സ്ഥലത്തുള്ള ഒരു പൊട്ടക്കിണറ്റിന്റെ അടുത്തേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. ആ കടലമണികൾ മുഴുവൻ ആ കിണറ്റിലേക്കെറിഞ്ഞു."

പക്ഷെ, എന്തു ചെയ്തിട്ടെന്താ. അബ്ദുല്ലാ ആദം മരിച്ചില്ല. ഒരന്ധനും കണ്ണു തുറന്നില്ല. ഒരു മുടന്തനും നടന്നില്ല. ഒരു ബധിരനും കേൾവി തിരിച്ചു കിട്ടിയില്ല. ഒരു 'പ്രവാചക' ന്റെ പ്രവചനഗതി നോക്കുക. എന്നാൽ മുസ്ലിംകൾക്കിത് ചിന്തിക്കാനും അന്ധമായ നയനങ്ങൾക്ക് കാഴ്ച കിട്ടുവാനും മീർസയെക്കുറിച്ചുള്ള മുടന്തൻ സംശയങ്ങൾ തീരുവാനും സത്യം കേൾക്കാൻ കഴിയാതെ ബധിരരായിപ്പോയവരുടെ സത്യത്തിന്റെ കേൾവി ശക്തി വർദ്ധിക്കാനും കാരണമായിത്തീർന്നു. അങ്ങനെ മീർസാ സാഹിബിന്റെ അത്യുജ്ജ്വല പ്രവചനം പൊളിഞ്ഞു പാളീസായി. *(തുടരും)*

## വിവാഹം, വലീമ: ലളിതം സുന്ദരം

വിവാഹം ചെയ്യുന്ന ചെറുപ്പക്കാരൻ, വധു, വധൂപിതാവ് (വലിയ്യ്), വരൻ വധുവിന് നൽകേണ്ട വിവാഹമൂല്യം (മഹ്ർ), നീതിമാന്മാരായ രണ്ട് സാക്ഷികൾ-ഇത്രയുമാണ് ഒരു വിവാഹത്തിൽ ഒഴിച്ചു കൂടാനാവാത്ത ഘടകങ്ങൾ. സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ 'എന്റെ മകളെ താങ്കൾക്ക് വിവാഹം ചെയ്തു തന്നിരിക്കുന്നു' എന്ന വലിയ്യിന്റെ വാക്കുകളും ഞാൻ അതു സ്വീകരിച്ചിരിക്കുന്നു എന്ന വരന്റെ വാക്കുകളുമായാൽ ഒരു വിവാഹം നടന്നു കഴിഞ്ഞു. ഇത്ര ലളിതമാണ് ഇസ്ലാമിലെ വിവാഹം. അതിന് മുഹൂർത്തം വേണ്ട, ജാതകം വേണ്ട, നടത്തിക്കൊടുക്കാൻ കാർമികനോ പുരോഹിതനോ വേണ്ട. നേർക്കുനേരെയുള്ള ശക്തമായ കരാർ (മീഥാഖുൻ ഗ്വലീദ്)

വിവാഹമെന്നത് രണ്ട് വ്യക്തികളുടെ സ്വകാര്യ ജീവിത പങ്കാളിത്തമാണെങ്കിലും അതിൽ സമൂഹത്തിന് പങ്കുണ്ട്. വിവാഹം പരസ്യപ്പെടുത്താൻ നബി(സ) നിർദ്ദേശിച്ചു. സമൂഹം അറിയണം. സാന്ദർഭികമായ ഒരു ഉപദേശം നബിചര്യയിൽ പെട്ടതാണ്. ബന്ധുക്കളും സുഹൃത്തുക്കളും കുടുംബത്തിലെ വേണ്ടപ്പെട്ടവരും ഈ നവദമ്പതികൾക്ക് ആശംസയർപ്പിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാൻ പ്രവാചകൻ പഠിപ്പിച്ചു. സന്തോഷത്തിന്റെ ഈ അസുലഭ മുഹൂർത്തത്തിൽ ഭക്ഷണവിഭവങ്ങൾ നൽകുന്നത് നബി(സ) ഇഷ്ടപ്പെട്ടിരുന്നു. ഇതാണ് വലീമ എന്നറിയപ്പെടുന്നത്. ഇതെത്രത്തോളം ലളിതമാക്കാമോ അത്രയും നല്ലത്./ *(എഡിറ്റോറിയൽ: ശബാബ് 12/9/2014)*




# പൂർണചന്ദ്രഗ്രഹണ പ്രതിഭാസ സന്ദേശം

**പ്രൊഫ: ടി.വി.കെ. കുട്ടി**

2014 ഒക്ടോബർ 8 ബുധനാഴ്ച ഹി.1435 ദുൽഹിജ്ജഃ മാസം 14–ാം തിയ്യതി തന്നെയാണെന്ന് ഭൂവാസികളെ അറിയിച്ചു കൊണ്ട് അല്ലാഹു കാണിച്ചു തന്ന ദൃഷ്ടാന്തമായിരുന്നു അന്ന് UT സമയം 10.50നു തുടങ്ങിയ പൂർണ്ണ ചന്ദ്രഗ്രഹണം. പൂർണചന്ദ്രദിനത്തിൽ (പൗർണമിയിൽ) അല്ലാതെ ചന്ദ്രഗ്രഹണമുണ്ടാവുകയില്ല എന്നത് പ്രപഞ്ചത്തിലെ വ്യവസ്ഥയാണല്ലോ. കേരളത്തിലെ ചന്ദ്രമാസ തിയ്യതി നിർണ്ണയം ഖാസിമാരുടെ പ്രഖ്യാപന പ്രകാരം അന്നു ദുൽഹിജ്ജഃ 13–ാം തിയ്യതി യാണല്ലോ. അതനുസരിച്ചാണ് ഗ്രഹണമുണ്ടായതെങ്കിൽ അന്നു അന്ത്യനാൾ സംഭവിക്കുമായിരുന്നു. ഏതായാലും പടച്ചവൻ നമ്മെ കാത്തു.

ഈ വർഷത്തെ രണ്ടാമത്തെയും അവസാനത്തെയും പൂർണ്ണ ചന്ദ്രഗ്രഹണ മായിരുന്നു ഇത്. 2014 ഏപ്രിൽ 15നായിരുന്നു ഈ വർഷത്തെ ആദ്യ പൂർണ്ണ ചന്ദ്ര ഗ്രഹണം (TOTAL LUNAR ECLIPSE). രണ്ടാമത്തെ ഈ ഗ്രഹണം ജ്യോതിശാസ്ത്ര ത്തിലെ അത്യപൂർവ്വമായ 'രക്തചന്ദ്ര' പ്രതിഭാസം കൂടിയായിരുന്നു. ഇന്ത്യയിലി തിന്റെ അവസാനപാദം മാത്രമേ കാണാനായുള്ളൂ. നേർത്ത കണ്ണാടി പോലുള്ള മേഘപാളികളുടെ ആധിക്യത്താൽ സൂര്യപ്രഭാവലയത്തിന്റെ പ്രതികരണ ഫല മായാണ് രക്തവർണ്ണ ചന്ദ്രനെ ദർശിക്കാൻ കഴിയുന്നത് എന്നാണ് ഇതിന്റെ ശാസ്ത്രീയ വിശദീകരണം. ഏതായാലും ഒരു കാര്യം വ്യക്തം. കൃത്യമായ തിയ്യ തിയെക്കൂടി കാണിച്ച ഈ പൂർണ്ണ ഗ്രഹണം ഒരു മഹാദൃഷ്ടാന്തമായിത്തീർന്നു നമുക്ക്. സൂര്യനും ഭൂമിയും ചന്ദ്രനും കിറുകൃത്യമായ ഒരു നേർരേഖയിൽ എത്തി ച്ചേരുമ്പോൾ ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുമ്പോഴാണ് ചന്ദ്രഗ്രഹണമുണ്ടാ കുന്നത്. ചന്ദ്രമാസാവസാന ദിനമായ അമാവാസി ദിനത്തിൽ സൂര്യനും ചന്ദ്രനും ഭൂമിയും നേർരേഖയിൽ വരുമ്പോൾ ചന്ദ്ര നിഴൽ ഭൂമിയിൽ പതിക്കുമ്പോൾ സൂര്യ ഗ്രഹണമുണ്ടാകുന്നു. അല്ലാഹുവിന്റെ ഏകാസ്തിത്വത്തിലേക്ക് വിരൽ ചൂണ്ടുന്ന ഈ പ്രതിഭാസങ്ങൾ മനുഷ്യനെ ചിന്തിപ്പിക്കുന്നു.